യുള്ളു. അതാണെങ്കിൽക്കൂടി മറ്റൊരു തെറ്റായ അർത്ഥം വ്യാഖ്യാനിക്കത്തക്ക പ്രയോഗമായതുകൊണ്ട് അത്തരം പദങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ പ്രയോഗിക്കാതിരിക്കാൻ സൂക്ഷിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, 'ഹമുക്ക്' എന്നു മാത്രമല്ല 'ബഹുമാനപ്പെട്ട പട്ടി', 'ബഹുമാനപ്പെട്ട തെണ്ടി', 'ബഹുമാനപ്പെട്ട ഇരപ്പാളി' 'ബഹുമാനപ്പെട്ട ട—പ്രയോഗങ്ങൾ', 'ബഹുമാനപ്പെട്ട മ—കാരപ്രയോഗങ്ങൾ തുടങ്ങി പലതും വരുന്നുണ്ട്. അതുകൊണ്ട് അതേപ്പറ്റി എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ചേമ്പറിൽ വന്നാൽ........

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, ബസിൽ, "പുകവലി പാടില്ല, കൈയും തലയും പുറത്തിടരുത്'' എന്നെഴുതിവച്ചിട്ടുള്ളതു പോലെ ഞങ്ങൾ പ്രയോഗിക്കാൻ പാടില്ലാത്ത പദങ്ങൾ എന്താണെന്നുള്ളതിന് ഒരു പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ അങ്ങ് ശ്രദ്ധിക്കുമോ എന്നറിഞ്ഞാൽക്കൊള്ളാം.

മി. സ്പീക്കർ: അത് പ്രയാസമാണ്.

ശ്രീ. എം. വി. രാഘവൻ: ഈമാതിരി വാക്കുകൾ ചെവിക്ക് പുറത്താണ് പറയേണ്ടത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ലെജിസ്ലേറ്റീവ് ബിസിനസ്, ശ്രീ. ബേബി ജോൺ.

IV. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ—(തുടർച്ച)

ശ്രീ. ബേബിജോൺ: സർ, സ്നേഹവാൽസല്യത്തിന്റെ പേരിൽ വസ്തു കൈമാറ്റം ചെയ്യുന്ന വകുപ്പിനെക്കുറിച്ചാണ് ഞാൻ ഇന്നലെ സംസാരിച്ചത്. 1960-ലെ ആക്ടിൽ അതുണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ട് അതിന്റെ പ്രസക്തഭാഗവും ഞാൻ ഇന്നലെ വായിച്ചു. സർ, അന്ന് എന്റെ കക്ഷിയോ ഞാനോ ആ നിയമസഭയിൽ ഇല്ലായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ അഭിപ്രായം എന്തായിരുന്നു എന്നു പറയാൻ സാധിക്കുകയില്ല. പക്ഷേ ഈ ബിൽ പൈലറ്റ് ചെയ്ത അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിന് അനിയന്ത്രിതമായി ഗിഫ്റ്റ് നൽകുന്ന വ്യവസ്ഥ വേണമെന്നുദ്ദേശമില്ലായിരുന്നു എന്ന് ഈ അവസരത്തിൽ പറയാതിരുന്നാൽ അത് എന്നോടുതന്നെ കാണിക്കുന്ന ഒരു നീതികേടായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. പല സമ്മർദ്ദങ്ങളുടെയും ഫലമായിട്ടാണ് 1960-ലെ ആക്ടിൽ അങ്ങനെയൊരു വകുപ്പ് ഉണ്ടായത്. ബാഹ്യപ്രേരണകൾ എന്തുതന്നെയായാലും ഞാനതിലേക്ക് കടക്കുന്നില്ല. ആ ബിൽ സെലക്ട് കമ്മിറ്റിയിൽ വന്നപ്പോൾ പല മാറ്റങ്ങളും വന്നു. അന്ന് പ്രസിദ്ധീകരിച്ച ബില്ലിലെ പ്രസക്തഭാഗം ഞാൻ വായിക്കാം.

Clause 53.—as introduced by the then Revenue Minister Smt. K. R. Gouri.

LIBRARY ARCHIVES Kerala Legislative Assembly

Certain voluntary transfers to be null and void.—(1) Notwithstanding anything contained in any law for the time being in force all voluntary transfers by way of sale or gift effected by persons having more land than the ceiling area after the 18th December, 1957, shall be null and void.

(2) Notwithstanding anything contained in any law for the time being in force, all voluntary transfers of lands effected otherwise than for valuable consideration or effected otherwise than out of natural love and affection, *bona fide*, by persons having more land than the ceiling area on and after the 11th April, 1957, shall be null and void. ഇങ്ങനെയാണ് എക്സ്പ്ലനേഷൻ കൊടുത്തിരിക്കുന്നത്. അതിന്റെ അർത്ഥം ബോണഫൈഡ് ഗിഫ്റ്റ്സ് തന്നെയും 1957 ഏപ്രിൽ 11 മുതൽ 1957 ഡിസമ്പർ 18 വരെയുള്ള കൈമാറ്റങ്ങൾക്ക് മാത്രമേ സാധൂകരണം നൽകുന്നുള്ളു എന്നാണ് publish ചെയ്തപ്പോൾ കൊണ്ടുവന്നത്. അത് വളരെ വ്യക്തമാണ്. അന്നിവിടെ വളരെ ശക്തമായ പ്രതിപക്ഷമായിരുന്നു ഉണ്ടായിരുന്നത്. ആ ബിൽ സെലക്ട് കമ്മിറ്റിക്കയെച്ചു. ഇതുപോലുള്ള സാമൂഹ്യപരിഷ്ക്കാരനിയമങ്ങൾ വരുമ്പോൾ ഒരു ബൂർഷ്വാ ഡെമോക്രാറ്റിക് സെറ്റപ്പിൽ ചില കോംപ്രമൈസസ് വേണ്ടി വരും. അങ്ങനെ സെലക്ട് കമ്മിറ്റി സ്റ്റേജിലാണ് മാറ്റം വരുത്തിയത്. എട്ടുമാസം എന്ന് പബ്ലിഷ് ചെയ്തപ്പോൾ പരിമിതപ്പെടുത്തിയിരുന്നത് മാറ്റി.

'Certain voluntary transfers shall be null and void. Notwithstanding anything contained in any law for the time being in force, all voluntary transfers effected after 18th December 1957 otherwise than by way of partition or on account of natural love and affection by a member of a family or an adult unmarried person owning or holding and in excess of the ceiling area shall be deemed to be transfers calculated to defeat the provisions of this Act and shall be invalid.' അതുകൊണ്ടാണ് ഞാൻ പറഞ്ഞത് കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പോലുള്ള ഒരു പാർട്ടിക്കും അനിയന്ത്രിതമായ ഗിഫ്റ്റ് അനുവദിക്കുക എന്നുള്ളത് സാദ്ധ്യമല്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതി കണക്കാക്കിയുള്ള ഒരു കോംപ്രമൈസ് ആണ്. അന്ന് സെലക്ട് കമ്മിറ്റിയിൽ ശക്തിയായ സമ്മർദ്ദമുണ്ടായിരുന്നതുകൊണ്ട് ഗിഫ്റ്റ് എന്നുള്ള പ്രൊവിഷൻ വന്നു. അതു കഴിഞ്ഞ് 1963-ൽ യശശരീരനായ ശ്രീ. പി. ടി. ചാക്കോ വീണ്ടുമൊരു പുതിയ ബില്ലവതരിപ്പിച്ചു. അതിലും ഉണ്ടായിരുന്നു ഗിഫ്റ്റിനുള്ള പ്രൊവിഷൻ. അതു നിലനിറുത്തിക്കൊണ്ടുതന്നെ സീലിംഗ് ഏരിയാ എന്താണെന്നുള്ളതിനെ സംബന്ധിച്ചു പറയുന്നുണ്ട്.

As per section 83, families and adult unmarried persons not own or hold land in excess of the ceiling area:

എന്നു പറഞ്ഞിട്ട് രണ്ടാമത്തു പറയുന്ന ക്ലാസ് നോക്കുമ്പോൾ ഇങ്ങനെ കാണുന്നു. Notwithstanding anything contained in sub-section (1), it shall be lawful for an adult member in a family who owns or holds land in excess of the ceiling area or to the extent necessary to make up the ceiling area of his lineal descendant other than his minor

LIBRARY ARCHIVES Kerala Legislative Assembly

unmarried children who are alive on the date notified under sub-section (1) and who would inherit his land on his death.

അങ്ങനെയൊരു പുതിയ വകുപ്പ് എഴുതിച്ചേർത്തു. മരണംകൊണ്ട് അവകാശമുണ്ടാകുമ്പോൾ ആ ആളുകൾക്കും ഭൂമിയെ സംബന്ധിച്ച അവകാശം നിലനിറുത്തുന്നതിനുവേണ്ടിയാണ് അങ്ങനെയൊരു വകുപ്പ് എഴുതിച്ചേർത്തത്. അതാണ് ദായക്രമത്തിന്റെ വ്യത്യാസം എന്ന് പറയുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കഴിഞ്ഞ് മറ്റേ ക്ലാസ് അതുപോലെ നിലനിറുത്തുകയും ചെയ്തു. പിന്നീട് 1969-ൽ ആണ് സമഗ്രമായ ഒരു ഭേദഗതിനിയമം അന്നത്തെ ഐക്യമുന്നണി ഗവൺമെന്റ് അവതരിപ്പിച്ചു പാസാക്കിയെടുത്തത്. അതിലും ഈ സ്നേഹവാൽസല്യത്തിന്റെ പേരിലുള്ള വകുപ്പുണ്ടായിരുന്നു.

സർ, ഞാൻ ആരെയും പ്രത്യേകം കുറ്റപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. അന്ന് ഈ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന എല്ലാ ഇടതുപക്ഷപ്പാർട്ടികളും ഐക്യമുന്നണി ഗവൺമെന്റിൽ പങ്കുകാരായിരുന്നു. മുസ്ലിംലീഗും ഉണ്ടായിരുന്നു, ഒരു ഡെമോക്രാറ്റിക് പാർട്ടി എന്ന നിലയിൽ. സർ, അന്ന് ഇടതുപക്ഷപ്പാർട്ടികൾ ഭൂപരിഷ്ക്കരണ നിയമത്തെ വീക്ഷിച്ചത് എങ്ങനെയാണെന്ന് അങ്ങയ്ക്ക് അറിയാം. അവരെല്ലാവരും ഈ ഭൂ ഉടമാസമ്പ്രദായത്തിലുള്ള മാറ്റങ്ങളും ഉൽപ്പാദനവിതരണസംവിധാനം തന്നെയും സമൂഹത്തിന്റെ നിയന്ത്രണത്തിൽക്കൊണ്ടുവരണം എന്ന അഭിപ്രായക്കാരാണ്. പക്ഷേ ഇതൊക്കെ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു കോംപ്രമൈസ് ആണ്. അന്നും ആർക്കും എതിരില്ലായിരുന്നു. അതിന് ഞങ്ങൾക്കെല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. ഈ സഭയ്ക്ക് മൊത്തത്തിൽ ഉത്തരവാദിത്വമുണ്ട്. ഇടതുപക്ഷപ്പാർട്ടികളുടെ പരിപാടികൾ അതേപടി നടപ്പിലാക്കാൻ സാധിക്കുകയില്ലല്ലോ; ഇന്നത്തെ സാമൂഹ്യ സാമ്പത്തിക വ്യവസ്ഥിതിക്കുള്ളിൽ നിന്നുകൊണ്ട്. ബൂർഷ്വാ ഡെമോക്രാറ്റിക് സെറ്റപ്പിൽ നിന്നുകൊണ്ട് ഇടതുപക്ഷപ്പാർട്ടികളുടെ പരിപാടികൾ അതേപടി നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ട്. പൊതുതാൽപ്പര്യമനുസരിച്ച് കോംപ്രമൈസ് വേണ്ടിവരും. അങ്ങനെ വേണ്ടിവന്നു. ഒരു വസ്തുത ഈ അവസരത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുണ്ട്. ഇവിടെ അവിഭക്ത മുസ്ലിംലീഗിന്റെ നേതാക്കൻമാരും അവിഭക്ത കേരള കോൺഗ്രസിന്റെ നേതാക്കൻമാരും ദായക്രമത്തെ സംബന്ധിച്ച് വളരെ വാശിയോടുകൂടി സംസാരിക്കുകയുണ്ടായി. ഈ സെക്ഷൻ ഇതിൽ നിലനിർത്തേണ്ടത് ദായക്രമത്തിൽ വന്ന ബുദ്ധിമുട്ടുകൊണ്ടാണ്. ഞാൻ പ്രിപ്പയർ ചെയ്ത നോട്ടിലും അതു ഉണ്ട് എന്ന വസ്തുത വിസ്മരിക്കുന്നില്ല. പക്ഷേ അതു പറയാനുള്ള അവകാശം അവിഭക്ത മുസ്ലിംലീഗിനു ഉണ്ടോ എന്നു എനിക്ക് സംശയമുണ്ട്. അവിഭക്ത കേരള കോൺഗ്രസിന് ഉണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. 1969-ലെ സെലക്ട് കമ്മിറ്റി റിപ്പോർട്ടുകൾ പരിശോധിച്ചു. ശ്രീ. കെ. എം. മാണി ആ സെലക്ട് കമ്മിറ്റിയിൽ അംഗമായിരുന്നു. യശഃശരീരനായ ശ്രീ. ഇ. ജോൺ ജേക്കബ് അംഗമായിരുന്നു. ശ്രീ. ചാഴിക്കാടൻ, ആ സെലക്ട് കമ്മിറ്റിയിൽ അംഗമായിരുന്നു. ശ്രീ. ഇ. അഹമ്മദും ആ കമ്മിറ്റിയിൽ അംഗമായിരുന്നു. ശ്രീ. അബുബേക്കറും ആ കമ്മിറ്റിയിൽ അംഗമായിരുന്നു. ശ്രീ. മൊയ്തീൻകുട്ടിഹാജി അംഗമായിരുന്നു. തത്വത്തോട് യോജിക്കാതെ ഭിന്നാഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തിയോ എന്ന് ഞാൻ പരിശോധിക്കുകയായിരുന്നു. ഒരക്ഷരം പോലും ഈ ദായക്രമത്തെ സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല. 64-ലെ ആക്ടിൽ സെക്ഷൻ 83(2) ആയി എഴുതിച്ചേർത്ത ദായക്രമത്തിനെ കുറിച്ചുള്ള ഏർപ്പാട് 1969-ലെ ആക്ടിൽ നിന്ന് എടുത്തുകളഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

സെലക്ട് കമ്മിറ്റിയിൽ, ഈ ദായക്രമത്തിലുള്ള വിവേചനം പാടില്ല എന്ന് ഇന്നു വാദിക്കുന്ന സ്നേഹിതൻമാർ എല്ലാം ചേർന്ന് ഒപ്പിട്ടതായിരുന്നു ഈ 69-ലെ ഭേദഗതി നിയമം എന്ന വസ്തുത വിസ്മരിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. അഹമ്മദ്: സെക്ഷൻ 83(2) ഡിലീറ്റ് ചെയ്ത അതേ അവസരത്തിൽത്തന്നെ 84(2)-ൽ ഉള്ള (2)-ാം സബ് ക്ലാസിൽ "on account of natural love and affection" എന്ന പ്രൊവിഷൻ റീട്ടയിൻ ചെയ്തിട്ടുണ്ട് എന്നുള്ളത് ബഹുമാനപ്പെട്ട ബേബി ജോൺ മനസ്സിലാക്കുമെന്നു വിചാരിക്കുന്നു.

ശ്രീ. ബേബി ജോൺ: റീട്ടയിൻ ചെയ്തിരുന്നു. റീട്ടയിൻ ചെയ്തതുകൊണ്ട് ദായക്രമത്തിന്റെ അടിസ്ഥാനത്തിൽ അതുവേണം. ഗിഫ്റ്റ് ചെയ്തിരുന്നെങ്കിലല്ലേ കിട്ടു. ഈ നിയമത്തെക്കുറിച്ച് അറിയാത്ത ഒരു സാധു മുസ്ലിമിനു ഗിഫ്റ്റ് എഴുതാൻ ഒത്തില്ലെങ്കിൽ ആ ആളിന് ദായക്രമത്തിന്റെ അവകാശം വേണ്ടേ? ഒരു സാധാരണ കൃസ്ത്യാനിക്ക് ദായക്രമത്തിന്റെ ആനുകൂല്യം എടുത്തുകളഞ്ഞിട്ട് ഗിഫ്റ്റ് ഉണ്ടെന്നു പറഞ്ഞാൽപ്പിന്നെ ദായക്രമത്തെക്കുറിച്ച് വാദിക്കുന്നതു ശരിയല്ല എന്നേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളു.

ഞാൻ പറഞ്ഞത് ഇവർക്ക് ഇത് പറയാൻ അവകാശം ഇല്ല എന്നാണ് എങ്ങനെ വന്നു എന്ന ഒരു ചോദ്യം ഉണ്ട്. അതിലേക്ക് വരുന്നു. 1969-ലെ നിയമം സമഗ്രമായ ഭേദഗതികളോടുകൂടി പാസാക്കുകയുണ്ടായി. പാസാക്കി കഴിഞ്ഞ അവസരത്തിൽ അന്ന് ഇവിടെ നിലവിൽവന്ന അച്യുതമേനോന്റെ ഗവൺമെന്റ് 1-1-1970 മുതൽ എല്ലാ വകുപ്പുകളും പ്രാബല്യത്തിൽ വരുത്തി. മിച്ചഭൂമി ഏറ്റെടുക്കുന്ന വകുപ്പും പ്രാബല്യത്തിൽ വരുത്തി. 1970 ഒക്ടോബർ 4-ാം തീയതിയാണ് ഞാൻ ഗവൺമെന്റിൽ ചേർന്നത്. അതിനുശേഷം ഇതിനെ കുറിച്ചു പരിശോധിച്ചപ്പോഠം വളരെയേറെ കാണാൻ കഴിഞ്ഞു; ഈ ഗിഫ്റ്റ് വ്യവസ്ഥ നിലനിൽക്കുന്നതിനാൽ മിച്ചഭൂമിയായി ലഭിക്കാനുള്ള ഭൂമിയിൽ നല്ല ഒരു ഭാഗം ഇങ്ങനെ സ്നേഹവാൽസല്യങ്ങളുടെ പേരിൽ ആയിരുന്നാലും മറ്റും നല്ലൊരു ഭാഗം മിച്ചഭൂമി കിട്ടാതെയിരിക്കുന്നതിനു ഇടയാകും. ഇതു തടയണമെന്നു തീരുമാനിച്ചു. എനിക്ക് അന്ന് കിട്ടിയ നിയമോപദേശം ഈ സെക്ഷൻ 84 അനുസരിച്ച് ഗിഫ്റ്റ് കൊടുക്കാനുള്ള പ്രൊവിഷൻ ലാൻഡ് ബോർഡ് തീരുമാനിക്കുന്നതുവരെ അതിനു സാദ്ധ്യത ഉണ്ടെന്നായിരുന്നു. ഗവൺമെന്റ് അതിനു മുമ്പുതന്നെ ആ കാര്യത്തെക്കുറിച്ച് അങ്ങനെ ഒരു സർക്കുലറും അയച്ചിരുന്നു. ഇങ്ങനെ തീരുമാനിക്കാൻ ലാൻഡ് ബോർഡിന്റെ തീരുമാനം വരെ അതിനുള്ള പ്രൊവിഷൻ ഉണ്ട്. അതല്ല 1970-ൽ തീരുമെന്ന നേരിയ സൂചന എങ്കിലും ഉണ്ടായിരുന്നുവെങ്കിൽ 1972-ൽ പിന്നെ അങ്ങനെയൊരു ഭേദഗതി കൊണ്ടുവരേണ്ട കാര്യമില്ലായിരുന്നു. 1972-ലും ഇതു പ്രാബല്യത്തിലാണ് എന്ന് കിട്ടിയ ഉപദേശം വച്ചുകൊണ്ട് ഇതു അവസാനിപ്പിക്കണമെന്നു തീരുമാനിച്ചപ്പോഠം അന്നു നടന്ന അഖിലേൻഡ്യാ കോൺഫ്രൻസിലാണ് ശ്രീമാൻ സുബ്രഹ്മണ്യം അഗ്രികഠച്ചറൽ മിനിസ്റ്റർ ആയിരുന്നപ്പോഠം ഈ ദായക്രമത്തിലുള്ള വ്യത്യാസങ്ങഠം പരിഹരിക്കത്തക്കരീതിയിൽ പരിശ്രമിക്കണം, അതിൽ വിവേചനം വരാതെ സൂക്ഷിക്കണം എന്ന പൊതു ഗൈഡുലൈൻ വന്നത്. മൊത്തത്തിൽ എടുത്തുകളയണമെന്ന അഭിപ്രായത്തിൽനിന്ന് അവിടെയും കോംപ്രമൈസ് ചെയ്യേണ്ടിവന്നു. എന്താണ് കോംപ്രമൈസ് ചെയ്തത്? മക്കഠംക്കും, മരിച്ചുപോയ മക്കളുടെ മക്കഠംക്കുമായി ഒതുക്കി. അതാണ് സെക്ഷൻ 72-ലെ അമൻറ്മെൻറ്. അന്നും

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമസഭയിൽ ആ വകുപ്പിനെക്കുറിച്ച് അല്ലെങ്കിലും ഇഷ്ടദാനം എന്ന വ്യവസ്ഥ മക്കൾക്കായിരുന്നാലും മരിച്ചുപോയ മക്കളുടെ മക്കൾക്കായിരുന്നാലും നിലനിറുത്തുന്നത് ശരിയല്ല എന്ന അഭിപ്രായം പറഞ്ഞത് എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണിയായിരുന്നു. അതു കഴിഞ്ഞാണ് കോടതി വിധി ഉണ്ടായത്. 1974–ൽ കോടതി വിധി ഉണ്ടായി. 1979–ൽ ആണ് പിന്നീട് ഈ ബില്ല് വന്നത്. കോംപ്രമൈസ് ആയിരുന്നു എന്നുള്ള വസ്തുത ഞാൻ നിഷേധിക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇടതുപക്ഷപ്പാർട്ടികളുടെ പരിപാടികൾ അതേപടി അംഗീകരിപ്പിക്കാൻ ബുദ്ധിമുട്ടാണ്. ഡെമോക്രാറ്റിക് പാർട്ടീസിനെക്കൊണ്ട്. ആ നിലയിൽ ഒരു കോംപ്രമൈസ് ആയിരുന്നു. അങ്ങനെയുള്ള പാർട്ടികളും കോംപ്രമൈസ് ചെയ്തിട്ടുണ്ട്. പ്രതിഫലം കൂടാതെ വനഭൂമി എടുക്കാൻ തീരുമാനിച്ചപ്പോൾ അന്ന് അവർ സഹകരിച്ചു. കണ്ണൻദേവൻ കമ്പനിവക ഭൂമി പ്രതിഫലം കൂടാതെ എടുക്കാൻ തീരുമാനിച്ചപ്പോഴും അവർ സഹകരിച്ചു. അതേ സമയത്തു ആ ഐക്യമുന്നണി ജനോപകാരപ്രദമായ പല പരിപാടികളും ചെയ്യേണ്ടത് ഉണ്ട് എന്നുള്ള നിലയിൽ ഇതിൽ ഒരു കോംപ്രമൈസ് ഉണ്ടാക്കിയത് നേരാണ് സർ. അതായിരുന്നു ഈ ബില്ല്. പഴയ കാര്യങ്ങൾ പറയണമെന്നാഗ്രഹിക്കുന്നില്ല, ഇത്രയും കാലതാമസങ്ങൾ വന്നതിൽ നിന്നുതന്നെ തീവ്രമായ അഭിപ്രായസംഘട്ടനങ്ങൾ ഉണ്ടായിരുന്നു എന്നു മനസ്സിലാക്കാൻ കഴിയും. പാർട്ടികൾക്ക് തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. 1970-നുശേഷം ഇത് പ്രയോഗത്തിൽ വരുന്നത് നീതീകരിക്കത്തക്കതല്ല എന്ന് കോടതിവിധി ഉണ്ടായപ്പോൾ ഇനി ഇതു പുനഃരുജ്ജീവിപ്പിക്കേണ്ട, ഇനി ഇതു റസ്റ്റോർ ചെയ്യാനുള്ള നടപടികൾ വേണ്ട എന്നായിരുന്നു അധികം ആളുകളുടെയും ഉദ്ദേശം. 1972–ൽ കൊണ്ടുവന്നതാണ്; നിയമസഭയുടെ സ്പിരിറ്റ് അതാണ്, അതുകൊണ്ട് റസ്റ്റോർ ചെയ്യണം എന്ന അഭിപ്രായമുള്ളവരുമുണ്ടായിരുന്നു. ആ വാദപ്രതിവാദങ്ങൾ നാലുകൊല്ലം നീണ്ടുപോയി. ഒടുവിൽ അതു സമ്മതിച്ചു നേരാണ്.

ഇത് റെസ്റ്റോർ ചെയ്യുന്നുണ്ട്. ഹൈക്കോടതി ഇൻവാലിഡേറ്റ്
9 a.m. ചെയ്ത സെക്ഷൻ റെസ്റ്റോർ ചെയ്യും. അല്പംകൂടി
റെസ്ട്രിക്ഷൻ വരുത്തിയിട്ടാണ്. എങ്കിൽപ്പോലും മിച്ചഭൂമി കിട്ടാനുള്ളത് കുറയുകയില്ലായെന്നുള്ള അഭിപ്രായം എനിക്കില്ല. മിച്ചഭൂമി കുറയുമെന്നുള്ളവാദം ശരിയാണ്. അത് അറിഞ്ഞുകൊണ്ടാണ് ആ തീരുമാനമെടുത്തത്. അത് അംഗീകരിക്കുന്നു. ഐക്യമുന്നണി ഗവൺമെന്റ് നിലനിന്നാൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ടാണ് അപ്രകാരം തീരുമാനിച്ചത്. എന്നാൽ ഐക്യമുന്നണി ഗവൺമെന്റ് ഇല്ലാതായാൽ അന്നുള്ള പരിപാടിക്ക് ബാദ്ധ്യതയില്ല. അതിലെ ഘടകകക്ഷികൾക്ക്. അതിനിടയ്ക്കുണ്ടായ സംഭവവികാസങ്ങൾ ഇതാണ്; അതായത് ഈ രാജ്യത്ത് ഉരുത്തിരിഞ്ഞു വന്ന രാഷ്ട്രീയ സ്ഥിതിഗതികൾ. അതിന്റെ മുന്നിൽ ഒരു പ്രശ്നം വന്നു. ഈ രാജ്യത്ത് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ താൽപര്യസംരക്ഷണത്തിന്, തൊഴിലാളിവർഗ്ഗം കൊതിക്കുന്ന, പട്ടിണികിടക്കുന്നവൻ ആഗ്രഹിക്കുന്ന ഇടതുപക്ഷ ജനാധിപത്യ ഐക്യമുന്നണി വേണമെന്ന്. അതിന് തടസ്സമാകുമോ ഇഷ്ടദാനവ്യവസ്ഥ? അന്നേരം ഇഷ്ടദാന വ്യവസ്ഥ വളരെ നിസ്സാരമാണ്. ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗങ്ങളുടെ താല്പര്യസംരക്ഷണത്തിന്, അദ്ധ്വാനിക്കുന്ന ജനതയുടെ താല്പര്യസംരക്ഷണത്തിന് ഇഷ്ടദാനവ്യവസ്ഥ ഉപേക്ഷിച്ചുകൊണ്ട് വന്നാൽ ഞങ്ങൾക്ക് അതിൽ സന്തോഷമുണ്ട്. അതിന് മന്ത്രിസ്ഥാനം മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനമൊന്നും പ്രതിബന്ധമല്ല. പിന്നെ കഴിഞ്ഞകാലത്ത് ചെയ്തതെല്ലാം തെറ്റാണെന്നല്ല ഞാൻ പറയുന്നത്. മാറിയ സാഹചര്യം ഇത് സൂചിപ്പിക്കുമെന്നേയുള്ളു.

ഇന്നലെ എന്റെ സ്നേഹിതൻ ശ്രീ. പി. എസ്. ശ്രീനിവാസൻ ഒരു കാര്യം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം സൂചിപ്പിച്ചത് 6 (സി)–യെക്കുറിച്ച് ഒരു കോംപ്രമൈസ് ഇല്ലായിരുന്നോ പിൻവലിക്കാൻ എന്ന്. സംഗതി ശരിയാണ്. അങ്ങനെയൊരു കോംപ്രമൈസ് ഉണ്ടായിരുന്നു. ഞാനായിരുന്നു ആ നിർദ്ദേശം വച്ചത്. അതായത് അന്ന് നിലവിലുണ്ടായിരുന്ന ഗവൺമെന്റിൽ പങ്കാളിത്തമുള്ള കക്ഷികളും സി. പി. എം.–ഉം അതുപോലുള്ള മറ്റ് ഡെമോക്രാറ്റിക് പാർട്ടികളും ചേർന്ന് ഐക്യമുന്നണിയെ വിപുലപ്പെടുത്തി ഒരു ഇടതുപക്ഷമുന്നണി രൂപീകരിക്കണമെന്നുള്ളതായിരുന്നു ആഗ്രഹം. അതിനുവേണ്ടി പല ആലോചനകളും നടത്തി. ആ ആലോചനകൾ നടത്തിയ കൂട്ടത്തിൽ ഇതിനെക്കുറിച്ച് ശക്തിയായ അഭിപ്രായം വന്നു, സി. പി. എം.–ന്റെ ഭാഗത്തുനിന്നും വന്നു ഇതിനെക്കുറിച്ച്. 6 (സി) വകുപ്പ് വന്നാൽ വളരെയേറെ ദ്രോഹം ചെയ്യുമെന്നുള്ളതായിരുന്നു അവരുടെ ആശങ്ക. അതുപോലെതന്നെയായിരുന്നു സി. പി. ഐ.യുടേയും എന്റെ പാർട്ടിയുടേയും ആശങ്ക. പക്ഷേ ഗവൺമെന്റിന് കിട്ടിയ അഭിപ്രായങ്ങളെല്ലാംവച്ചുകൊണ്ടാണ് ഇതിന് രൂപംകൊടുത്തത്. എന്നാൽ ഇത് പിൻവലിച്ചിരുന്നുവെങ്കിൽ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കുവാൻ സാധിക്കുമോ? മുസ്ലിംലീഗിലെ സഹോദരൻമാർ ഷീഫ്റ്റിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ തയ്യാറില്ലായിരുന്നുവെന്നാണ് മനസ്സിലാക്കിയത്. അതുകൊണ്ട്........

ശ്രീ. കൊറമ്പയിൽ അഹമ്മദുഹാജി: മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഇഷ്ടദാനവ്യവസ്ഥ അംഗീകരിക്കുന്നില്ലാ എന്നറിഞ്ഞുകൊണ്ടു തന്നെയല്ലേ നിലവിലുണ്ടായിരുന്ന മുന്നണി ഗവൺമെന്റ് ഇഷ്ടദാനബിൽ അംഗീകരിക്കുവാൻ തീർച്ചപ്പെടുത്തിയത്?

ശ്രീ. ബേബി ജോൺ: കൂടിയാലോചനവഴി തീരുമാനത്തിലെത്തുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. മുസ്ലിംലീഗിലെ നേതാക്കൻമാരോട് അഭ്യർത്ഥന നടത്തി, സി. പി. എം.–ലെ നേതാക്കൻമാരോട് അഭ്യർത്ഥന നടത്തി ഒത്തുതീർപ്പുണ്ടാക്കുവാൻ. അങ്ങനെ വന്നപ്പോൾ ഞാൻ ഒരു നിർദ്ദേശംവച്ചു; മുസ്ലിംലീഗിലെ നേതാക്കൻമാരോടും കോൺഗ്രസ്സിലെ നേതാക്കൻമാരോടും കേരള കോൺഗ്രസ്സിലെ ഒരു ഘടകത്തിലെ നേതാക്കൻമാരോടും, ശ്രീ. ബാലകൃഷ്ണനോടും പറഞ്ഞു നമുക്കിത് പിൻവലിക്കാം. ഇത്രയേറെ ഭയാശങ്കകളുണ്ടെങ്കിൽ എന്തിന് ആളുകളുടെ ഇടയിൽ തെറ്റിദ്ധാരണയുണ്ടാക്കണം, എന്തിന് കുഴപ്പമുണ്ടാക്കണം എന്നുള്ളതിനെക്കുറിച്ചും ഈ പറഞ്ഞവരുമായി ആലോചിച്ചു. ഇന്നും ആശങ്ക നിലനിൽക്കുകയാണ്. ആ ആശങ്ക നിലനിൽക്കുമ്പോൾ ഒരു ബില്ല് പാസ്സാക്കുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല. മിച്ചഭൂമി നഷ്ടപ്പെടുത്തണമെന്നുള്ളതല്ല ഞങ്ങളുടെ ഉദ്ദേശം. മറിച്ച് കുടിയാൻമാരുടെ താൽപര്യസംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ഒക്കുമോ എങ്കിൽ ആ അടിസ്ഥാനത്തിൽ പ്രവർത്തിക്കുക മാത്രമാണ് നല്ലത് എന്നു കണ്ടുകൊണ്ടാണ് ഈ ബിൽ പിൻവലിക്കാം എന്ന് സമ്മതിച്ചത്. വളരെ സന്തോഷത്തോടുകൂടി ലീഗിലേയും കോൺഗ്രസ്സിലേയും കേരള കോൺഗ്രസ്സിലേയും സ്നേഹിതൻമാർ സമ്മതിച്ചത്. എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. സി. എച്ച്. മുഹമ്മദുകോയയോട് അഭ്യർത്ഥിക്കുകയാണ് 6 (സി)–യെസംബന്ധിച്ച് വളരെ ആശങ്കയുണ്ട്. അത് ആത്മാർത്ഥമായുള്ള

ആശങ്കകളാണ്. ഈ തിടുക്കത്തിൽ 6 (സി) പാസ്സാക്കുന്നതിനുപകരം അതുപേക്ഷിക്കുകയാണ് നല്ലത്. നിയമനിർമ്മാണത്തിൽ ആത്മാർത്ഥമായ ആശങ്കകളുണ്ടായാൽ നമുക്ക് ഒരു ഗുണവും ചെയ്യുകയില്ല, ആ നിയമനിർമ്മാണംകൊണ്ട്. ഞാൻ പറഞ്ഞകാര്യം ഗൗരവപൂർവ്വം പരിഗണിക്കണമെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് വയ്ക്കുവാനുള്ളത്. സെലക്ട് കമ്മിറ്റിക്ക് വിടാതെ ഇത് പിൻവലിച്ച് ഈ പുതിയ അന്തരീക്ഷത്തിൽ എന്താണ് വേണ്ടത് എന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. കുറച്ചുകൂടി സമഗ്രമായ ചർച്ചയ്ക്കുശേഷം അത് വേണമോ വേണ്ടയോയെന്നുള്ളകാര്യത്തെക്കുറിച്ച് ആലോചിക്കാം അതാണ് വേണ്ടത്.

ഇഷ്ടദാനവ്യവസ്ഥ പിൻവലിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിച്ചാലും അത് കേൾക്കുകയില്ലായെന്ന് എനിക്കറിയാം: അതുകൊണ്ട് ആ പാഴ്വേലക്ക് കൂടുതൽ മുതിരുന്നില്ല. ഇപ്പോഴത്തെ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ബിൽ പാസാകും. അതിന് ഈ തെരഞ്ഞെടുത്ത മാർഗ്ഗം ശരിയായിരുന്നോയെന്ന് ബന്ധപ്പെട്ടവർ ഗൌരവപൂർവ്വം ആലോചിക്കണം.

സർ, ഈ രാജ്യത്ത് ഇഷ്ടദാനത്തേക്കാൾ എത്രയോ ഗൗരവമുള്ള കാര്യമാണ് ഈ രാജ്യത്ത് വളർന്നുവരുന്ന രാഷ്ട്രീയ ശക്തികൾ. ആർ. എസ്. എസ്.-ന് സ്വാധീനമുള്ള ജനത, സ്വേച്ഛാധിപത്യസ്വഭാവമുള്ള ഇന്ദിരാ കോൺഗ്രസ് ഇതിനെല്ലാം എതിരായ പോരാട്ടത്തെക്കുറിച്ച് എത്രയോ നാളുകൾകൊണ്ട് പറയുന്നതാണ്. എന്നിട്ട് ഇന്ന് വീണ്ടും അവരുടെ കെണിയിൽ ചെന്നുചാടിയിരിക്കുകയാണ്. ശ്രീ. എ. കെ. ആൻറണി വികാരപരമായി ഈ പ്രശ്നത്തെ സമീപിക്കരുത് ഇടപെടരുത് എന്ന് എനിക്കൊരപേക്ഷയുണ്ട്. ശ്രീ. എ. കെ. ആൻറണിയുടെ മനസ്സിൽനിന്നും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മുദ്രാവാക്യവും ആവേശവും മറന്നുകാണുകയില്ല. എന്തായാലും ഈ പോക്ക് ഇവിടെവച്ച് നിറുത്തണം. ഇത് ആപത്താണ്. ഇത്രയുംനാൾ നിങ്ങളുടെ സംഘടനയെ ഒരു ഇടതുപക്ഷ ഐക്യമുന്നണി പ്രസ്ഥാനത്തിനുവേണ്ടി നയിച്ചിട്ട് ഇപ്പോൾ വികാരപരമായി ഇപ്രകാരം ചെയ്യുന്നത് നല്ലതല്ല. നിങ്ങൾക്ക് നിങ്ങളുടേതായ നയങ്ങളുണ്ട്, ഞങ്ങൾക്ക് ഞങ്ങളുടേതായിട്ടുള്ള നയങ്ങളുണ്ട്. അതുകൊണ്ട് ഇത് ഇവിടെവച്ച് ഉപേക്ഷിക്കണം. ഈ പോക്ക് അപകടകരമാണ്. ഈ നിലപാട് തുടർന്നുകൊണ്ടുപോയാൽ ആരെ സഹായിക്കുവാനാണ്? നിങ്ങൾ ഇപ്പോൾ ആരുടെ കെണിയിലാണ് വീണിരിക്കുന്നത്? ഇന്നലെവരെ നിങ്ങൾ എതിർത്തിരുന്ന ശക്തികൾ ഏത്? ഈ കാര്യത്തെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കണം. നിങ്ങൾ ഇനിയെങ്കിലും അതിൽനിന്നും പിൻമാറണം. വീണ്ടും ഇടതുപക്ഷമുന്നണിക്കുവേണ്ടി ജനാധിപത്യമുന്നണിക്കുവേണ്ടി വരാൻ നിങ്ങൾ തയ്യാറാവണം. മാർക്സിസം അംഗീകരിച്ചിട്ടുള്ള ഇടതുപക്ഷപ്പാർട്ടിയുടെ പരിപാടികൾ അതേയളവിലും അതേ അർത്ഥത്തിലും അംഗീകരിക്കുവാൻ ഡെമോക്രാറ്റിക്ക് പാർട്ടികൾ 'ബുദ്ധിമുട്ട്' കാണിക്കുമെന്നുള്ളകാര്യം വിസ്മരിക്കുന്നില്ല. കോൺഗ്രസ്സിനെ ഉദ്ദേശിച്ച് മാത്രമല്ല മറ്റ് ഡെമോക്രാറ്റിക് പാർട്ടികളേയും ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ആ അളവുവരെ വരണമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നുമില്ല. നമുക്ക് ഒരുമിച്ചുകൂടേ?

ഒരു കൊച്ചുകാര്യമാണോ, നിസ്സാരകാര്യമാണോ, ആർ. എസ്. എസ്.-ന്റെ വളർച്ച? ന്യൂനപക്ഷ സംരക്ഷണത്തെക്കുറിച്ച് വാദിക്കുന്ന മുസ്ലീംലീഗിനോട് ഞാൻ വിനീതമായി ചോദിക്കുകയാണ് നിങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ ഈ കൂട്ടുകെട്ട് ന്യൂനപക്ഷസംരക്ഷണത്തിന് സഹായകമായിരിക്കുമോയെന്ന്. തുർക്ക്മാൻഗേറ്റിലേയും അലിഗാറിലേയും സംഭവങ്ങളെക്കുറിച്ച് നിങ്ങൾ ഈ സമയത്ത് ഒന്ന് ആലോചിക്കണം. അതേ സമയത്ത്..........

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇതെല്ലാം എപ്പോഴാണ് ശ്രീ. ബേബി ജോണിന് മനസ്സിലായത്, ഈ അഞ്ചുദിവസമായിട്ടാണോ......

ശ്രീ. ബേബി ജോൺ: എന്റെ സ്നേഹിതൻ ശ്രീ. ചന്ദ്രശേഖരന് അസഹിഷ്ണുതയുണ്ടാകുന്നത് എനിക്ക് മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. കെ. ചന്ദ്രശേഖരൻ: അങ്ങയുടെ ഈ ഭീരുത്വം കണ്ട് ഞാൻ നാണിക്കുകയാണ്. ഭീരു..........

ശ്രീ. ബേബി ജോൺ: ഞാൻ സന്തോഷിക്കുകയാണ്. ഇന്നലെ എന്റെ സ്നേഹിതൻ ശ്രീ. പി. ആർ. കുറുപ്പ് മഹാനെന്ന് വിളിച്ചപ്പോൾ എനിക്ക് സംശയം തോന്നി. അതിൽ എന്തോ കുഴപ്പമുണ്ട് എന്ന്. എന്നാൽ ഇന്ന് ശ്രീ. ചന്ദ്രശേഖരൻ എന്നെ ഭീരു എന്നു വിളിച്ചപ്പോൾ എനിക്ക് എന്റെ സംശയം മാറി; എനിക്ക് യാതൊരു കുഴപ്പവുമില്ലായെന്ന്. എന്തുംപറഞ്ഞ് എന്നെ ഇതിൽനിന്നും പിന്തിരിപ്പിക്കാമെന്നു വിചാരിക്കേണ്ട. പത്ത് നാൽപതുകൊല്ലംകൊണ്ട് ആരുടേയും കാരുണ്യത്തിലല്ലാതെ ഒരു വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ വന്നതാണ്. പതിനാലു കൊല്ലമായിട്ടും പ്രോവിഡന്റ് ഫണ്ട് കിട്ടിയില്ല, ഗ്രാറ്റുവിറ്റി കിട്ടിയില്ല എന്നുള്ള പരിദേവനവുമായിട്ടല്ലേ നടക്കുന്നത്...............
ബഹളം............

ശ്രീ. കെ. കരുണാകരൻ: എന്തായാലും ബഹുമാനപ്പെട്ട മെമ്പർ അലിഗാറിലെ സംഭവത്തെക്കുറിച്ച് ഓർമ്മിച്ചത് നന്നായി. അലിഗാർ സംഭവകാലത്ത് ഇൻഡ്യയുടെ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. ചരൺസിംഗിനെയല്ലേ നിങ്ങളുടെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതാവായി സ്വീകരിച്ചിരിക്കുന്നത്?

ബേബി ജോൺ: അന്ന് ജനതാ ഗവൺമെന്റ് ആയിരുന്നു ഭരിച്ചിരുന്നത്. ഈ സംഭവം നടക്കുമ്പോൾ ശ്രീമതി ഇന്ദിരാഗാന്ധി ഒരൊറ്റ അക്ഷരം അതിനെതിരായി പറഞ്ഞിട്ടില്ലായിരുന്നുവെന്നുള്ളസത്യം നിങ്ങൾ അംഗീകരിക്കണം..........ബഹളം...........

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഒരു പോയിന്റ് ഓഫ് ആർഡർ. ഇന്ദിരാഗാന്ധി ചിക്ക്മഗ്ളൂരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട് പാർലമെൻറിൽ കടന്നുവന്നിട്ട് ആദ്യമായി ചെയ്ത പ്രസംഗത്തിൽ, 45 മിനിട്ടു നേരം ചെയ്ത പ്രസംഗത്തിൽ നാല്പതു മിനിട്ടും അലിഗാറിൽ നടന്ന കൂട്ടക്കൊലയെപ്പറ്റിയാണ് പറഞ്ഞത് എന്നുള്ളത് പാർലമെന്റിന്റെ റിക്കാർഡിലിരിക്കെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടി മനപ്പൂർവ്വമായി കള്ളപ്രചരണം ഈ സഭയിൽ അഴിച്ചുവിടുന്നത് ആർഡറിലാണോ?

Chairman: That is not a point of order.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: ന്യൂനപക്ഷതാൽപര്യം സംരക്ഷിക്കണമെന്ന് പറയുന്ന ആളുകൾ ഒരുകാര്യം ഓർമ്മിക്കണം. ന്യൂനപക്ഷതാൽപര്യം സംരക്ഷിക്കാനുള്ള ബലിഷ്ഠമായ ഹസ്തങ്ങൾ ഈ രാജ്യത്തെ ഇടതുപക്ഷ പുരോഗമന ജനാധിപത്യ പാർട്ടിക്ക് ആണ്. (ബഹളം) പരസ്പരം അസഹിഷ്ണുത കാണിച്ചതുകൊണ്ട് കാര്യമില്ല. ഈ സംസ്ഥാനത്തൊഴികെ മറ്റെല്ലായിടത്തും ആർ. എസ്. എസ്. മുസ്ലീം ജനവിഭാഗങ്ങളുമായി സംഘട്ടനമുണ്ടാക്കിയിട്ടുണ്ട്. ഇവിടെ എന്തുകൊണ്ട് ഉണ്ടായില്ല? ആർ. എസ്. എസ്സിന്റെ പ്രവർത്തനം വന്ന അവസരത്തിൽ കൊല്ലത്ത് ആർ. എസ്. പി. യും ആർ. എസ്. എസ്സുമായി ഏറ്റുമുട്ടി. ചടയമംഗലത്ത് സി. പി. ഐ. യും ആർ. എസ്. എസ്സുമായി ഏറ്റുമുട്ടി. കോട്ടയത്ത് സി. പി. എം.-ഉം ആർ. എസ്. എസ്സുമായി ഏറ്റുമുട്ടി. തലശ്ശേരിയിൽ സി. പി. എം.-ഉം ആർ. എസ്. എസ്സുമായി ഏറ്റുമുട്ടി. അതുകൊണ്ട് വർഗ്ഗീയലഹള ഇവിടെ ഉണ്ടായില്ല. ന്യൂനപക്ഷതാല്പര്യം സുരക്ഷിതമായിരിക്കുന്നത് മതേതരത്വം......(ബഹളം) എന്റെ സ്നേഹിതൻ ശ്രീ. അവുക്കാദർകുട്ടിനഹയോടും ശ്രീ. മുഹമ്മദുകോയയോടും ലീഗിലെ നേതാക്കളോടും ഒരുകാര്യം ചോദിക്കാനാഗ്രഹിക്കുകയാണ്. ന്യൂനപക്ഷതാൽപര്യം സംരക്ഷിക്കുന്നതിനും മതേതരത്വം നിലനിർത്തുന്നതിനും ആർ. എസ്. എസ്. വളരുന്നത് സഹായകമാണോയെന്ന് ആലോചിക്കണം; ആർ. എസ്. എസ്സിന്റെ പിന്തുണയുള്ള ജനത ശക്തിയാർജ്ജിക്കുന്നത് നല്ലതാണോയെന്ന് ആലോചിക്കണം. ഈ രാജ്യത്ത് ജനാധിപത്യം നിലനിൽക്കുന്നതിന് സ്വേച്ഛാധിപത്യം തകർക്കുന്നത് നല്ലതാണോയെന്ന് ആലോചിക്കണം. പ്രത്യേകമായ സാഹചര്യത്തിൽ നിങ്ങൾ എടുത്ത നിലപാടിനെക്കുറിച്ച് എനിക്ക് യോജിപ്പില്ലെങ്കിലും എനിക്ക് മനസ്സിലാക്കാൻ കഴിയും. ഈ നാട്ടിന് ഒരു ആപത്ത് വലിച്ചുവയ്ക്കരുത്. ശ്രീ. എ. കെ. ആൻറണിയും ശ്രീ. സി. എച്ച്. മുഹമ്മദുകോയയും. നിങ്ങൾ നിങ്ങളുടെ കടമ നിർവ്വഹിക്കുക. ഇടതുപക്ഷ മുന്നണിയുടെ ചേരിയിലേക്ക് വരിക. അങ്ങനെ രാജ്യത്തെ രക്ഷിക്കുകയെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. സി. എം. സുന്ദരം: സർ, ഞാൻ ഈ ഇഷ്ടദാനബില്ലിനെ പിന്താങ്ങുന്നു. സി. പി. ഐ.-യും ആർ. എസ്. പി. യും ഐക്യമുന്നണിയിൽ ചേർന്നുകൊണ്ട് ഉണ്ടാക്കിയ സന്തതിയാണ് ഇതെന്ന് ഓർമ്മിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ശ്രീ. സുന്ദരം നിയമസഭയുടെ പരിഗണനയിൽ ഇല്ലാത്തതും അവതരിപ്പിക്കാത്തതുമായ ഒരു ബില്ലിനെ എങ്ങനെയാണ് പിന്താങ്ങുന്നത്? അങ്ങനെയൊരു ബില്ല് ഇവിടെ ആരെങ്കിലും അവതരിപ്പിച്ചിട്ടുണ്ടോയെന്നുള്ളതിനെപ്പറ്റി റൂളിങ്ങ് നൽകണം.

ചെയർമാൻ: ലാൻഡ് റിഫോംസ് അമൻറുമെൻറ് ബില്ലിനെ ഓമനപ്പേര് നൽകി ഇഷ്ടദാനമെന്ന് പറഞ്ഞുവെന്നേയുള്ളൂ.

ശ്രീ. സി. എം. സുന്ദരം: ഇഷ്ടദാനം അടങ്ങിയ ഭൂപരിഷ്ക്കരണ ബില്ലിനെപ്പറ്റി പറയുമ്പോൾ ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക്......

ശ്രീ. ഇ. പി. ഗോപാലൻ: കേരള ഭൂപരിഷ്ക്കരണ ഭേദഗതിനിയമത്തിന് ഓമനപ്പേര് ഇട്ടതാണ് ഇഷ്ടദാനബില്ലെന്ന് പറഞ്ഞു. ഇനി വേറെ വല്ല ഓമനപ്പേരും വിളിക്കാനുള്ള സന്ദർഭമുണ്ടെങ്കിൽ അതുകൂടി അംഗീകരിക്കപ്പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ: ബില്ലിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പല പേരുകളും പറയാറുണ്ട്. ആ കൂട്ടത്തിൽ ഇതും ഉൾപ്പെട്ടുവെന്നേയുള്ളു.

(Mr. Speaker in the chair)

ശ്രീ. സി. എം. സുന്ദരം: സി. പി. ഐ.യും ആർ. എസ്. പി.യും ഐക്യമുന്നണിയിൽ ഉണ്ടായിരുന്നപ്പോൾ ഉണ്ടാക്കിയ സന്തതിയെ തെരുവീഥിയിലിട്ടുകൊണ്ട് സി. പി. ഐ. യും ആർ. എസ് പി. യും മറുവശത്ത് പോയിരിക്കുകയാണ്. അങ്ങനെ ചെയ്തത് ഇതിന്റെ ഉടമസ്ഥാവകാശം ഇല്ലായ്മചെയ്യുന്നതിനുവേണ്ടിയാണ്. അത് ഈ രാജ്യത്തെ ജനങ്ങൾ വച്ചു പുലർത്തുകയില്ല. ഇതിന്റെ പല വശങ്ങളെപ്പറ്റി പലരും പറഞ്ഞു കഴിഞ്ഞു. അതെല്ലാം ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല, ഈ ബില്ലിന്റെ ചർച്ചാവേളയിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. വി. യും അതുപോലെതന്നെ ശ്രീ. ബേബി ജോണും ഈ സഭയ്ക്കുള്ളിൽ എന്തുമാത്രം ബഹളം നടത്തി. കേന്ദ്രത്തിൽനിന്ന് ഓർഡിനൻസ് കിട്ടാതിരുന്ന സമയത്ത് ആ ഓർഡിനൻസിനുവേണ്ടി മാർക്സിസ്റ്റ് പാർട്ടിയെ എതിർത്തുകൊണ്ട് ഈ ബില്ലിനുവേണ്ടി എത്രമാത്രം ശക്തിയായി നീങ്ങിയിരുന്നുവെന്നുള്ളത് നമുക്ക് മറക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ ഇടതുപക്ഷ ഐക്യത്തിന്റെ പേരും പറഞ്ഞുകൊണ്ടാണ് നടക്കുന്നത്. ഈ ബില്ലിനെതിരായി ഇവർ എന്തെല്ലാം പ്രചരണമാണ് നടത്തുന്നത്. ഇവർ കേരള സംസ്ഥാനത്തിലെ ജനങ്ങളോട് കടുത്ത വഞ്ചനയാണ് കാണിക്കുന്നത്. ജനങ്ങളുടെ വോട്ടും വാങ്ങി ഇവിടെ വന്നിട്ട് ഇപ്പോൾ ഇടതുപക്ഷത്തേക്ക് മാറിയിരിക്കുകയാണ്. ഇത് ശരിയായ നടപടിയല്ല. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലംമുതൽ ഇന്നുവരെ ഇഷ്ടദാനബില്ലിനുവേണ്ടി പോരാടിയവരാണ് സി. പി. ഐ. യും ആർ. എസ്. പി. യും. അച്യുതമേനോൻ ഗവൺമെന്റ് വന്നത് ഏതു് പരിതഃസ്ഥിതിയിലാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഈ രാജ്യത്ത് ഭീകരതയും ഭീഷണിയും അഴിച്ചുവിട്ടിരുന്ന കാലഘട്ടമായിരുന്നു. മാർക്സിസ്റ്റു പാർട്ടിയുടെ ഭരണത്തെ അവസാനിപ്പിച്ചുകൊണ്ട് അച്യുതമേനോൻ ഗവൺമെന്റ് ഇവിടെ വന്നപ്പോൾ ജനങ്ങൾ എന്തുമാത്രം ആശ്വസിച്ചിരുന്നു. സർ, ഐക്യമുന്നണി ഗവൺമെന്റ് ഏതാണ്ട് പത്തു കൊല്ലത്തോളം ഈ രാജ്യം ഭരിക്കുകയും അതിന്റെ ഫലമായി ഈ രാജ്യത്തെ ജനങ്ങൾക്ക് വളരെയധികം ഗുണങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ആ ഗവൺമെന്റിന്റെ നേട്ടങ്ങളെപ്പറ്റി എന്റെ ബഹുമാനപ്പെട്ട ആർ. എസ്. പി. നേതാവ് ശ്രീ. ബേബി ജോൺ വളരെ നല്ലനിലയിൽ കാര്യങ്ങൾ സഭയിലെ എല്ലാവർക്കും മനസ്സിലാകത്തക്കവിധത്തിൽ ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുകയാണ്. വളരെയധികം പേർക്ക് കുടികിടപ്പവകാശങ്ങളും പട്ടയങ്ങളുമെല്ലാം വിതരണം ചെയ്യുകയുണ്ടായി. അങ്ങനെ നല്ല നിലയിലാണ് ഈ രാജ്യത്ത് ഐക്യമുന്നണി ഗവൺമെന്റ് ഭരിച്ചുകൊണ്ടിരുന്നത്. കേരളത്തിൽ ഒരു കാലത്തും ഗുണം ചെയ്തിട്ടില്ലാത്ത മാർക്സിസ്റ്റ് പാർട്ടി രണ്ടു പ്രാവശ്യം അധികാരത്തിൽ വന്നിട്ടും കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ തൊടാൻപോലും സാധിച്ചിട്ടില്ല. മാർക്സിസ്റ്റ് പാർട്ടിക്ക് പ്രക്ഷോഭണം കൂട്ടാൻ മാത്രമേ ഇതുവരെ സാധിച്ചിട്ടുള്ളു. നല്ല കാര്യങ്ങളൊന്നും ചെയ്യാൻ അവർക്ക് സാധിച്ചിട്ടില്ല. ഐക്യമുന്നണിയെ തകർക്കാൻവേണ്ടി മാർക്സിസ്റ്റ് പാർട്ടിക്കാർ പരിപാടി തയ്യാറാക്കുകയും അവരുടെ വലയിൽ സി. പി. ഐ. യും ആർ. എസ്. പി. യും കുടുങ്ങുകയും ചെയ്തെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നവർ ആ കാര്യത്തിൽ ഖേദിക്കുന്നുണ്ട്. ഇഷ്ടദാനബില്ലിന്റെ പേരിൽ മാർക്സിസ്റ്റുകാരെ അനുകൂലി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻവേണ്ടി മാത്രം ഇഷ്ടദാനബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ പോയ അവസരത്തിൽ അവർ ഓടി പോവുകയാണ് ചെയ്തിട്ടുള്ളത്.

സർ, ഈ നിയമം മൂലംമുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും കിട്ടാൻ പോകുന്ന നേട്ടം വളരെ വലുതാണ്. അവരുടെ മക്കൾക്കും മരിച്ചുപോയ മക്കളുടെ മക്കൾക്കും കിട്ടുന്ന അവകാശം ഇപ്പോൾ നിഷേധിച്ചിരിക്കുകയാണ്. ഈ രണ്ട് സമുദായത്തിന്റേയും കാര്യത്തിൽ ഇഷ്ടദാനബിൽ പാസ്സാക്കി കൊടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വം ആണ്. പ്രതിപക്ഷത്തിനും ഈ കാര്യത്തിൽ ഉത്തരവാദിത്വം ഉണ്ടെങ്കിലും അവർ അതിൽ നിന്നും ഒഴിഞ്ഞു നിൽക്കുകയാണ്. ഈ നിയമംമൂലം എന്റെ സമുദായത്തിൽപ്പെട്ട ആളുകൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അത് നിയമസഭയുടെ ശ്രദ്ധയിൽ പെടുത്തിയതിന്റെയും മറ്റും ഫലമായി ഇങ്ങനെയൊരു ഭേദഗതി ഉണ്ടാക്കാൻ കഴിഞ്ഞതുതന്നെ നല്ല കാര്യമാണ്. കേരളത്തിൽ ഇൻഡ്യയ്ക്കുതന്നെ മാതൃകയാകത്തക്കവിധത്തിൽ നല്ലൊരു ഭൂപരിഷ്ക്കരണനിയമം കൊണ്ടുവരാൻ കഴിഞ്ഞതുതന്നെ നല്ല കാര്യമാണ്. കർഷകർക്ക് സ്ഥിരാവകാശം കിട്ടി, ലാൻഡ് ലോർഡിസം അവസാനിപ്പിച്ചു. ഇഷ്ടദാനവ്യവസ്ഥ റദ്ദാക്കിയതുമൂലം എന്റെ സമുദായത്തിൽ പെട്ടവർ വഴിയാധാരമായിരിക്കുകയാണ്. അര വണ്ടിയോ ഒരു വണ്ടിയോ ഒന്നര വണ്ടിയോ നെല്ല് പാട്ടത്തിന് കിട്ടിയാലും അവരെ ജൻമിയെന്നാണ് വിളിക്കുന്നത്. അതിന്റെ ഫലമായി ഈ നിയമം വന്നപ്പോൾ കേരളത്തിലെ തമിഴ് ബ്രാഹ്മണർക്ക് എല്ലാം നഷ്ടപ്പെട്ട സ്ഥിതിയാണുള്ളത്. അവരുടെ വീടുകൾ വിൽക്കേണ്ടതായി വന്നു. മക്കളെ കല്ല്യാണം കഴിച്ചുകൊടുക്കാൻ സാധിക്കാത്ത സ്ഥിതി വന്നു. ഈ നിയമസഭ എന്തെങ്കിലും പരിഹാരം ഈ കാര്യത്തിൽകൂടി ഉണ്ടാക്കേണ്ടതായിട്ടുണ്ട്. അഭയാർത്ഥികളെ നോക്കുന്ന രീതിയിൽ ഈ തമിഴ് ബ്രാഹ്മണരെ കൂടി സംരക്ഷിക്കാനുള്ള സാഹചര്യമുണ്ടാക്കണം. അവർ ജീവനോടുകൂടി ഇരിക്കുന്നതിനുവേണ്ടി, അവർ ഈ സംസ്ഥാനത്തിൽനിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് ഓടി പോകാതിരിക്കുന്നതിനുവേണ്ടി എന്തെങ്കിലും ആശ്വാസ നടപടികൾ എടുക്കണമെന്ന് ഈ അവസരത്തിൽ നിയമസഭയോടും ഗവൺമെന്റിനോടും ബന്ധപ്പെട്ട മന്ത്രിയോടും അപേക്ഷിച്ചുകൊണ്ട് ഇഷ്ടദാനബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഈ വാദപ്രതിവാദങ്ങൾക്ക് മറുപടിയായി എനിക്ക് വളരെയേറെ......

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇതിന്റെ ചർച്ച അവസാനിപ്പിക്കുകയാണോ?

മി. സ്പീക്കർ: ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനം അനുസരിച്ച് ഇനി അഞ്ചു മിനിട്ട് മാത്രമാണ് ബാക്കിയുള്ളത്. ഇനി 8 അംഗങ്ങൾ സംസാരിക്കുവാനായി ലിസ്റ്റ് തന്നിട്ടുണ്ട്. ഈ നിലയിൽ എങ്ങനെ പോകണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. ഇന്ന് 12½ മണിവരെയാണ് സമയം തന്നിരിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: ഒരു ദിവസംകൂടി നീട്ടിയാൽ മതിയല്ലോ. ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണ്. കേരളത്തിലെ ജനങ്ങൾ വളരെ ഗൗരവമായി കണക്കാക്കുന്ന ഒരു നിയമമാണ്. ഇതെല്ലാം പപ്പടം വാട്ടിഎടുക്കുന്നതുപോലെ മതിയോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മൂന്ന് ദിവസം ജനറൽ ഡിസ്ക്കഷന് വേണമെന്നാണ് വളരെ ശക്തിയായി ഞങ്ങൾ വാദിച്ചിട്ടുള്ളത്. ഇവിടെ ഓരോരുത്തർ ഓരോ പാർട്ടിയിൽനിന്നും സംസാരിച്ചിട്ടുള്ളതുതന്നെ വളരെ പരിമിതമാണ്. ഈ നിയമത്തെ സംബന്ധിച്ച് സംസാരിക്കേണ്ടത് വളരെ ആവശ്യമാണ്. അതുകൊണ്ട് ഇതിന്റെ ചർച്ച പെട്ടെന്ന് അവസാനിപ്പിക്കാതെ പേര് കൊടുത്തിട്ടുള്ളവർക്കെല്ലാം, അല്ലെങ്കിൽ ചിലർക്കെങ്കിലും സംസാരിക്കാനുള്ള സൗകര്യം കൊടുക്കണം. അല്ലാതെ ചർച്ച പെട്ടെന്ന് അവസാനിപ്പിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: ഈ രീതിയിൽ പോയാൽ ഇന്നും അടുത്ത ദിവസവും കൊണ്ട് അവസാനിക്കാൻ പോകുന്നില്ല. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി തീരുമാനം അനുസരിച്ച് ഒമ്പതരവരെ ജനറൽ ഡിസ്ക്കഷൻ എന്നുള്ളതാണ്. അതു കഴിഞ്ഞ് ക്ലാസ്സ് ബൈ ക്ലാസ്സ് ഡിസ്ക്കഷൻ അത് ബഹുമാനപ്പെട്ട സഭാംഗങ്ങൾ എങ്ങനെ തീരുമാനിക്കുന്നു എന്നുള്ളതനുസരിച്ചാണ് തീരുമാനിക്കേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചതും സഭ അംഗീകരിച്ചതുമായ സമയത്തിനുള്ളിൽ ഒതുങ്ങി നിൽക്കണമെന്നാണ് സഭയുടെ അഭിപ്രായം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിക്കുശേഷം ഈ ചർച്ചയുടെ സ്വഭാവം മനസ്സിലാക്കിയതിനുശേഷം ഇന്നലെയും ഇന്നുമായിതന്നെ ചില സംസാരങ്ങൾ ഉണ്ടായിട്ടുണ്ട്. ആ ധാരണയനുസരിച്ച് വിളിക്കുമെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. എന്നാൽ ആ രീതിയിലേക്കൊന്നും പോകാതെ മിനിസ്റ്റർ മറുപടി പറയാനാണ് പോകുന്നത്. അതുകൊണ്ടാണ് ഈ പ്രശ്നം ഉന്നയിക്കേണ്ടതായി വന്നത്. അതുകൊണ്ട് ആ ധാരണയനുസരിച്ച് ആവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: എല്ലാ രാഷ്ട്രീയ കക്ഷികളുടെയും നേതാക്കളെ വിളിച്ചു സംസാരിച്ചു. അതിലൊന്നുംതന്നെ വ്യക്തമായ ഒരു ധാരണയിൽ എത്തിച്ചേരാൻ സാധിച്ചിട്ടില്ലെന്നുള്ള വിവരവും അറിയിക്കേണ്ടിയിരിക്കുന്നു. ആ നിലയിൽ എന്തു വേണമെന്നുള്ളത് സഭ നിശ്ചയിക്കണമെന്നുള്ളതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം അറുത്തു മുറിച്ച് നടപ്പിലാക്കാറില്ല. അൽപ്പസ്വൽപ്പം വ്യത്യാസങ്ങൾ വരുത്താറുണ്ട്. എന്നാൽ പൊതുവിൽ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം അംഗീകരിക്കാറുണ്ട്. പക്ഷെ അൽപ്പസ്വൽപ്പം വ്യത്യാസങ്ങൾകൊണ്ട് ഇപ്പോൾ കാര്യങ്ങൾ അവസാനരൂപത്തിൽ എത്തിക്കാൻ സാധിക്കാത്ത അവസ്ഥ കാണുന്നുണ്ട്.

ശ്രീ. എം. വി. രാഘവൻ: ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തിതന്നെ കാര്യങ്ങൾ പോകണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ അമൻറുമെൻറ് തന്നിട്ടും സംസാരിക്കാതെ പാർട്ടിയിലെ ചില ആളുകളുടെ പേര് മാത്രം സജസ്റ്റ് ചെയ്തത്. അതുകൊണ്ട് അങ്ങനെ പേര് സജസ്റ്റ് ചെയ്തിട്ടുള്ളവർക്കുകൂടി സംസാരിക്കുവാനുള്ള അവസരം ഉണ്ടാകണം. അതാണ് വേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതിനുള്ള അവസരം ഉണ്ടാകണമെന്ന് പറഞ്ഞാൽ നമ്മൾ ഇതെല്ലാം ആലോചിച്ചിട്ടാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ എല്ലാ പാർട്ടികളുടെയും നേതാക്കളെ വിളിച്ച് ആലോചിച്ച് ഇങ്ങനെ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആ ആലോചനായോഗത്തിൽ ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം വളരെ ശക്തിയായി പറഞ്ഞിട്ടുള്ളതാണ്. രാജ്യത്ത് വളരെയധികം ശ്രദ്ധിക്കപ്പെടുന്ന ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളം 3 ദിവസത്തെ പൊതുചർച്ചയ്ക്ക് സമയമില്ലാതെ പരിമിതമായ സമയത്തിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങികൊള്ളണമെന്ന് പറഞ്ഞാൽ അതിനോട് യോജിക്കാൻ സാധിക്കുകയില്ല. സാങ്കേതികമായി പറഞ്ഞാൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി റിപ്പോർട്ടില്ലേ എന്ന് ചോദിക്കണം. ബിസിനസ് അഡ്വൈസറി കമ്മിറ്റിക്കകത്ത് നടന്ന ചർച്ചയെപ്പറ്റി ഇവിടെ പരസ്യമായി പറയുന്നത് ശരിയല്ലല്ലോ എന്ന് കരുതി, ആ മര്യാദ കേട് കാണിക്കുന്നത് ശരിയല്ലല്ലോ എന്ന് വിചാരിച്ചാണ് മിണ്ടാതിരിക്കുന്നത്. അതുകൊണ്ട് അതിന്റെ സ്പിരിറ്റ് മനസ്സിലാക്കിക്കൊണ്ട് ആവശ്യമായ സംവിധാനം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. കരുണാകരൻ: സർ, ശ്രീ. രാമകൃഷ്ണൻ ഇവിടെ ഉന്നയിച്ചതുകൊണ്ട് ഒരു കാര്യം പറയുകയാണ്. എല്ലാം ആലോചിച്ചിട്ടാണോ 9 മണിക്ക് കൂടാനുള്ള നിയമസഭ എട്ടരമണിക്കുതന്നെ കൂടാമെന്ന് എല്ലാവരും കൂടി ഐകകണ്ഠ്യേന ഒരു തീരുമാനം എടുത്തത്. സർ, എന്റെ പാർട്ടിയിൽനിന്ന് ആകെ ഒരാളെ സംസാരിച്ചിട്ടുള്ളു. ഈ ബിൽ പാസ്സാക്കണമെന്ന കാര്യത്തിൽ സഹകരിക്കണം എന്ന് വിചാരിച്ചാണ് ഞങ്ങൾ ഒന്നും പറയാതിരുന്നത്, ഒന്നുകിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് ഈ തീരുമാനം നടപ്പാക്കണം, അതല്ലെങ്കിൽ ഇന്നുതന്നെ ഈ ബിൽ പാസ്സാക്കണം എന്ന് നിർബന്ധമാണെങ്കിൽ ഉച്ച കഴിഞ്ഞ് ഇരിക്കേണ്ടിവരും. കഴിയുന്നിടത്തോളം ഈ തീരുമാനം അനുസരിച്ചുതന്നെ പോകുന്നതായിരിക്കും നല്ലത്.

ശ്രീ. ആർ. എസ്. ഉണ്ണി: ബിസിനസ് അഡ്വൈസറി കമ്മിറ്റി പതിനൊന്നു മണിക്കൂറാണ് ഈ ബില്ലിന്റെ ചർച്ചയ്ക്ക് വച്ചിരുന്നത്. ഈ പതിനൊന്നു മണിക്കൂർകൊണ്ട് ബില്ലിന്റെ പൊതുചർച്ച അവസാനിക്കുന്നതു സംബന്ധിച്ച് ചില്ലറ ചില നീക്കുപോക്കുകളെപ്പറ്റി അങ്ങ് ഇവിടെ സൂചിപ്പിച്ചിരുന്നു. അതനുസരിച്ച് ഭേദഗതികൾ കൊടുത്തിട്ടുള്ള എല്ലാ അംഗങ്ങളും അതിന്റെ മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ അല്ല സംസാരിച്ചത്. ഓരോ കക്ഷിയിൽനിന്നും പേര് എഴുതി തന്ന അംഗങ്ങൾ സംസാരിക്കണമെന്നു പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട ശ്രീ. കരുണാകരൻ ഇവിടെ പറഞ്ഞ ഒരംഗം സംസാരിച്ചത് രണ്ടു മണിക്കൂറിൽ കൂടുതലാണ്. ഇതിൽവരുന്ന ഒരു കാര്യം ഒരു നിശ്ചിത സമയത്തിനകം ഏറെക്കുറെ സമയം ക്രമീകരിക്കുന്നു എന്നുള്ളതുകൊണ്ട് ഓരോ കക്ഷിക്കും ഈ പതിനൊന്നു മണിക്കൂർ വച്ചാൽ, കിട്ടുന്ന സമയം എടുക്കാം എന്നുള്ളതാണ് അതിന്റെ ഒരു ധാരണ. അത് കർശനമായിട്ടല്ല; അതേസമയത്ത് അങ്ങേയ്ക്കൊരു ബുദ്ധിമുട്ടുണ്ട്. ഒരംഗം സംസാരിക്കുമ്പോൾ സമയം ക്ലിപ്തപ്പെടുത്താൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും സഭ അംഗീകരിച്ച ഒരു ധാരണ എന്ന നിലയിൽ ഈ നിശ്ചിത സമയത്തിനുള്ളിൽ അവസാനിപ്പിക്കാൻ നാം തന്നെ പരിശ്രമിക്കണം. ഭരണകക്ഷിക്ക് ഈ ബിൽ പാസ്സാക്കുന്നതിൽ എത്രമാത്രം താല്പര്യം ഉണ്ടെന്ന് എനിക്കറിയാം. നിശ്ചിത

LIBRARY ARCHIVES Kerala Legislative Assembly

സമയത്ത് അവനവന്റെ പാർട്ടിക്ക് ന്യായമായി കിട്ടാവുന്ന സമയത്തേക്കാരം കൂടുതൽ സമയം ചില അംഗങ്ങരം എടുത്തിട്ടുണ്ട്. പ്രതിപക്ഷത്തുള്ളവർക്ക് കിട്ടേണ്ട സമയം കിട്ടിയിട്ടില്ല എന്നാണ് എന്റെ തോന്നൽ. ഞാൻ ഏറക്കുറെ നോക്കിയിടത്തോളം പ്രതിപക്ഷത്തിനാണ് ഇത്തരം ഒരു നിയമ നിർമ്മാണത്തിന് കൂടുതൽ സമയം കിട്ടേണ്ടത്. അതുകൊണ്ട് നേരത്തെ ഈ സഭ അംഗീകരിച്ച ഒരു ധാരണ അനുസരിച്ച്—എഴുതിത്തരാൻ ആവശ്യപ്പെട്ടിരുന്നു. അങ്ങനെ എഴുതി തന്നിരുന്നു—എഴുതിത്തന്ന അംഗങ്ങരംക്ക് സമയം പരിമിതപ്പെടുത്തിയെങ്കിലും അവർക്ക് സംസാരിക്കാനുള്ള അവസരം കൊടുക്കുകയും നേരത്തെ ഉണ്ടായിരുന്ന തീരുമാനം അനുസരിച്ച് മുന്നോട്ടുപോകുകയും വേണം.

മി. സ്പീക്കർ: പ്രതിപക്ഷമോ, ഭരണപക്ഷമോ ആര് അധികം സമയം എടുത്തു എന്നുള്ളതുകൊണ്ടല്ല, ഇതുവരെ എടുത്ത ടൈം ഞാൻ അറിയിക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി, ഒരു മണിക്കൂറും 15 മിനിട്ടും, ശ്രീ. ടി. കെ. രാമകൃഷ്ണൻ, ഒരു മണിക്കൂറും 8 മിനിട്ടും, ശ്രീ. ടി. എം. ജേക്കബ് ഒരു മണിക്കൂർ, 2 മിനിട്ട്, ശ്രീ. ഇ. പി. ഗോപാലൻ ഒരു മണിക്കൂർ, 4 മിനിട്ട്, ശ്രീ. ചന്ദ്രശേഖരൻ, ഒരു മണിക്കൂർ, 6 മിനിട്ട്, ശ്രീ. കെ. എം. മാണി 30 മിനിട്ട്, ശ്രീ. പി. ആർ. കുറുപ്പ് 35 മിനിട്ട്, ശ്രീ. പി. സീതിഹാജി 15 മിനിട്ട്, ശ്രീ. പി. എം. അബൂബേക്കർ 25 മിനിട്ട്, ശ്രീ. ആർ. സുന്ദരേശൻ നായർ 6 മിനിട്ട്, ശ്രീ. ബേബിജോൺ ഇന്നലെ 45 മിനിട്ട്, ഇന്ന് 33 മിനിട്ട്, ശ്രീ. പി. എസ്. ശ്രീനിവാസൻ അനാരോഗ്യം കാരണം 40 മിനിട്ട്.

എനിക്ക് പറയാനുള്ള കാര്യങ്ങരം ഇതാണ്. ഏതുവിധത്തിൽ കാര്യങ്ങരം ശരിയായ രീതിയിൽ കൊണ്ടുപോകാൻ എങ്ങനെ നോക്കിയിട്ടും സാധിക്കുന്നില്ല. പിന്നെ വേറെ ഏതെങ്കിലും വിധത്തിൽ സമയം കാണാം എന്നുള്ളതിനോട് പലർക്കും യോജിക്കാൻ സാധിക്കുന്നില്ല എന്നുള്ളതുകൊണ്ട് നിശ്ചയിച്ച സമയത്തിനുള്ളിൽ തീർക്കുകയും വേണം. എങ്ങനെ പിന്നെയിതു സാധിക്കും.. ഇതിനു എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുംകൂടി ഒരു മാർഗ്ഗം ചൂണ്ടിക്കാണിച്ചാൽ തരക്കേടില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, അങ്ങ് ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. ബിസിനസ് അഡ്വൈസറി കമ്മിറ്റി ഒരു തീരുമാനമെടുത്തു. എന്നാൽ അതിനുശേഷവും അനൗപചാരികമായി പല ചർച്ചകരം നമ്മരം നടത്തി. സമയം കുറച്ചുകൂടി വേണ്ടിവരും. പ്രത്യേകിച്ച് പ്രതിപക്ഷ പാർട്ടിയിൽ ഇനി രണ്ടുപേർക്ക് കൂടിയെങ്കിലും സംസാരിക്കാനുള്ള ആവശ്യം ഉണ്ട്. അതിനുംകൂടി എങ്ങനെയെങ്കിലും ഒരു അക്കോമഡേഷൻ ഉണ്ടാകുമെന്ന ധാരണ ഉണ്ടായിരുന്നു. അങ്ങ് അൽപ്പം സമയംകൂടി ഈ ഭാഗത്തിന് കൊടുത്താൽ പ്രശ്നപരിഹാരം ഉണ്ടാകും. അത് അങ്ങേയ്ക്ക് ചെയ്യാവുന്ന കാര്യമാണ്.

മി. സ്പീക്കർ: പത്തോ, പതിനഞ്ചോ, ഇരുപതോ മിനിട്ടൊക്കെ ഞെക്കി ഞെരുക്കാം. പക്ഷെ ഇത് അതിലൊന്നും നിൽക്കുകയില്ലല്ലോ. ബഹുമാനപ്പെട്ട പല അംഗങ്ങളും ഇനിയും സംസാരിക്കാനുണ്ട്.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ഞങ്ങരം ഭേദഗതി തന്നിട്ട് പ്രസംഗിക്കാൻ സമയം കിട്ടാതെ നിൽക്കുന്ന അഭയാർത്ഥികളാണ്. നടപടിക്രമം

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചാൽ ഈ ക്ലോഷർ മോഷൻ എന്നു പറയുന്നത് ഒരു സംഭവമൊന്നുമല്ല. ഒടുവിൽ കുറെ ആളുകൾ പ്രസംഗിക്കും കുറെ ആളുകൾ പ്രസംഗിക്കാതെയുമിരിക്കും. ഇപ്പോൾ ഇത് ഒരു പുതിയ സംഭവമായിട്ട് പ്രതിപക്ഷത്തിരിക്കുന്ന ആളുകൾ പറയുന്നത് അതിശയമാണ്. ഇതിനുമുമ്പ് ഞങ്ങൾ പ്രതിപക്ഷത്തിരുന്ന് ആവലാതിപ്പെട്ടപ്പോൾ അന്ന് പുത്തൻ ന്യായങ്ങളെല്ലാം കണ്ടുപിടിച്ച്, അവർ അതിനെ ന്യായീകരിക്കുന്ന ആളുകൾ ആയിരുന്നു.

ശ്രീ. ഇ. അഹമ്മദ്: ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ പതിനൊന്നു മണിക്കൂർ തികയ്ക്കാൻ വേണ്ടിയിട്ടാണ് 9 മണിക്കു ചേരാനുള്ള യോഗം എട്ടര മണിക്ക് ചേരാൻ തീരുമാനിച്ചത്. ആ പതിനൊന്നു മണിക്കൂറിൽ ഇപ്പോൾ വായിച്ചതിൽനിന്നുതന്നെ, ആററമണിക്കൂർ പ്രതിപക്ഷത്തുള്ളവരും നാലരമണിക്കൂർ ഭരണപക്ഷത്തുള്ളവരുമാണ് സംസാരിച്ചിട്ടുള്ളത്. സർ, ആ നിലയ്ക്കുതന്നെ ഇതിന്റെ ജനറൽ ഡിസ്കഷനിൽ ഞങ്ങളുടെ എല്ലാ പോയിൻസും ഇവിടെ വന്നിട്ടില്ല. ഭരണപക്ഷത്തുള്ളവരെക്കൂടി വിളിക്കണമെന്ന് ഓരോ പാർട്ടി നേതാക്കൾക്കും അംഗങ്ങൾക്കും നിർബന്ധം ഉണ്ടായിരുന്നിട്ടുപോലും ഭരണകക്ഷി, ഇന്ന് പന്ത്രണ്ടര മണിക്കുമുമ്പുതന്നെ പാസ്സാക്കണമെന്ന അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കണമെന്ന ഉദ്ദേശം കൊണ്ടാണ് മിണ്ടാതിരുന്നത്. അതാണ് ബഹുമാനപ്പെട്ട സഭാനേതാവ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സഭാനേതാവുംകൂടി എങ്ങനെയെങ്കിലും ഒരു കോംപ്രമൈസ് ഫോർമുല കണ്ടുപിടിക്കുന്നതിനു വിരോധമില്ല. ഏതായാലും ഇന്നുതന്നെ പാസ്സാക്കണമെന്ന തീരുമാനത്തിൽ സഭ ഉറച്ചുനിൽക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ ചർച്ചകൾ മറ്റു ചില കാര്യങ്ങളിലേക്കുകൂടി കടക്കാൻ ഞങ്ങളെ നിർബന്ധിക്കുകയാണ്. ചോദ്യോത്തര സമയം ഇല്ല, അനൗദ്യോഗിക ദിവസമായിട്ടുള്ള ഇന്ന് ഒരിക്കലും മാറ്റി വയ്ക്കാൻ വയ്യാത്ത അനൗദ്യോഗിക പ്രമേയത്തിനുമേൽ ഉള്ള ചർച്ച ഇല്ല, ഇതിനോടെല്ലാം സഹകരിച്ചു ഈ ബിൽ പാസ്സാക്കാൻവേണ്ടി, അത്യാവശ്യം സംസാരിക്കാനുള്ളവർക്ക് സമയം നൽകാതെ നിന്നുതരണമെന്നു പറഞ്ഞാൽ ഈ രാജ്യത്ത് ജനങ്ങളോട് പ്രതിപക്ഷം ചെയ്യുന്ന വലിയ അനീതിയായിരിക്കും. അതുകൊണ്ട് ആ തർക്കത്തിലേയ്ക്കൊന്നും പോകാതെ കുറച്ചു സമയംകൂടി സംസാരിക്കുന്നതിന് അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ചോദ്യോത്തരസമയം ഈ ബില്ലിനുവേണ്ടിമാത്രം പ്രത്യേകം മാറ്റിവച്ചിട്ടുള്ളതല്ല. ഇതിനുമുമ്പും പലപ്പോഴും സഭ ചുരുങ്ങിയ തീയതി സമ്മേളിക്കേണ്ടിവരുമ്പോൾ ചോദ്യോത്തരം ക്യാൻസൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അത് അംഗങ്ങൾക്ക് നോട്ടീസ് കൊടുക്കാൻ സമയം ഇല്ലാത്തതുകൊണ്ടാണ്. അതുകൊണ്ട് അങ്ങനെയൊരു ദുർവ്യാഖ്യാനം അതിന് നൽകരുത്. അതുമാത്രമല്ല എത്ര സമയംകൂടി അനുവദിക്കണമെന്നും എങ്ങനെ അത് തീരുമാനിക്കാൻ സാധിക്കും എന്നും ഒരു തീരുമാനം എനിക്ക് ലഭിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. അല്ലാതെ ഞാൻ ആ കാര്യത്തിൽ നിസ്സഹായനാണ് എന്ന് അംഗങ്ങളെ അറിയിക്കുകയാണ്.

2/193—2a

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: പന്ത്രണ്ടര മണിവരെ നീട്ടിക്കൊണ്ടു പോയാൽ ഒരു ഗുണമുണ്ട്. ബിൽ ഇന്ന് എന്തായാലും പാസ്സാക്കണം. ഈ സംശയം പന്ത്രണ്ടരമണിവരെ നീട്ടുകയും ചെയ്യാം.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, പതിനൊന്നര മണിവരെ പൊതു ചർച്ചയ്ക്ക് അനുവദിക്കുകയാണെങ്കിൽ ബാക്കിയുള്ള സമയം അടുത്ത തിനുവേണ്ടി എടുക്കാം.

മി. സ്പീക്കർ: ഒന്നര മണിക്കൂർകൊണ്ട് അത് സാധിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: സർ, ഞാൻ പറഞ്ഞത്, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി നേതാവ് മൂന്നു ദിവസമാണ് ആവശ്യപ്പെട്ടതെന്നാണ്. ഈ മൂന്നു ദിവസമെന്നു ശരിക്കു പറഞ്ഞാൽ 15 മണിക്കൂറാണ്. ഇവിടെ ഈ 11 മണിക്കൂർ അനുവദിക്കുകയെന്നു പറഞ്ഞാൽ ചോദ്യോത്തരസമയം കഴിഞ്ഞാൽതന്നെ 12 മണിക്കൂറേ കിട്ടുകയുള്ളു. സാധാരണ നിയമസഭാ നടപടിക്രമം അനുസരിച്ച് ഒരു ദിവസമെന്നു പറഞ്ഞാൽ ചോദ്യോത്തരം അടക്കം 5 മണിക്കൂറാണ്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ബഹുമാനപ്പെട്ട മെമ്പർമാർക്ക് സമ്മതമാണെങ്കിൽ ഉച്ചയ്ക്കുശേഷമിരിക്കാൻ ഞങ്ങൾക്ക് വിരോധമില്ല.

മി. സ്പീക്കർ: 11 മണിവരെ കൊണ്ടുപോയിട്ട് ഒന്നര മണിക്കൂർ കൊണ്ട് ......

ശ്രീ. ടി കെ. രാമകൃഷ്ണൻ: വേറൊരു ദിവസം ഇരിക്കാമെന്നു പറഞ്ഞല്ലോ? തിങ്കളാഴ്ച ഇരിക്കാം. അന്ന് ഇതെല്ലാം എടുക്കുകയും ചെയ്യാം. (ബഹളം)

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, എങ്ങനെയെങ്കിലും ഒരു അക്കോമഡേഷൻ ഇല്ലാതെ ഇതു നടത്തിക്കൊണ്ടുപോകാൻ സാധ്യമല്ല. ഇന്നുതന്നെ ഈ ബില്ല് പാസ്സാക്കണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ഒന്നുകിൽ ഇപ്പോഴും എല്ലാ പാർട്ടികളുടെയും നേതാക്കന്മാർ വളരെനേരം സമയമെടുത്ത് ചർച്ചചെയ്തുകൊണ്ട് ഇവിടെവച്ച് അവസാനിപ്പിച്ച് ഞാൻ മറുപടി പറയാം. എനിക്ക് കുറച്ച് സമയം മതി. അതോടുകൂടി അവസാനിപ്പിക്കണം. അല്ലെങ്കിൽ ഉച്ചയ്ക്കുശേഷം ഇരിക്കാൻ സമ്മതിക്കണം. ഇതു രണ്ടും ഇല്ലാതെ നിർത്തിവയ്ക്കാൻ സാധ്യമല്ല.

മി. സ്പീക്കർ: പ്രതിപക്ഷനേതാവിന് എന്താണ് പറയാനുള്ളത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇവിടെ നിർദ്ദേശിച്ചതു പോലെ ഒരു മണിക്കൂർകൂടി നീട്ടിവയ്ക്കാമെങ്കിൽ അത്യാവശ്യം ചില അംഗങ്ങൾക്കുകൂടെ സംസാരിക്കാൻ കഴിയും.

ശ്രീ കെ. എം. മാണി: സർ, ബാക്കി സമയംകൊണ്ട് രണ്ടാം വായനയും മൂന്നാം വായനയും തീർത്ത് ഉച്ചയ്ക്കിരിക്കാതെ ഉച്ചകൊണ്ട് പാസ്സാക്കണമെങ്കിൽ പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ഒരു മണിക്കൂർ കൊടുത്താൽ സാധ്യമല്ല. ആ നിലയിൽ ആണെങ്കിൽ ഇന്ന് പാസ്സാക്കാൻ സാധ്യമല്ല. (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഓർഡർ........

ശ്രീ. എം. വി. രാഘവൻ: സർ, പ്രതിപക്ഷത്തിൻെറയും ആരുടെയും അഭിപ്രായമൊന്നും കേൾക്കാതെ ബില്ല് പാസ്സാക്കണമെങ്കിൽ അടിയന്തിരാവസ്ഥയിൽ പലതും പാസ്സാക്കിയിട്ടുള്ളതുപോലെ പാസ്സാക്കാം.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഓർഡർ........

ശ്രീ. ഇ. പി. ഗോപാലൻ: ബഹുമാനപ്പെട്ട ശ്രീ. മാണിയുംകൂടെ പറഞ്ഞുകഴിഞ്ഞപ്പോൾ എനിക്ക് നല്ലൊരു വഴി തോന്നി. ആദ്യം ബില്ല് പാസ്സാക്കാം, പിന്നീട് സംസാരിക്കാം. അത് വാസ്തവത്തിൽ നല്ലൊരു വഴിയാണ്. (ബഹളം)

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഒന്നുകിൽ പന്ത്രണ്ടര മണിക്ക് തീരത്തക്കവിധത്തിൽ തീരുമാനിക്കണം, അല്ലെങ്കിൽ ഉച്ചയ്ക്കു ശേഷം ഇരിക്കാമെന്ന് സമ്മതിക്കണം. അങ്ങനെയാണെങ്കിൽ ഒരുമണിക്കൂർ കൂടുതൽ കൊടുക്കുന്നതുകൊണ്ട് വിരോധമില്ല.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇന്ന് ഉച്ചകഴിഞ്ഞ് ഏതായാലും ഇരിക്കാൻ സാധ്യമല്ല. തിങ്കളാഴ്ച ഇരിക്കാം. ഞങ്ങൾ വളരെ പ്രധാനപ്പെട്ട പല പരിപാടികളും നേരത്തെ തീരുമാനിച്ചതുകൊണ്ടാണ് ഉച്ചകഴിഞ്ഞ് ഇരിക്കാൻ സാധ്യമല്ലെന്ന് പറഞ്ഞത്.

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു അദ്ദേഹത്തിന് ഉച്ചകഴിഞ്ഞ് പല പരിപാടികളും ഉണ്ടെന്ന്. അതുകൊണ്ട് നമ്മൾ ഇട്ടിരിക്കുന്ന പരിപാടിയനുസരിച്ച് ഈ പരിപാടി നമുക്കു തീർക്കാം. ബാക്കി പരിപാടി പിന്നീട് ആരംഭിക്കാം.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഭൂപരിഷ്ക്കരണ ഭേദഗതിയെ സംബന്ധിച്ച് കഴിഞ്ഞ മൂന്നു ദിവസമായി അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഇ. എം. എസ്. നമ്പൂതിരിപ്പാട് അദ്ദേഹത്തിൻെറ പ്രസംഗത്തിൽ......

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്ര സമയം വേണമെന്ന് പറയണം. ഇന്ന് പന്ത്രണ്ടര മണിക്ക് പാസ്സാക്കണമെന്നാണോ, അതല്ല ഞങ്ങൾ ഉച്ചക്ക് ഇരിക്കണമെന്നാണോ. രാജ്യത്തെ ജനങ്ങളെ ദ്രോഹിക്കുന്ന നിയമം ഞങ്ങൾ ഓവർ ടൈം ഇരുന്നുകൊണ്ട് പാസ്സാക്കണമെന്നു പറഞ്ഞാൽ അതിനോട് യോജിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല. തിങ്കളാഴ്ച ഇരിക്കാമെന്നു ഞങ്ങൾ പറഞ്ഞു. ഇതാണ് നിലയെങ്കിൽ ഇതിനെല്ലാം കീഴടങ്ങി മനുഷ്യരുടെ ഭൂമി കളയുന്നതിനുവേണ്ടി ഇങ്ങനെ ചെയ്യണമെങ്കിൽ അതിനോട് ഞങ്ങൾക്ക് യോജിക്കാൻ സാധ്യമല്ല. ഗവൺമെൻറിൻെറ നില ഇതാണെങ്കിൽ ഞങ്ങൾക്ക് പ്രതിഷേധിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇവിടെ പറഞ്ഞല്ലോ, ചുരുക്കം ചില ആളുകൾക്കും കൂടി സംസാരിക്കാൻ സമയം കൊടുക്കാമെന്ന്. അങ്ങനെ കൊടുത്തിട്ട് ഭേദഗതിയെപ്പറ്റിയുള്ള സംസാരം അധികസമയം വേണ്ടാത്ത രീതിയിൽ നമുക്ക് അഡ്ജസ്റ്റ് ചെയ്ത് പറയാൻ സാധിക്കും. അങ്ങനെ ഒരേർപ്പാട് ഉണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങനെ ചുരുക്കം ചില ആളുകൾക്കുകൂടി സമയം കൊടുക്കാമെന്നു ഞാൻ പറഞ്ഞില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ പന്ത്രണ്ടരക്കുശേഷമിരുന്ന് പാസ്സാക്കാമെന്ന് പ്രതിപക്ഷത്തുനിന്ന് ഒരു ഉറപ്പുവേണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ആർ. എസ്. ഉണ്ണി: ചട്ടപ്രകാരം പന്ത്രണ്ടരക്ക് സഭ പിരിയണം. പക്ഷെ പല വെള്ളിയാഴ്ചകളിലും സഭയുടെ സെൻസ് എടുത്ത് ഒരു മണിക്കൂറോ, സ്വല്പസമയമോ ഒക്കെ ഇരുന്നിട്ടുണ്ട്. ഈ സമയം അഡ്ജസ്റ്റ് ചെയ്യുന്നതിനുവേണ്ടി സ്വല്പസമയംകൂടി ഇരുന്ന് പ്രതിപക്ഷത്തുനിന്ന് അത്യാവശ്യം സംസാരിക്കാൻ ഉള്ളവർക്കുകൂടി സമയം കൊടുക്കണം. അവർക്ക് ഒരു മണിക്കൂർകൂടെ കൊടുത്തതിനുശേഷം വകുപ്പുകളെ സംബന്ധിച്ചുള്ള ചർച്ചക്ക് സമയം പരിമിതപ്പെടുത്താവുന്നതാണ്. മിക്കവാറും വകുപ്പുകളെ സംബന്ധിച്ചുള്ള ചർച്ചകളൊക്കെ നടന്നുകഴിഞ്ഞു. അത്യാവശ്യം വേണ്ട വകുപ്പുകളുടെ ഭേദഗതിയെ സംബന്ധിച്ചുള്ള വിശദീകരണങ്ങൾക്ക് സമയം കൊടുക്കുകയും കുറച്ചു സമയംകൂടി പൊതുചർച്ചക്ക് അനുവദിക്കുകയും വേണ്ടിവന്നാൽ തുടർന്ന് സഭയുടെ അനുമതിയോടുകൂടി കുറച്ചു സമയംകൂടി ഇരിക്കുകയും ചെയ്താൽ ഇത് വലിയ വിഷമമില്ലാതെ പോകും.

മി. സ്പീക്കർ: ഞാൻ ഒരു സംശയംകൊണ്ട് ചോദിക്കുകയാണ്. അങ്ങനെ ഒരു മണിക്കൂർ തന്നാൽ പന്ത്രണ്ടര മണിക്ക് അവസാനിപ്പിക്കാൻ സാധിച്ചില്ലെങ്കിൽ ഇവിടെ പ്രതിപക്ഷ നേതാവ് ചോദിച്ചമാതിരി ഉച്ചയ്ക്കു ശേഷം ഒന്നോ, രണ്ടോ, മണിക്കൂർ........

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഉച്ചക്കുശേഷം ഇരിക്കാമെന്നു പറഞ്ഞാൽ ഉച്ചയ്ക്ക് പിരിഞ്ഞതിനുശേഷം വീണ്ടും കൂടുന്നു, എന്നാണ്. അതല്ല ഈ സഭതന്നെ ഇന്നലെ കൂടിയതുപോലെ....(ബഹളം)

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഇന്ന് വെള്ളിയാഴ്ച പ്രാർത്ഥന ദിവസമാണ്. പ്രാർത്ഥനസമയം പന്ത്രണ്ടരയോ, പന്ത്രണ്ടേമുക്കാലോ ആണെന്നു തോന്നുന്നു. ഇങ്ങനെ ഒരു മണിക്കൂർ നീട്ടിയാൽ അതിന് പോകാൻ പറ്റില്ല.

ശ്രീ. ആർ. എസ്. ഉണ്ണി: പല വെള്ളിയാഴ്ചകളിലും ഇരുന്നിട്ടുണ്ട്. പന്ത്രണ്ടരക്ക് കൃത്യമായി പിരിയണമെന്നുണ്ടെങ്കിലും സഭയുടെ സെൻസ് എടുത്ത് ഒരു മണിക്ക് അപ്പുറവും പോയിട്ടുണ്ട്.

മി. സ്പീക്കർ: ഒരു മണിക്ക് അപ്പുറം പോയിട്ടില്ല. ഒരു മണി വരെയേ എടുത്തിട്ടുള്ളു.

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു മണിക്ക് ശേഷവും സഭയിൽ ഇരുന്നിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഒരു മണിക്ക് ശേഷമിരുന്നിട്ടില്ല. പന്ത്രണ്ടേമുക്കാലിന് പ്രാർത്ഥന പറയണം. പിന്നെ എങ്ങനെയാണ് ഒരു മണിക്ക് ശേഷം ഇരുന്നിട്ടുള്ളത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: അൽപ്പസമയംകൂടെ പൊതുചർച്ചയ്ക്ക് തീർച്ചയായും ആവശ്യമാണ്. ഒഴിവാക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അങ്ങനെയാണെങ്കിൽ ഉച്ചയ്ക്കുശേഷം ഇരിക്കാൻ പ്രതിപക്ഷനേതാവ് സമ്മതിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഉച്ചയ്ക്കു ശേഷമെന്ന് അങ്ങും തിങ്കളാഴ്ചയെന്ന് ഞങ്ങളും എന്നു പറഞ്ഞതുകൊണ്ട് വല്ല കാര്യവുമുണ്ടോ. ഒരു മണിക്ക് മുൻപ് തീർക്കണം. അതിന് മുൻപ് കുറച്ചു സമയംകൂടി പൊതുചർച്ചയ്ക്ക് അനുവദിക്കണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഏതായാലും ഈ ന്യായത്തോട് ഞങ്ങൾക്ക് എന്തായാലും യോജിക്കാൻ സാധ്യമല്ല. ഞങ്ങൾ വളരെ ജന്യൂവിനായിട്ടുള്ള കാര്യങ്ങളാണ് പറയുന്നത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: വെള്ളിയാഴ്ചക്ക് പ്രാർത്ഥന വേണമെന്നുള്ളതുപോലെതന്നെ ഞങ്ങൾക്ക് ഇന്ന് ഈ പുന്നപ്ര-വയലാർ വാരത്തിന്റെ സമാപനയോഗമാണ്. അതുകൊണ്ട് ഉച്ചയ്ക്കുശേഷം ഞങ്ങൾക്ക് ധാരാളം പ്രോഗ്രാമുണ്ട്. ഞങ്ങൾക്ക് ഇത് ഒഴിവാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഇപ്പോഴുള്ള സമയം അഡ്ജസ്റ്റ് ചെയ്തേ പറ്റുകയുള്ളു. അതിനോട് യോജിച്ചുകൊണ്ട് കുറച്ചു സമയംകൂടി അനുവദിച്ചു തരുന്നതാണ് നല്ലത്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, അങ്ങ് ഇത്തരം കർശനമായ നിലപാടാണ് എടുക്കുന്നതെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. ഈ ക്ലാസ് ബൈ ക്ലാസ് ചർച്ചയിൽ നിയമസഭാചട്ടങ്ങളനുസരിച്ച് ഞങ്ങൾ മനഃപൂർവം പെരുമാറിയാൽ നിശ്ചയിച്ച സമയത്തിനുള്ളിൽ ഇത് പാസ്സാക്കുകയില്ല. പ്രതിപക്ഷത്തിന്റെ ജന്യൂവിനായിട്ടുള്ള ആവശ്യങ്ങൾ നിരാകരിച്ചുകൊണ്ട് ഈ സഭാനടപടികൾ കൊണ്ടുപോകാമെന്നു വിചാരിച്ചാൽ നടക്കുകയില്ല.

(ബഹളം)

അങ്ങേക്ക് ബലം നൽകുന്നത് ചട്ടങ്ങളല്ല. ആ ചട്ടങ്ങൾ (ബഹളം) അതുകൊണ്ട് എനിക്ക് പറയാനുള്ളത് വളരെ അത്യാവശ്യമായി സംസാരിക്കേണ്ട പ്രതിപക്ഷത്തുള്ളവർക്ക് സമയം കൊടുത്ത് നടപടികൾ കൊണ്ടുപോകണമെന്നാണ്. രണ്ടാം വായനയിലും മൂന്നാം വായനയിലും പരമാവധി സഹകരിക്കാൻ ഞങ്ങൾ സന്നദ്ധരാണ്.

മി. സ്പീക്കർ: സമയം നിശ്ചയിക്കേണ്ടത് ഞാനല്ല, സഭാനേതാവാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, അങ്ങനെയാണെങ്കിൽ, സഭാനേതാവ് സമ്മതിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. അങ്ങനെ അല്ലെന്നുണ്ടെങ്കിൽ വേറെയും ബുദ്ധിമുട്ടുവരും. ബിസിനസ് അഡ്വൈസറി കമ്മിറ്റികളിൽ തീരുമാനമെടുക്കുന്നതിനെക്കുറിച്ചും പ്രതിപക്ഷത്തിന് പുനരാലോചിക്കേണ്ടിവരും. ബിസ്സിനസ് അഡ്വൈസറി കമ്മിറ്റികളിൽ ഗവൺമെൻറ് ബിസിനസ് ട്രാൻസാക്ട് ചെയ്യുന്നകാര്യത്തിൽ ഗവൺമെൻറിനെ സഹായിക്കുന്ന നിലപാട് ഞങ്ങൾ എടുക്കുന്നുണ്ട്. സർ, സഭാനേതാവാണ് ഇനി തീരുമാനിക്കേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, സഭയുടെ സെൻസെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനങ്ങൾ അതേപടി ഇവിടെ നടപ്പാക്കിയിട്ടില്ല. അതിൽനിന്നും സഭ വ്യതിചലിച്ചിട്ടുണ്ട്. അപ്പോൾ ഇക്കാര്യത്തിൽ ചെറിയ നീക്കുപോക്കൊക്കെ നടത്തി കൊണ്ടുപോകുന്നത് ആയിരിക്കും നല്ലത്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അര മണിക്കൂർ കൂടിയെടുക്കുന്നത് സമ്മതമാണ്. അതിൽ കൂടുതൽ കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഇപ്പോൾ സമയം പത്ത് മണിയായി. ഇനി അരമണിക്കൂർ കൊണ്ട് എന്തു ചെയ്യാനാണ്.

ശ്രീ. എം. വി. രാഘവൻ: നിങ്ങൾക്ക് മൃഗീയ ഭൂരിപക്ഷമുണ്ട്, അതുവച്ച് നിങ്ങൾ പാസാക്കിയെടുക്കുമെന്നാണെങ്കിൽ അത് കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. നിങ്ങളെ കസേരകളിൽനിന്ന് ഇറക്കി വിട്ടിട്ട് ഈ നിയമത്തിന് ഭേദഗതി കൊണ്ടുവരും.

ശ്രീ. ഈ. അഹമ്മദ്: സർ, ഒരു ഒത്തുതീർപ്പെന്ന നിലയ്ക്കാണ്, പ്രതിപക്ഷ നേതാവ് ഒരു മണിക്കൂർ എന്നു പറഞ്ഞത് അര മണിക്കൂർ ആക്കണമെന്ന് ബഹുമാനപ്പെട്ട സഭാനേതാവ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇത് 12 മണിക്ക് മുമ്പ് തീർക്കുന്നതിനുള്ള സംവിധാനം കൊണ്ടുവരട്ടെ. നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഒരു മണിക്കൂർകൂടി ജനറൽ ഡിസ്കഷന് തരണമെന്നാണ്. ബഹുമാനപ്പെട്ട സഭാനേതാവ് പറഞ്ഞത് അരമണിക്കൂർ കൂടി കൊടുത്ത് തീർക്കാമെന്നാണ്. ആ നിലക്ക് നമുക്ക് ആലോചിച്ച് തീരുമാനിച്ചുകൂടേ? ഏതായാലും ഇത് പാസാക്കണം......

ശ്രീ. പി. കെ. വാസുദേവൻ നായർ: സമയത്തിന്റെ കാര്യത്തിൽ ബാർഗെയിനിംഗ് ഒന്നുമില്ല. ന്യായമായ, റീസണബിളായ ഒരു ചർച്ച നടത്തണമെങ്കിൽ ഇനിയും ഒരു മണിക്കൂർ സമയം വേണമെന്നാണ് പറഞ്ഞത്. ഒരു മണിക്കൂർ എന്നു പറയുമ്പോൾ അരമണിക്കൂർ തരാം, അരമണിക്കൂർ എന്നു പറയുമ്പോൾ 10 മിനിട്ട് തരാമെന്നൊക്കെ പറയുന്നത് എന്തിനാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ പ്രതിപക്ഷത്തുള്ളവർ എന്തോ സൗജന്യം ചോദിക്കുന്നു എന്ന മട്ടിലാണ് അപ്പുറത്തുള്ളവരുടെ വർത്തമാനം. ഈ നിയമം നിങ്ങൾക്ക് പാസാക്കണമെന്ന് നിർബന്ധമുള്ളതുപോലെ അതിനെക്കുറിച്ച് സംസാരിക്കാനുള്ള അവകാശം ഞങ്ങൾക്കുമുണ്ട്. അതല്ലാതെ ഏതാണ്ട് 12½ മണിയുടെ തൂക്കച്ചേരടിന്റെ ഭാഗത്തുകൊണ്ടുവന്ന് നിറുത്തിയിട്ട് ഇപ്പോൾ തൂക്കണമോ പിന്നെ തൂക്കണമോ എന്ന് ചോദിക്കുന്നതുപോലെയായതുകൊണ്ട് . അതിനോട് യോജിക്കാൻ സാദ്ധ്യമല്ല. ഏതാണ്ട് അരമണിക്കൂർ തന്നെ ഇതിന്റെ ചർച്ചയ്ക്കുവേണ്ടി സമയം കളഞ്ഞു. അതുംകൂടി കൊടുത്താൽ മതിയായിരുന്നുവല്ലോ.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അങ്ങനെയാണെങ്കിൽ സഭ ഉച്ചക്കു ശേഷവും ഇരിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇത് പാസാക്കാൻ വേണ്ടി ഉച്ചക്കുശേഷമിരിക്കാൻ ഞങ്ങൾ തയ്യാറില്ല. തിങ്കളാഴ്ച മുഴുവൻ ദിവസവുമിരിക്കാൻ ഞങ്ങൾ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

Sri C. H. Mohammed Koya: My suggestion is that the house may sit in the afternoon also. എന്റെ പ്രസംഗം തുടങ്ങാൻ എന്നെ അനുവദിക്കണം.

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സ്വതന്ത്രമായി പ്രസംഗിക്കട്ടെ. ഞങ്ങൾക്ക് വിരോധമില്ല. പക്ഷേ ഞങ്ങൾക്ക് അതിൽ സഹകരിക്കാൻ ഇപ്പോൾ സാദ്ധ്യമല്ല. അതുമാത്രമേ എനിക്ക് പറയുവാനുള്ളു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അദ്ദേഹത്തിന്റെ പ്രസംഗത്തിന് യാതൊരു തടസ്സവും ഞങ്ങൾ ഉണ്ടാക്കുന്നില്ല. അദ്ദേഹത്തിന്റെ പ്രസംഗം കഴിയുന്നതുവരെ ഞങ്ങൾ ഈ സഭയിലിരിക്കാൻ ഉദ്ദേശിക്കുന്നില്ല, ഞങ്ങൾ വാക്കൌട്ട് നടത്തുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ മുഴുവൻ സഭവിട്ട് പുറത്തേക്കിറങ്ങിപ്പോയി)

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): വിവാദവിഷയമായ ഇത്രയധികം വാഗ്വാദവിഷയമായ ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ഉള്ള വിവാദമദ്ധ്യേ പ്രതിപക്ഷനേതാക്കൻമാരും പ്രതിപക്ഷ അംഗങ്ങളും ഈ സഭയിൽ സന്നിഹിതരാകാതിരുന്നത് വളരെ നിർഭാഗ്യകരമായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ശ്രീമാൻ ബേബി ജോൺ എന്റെ ഭാരം വളരെ ലഘൂകരിച്ചിരിക്കുന്നു, ഇന്നലെ. ഇന്നലെ അദ്ദേഹം പറഞ്ഞ വാദങ്ങൾക്കെല്ലാം ഇന്ന് അദ്ദേഹം തന്നെ മറുപടി പറഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ ഇന്നത്തെ പ്രസംഗം കണക്കിലെടുക്കാതിരിക്കുകയാണ് നല്ലത്. ഇവിടെ സ്വാതന്ത്ര്യത്തിനുമുമ്പും അതിനുശേഷവും കേരളത്തിലെ കർഷകവർഗ്ഗം, കർഷകരെ അനുകൂലിക്കുന്നതിനുവേണ്ടി നടത്തിയ ധീരസമരങ്ങളെ സംബന്ധിച്ച് ശ്രീ. നമ്പൂതിരിപ്പാടും മറ്റ് മെമ്പർമാരും പറയുകയുണ്ടായി. ആ വീരസമരങ്ങളിൽ ഈ സഭയിലെ എല്ലാ ഭാഗങ്ങൾക്കും പങ്കുണ്ട്. 1921-ലെ കാർഷിക വിപ്ലവത്തിൽ ബ്രിട്ടീഷ് ഗവൺമെൻറിന്റെ വെടിയുണ്ടകൾക്ക് നേരെ വിരിമാറ് കാണിച്ച, പൂക്കോട്ടൂരിലേയും, കൊണ്ടോട്ടിയിലേയും മലയോരങ്ങളിലും വയലേലകളിലും ചോര ചിന്തിയ കർഷകരെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. അതുപോലെ എന്റെ സഹപ്രവർത്തകൻമാരായ ഇവരും കർഷകസമരങ്ങളെ പ്രതിനിധീകരിക്കുന്നവരാണ്. ഞാനും എന്റെ പാർട്ടിയും കർഷക തൊഴിലാളികളുടെ ഭാഗത്തു മാത്രമേ എന്നും നിന്നിട്ടുള്ളു. അങ്ങേക്കറിയാം മദിരാശി നിയമ നിർമ്മാണസഭയിൽ കുടിയായ്മ നിയമം വന്നപ്പോൾ യശഃശ്ശരീരനായ എന്റെ നേതാവ് ഉപ്പിസാഹിബും, സീതിസാഹിബും കുടിയാൻമാരുടെ, താൽപ്പര്യ സംരക്ഷണത്തിനുവേണ്ടി അന്ന് എത്രയോ ഭേദഗതി കൊടുത്തിരുന്നു എന്ന്. കുടിയാൻമാർക്ക് അനുകൂലമായ ഒരു നിലപാടാണ് പണ്ഡിതൻ ഉപ്പിസാഹിബ് മദിരാശി നിയമ നിർമ്മാണ സഭയിൽ ബ്രിട്ടീഷ് ഗവൺമെൻറിന്റെ കാലത്ത് എടുത്തിരുന്നത്. അദ്ദേഹത്തെ ബ്രിട്ടീഷുകാരനായ ഒരു മെമ്പർ ഓർമ്മപ്പെടുത്തുകയുണ്ടായി, Mr. Uppi, you are coming from Kottal taravadu. അപ്പോൾ ഉപ്പി സാഹിബ് പറഞ്ഞത് My taravadu is not my constituency. എന്നാണ്. അതുകൊണ്ട് ഈ സമരങ്ങളിൽ ഞങ്ങളാരും പിന്നിലായിരുന്നില്ല. പക്ഷേ ഇവിടെ ഈ സമരങ്ങൾക്ക് എന്താണ് പ്രസക്തി. എല്ലാ നിയമങ്ങളിലുമുള്ള—1969-മുതൽക്ക് വന്ന എല്ലാ നിയമങ്ങളിലുമുള്ള—ഇഷ്ടദാനവ്യവസ്ഥ തുടർന്നു നടത്തണമെന്നു മാത്രമാണ് ഇവിടെ പറഞ്ഞത്. അന്നുതന്നെ ഈ ഇഷ്ടദാന വ്യവസ്ഥ ഈ നിയമനിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ ചർച്ചാവിഷയമായിരുന്നു. ആ കാലഘട്ടങ്ങളിലൊന്നും ഈ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയോ മറ്റ് ഏതെങ്കിലും പുരോഗമന പാർട്ടികളെന്ന് അഭിമാനിക്കുന്നവരാരും അതിനെതിരായി ഒരു കൈവിരൽ പോലും ഈ സഭയിൽ ചൂണ്ടിയതായി സഭയുടെ റിക്കാർഡുകളിൽ കാണുവാൻ കഴിയുകയില്ല. അതിനെതിരായി ക, മ എന്ന് ഒരക്ഷരം ആരും ഉരിയാടിയിട്ടില്ല. ഇവിടത്തെ കർഷകപ്രസ്ഥാനതാൽപര്യങ്ങൾ സംരക്ഷിക്കുന്നത് ഹൈക്കോടതിയാണെന്നാണോ നാം മനസ്സിലാക്കേണ്ടത്. ഈ ഹൈക്കോടതിവിധിയില്ലായിരുന്നുവെങ്കിൽ ഇവർ എങ്ങനെ ഈ കർഷകതാൽപ്പര്യം നടപ്പിലാക്കുമായിരുന്നുവെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കാർഷികതാൽപ്പര്യങ്ങൾക്കെതിരായി യാതൊന്നും ഈ നിയമനിർമ്മാണത്തിലില്ലായെന്നുള്ളതാണ് പരമാർത്ഥം. 1957 മുതൽ എല്ലാ നിയമനിർമ്മാണത്തിലുമുണ്ടായിരുന്ന വ്യവസ്ഥ ഈ ഹൈക്കോടതിയുടെ വിധികൊണ്ട് എടുത്തു കളഞ്ഞത്, പുനഃസ്ഥാപിക്കുകമാത്രമാണ് ചെയ്തത്. അതിന് ഞങ്ങളെല്ലാവരും ഒന്നിച്ച് കൂട്ടുനിന്നവരാണ്. ബഹുമാനപ്പെട്ട ബേബി ജോൺ ഇന്ന് എനിക്ക് ഒരുപാട് ഉപദേശങ്ങൾ തരുകയുണ്ടായി. ബില്ലിനേയും, മുന്നണിയേയും ബന്ധിപ്പിച്ചത് ശരിയായില്ലാ എന്നാണ് എനിക്കു പറയുവാനുള്ളത്. ബഹുമാന്യനായ ശ്രീനിവാസൻ ഒരു കാംപ്രമൈസ് എന്നുള്ള നിലയിലാണ് ഞങ്ങൾ ഇതിനെ അനുകൂലിച്ചത് എന്നുപറഞ്ഞു. ഞങ്ങൾ കമ്മ്യൂണിസ്റ്റുപാർട്ടി ആഫ് ഇൻഡ്യയുമായിട്ടാണ് കൂട്ടുകെട്ട് ഉണ്ടാക്കിയിട്ടുള്ളത്. അല്ലാതെ കാംപ്രമൈസ് പാർട്ടി ആഫ് ഇൻഡ്യയുമായിട്ടല്ല. കമ്മ്യൂണിസ്റ്റുപാർട്ടി ഇനിയും അവരുമായി കൂട്ടുചേരണമെന്ന് ക്ഷണിച്ചാൽ, അവർ ഇനിയും കാംപ്രമൈസ് ഉണ്ടാക്കിയാൽ ഞങ്ങൾ എന്തുചെയ്യും? വാസ്തവത്തിൽ ഇങ്ങനെയൊരു ബില്ല് പാസാക്കുന്ന ഘട്ടത്തിൽ അവർക്ക് എന്ത് പ്രകോപനമുണ്ടായി പുറത്തുപോകാൻ? ഈ ബില്ല് ഒഴിവാക്കി വന്നാലല്ലാതെ നിങ്ങളുമായി കൂട്ടുകെട്ടില്ല, അസംബ്ലി പിരിച്ചുവിട്ടില്ലെങ്കിൽ നിങ്ങളുമായി കൂട്ടുകെട്ടില്ല എന്നൊക്കെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അവരോട് പറഞ്ഞപ്പോൾ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി കൂട്ടുകെട്ടുണ്ടാക്കുന്നതായിരുന്നു അവർക്ക് പ്രധാനം. ഞങ്ങൾക്ക് രാഷ്ട്രീയ സത്യസന്ധത കൂടുതൽ പ്രധാനമായിരുന്നു. രാഷ്ട്രീയ സത്യസന്ധതയില്ലാത്തവരുമായി എങ്ങനെ ചേരണമെന്ന് ആലോചിച്ചു മാത്രമേ പറയുവാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അവരുടെ രാഷ്ട്രീയവശങ്ങളെ സംബന്ധിച്ച് എനിക്കൊന്നും പറയുവാനില്ല. ഇവിടെ സെക്ഷൻ 84-ലെ 2-ാം ഉപവകുപ്പ് 1969-ൽ ചേർത്തപ്പോൾ അത് ഇഷ്ടദാനമല്ലായെന്ന് ബഹുമാനപ്പെട്ട മെമ്പർമാർ ആ ഭാഗത്തുനിന്ന് പറഞ്ഞു. അത് കമ്പനിയെ സംബന്ധിച്ചാണ്. സ്നേഹവാത്സല്യത്തിന്റെ പ്രശ്നം കമ്പനികൾക്ക് ഉൽഭവിക്കുന്നില്ലായെന്നുള്ളതാണ് പരമാർത്ഥം. 1972-ലെ 17-ാം ആക്റ്റ് മുഖേനയാണ് ഇത് പരിമിതപ്പെടുത്തിയിരുന്നത്. 16-8-1968 മുതൽ മക്കൾക്കും മക്കളുടെ മക്കൾക്കും ആയി പരിമിതപ്പെടുത്തി. 1-1-1970-ന് ശേഷം മിച്ചഭൂമിക്ക് പുറത്ത് ആരും ഹോൾഡ് ചെയ്യാൻ പാടില്ലാ എന്നൊരു വ്യവസ്ഥ ഉണ്ട് എന്നാണ് ഇവിടെ 83-ൽ പറയുന്നത് എന്നാണ് വലിയകാര്യമായി വാദിച്ചത്. എന്നാൽ 85 അനുസരിച്ച് താലൂക്ക് ലാൻറ് ബോർഡ് നിശ്ചയിക്കുന്നതുവരെ വസ്തു 84-ൽ, ഇന്നദിവസംവരെ കൈമാറ്റം പാടില്ലായെന്നും ഉടമസ്ഥന്റെ കയ്യിലാണ് എന്നും പറയുന്നുണ്ട്. ഇതനുസരിച്ച് കേരളത്തിലെ ഗവൺമെൻറ് ലാൻഡ് ബോർഡുകൾക്ക് സർക്കുലർ ഇഷ്യൂ ചെയ്തിട്ടുണ്ട്. അന്നൊക്കെ ഇവരുടെ—അപ്പുറത്തുനിന്ന് ഇറങ്ങിപ്പോയവരുടെ—കർഷകപ്രേമം എവിടെയായിരുന്നു. സിംഗിൾ ബഞ്ചിന്റെ വിധി ഇഷ്ടദാനത്തിന് അനുകൂല

LIBRARY ARCHIVES Kerala Legislative Assembly

മായിരുന്നു എന്നുള്ളതാണ് സ്ഥിതി. അത് 1970 വരെ ഉള്ളുവെങ്കിൽ 1972-ൽ ഇതെങ്ങനെ അമൻറ് ചെയ്തു. അന്ന് ആരും എതിർത്തില്ലല്ലോ. അതുകൊണ്ട് ഇത് വ്യക്തമാക്കുന്നത് പുതിയ രാഷ്ട്രീയ പ്രശ്നമെന്നുള്ള നിലയിൽ സി. പി. ഐ. യെ വെട്ടിൽവീഴ്ത്താൻവേണ്ടി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി കണ്ടുപിടിച്ച ഒരു വിദ്യയായിരുന്നു ഇതെന്നാണ്. സി. പി. ഐ. വെട്ടിൽവീഴുകയും ചെയ്തു. വാല് മുറിഞ്ഞ കുറുക്കൻ മറ്റുള്ളവരുടേയും വാല് മുറിക്കാൻ ആഗ്രഹിക്കുമെന്നു പറഞ്ഞതുപോലെ അവർ ആഗ്രഹിക്കുന്നു എന്നല്ലാതെ വേറെ എന്താണ് സർ ഞാൻ ഇതേപ്പറ്റി പറയേണ്ടത്. ശ്രീ. ഈ. പി. ഗോപാലൻ പറഞ്ഞു, ഇത് 9-ാം ഷെഡ്യൂളിൽ പെടുത്തിയതുകൊണ്ട് ഇതിന് ഭേദഗതി ഒന്നുമില്ലെന്ന്; ഭരണഘടനാപരമായ ഉപദേശങ്ങൾ എനിക്ക് ലാ ഡിപ്പാർട്ട്മെൻറാണ് തരുന്നത്. ശ്രീ. ഈ. പി. ഗോപാലൻെറ ഭരണഘടനാവൈദഗ്ധ്യം ആശ്രയിക്കേണ്ട പാപ്പരത്തം എനിക്ക് വന്നിട്ടില്ല. ഭരണഘടന 31-എ വകുപ്പിൻെറ സംരക്ഷണം ഇതിന് കിട്ടുന്നതാണ്. കോടതി ദുർബലപ്പെടുത്തുകയില്ല. 9-ാം ഷെഡ്യൂളിൽപ്പെടുന്നത് ബില്ലല്ല, ആക്റ്റാണ്. ഇത് ഇനിയും 9-ാം ഷെഡ്യൂളിൽപ്പെടുത്തികൂടായ്കയില്ല. അഥവാ പെടുത്തിയില്ലെങ്കിൽ 31-എ വകുപ്പിൻെറ ആനുകൂല്യം ഇതിന് ലഭിക്കുന്നതാണ്. ശ്രീ. ടി. കെ. രാമകൃഷ്ണൻ 5-ാം ഖണ്ഡത്തിൻെറ കാര്യം പറഞ്ഞു. പുതിയ യാതൊരു ബാദ്ധ്യതയും ഈ ബില്ലുകൊണ്ട് കുടിയാൻമാർക്ക് ഉണ്ടാകുന്നില്ല. കൊടുക്കാനുള്ള പാട്ടബാക്കി കൊടുക്കണമെന്നാണാഗ്രഹമെങ്കിൽ കോടതിയിൽ പോകാതെ ഈടാക്കാനുള്ള ഒരു സംവിധാനം മാത്രമാണ് ഇതിനകത്തുള്ളത്. അതുകൊണ്ട് കോടതി ചിലവ് കുറയും. 73-ാം വകുപ്പനുസരിച്ചുള്ള പാട്ടകുടിശ്ശിക പിരിക്കുന്നത് ഇതുപോലെയാണ്. 73 വകുപ്പുപ്രകാരം, റവന്യൂറിക്കവറി പ്രകാരം ഇപ്പോഴുംതന്നെ പാട്ടകുടിശ്ശിക പിരിക്കാൻ അധികാരമുണ്ട്. അത് മറ്റേ വകുപ്പിനുകൂടി ബാധകമാക്കി എന്നുള്ളതല്ലാതെ മറ്റ് യാതൊരു ദ്രോഹവും കുടിയാൻമാർക്ക് ചെയ്തിട്ടില്ല. ഐക്യരൂപത്തിനുവേണ്ടി 24-അനുസരിച്ച് ഇങ്ങനെ ചെയ്തുവെന്നേയുള്ളു. അതിനെ സംബന്ധിച്ചുള്ള ആരോപണങ്ങൾ ഞാൻ നിഷേധിക്കുകയാണ്.

പിന്നെ 6-സിയെ സംബന്ധിച്ചുള്ള ആരോപണമാണ് എൻെറ സ്നേഹിതൻ ശ്രീ. ബേബി ജോൺ തന്നെ അത് നിഷേധിച്ചിട്ടുണ്ട്. സി. എച്ച്. മുഹമ്മദ് കോയയോടുള്ള വിരോധം കൊണ്ടുമാത്രം ഉടലെടുത്ത ഒരു പാർട്ടിയുടെ നേതാവ് ഈ ഭേദഗതി എനിക്കും എൻെറ കുടുംബത്തിനും ചില ആനുകൂല്യങ്ങൾ കിട്ടാനുള്ളതാണെന്ന് പറഞ്ഞു. അങ്ങനെ എൻെറ കുടുംബത്തിന് ആനുകൂല്യം കിട്ടുമെന്നാണെങ്കിൽ അത് കിട്ടാൻ പാടില്ലാത്തവിധത്തിൽ, സി. എച്ച്. മുഹമ്മദ്കോയക്ക് ഇത് ബാധകമല്ലായെന്നൊരു ഭേദഗതിവരുത്തി ഇവർ ഈ ബില്ല് പാസാക്കുമോ? ഇത് കൊണ്ട് ഗുണം കിട്ടുന്ന ആയിരക്കണക്കിന് കുടിയാൻമാരുണ്ടെന്ന് ഇന്നലെ ശ്രീ. ബേബി ജോൺ വായിച്ച ടാസ്ക്കു ഫോഴ്സിൽ പറയുന്നുണ്ട്. ആയിരക്കണക്കിന് ആളുകൾക്ക് ഗുണംകിട്ടുന്ന സംഗതി എനിക്ക് ഗുണം കിട്ടാനുള്ളതാണെന്ന് പറയുന്നത് വാസ്തവത്തിൽ കാരക്റ്റർ അസാസിനേഷനാണ്. കാരക്റ്റർ അസാസിനേഷൻകൊണ്ട് ജീവിക്കുന്ന ഒരു പാർട്ടിക്ക് അത് അഭികാമ്യമാണെങ്കിലും ഒരുതരത്തിലും ഇത് അഭിലഷണീയമല്ല. അങ്ങനെയുള്ള യാതൊരു ദുരുദ്ദേശവുമില്ല എന്നുമാത്രമല്ല, എനിക്ക് ഒരു സംഗതികൂടി ഈ സഭയെ അറിയിക്കുവാനുള്ളത്, ഞാൻ കൊണ്ടുവന്ന ബദൽ അമൻറ്മെൻറ് ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അത് ശ്രീ. ബേബി ജോൺ കൊണ്ടുവന്ന ബില്ലിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ തന്നെ പാസാക്കിയെടുക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. സമയം വളരെ കുറവായതുകൊണ്ട് വളരെ ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. ഈ ബില്ല് പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരിച്ചെത്തി)

10 a.m.] The amendment moved by Sri N. I. Devassykutty was, by leave, withdrawn.

The amendment moved by Sri T. K. Ramakrishnan was put and lost.

The question that the Kerala Land Reforms (Amendment) Bill, 1979, be taken into consideration was put and carried.

The Bill was taken into consideration.

Clause 2

The question that Clause 2 stands part of the Bill was put and carried.

Clause 2 was added to the Bill.

Clause 3

Chief Minister **(Sri C. H. Mohammed Koya):** I am not moving my Amendment No. 124.

Mr. Speaker: Amendment by Sri M. K. Krishnan is not in order, since it is for the deletion of the whole clause.

Sri M. K. Krishnan: But I want to speak.

(Sri T. M. Jacob in the chair)

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ ഈ ക്ലാസിനെ എതിർക്കുന്നു. ഈ ക്ലാസ് നമ്മുടെ ഈ സംസ്ഥാനത്തെ ഈ നിയമത്തിന്റെ പ്രധാന ഉദ്ദേശത്തെ ടോർപ്പിഡോ ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതി വകുപ്പാണ്. ഈ ഭേദഗതി വകുപ്പിന് മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതി പിൻവലിച്ചു. ആ ഭേദഗതി എന്റെ മാന്യസ്നേഹിതൻ പിൻവലിച്ച സ്ഥിതിയിൽ ഇപ്പോൾ ശ്രീ. ടി. എം. ജേക്കബ് എന്തുപറയുമെന്ന് എനിക്ക് അറിയുകയില്ല. അദ്ദേഹം നേരത്തേ പറഞ്ഞത്, ഈ ക്ലാസ് 3-ന് ശ്രീമാൻ സി. എച്ച്. മുഹമ്മദ്കോയ കൊണ്ടുവന്ന ഭേദഗതി വളരെ പുരോഗമനപരമായ ഒന്നാണെന്നാണ്. വാസ്തവത്തിൽ മിച്ചഭൂമി കൈവശക്കാരായ ആളുകൾ നടത്തിയിട്ടുള്ള കൈമാറ്റങ്ങൾക്ക് നിരോധനം ഉണ്ടായിരിക്കുമെന്നാണ് ശ്രീ. ജേക്കബ് അവകാശപ്പെട്ടത്. അത് പിൻവലിച്ചു. അത് പിൻവലിച്ചപ്പോൾ ഇത് നിലനിൽക്കുമായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന അപകടത്തെക്കുറിച്ച് ഞാൻ പിന്നീട് പറയാം. ഒരു കുടുംബത്തിലെ അംഗങ്ങൾ ആരെങ്കിലുമോ അതല്ലെങ്കിൽ പ്രായപൂർത്തിവന്ന ഒരാളോ നടത്തിയിട്ടുള്ള, മിച്ചഭൂമി കയ്യേറ്റക്കാരായ ഇത്തരം ആളുകൾ 1964 ഏപ്രിൽ ഒന്നാം തീയതിക്കുശേഷം നടത്തിയിട്ടുള്ള കൈമാറ്റങ്ങൾ അസാധുവാകുമെന്നാണ്, ഇല്ലാതാകുമെന്നാണ് പറയുന്നത്. സർ, ഈ ഭേദഗതി പിൻവലിച്ചതോടുകൂടി മിച്ചഭൂമി കൈവശക്കാരനായ ഒരു കുടുംബം മിച്ചഭൂമി കൈമാറ്റം നടത്തിയാൽ, അതുപോലെ മിച്ചഭൂമിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുടുംബത്തിലെ ഒരംഗം നടത്തിയാൽ, മിച്ചഭൂമി കൈവശക്കാരനായ പ്രായപൂർത്തിവന്ന ഒരാൾ നടത്തിയാൽ, അതുപോലെ കമ്പനികളോ മറ്റു ഏതെങ്കിലും സ്ഥാപനങ്ങളോ നടത്തിയാൽ ആ കൈമാറ്റങ്ങൾക്കെല്ലാം അംഗീകാരം നൽകുന്നതാണ് ഈ നിയമഭേദഗതി. 1964 ഏപ്രിൽ ഒന്നാം തീയതിയാണ് യശഃശരീരനായ ശ്രീമാൻ പി. റ്റി. ചാക്കോയുടെ നിയമം നിലവിൽ വന്നത്. ആ നിയമം നിലവിൽ വന്നതിനുശേഷം യാതൊരു കുടിയായ്മയും ഉണ്ടാകാൻ പാടില്ല. പക്ഷേ അതിൽ ഒരു പ്രൊവൈസോ ഉണ്ടായിരുന്നു. അതിൽ പ്രായപൂർത്തിയായിട്ടില്ലാത്ത ആളുകൾ, അതുപോലെതന്നെ വിവാഹം വേർപെടുത്തിയിട്ടുള്ള സ്ത്രീകൾ, വിധവകൾ പട്ടാളത്തിൽ സേവനം അനുഷ്ഠിക്കുന്ന ആളുകൾ, കപ്പലിൽ പണിയെടുക്കുന്ന ആളുകൾ, അതുപോലെതന്നെ ഭൂമിയിൽ അദ്ധ്വാനിക്കാൻ കഴിയാത്ത തരത്തിൽ അംഗവൈകല്യംവന്ന ആളുകൾ ഈ ആളുകൾ മൂലനിയമം നിലവിൽവന്ന 1964 ഏപ്രിൽ ഒന്നാം തീയതിക്കുശേഷം ഉണ്ടാക്കുന്ന കൈമാറ്റങ്ങൾ, എന്നിവയൊഴിച്ച് മറ്റുയാതൊരു കൈമാറ്റങ്ങൾക്കും കുടിയായ്മ പാടില്ലെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1969-ൽ ഈ നിയമസഭ പാസാക്കിയതും 1970 ജനുവരി ഒന്നാം തീയതി നിലവിൽവന്നതുമായ നിയമപ്രകാരം ഈ പ്രൊവൈസോ എടുത്തുകളഞ്ഞു. അത് കുറേക്കൂടി ശക്തമാക്കി. പ്രായപൂർത്തിയായിട്ടില്ലാത്ത ആളായാലും, വിധവയായാലും, വിവാഹമോചനം സിദ്ധിച്ച സ്ത്രീയായാലും, പട്ടാളത്തിൽ ജോലിചെയ്യുന്ന ആളായാലും, കപ്പൽ പണിക്കാരനായാലും, അംഗവൈകല്യം വന്ന ആളായാലും അവർ ഉണ്ടാക്കുന്ന കുടിയായ്മപോലും നിലനിൽക്കുകയില്ലെന്നാണ് 1969-ലെ ഭേദഗതി മൂലം വ്യവസ്ഥചെയ്തത്. സർ, 1970-ൽ നിലവിൽവന്ന നിയമപ്രകാരം ഈ പ്രൊവൈസോ എടുത്തുകളഞ്ഞത് 1964 ഏപ്രിൽ ഒന്നാം തീയതിക്കുശേഷം യാതൊരു കുടിയായ്മയും പുതുതായി ഉണ്ടാക്കരുതെന്നുള്ള അടിസ്ഥാനത്തിലാണ്. എന്തുകൊണ്ടാണ് ശ്രീമാൻ പി. ടി. ചാക്കോ 1964-ലെ നിയമത്തിൽ ഇത്തരം 74-ാം വകുപ്പ് കൊണ്ടുവന്നത്. 1957-ലെ നിയമമായാലും 61-ൽ ശ്രീ. ചന്ദ്രശേഖരൻ കൊണ്ടുവന്നു പാസ്സാക്കിയ നിയമമായാലും, 63-ലെ നിയമമായാലും 69-ൽ പാസ്സാക്കി 70-ൽ നടപ്പിലാക്കിയ നിയമമായാലും, ഈ നിയമങ്ങളിലൊക്കെത്തന്നെ ഭൂമിയുടെ പരിധി നിർണ്ണയിച്ചിരുന്നു. ഈ ഘട്ടങ്ങളിലൊക്കെത്തന്നെ പരിധിക്ക് വ്യത്യാസമുണ്ട്. 57-ലെ പരിധിയല്ല 63-ൽ പരിധിയായി നിശ്ചയിച്ചത്. 57-ലെയും 61-ലെയും നിയമനിർമ്മാണങ്ങളുടെ പരിധി അൽപ്പം കൂടുതലായിരുന്നു. അതിലും കുറച്ചു പി. ടി. ചാക്കോയുടെ നിയമത്തിൽ 64-ൽ. 69-ലെ നിയമത്തിൽ അതിന്റെ പരിധി ലേശംകൂടി കുറച്ചു. ഇങ്ങനെയാണ് ഇപ്പോഴത്തെ നിയമപ്രകാരമുള്ള പരിധിയായത്. 57-മുതൽ കുടിയാനെന്ന നിലയിലോ ഉടമസ്ഥനെന്ന നിലയിലോ അതുപോലെ കമ്പനിയെന്ന നിലയിലോ ട്രസ്റ്റ് എന്ന നിലയിലോ കുടുംബമെന്ന നിലയിലോ കുടുംബാംഗങ്ങൾ എന്ന നിലയിലോ ഏതായാലും പ്രായപൂർത്തിവന്ന ആളുകൾക്ക് അവരുടെ കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധിക്ക് വ്യവസ്ഥയുണ്ടായിരുന്നു. ഇങ്ങനെ പരിധി നിർണ്ണയിക്കുന്ന ഒരു നിയമം പ്രാബല്യത്തിൽ വരുമ്പോൾ ആ പരിധിയെ മറികടക്കുന്നതിനുവേണ്ടി പുത്തനായ കുടിയായ്മ ഉണ്ടാക്കരുത്, കള്ളക്കൈമാറ്റങ്ങൾ അരുത് എന്നാണ് ചാക്കോയുടെ നിയമത്തിലെ 74-ാം വകുപ്പിന്റെ അർത്ഥവും, സാരവും, വ്യാപ്തിയും. നമ്മുടെ കേരള കോൺഗ്രസ്സ് സ്നേഹിതൻമാർ രണ്ടുകൂട്ടർ ഇവിടെയുണ്ട്. രണ്ടുകൂട്ടരും ശ്രീമാൻ പി. ടി. ചാക്കോയുടെ ആദർശത്തിൽ വിശ്വസിക്കുന്ന സ്നേഹിതൻമാരാണ്. അദ്ദേഹത്തിന്റെ ആദർശമാണ് രണ്ടുകൂട്ടരും ഉയർത്തിപ്പിടിക്കുന്നത്. അവരോട് ഞാനൊന്നു ചോദിക്കട്ടെ; ശ്രീമാൻ പി. ടി. ചാക്കോ 1964-ൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നു പാസ്സാക്കി നിയമമാക്കിയ പി. ടി. ചാക്കോയുടെ നിയമത്തിലെ 74-ാം വകുപ്പിൽനിന്ന് പിന്നോക്കം പോകണമെന്നാണോ നിങ്ങൾ പറയുന്നത്. ആ വകുപ്പിൽനിന്ന് പിന്നോക്കം പോകണമെന്നാണ് ഈ ഭേദഗതിമൂലം വ്യവസ്ഥചെയ്യുന്നത്. ഈ പരിധി വ്യവസ്ഥയെ മറികടക്കാതിരിക്കുന്നതിനുവേണ്ടിയുള്ള വളരെ സുപ്രധാനമായ വകുപ്പാണ് 74-ാം വകുപ്പ്. 64-ൽ വന്ന് 69-ൽ നിലനിറുത്തിയ ആ വകുപ്പിലുണ്ടായിരുന്ന പ്രൊവൈസോ, മൈനറുടെ പേരിലോ, വിവാഹമോചനം സിദ്ധിച്ച സ്ത്രീകളുടെ പേരിലോ, വിധവകളുടെ പേരിലോ, കപ്പൽപ്പണിക്കാരും പട്ടാളക്കാരുമായ ആളുകളുടെ പേരിലോ, അംഗവൈകല്യം വന്ന ആളുകളുടെ പേരിലോ ഇല്ലാത്ത കൈമാറ്റങ്ങൾ ഉണ്ടാക്കി ഭൂമി നഷ്ടപ്പെടുത്തരുതെന്നുള്ള ഉദ്ദേശത്തോടുകൂടിയുള്ളതായിരുന്നു. ആ പ്രൊവൈസൊയോട് യോജിച്ച ആളുകളാണ് അപ്പുറത്തുള്ളത്. ഇങ്ങനെ ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഉണ്ടാക്കുന്ന കുടിയായ്മകൾ അസാധുവായിരിക്കും, നിലനിൽക്കുകയില്ല. അതാണ് ഈ നിയമം വ്യവസ്ഥ ചെയ്യുന്നത് 74-ാം വകുപ്പിൽ. ആ 74-ാം വകുപ്പിന് ഭേദഗതി കൊണ്ടുവരാൻ ധൈര്യപ്പെട്ടിട്ടില്ല. അതാണ് ഇതിൽ കാണിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട കള്ളക്കളി. 74-ാം വകുപ്പ് യാതൊരു കുടിയായ്മയും സൃഷ്ടിക്കാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്യുന്ന 74-ാം വകുപ്പിന് ഭേദഗതി കൊണ്ടുവരാതെ 6-ാം വകുപ്പിന് ഒരു ഭേദഗതിയും കൊണ്ടുവന്നിരിക്കുന്നു. ഈ ഭേദഗതി ആരുകൊണ്ടുവന്നാലും ഞങ്ങൾ എതിരാണ്. ശ്രീ. സി. എച്ച്. മുഹമ്മദ്കോയ കൊണ്ടുവന്നാലും ഞങ്ങൾ എതിരാണ്. ശ്രീ. പി. ടി. ചാക്കോ നിയമം പാസ്സാക്കുന്ന കാലത്ത് ഉദ്ദേശിച്ചതിന് എതിരാണ് ഇത്. അതിനേക്കാൾ പുരോഗമനം വന്നു എന്നല്ലേ എല്ലാവരുടെയും അഭിപ്രായം. അന്ന് ശ്രീ. പി. ടി. ചാക്കോ കോൺഗ്രസ്സുകാരനായിരുന്നു. അതിനേക്കാൾ പുരോഗമനക്കാരായ കോൺഗ്രസ്സുകാരാണ് ഇപ്പോൾ അപ്പുറത്തുള്ളത്. ശ്രീ. ആന്റണിക്കാണോ, കരുണാകരനാണോ കൂടുതൽ പുരോഗമനം എന്നുള്ളതിലാണ് ഇപ്പോൾ തർക്കം. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇങ്ങനെ അന്ന് ഇന്നിപ്പോൾ രണ്ടുകൂട്ടർക്കും പങ്കുള്ള ഗവൺമെന്റു കൊണ്ടുവന്ന ഭേദഗതിയുടെ ഉദ്ദേശം വളരെ വ്യക്തമാണ്. ഇതൊരു വലിയ കള്ളക്കളിയാണ്. സത്യസന്ധമായി 74-ാം വകുപ്പിന് ഭേദഗതി കൊണ്ടുവരാമായിരുന്നു. നിങ്ങൾ ആരെ പറ്റിക്കാനാണ് ശ്രമിക്കുന്നത്. ഞാൻ ചോദിക്കട്ടെ ശ്രീ. ടി. എം. ജേക്കബ് നിയമവിദ്യാർത്ഥിയാണ്, നിയമജ്ഞനാണ്. ഞാൻ നിയമം പഠിച്ചിട്ടില്ല. എനിക്ക് നിയമം എന്തെന്ന് അറിയുകയുമില്ല. പക്ഷേ നമ്മുടെ രാജ്യത്തെ സാധാരണ ജനങ്ങളെ പറ്റിക്കുന്നതിനുവേണ്ടി നിയമത്തിനകത്ത് കുറേ വകുപ്പുകൾ കുത്തിച്ചെലുത്തുമ്പോൾ സാമാന്യബുദ്ധികൊണ്ട് അത് എവിടേക്കാണ് നീങ്ങുന്നതെന്ന് മനസ്സിലാക്കാനുള്ള സാമാന്യബുദ്ധിയുണ്ട്. 74-ാം വകുപ്പിന് ഭേദഗതി കൊണ്ടുവന്നില്ല. 6-ാം വകുപ്പിന് ഒരു ഭേദഗതി, 6(സി) കൊണ്ടുവന്നു. എന്താണ് ഡീംഡ് ടെനൻസ്? ആ ഡീംഡ് ടെനൻസ് എന്നു പറയുന്നതിന് ഒരു ഭേദഗതി. ഡീംഡ് ടെനൻസ് ചാക്കോയുടെ നിയമത്തിൽ വന്നു. അതിന് ചില ഭേദഗതികൾ ശ്രീമതി ഗൗരിയമ്മയുടെ കാലത്ത് കൊണ്ടുവന്നു. സർ, ആ വകുപ്പിൽ ചിലവിഭാഗം കൃഷിക്കാർക്ക്, കുടിയാൻമാർക്ക് ഈ നിയമം പ്രാബല്യത്തിൽ വരുമ്പോൾ ചില അവകാശങ്ങൾക്ക് വ്യവസ്ഥയുണ്ട്. അവർ ആരെല്ലാമാണ്? അതിനുപുറമെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കാർഷിക നിയമം, മലയാളവർഷം 1111-ാമാണ്ടിലെ വെറുംപാട്ടക്കുടിയാൻ നിയമം, 1930-ലെ മലബാർ കുടിയായ്മ നിയമം ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

ഒട്ടേറെ നിയമങ്ങൾ ഉണ്ട്. ഞാൻ ആ നിയമങ്ങളുടെ എല്ലാ വശങ്ങളിലേയ്ക്കും കടക്കുന്നില്ല. ആ വകുപ്പുകൾ ഞാൻ നോക്കിയപ്പോൾ കുടിയാന്നു സംരക്ഷണം നൽകുന്ന 6-ാംവകുപ്പിൽ ഇതു ഞാൻ കണ്ടില്ല. മുൻപ് നമ്മുടെ സംസ്ഥാനത്ത് പണ്ടത്തെ കൊച്ചി, തിരുവിതാംകൂർ, 1949 ആകുമ്പോൾ തിരു-കൊച്ചി, 1956 ആയപ്പോൾ കേരളം അങ്ങനെ വിവിധ പ്രദേശങ്ങളിൽ വിവിധങ്ങളായ കാർഷികനിയമങ്ങളുണ്ടായിരുന്നു. ആ നിയമങ്ങളിലെല്ലാംതന്നെ വ്യവസ്ഥചെയ്യുന്നപ്രകാരം കൃഷിക്കാർക്ക് സംരക്ഷണമുണ്ട്. അതിലൊന്നും 74-ാംവകുപ്പിന്റെ പരാമർശനം ഇല്ല. ഒരു സ്ഥലത്തുമില്ല. 6-ൽ ആയാലും 6-എ യിൽ ആയാലും 6-ബിയിൽ ആയാലും യാതൊരു പരാമർശവുമില്ലാതെ 74-ാംവകുപ്പിനെ ഉറപ്പിച്ചുനിർത്തി. എന്തിനാണ്? ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞതുപോലെ നല്ല സർപ്പംപോലെ ഉണ്ടാക്കി. നമ്മുടെ സംസ്ഥാനത്ത് കള്ളക്കൈമാററങ്ങൾ നടത്തി, കുടിയായ്മ അനധികൃതമായി ഉണ്ടാക്കി കള്ളപ്രമാണങ്ങൾ ഉണ്ടാക്കി മിച്ചഭൂമി തിരുമറി ചെയ്യാതിരിക്കുവാൻവേണ്ടിയുള്ള ഏററവും പ്രധാനപെട്ട വകുപ്പാണ് 74-ൽ എന്നുള്ളതുകൊണ്ടാണ് അതു സർപ്പംപോലെയുള്ള വകുപ്പ് എന്ന് ശ്രീ. ഇ. പി. പറഞ്ഞിട്ടുള്ളത്. ആ വകുപ്പിന് ഇപ്പോൾ 6 (സി) എന്ന ഒരു ഭേദഗതി. ഭേദഗതി എന്താണ്? സർ, ഈ ഭേദഗതിമൂലം 1969 ഏപ്രിൽമാസം 1-ാം തീയതിക്കുശേഷം ചില കുടിയായ്മകൾ സൃഷ്ടിക്കുകയെന്നുള്ളതാണ്. ആദ്യമായി ഇതിൽ പറഞ്ഞിരിക്കുന്നത് ഡീഡ് എക്സിക്യൂട്ടഡ് എന്നാണ്. എക്സിക്യൂട്ട് ചെയ്യപ്പെട്ട ഡീഡുപ്രകാരമുള്ള കൈമാററങ്ങൾ അംഗീകരിക്കുക. അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. അന്നു എക്സിക്യൂട്ടഡ് എന്നു പറഞ്ഞു. 'എക്സിക്യൂട്ടഡ് ബൈ എനി പേഴ്സൻ' എന്നാണ്. 'എനി പേഴ്സൺ' എന്നു പറഞ്ഞാൽ ആരെല്ലാം വരും? ഞാൻ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 'എനി പേഴ്സൻ' എന്നു പറഞ്ഞാൽ അതിന്റെ ഡഫനിഷൻ വളരെ വിപുലമാണ്. ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. ടി എം. ജേക്കബ് പറഞ്ഞു അതിനൊരു പ്രൊവൈസൊ ഉണ്ടെന്ന്. ആ പ്രൊവൈസോയിലേയ്ക്ക് ഞാൻ വരാം. ഡീഡ് ഗ്രാൻറഡ് എന്നുള്ളതിലേയ്ക്കും വരാം. ഇതിൽ "person" shall include a company, family, joint family, association or other body of individuals, whether incorporated or not, and any institution capable of holding property; ഇവരെല്ലാം പേഴ്സൺസ് ആണ്. സർ, ഈ വകുപ്പിലെ ആദ്യഭാഗം, ബില്ലിലുള്ളത് 'Notwithstanding anything contained in section 74, ...' 6-ൽ സി അല്ലാതെ 74-ന്റെ മെൻഷൻ ഇല്ല. Notwithstanding anything contained in section 74, or in any contract, or in any judgment, decree or order of any court or other authority, any person in occupation at the commencement of the Kerala Land Reforms (Amendment) Act, 1969, of the land of another person on the basis of a lease deed executed after the 1st day of April, 1964, shall be deemed to be a tenant . . . . .' സർ, എന്താണിതിന്റെ അർത്ഥം? സർ, ഈ പേഴ്സന്റെ ഡഫനിഷൻവച്ചുകൊണ്ട് എന്താണ് നടക്കുക? ബഹുമാനപ്പെട്ട ശ്രീ. സി. എച്ച്. മുഹമ്മദ്കോയയുടെ ഭേദഗതി പിൻവലിച്ചപ്പോൾ അപകടം തീർന്നു എന്നുള്ളതല്ലേ വാദഗതി? എന്നാലും ഇതു നിലനിൽക്കും. അതിനുവേണ്ടിയാണ് എന്റെ മാന്യസ്നേഹിതൻമാർ എല്ലാം തന്നെ വളരെ ബദ്ധപ്പെട്ട് ഇത് പാസ്സാക്കണമെന്നു പറഞ്ഞിട്ടുള്ളത്. 1964-ലെ 74-ാം വകുപ്പിനെ മറികടന്നുകൊണ്ട് ഇവരെല്ലാം ഡീഡ് എക്സിക്യൂട്ട് ചെയ്തിട്ടുള്ളത് അങ്ങനെയുള്ള കുടിയായ്മകളെല്ലാംതന്നെ അംഗീകരിക്കുകയാണ്. അത് അംഗീകരിക്കണമെന്നാണ് ഇതിൽ ആവശ്യപ്പെടുന്നത്. സർ, ഇതിൽ ഡീഡ് എക്സിക്യൂട്ടഡ്

LIBRARY ARCHIVES Kerala Legislative Assembly

എന്നാണ്. ഭേദഗതി കൊണ്ടുവന്നിട്ടുള്ളതിൽ എന്റെ മാന്യസ്നേഹിതൻ ടി. എം. ജേക്കബ് ചോദിച്ചു പ്രൊവൈസോ ഇല്ലേ എന്ന്.

മി. ചെയർമാൻ: ഇപ്പോഴും അതില്ലല്ലോ. ബഹുമാനപ്പെട്ട മന്ത്രി അത് അവതരിപ്പിച്ചിട്ടില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ആടിനെ പട്ടിയാക്കുന്ന പണി ആരും ഈ സംസ്ഥാനത്ത് നടത്തരുത്. നമ്മുടെ സംസ്ഥാനത്തെ അൽപ്പം ഭൂമിയുടെ അവകാശികളായ ആളുകൾ മണ്ടൻമാരല്ല, ബുദ്ധിയില്ലാത്തവരല്ല, നിങ്ങൾ വിചാരിക്കുന്നമാതിരി അക്ഷരാഭ്യാസമില്ലാത്തവരാണെങ്കിലും ബുദ്ധിയുള്ള വരാണ്, തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധമുള്ളവരാണ് എന്നു നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ നിയമത്തിന്റെ പേരിൽ എന്തു കസർത്തു നടത്തിയാലും ഞങ്ങൾക്ക് വിരോധമില്ല. നിങ്ങൾ എന്തു കസർത്തോ നടത്തിക്കൊള്ളുക. പക്ഷേ ആടിനെ പട്ടിയാക്കരുത്. നിങ്ങൾ 6 (സി) കൊണ്ടുവന്നത് ആടിനെ പട്ടിയാക്കാനാണ്. ആടിനെ പട്ടിയാക്കാൻ കോൺഗ്രസ്സുകാർ ശ്രമിച്ചാലും മറ്റാരു ശ്രമിച്ചാലും അത് ഈ രാജ്യത്തെ അദ്ധ്വാനിക്കുന്നവർ, വിശേഷിച്ചും മണ്ണിൽ പണിയെടുക്കുന്നവർ അനു വദിച്ചുതരുമെന്നു നിങ്ങൾ കണക്കാക്കരുത്. കൊണ്ടുവന്നിരിക്കുന്നു 6 (സി). എന്നിട്ടു പുരോഗമനമെന്നുപറഞ്ഞ് അതിനൊരു പ്രൊവൈ സോയും കൂടി കൊണ്ടുവന്നിരിക്കുന്നു. പ്രൊവൈസോകൂടി വന്നപ്പോൾ കുടിയായ്മയിലെ ഒരംഗം കല്യാണം കഴിക്കാതെ പ്രായപൂർത്തിയായ ആൾക്ക് നിലനിൽപ്പില്ല. പിന്നെ ഇതിന്റെ കൂട്ടത്തിൽ തിരുകി ഒരു ഡീഡ് ഗ്രാൻറഡ്. ഡീഡ് ഗ്രാൻറഡ് എന്നാണ് ഭേദഗതി. ആരെല്ലാമാണ് വരിക. ഞാൻ നേരത്തെ വായിച്ച ആളുകളെല്ലാം നടത്തുന്ന കൈമാറ്റങ്ങൾ അംഗീകരിക്കുക. ആർക്കുവേണ്ടിയാണ് അംഗീകരിക്കുക? സർ, നമ്മുടെ സംസ്ഥാനത്ത് ഈ നിയമത്തിന്റെ അന്തസ്സത്തക്കുതന്നെ നിങ്ങൾ കത്തി വച്ചിരിക്കുകയാണ്. ഈ നിയമം അനുശാസിക്കുന്നതെന്താണ്? ഈ നിയമത്തിൽ ഒരു വകുപ്പുമാത്രമാണോ? നിയമസഭയുടെ ഇൻറൻഷൻ വളരെ പ്രധാനപ്പെട്ടതല്ലേ? ഇൻറൻഷൻ സംബന്ധിച്ച് മറ്റു ഭേദഗതികൾ വരുമ്പോൾ വളരെ വ്യക്തമായി പറയാം. ഈ നിയമസഭ പാസ്സാക്കിയ നിയമത്തിന് ഇൻറൻഷൻ ഉണ്ടായിരുന്നില്ലേ സർ? അതിന് വലിയ ഇൻറൻഷൻ ഉണ്ട്. അതിലൊന്ന് 83-ാം വകുപ്പുപ്രകാരം 1970 ജനുവരി 1-ാം തീയതിക്കുശേഷം ജൻമിയായോ കൈവശക്കാരനായോ പരിധിയിലേറെ ഭൂമി കൈവശമിരിക്കുവാൻ പാടില്ലെന്നുള്ളതാണ്. പക്ഷേ അനുഭവം എന്താണ്? ഞങ്ങൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ മോശ ക്കാരാണ്. ശ്രീ. സി. എച്ച്. മുഹമ്മദ്കോയയും ശ്രീ. നഹയും എല്ലാം പറഞ്ഞു അവർ പുരോഗമനക്കാർ ആണെന്ന്. അവർ വലിയ പുരോഗമന ക്കാരാണ്. 1970 ജാനുവരി 1-ാം തീയതി മുതൽ കേരളാ ഭൂപരിഷ്ക്കരണ നിയമം അപ്പടി നടപ്പിലാക്കി, നല്ല കാര്യം. ആ നല്ലകാര്യം ചെയ്തില്ലേ? അപ്പോൾ അൽപ്പം ദോഷം വന്നാൽ സഹിക്കണ്ടേ?

അപ്പോൾ 83-ാം വകുപ്പു പ്രകാരം നമ്മുടെ സംസ്ഥാനത്ത് ജൻമി എന്ന നിലയിലോ കൈവശക്കാരനെന്ന നിലയിലോ നിർണ്ണയിക്കപ്പെട്ട തീയതി മുതൽ ഭൂമി കൈവശം വയ്ക്കുന്നതിനു പരിധി വരും. ആ പരിധി മറി കടക്കാൻ ആരു ശ്രമം നടത്തിയാലും നിയമത്തിന്റെ അന്തസത്ത നിലനിറു ത്താൻ ഗവൺമെൻറ് പരിശ്രമിക്കണ്ടേ? പരിധി നിശ്ചയിച്ചതിനുശേഷം മിച്ചംവരുന്ന ഭൂമി എത്രയാണെന്നുള്ളതു പ്രശ്നമല്ല. 1970 ജനുവരിയിൽ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം മിച്ചംകിട്ടുന്ന ഭൂമി മതി. അതു

LIBRARY ARCHIVES Kerala Legislative Assembly

ചില ആളുകൾക്ക് കൊടുക്കണമെന്ന് ഇതിൽ വ്യവസ്ഥയുണ്ട്. നിയമസഭയുടെ ഇൻറൻഷനും അതാണ്, കൊടുക്കണമെന്നാണ്. ആ ഇൻറൻഷനോടു ബഹുമാനം കാണിക്കണ്ടേ? ഈ നിയമം നടപ്പാക്കുമ്പോൾ ഭൂമി മിച്ചം കിട്ടുന്നതിനുവേണ്ടി ചിലതരം കൈമാറ്റങ്ങൾ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ കള്ളക്കൈമാറ്റങ്ങൾക്ക് ഈ ഭേദഗതിമൂലം അംഗീകാരം കൊടുത്താൽ മൂലനിയമത്തിൽ, ശ്രീമാൻ പി. ടി. ചാക്കൊ കൊണ്ടുവന്ന നിയമത്തിൽ അന്നത്തെ നിയമസഭയ്ക്ക് ഉണ്ടായിരുന്ന ഇൻറൻഷൻ അനുസരിച്ചു പ്രവർത്തിക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനില്ലേ? ഉണ്ടെന്നാണ് എൻെറ അഭിപ്രായം. ഇപ്പോൾ ബഹുമാനപ്പെട്ട ശ്രീ. സി. എച്ച്. മുഹമ്മദുകോയ കൊണ്ടുവന്ന ഭേദഗതി പിൻവലിച്ചതോടുകൂടി ഇനി കുടുംബക്കാർക്കും ആകാം. കുടുംബത്തിലെ അംഗങ്ങൾക്കും ആകാം. കുടുംബത്തിന്, കുടുംബത്തിലെ അംഗത്തിന്, പ്രായപൂർത്തിയായ ആളുകൾക്ക് പിന്നെ 'എ പേഴ്സൻ' എന്നു പറയുന്ന സകലതിനും. 1964 ഏപ്രിൽ മാസം ഒന്നാം തീയതിക്കുശേഷം ഉണ്ടാക്കിയിട്ടുള്ള എല്ലാ കൈമാറ്റങ്ങൾക്കും, കള്ളക്കൈമാറ്റങ്ങൾക്കും അംഗീകാരം നൽകുന്ന 6 (സി) പ്രകാരം. അങ്ങനെ മൂലനിയമത്തിൻെറ അന്തസത്ത തന്നെ, അതിൻെറ ആത്മാവു തന്നെ, പറിച്ചെടുത്തുകൊണ്ട് പിന്നോക്കം പോകുന്ന ഈ ഭേദഗതി, ആദ്യം ബില്ലിൽ ഉള്ള ഭേദഗതി ആയാലും പിന്നെ ശ്രീ. സി. എച്ച്. മുഹമ്മദുകോയ കൊണ്ടുവന്ന ഭേദഗതിയായാലും രണ്ടും അപകടമാണ്, രണ്ടും മൂലനിയമത്തിൻെറ അന്തസത്തക്ക് എതിരാണ്.

സർ, മൂലനിയമത്തിൻെറ അന്തസത്തക്കു മാത്രമല്ല എതിര്. ഈ നിയമം മൂലം നമ്മുടെ സംസ്ഥാനത്തിലെ അദ്ധ്വാനിക്കുന്ന ആളുകൾ, പാവപ്പെട്ട കർഷകത്തൊഴിലാളികൾ—സർ, അതിനു ജാതിയില്ല—ഏതു ജാതിയിൽപ്പെട്ട കർഷകത്തൊഴിലാളിയും—ഇവരുടെയെല്ലാം അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. മിച്ചഭൂമി കിട്ടിയാൽ ആ മിച്ചഭൂമിയിൽ കുടികിടപ്പുകാരനുണ്ടെങ്കിൽ അവനാണ് മുൻഗണന. ബാക്കിയുള്ള 87 1/2 ശതമാനത്തിന് അവകാശി ഈ നിയമപ്രകാരം ആർക്കാണ്? പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആളുകൾ, അവർക്ക് എൺപത്തേഴരശതമാനത്തിൻെറ നേർപകുതി കൊടുക്കണമെന്നാണ് വ്യവസ്ഥ. സർ, അതുപോലെ ഈ നിയമംമൂലം ദോഷംവരുന്ന ആളുകൾക്ക് പന്ത്രണ്ടര ശതമാനം കൊടുക്കണം. ശ്രീമാൻ സുന്ദരം പറഞ്ഞല്ലോ ഈ നിയമംമൂലം ദോഷം അനുഭവിക്കുന്നവർ ഉണ്ടെന്ന്. അങ്ങനെ ഈ നിയമം മൂലം ദോഷം അനുഭവിക്കുന്നവർക്ക് പന്ത്രണ്ടര ശതമാനം ഇതിൽ വ്യവസ്ഥ ചെയ്യുന്നു. മിച്ചഭൂമി കിട്ടിയാൽ പന്ത്രണ്ടര ശതമാനം നിയമം മൂലം ദോഷം വരുന്ന ആളുകൾക്ക്, ആ ഭൂമിയിലെ കുടികിടപ്പുകാരായ ആളുകൾക്ക്—ജാതിയില്ല. കുടികിടപ്പുകാരൻ, എല്ലാ ജാതിക്കാരും, എല്ലാ രാഷ്ട്രീയക്കാരും അതിൽ വരും. ആ ആളുകൾക്കായാണ് ഇതു വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുപോലെതന്നെ എല്ലാ ജാതിയിലുംപെട്ട എല്ലാ മതത്തിലുംപെട്ട കർഷകത്തൊഴിലാളികൾ. അവർക്ക് എൺപത്തേഴര ശതമാനം കൊടുക്കണം. അങ്ങനെ പാവപ്പെട്ട കർഷകത്തൊഴിലാളികളിലെ ഹരിജനങ്ങൾ, ഗിരിജനങ്ങൾ, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആളുകൾ. എൻെറ ബഹുമാന്യ സ്നേഹിതൻ ശ്രീ. ലൂക്കോസ് അവശ ക്രിസ്ത്യാനികളുടെ കാര്യം പറഞ്ഞു. അവശ ക്രിസ്ത്യാനികൾ. സർ, സമൂഹത്തിൽ അസമത്വം ഉണ്ടായപ്പോൾ അതിൽ നിന്നും നൻമ കിട്ടാൻവേണ്ടി, മെച്ചം കിട്ടുമെന്നു വിചാരിച്ച് പാവപ്പെട്ട ഹരിജനങ്ങളും ഗിരിജനങ്ങളുമായ ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. അവർ ഇപ്പോൾ അവിടേയും അവശക്രൈസ്തവരാണ്. ഇരിക്കട്ടെ. ആ

LIBRARY ARCHIVES Kerala Legislative Assembly

ആളുകൾ. അവശക്രൈസ്തവരായ ആളുകൾ. ഇവർക്കെല്ലാം ഭൂമി കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്, 1964-ലെ നിയമത്തിലും ഇതുണ്ടാകണമെന്ന ഉദ്ദേശ്യത്തോടുകൂടി ബലപ്പെടുത്തിയതാണ്. ആ 74-ാം വകുപ്പിനാണ് ഈ ഭേദഗതി.

സർ, ഈ ഭേദഗതി പാസ്സാക്കാൻ ഇരുന്നുതരണമെന്ന് ഞങ്ങളോടു പറയുമ്പോൾ ഈ ഭേദഗതി ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ആളുകൾക്കെതിരായ ഭേദഗതിയാണെന്ന വസ്തുത ഓർക്കണം. 1964 ഏപ്രിൽ ഒന്നുതൊട്ട് കള്ളക്കൈമാറ്റം ചെയ്തിട്ടുള്ള സകലമാന ആളുകൾക്കും ശ്രീ. സി. എച്ച്. ന്റെ ഭേദഗതി പിൻവലിച്ചതോടുകൂടി വാതിൽ തുറന്നിട്ടിരിക്കുകയാണ്. ഈ ഭേദഗതിനിയമം പാസ്സാക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സർ, നമ്മുടെ സംസ്ഥാനം ഒരു മോശപ്പെട്ട സംസ്ഥാനമല്ല. നമ്മുടെ സംസ്ഥാനം എന്തുകൊണ്ടും മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ്. നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസപരമായി മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ്. മറ്റെല്ലാ രംഗങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ്. അങ്ങനെ മുൻപന്തിക്കാരായ നമ്മൾ ഇപ്പോൾ ഇങ്ങനെ ഒരു നിലപാടു സ്വീകരിക്കുന്നതു ശരിയല്ല. ഇപ്പോൾ ഭരണപക്ഷത്തുള്ള ആളുകളിൽ, ശ്രീമാൻ ചന്ദ്രശേഖരന്റെ പാർട്ടി ഒഴിച്ച് മറ്റെല്ലാവരും 1977-ൽ ഭരണപക്ഷത്തായിരുന്നു. മാതൃകാപരവും പുരോഗമനപരവുമായ നിയമമാണ് നമ്മുടെ കാർഷികനിയമം. ഞാൻ അതിന്റെ മറ്റു വ്യവസ്ഥകളിലേക്കൊന്നും കടക്കുന്നില്ല. ഈ വകുപ്പുകളൊക്കെ ഉണ്ടായതുകൊണ്ടാണ് ആ നിയമം മാതൃകാപരവും പുരോഗമനപരവും ആയത്. അങ്ങനെയുള്ള ഒരു നിയമത്തിന്, നമ്മുടെ രാജ്യത്തെ അധ്വാനിക്കുന്ന പാവപ്പെട്ടവരുടേയും നാനാജാതിമതസ്ഥരുടേയും എല്ലാ രാഷ്ട്രീയക്കാരുടേയും താൽപര്യങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഭേദഗതിയുമായി ഭാഗ്യവശാൽ ശ്രീമാൻ ബേബി ജോൺ വന്നില്ല. ശ്രീ. സി. എച്ച്. മുഹമ്മദുകോയ അതിനു യോഗ്യനാണെന്നാണ് എന്റെ പക്ഷം. എന്തു ന്യായീകരണം പറഞ്ഞാലും 'ലീസ് ഗ്രാൻറഡ്'' ആയാലും 'ലീസ് എക്സിക്യൂട്ടഡ്'' ആയാലും ശ്രീമാൻ മുഹമ്മദുകോയ അതിനു യോഗ്യനാണ്, 1965 ആഗസ്റ്റ് മാസം 28-ാം തീയതി പാസ്സാക്കിയ ടെനൻസി-മറുപാട്ടം അംഗീകരിക്കപ്പെടണമെന്നുണ്ടെങ്കിൽ ഈ നിയമം വേണം. അത് 'എക്സിക്യൂട്ടഡ്'' ആണ്, ഗ്രാൻറഡ് അല്ല. ഈ നിയമം പ്രാബല്യത്തിൽ വരുന്ന ദിവസം മുതൽ ആ 'എക്സിക്യൂട്ടഡ്'' ആയിട്ടുള്ള ടെനൻസി അംഗീകരിക്കപ്പെടും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയ ഇതിനു യോഗ്യനാണെന്ന്.

മി. ചെയർമാൻ: ഓർഡർ, ഓർഡർ, ബഹുമാനപ്പെട്ട മെമ്പർ ചുരുക്കി സംസാരിക്കണം. ഇതെല്ലാം വിശദീകരിച്ചുകഴിഞ്ഞ കാര്യങ്ങളാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഇതു വളരെ പ്രധാനപ്പെട്ട നിയമമാണ്. അങ്ങ് അവിടെയിരിക്കുമ്പോഴുള്ള ബുദ്ധിമുട്ട് ഞാൻ മനസ്സിലാക്കുന്നു. അങ്ങ് ഇന്നലെ ചെയറിലിരിക്കുമ്പോഴും ഇക്കാര്യത്തിലിടപെട്ടു. എനിക്കു വിരോധമില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ദുസ്സൂചന പാടില്ല. ചെയറിൽ ആര് ഇരിക്കുന്നു എന്നുള്ളത് പ്രശ്നമല്ല. ബഹുമാനപ്പെട്ട ശ്രീമാൻ കൃഷ്ണനെപ്പോലെയുള്ള ഒരു സീനിയർ മെമ്പർ ഇങ്ങനെ ദുസ്സൂചന വച്ചു സംസാരിക്കുന്നത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. കൃഷ്ണൻ: ചെയറിനോടുള്ള സർവ്വ മാന്യതയോടും കൂടിത്തന്നെയാണ് ഞാൻ സംസാരിക്കുന്നത്. ഏറ്റവും പുരോഗമനപരമായ ഈ നിയമത്തെ പിന്നോക്കം പിടിച്ചു വലിക്കുന്ന, ദ്രോഹകരമായ ഭേദഗതിയാണിവിടെ കൊണ്ടുവന്നിട്ടുള്ളത്. ആ ഭേദഗതി അംഗീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയോടാവശ്യപ്പെടുന്നത്. ഈ ഭേദഗതിയെ എതിർത്തു തോൽപ്പിക്കണമെന്നാണ് ഞാൻ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള മെമ്പർമാരോടാവശ്യപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ അന്തസ്സ് ഉയർത്തിക്കാട്ടാനും ഈ നിയമത്തിന്റെ ഉദ്ദേശം സഫലീകൃതമാകാനും അതാവശ്യമാണെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. പി. വി. മൂസ: സർ, ഇരുഭാഗത്തുനിന്നും വളരെ വിശദമായി ചർച്ചചെയ്തു പാസ്സാക്കേണ്ട ഈ ഭേദഗതിനിയമം അതിനെക്കുറിച്ചു സംസാരിക്കാനുള്ള അവകാശംപോലും നഷ്ടപ്പെടുത്തിക്കൊണ്ട് ഭരണകക്ഷിക്കാരുടെ മൃഗീയ ഭൂരിപക്ഷം ഉപയോഗപ്പെടുത്തി പാസ്സാക്കിയെടുക്കാൻ കാണിക്കുന്ന വ്യഗ്രത എനിക്കു മനസ്സിലാകുന്നുണ്ട്. എന്റെ നേതാവ് ജനാബ് പി. എം. അബൂബേക്കർ സാഹിബ് ഈ ഭൂപരിഷ്കരണ നിയമനിർമ്മാണരംഗത്ത് അവിഭക്ത മുസ്ലീം ലീഗും മുസ്ലീംലീഗ് രണ്ടായി പിളർന്നശേഷം രണ്ടു പാർട്ടികളും വഹിച്ച നിർണ്ണായകമായ പങ്കിനെപ്പറ്റി സംസാരിച്ചതിനെ കുറിച്ച് മന്ത്രിയുടെ മറുപടിയിൽ വിശദീകരിച്ചു. ഞങ്ങളുടെ അസാന്നിദ്ധ്യത്തിലാണ് അദ്ദേഹം സംസാരിച്ചത്. അദ്ദേഹം പറഞ്ഞു, സി. എച്ച്. മുഹമ്മദുകോയയോടുള്ള വിരോധംകൊണ്ടുമാത്രം ഉടലെടുത്ത ഒരു പാർട്ടിയുടെ നേതാവ് ഇതിനെ വിമർശിക്കുകയുണ്ടായി എന്ന്. ഞങ്ങളിവിടെ ഇല്ലായിരുന്നെങ്കിലും അതു കേൾക്കാൻ സാധിച്ചു. താങ്കളോടുള്ള വിരോധംകൊണ്ട് ഉടലെടുത്ത ഒരു പാർട്ടിയല്ല ഞങ്ങളുടെ പാർട്ടി. ഞാനതു നിഷേധിക്കുകയാണ്. താങ്കളോട് ഒരു വിരോധവുമില്ല. താങ്കൾ, അധികാരത്തിനുവേണ്ടി ഈ സമുദായത്തിനെ പിടിച്ചുനിറുത്താൻ എന്തു വിലയും കൊടുക്കുമെന്ന വൃത്തികെട്ട അടവ് 1974 മുതൽ സ്വീകരിച്ചതുകൊണ്ടാണ് ഞങ്ങൾ ഇങ്ങനെ മാറിനിൽക്കാനിടവന്നത്. അതിനെ ന്യായീകരിക്കുന്ന സംഭവങ്ങൾ മാത്രമേ ഈ നാലഞ്ചു കൊല്ലത്തിനിടയിൽ ഈ സംസ്ഥാനത്തുണ്ടായിട്ടുള്ളു. ഏറ്റവും ഒടുവിലത്തെ അവസ്ഥയാണിന്നിവിടെ കാണുന്നത്. ഈ ബിൽ പാസ്സാക്കിയെടുക്കാനും താങ്കൾക്കു മുഖ്യമന്ത്രിയായി സംസ്ഥാനം ഭരിക്കാനും താങ്കളുടെകൂടെ നിൽക്കുന്നവരാരാണ്, അവരുടെ രാഷ്ട്രീയസ്വഭാവമെന്താണ്, അവരുടെ പൂർവ്വകാലചരിത്രമെന്താണ്, അവരിനിയങ്ങോട്ടു ചെയ്യാൻപോകുന്നതെന്താണ് എന്നതിനെക്കുറിച്ചെല്ലാം ഇന്നലെവരെ താങ്കളുടെ കൂടെയിരുന്നിരുന്ന ശ്രീ. ബേബിജോൺ പറഞ്ഞു. അതു ഞാനാവർത്തിക്കുകയാണ്. മുഖ്യമന്ത്രിപദം താങ്കൾക്ക് ഉന്നതമായ ഒരു പദവിയാണ്. അതു ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷെ, ഈ പദവിക്കുവേണ്ടി ഈ സമുദായത്തെ ഇത്ര വിലകുറഞ്ഞ തരത്തിലുള്ള ഒരു മുന്നണിയിലേക്കു കൊണ്ടുപോകാനുള്ള വ്യഗ്രത കാണിക്കേണ്ടിയിരുന്നോ? ജനതാ പാർട്ടിയുടേയും ഇന്ദിരാ കോൺഗ്രസിന്റേയും പിന്തുണയോടുകൂടിയാണ് താങ്കൾ അവിടെ ഇരിക്കുന്നതെന്നോർക്കുമ്പോൾ സഹതാപമല്ലാതെ എന്തു തോന്നട്ടെ. താങ്കങ്ങളുടെ ഈ നിലപാടിലാണ് ഞങ്ങൾക്കഭിപ്രായവ്യത്യാസമുള്ളത്. അല്ലാതെ ശ്രീ. മുഹമ്മദുകോയയോടു ഞങ്ങൾക്കു വിരോധമൊന്നുമില്ല. ഭൂമി തട്ടിയെടുക്കാൻവേണ്ടി അധികാരവും ശക്തിയുമുപയോഗിച്ച് നിയമത്തിൽ ഭേദഗതി. കൊണ്ടുവരുന്നതിലും ഞങ്ങൾക്കു പരാതിയൊന്നുമില്ല. താങ്കൾ ഭൂസ്വാമിയായോ മുതലാളിയായോ

LIBRARY ARCHIVES Kerala Legislative Assembly

മാറുന്നതിലും ഞങ്ങൾക്ക് അസൂയയൊന്നുമില്ല. ഈ ഭൂപരിഷ്ക്കരണനിയമത്തിലെ 6 (സി) വകുപ്പ് 1974-ൽ കൊണ്ടുവരാമായിരുന്നു. പക്ഷെ ഈ 1979-ൽ, തങ്ങളുടെ സ്വത്തുമായി ബന്ധപ്പെടുത്തിക്കൊണ്ട്, അതേ കാലപരിധിയിൽത്തന്നെ ഈ വകുപ്പിനെ വച്ചുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സത്യസന്ധനും നിഷ്പക്ഷമതിയുമായ ഒരു രാഷ്ട്രീയ നേതാവിന് ഇങ്ങനെ ചെയ്യാൻ സാധിക്കുമോ എന്ന് താങ്കൾ ഒരു ആത്മപരിശോധന നടത്തണമെന്നാണെനിക്കു പറയാനുള്ളത്. മുഖ്യമന്ത്രിയായി അധികാരമേറ്റെടുത്തശേഷം ശ്രീ. മുഹമ്മദുകോയ കോഴിക്കോട്ടു ചെന്നു പ്രസംഗിച്ചു, 'എന്റെ കൈകൾ പരിശുദ്ധമാണ്, അള്ളാഹുവിനെ മുൻനിറുത്തി ഞാൻ നീതിപൂർവം ഈ രാജ്യം ഭരിക്കും' എന്ന്. എന്താണ് നീതി? താങ്കളുടെ പ്രിയപത്നിക്കു നഷ്ടപ്പെട്ട ഭൂമി പിടിച്ചു നിറുത്താൻവേണ്ടി ഭേദഗതി വരുത്തി ഭൂപരിഷ്കരണനിയമത്തെ അലങ്കോലപ്പെടുത്തുകയും പാവപ്പെട്ട മുസൽമാനു കിട്ടേണ്ട ഭൂമി അവന്റെ കൈയിൽ നിന്നു തട്ടിപ്പറിച്ചെടുക്കുകയും ചെയ്യുന്നതാണോ നീതിപൂർവമായ പ്രവൃത്തി? ഈ സമീപനത്തെയാണ് ഞങ്ങളെതിർക്കുന്നത്. സർ, ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, എത്ര പറഞ്ഞിട്ടും പ്രയോജനം ഇല്ലെന്നു തോന്നിയതാണെങ്കിലും, എത്രതന്നെ ശാസിച്ചാലും തല്ലിയാലും ഞാൻ നന്നാവില്ല എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന വിഭാഗത്തോട് സംസാരിച്ചിട്ട് കാര്യമില്ലെങ്കിലും ഇത് വമ്പിച്ച ജനവിഭാഗത്തെ ബാധിക്കുന്ന കാര്യമായതുകൊണ്ടാണ് ഞങ്ങൾ സംസാരിക്കുന്നത്. കുടിയായ്മ അവസാനിപ്പിക്കാനുള്ള തീരുമാനം എന്തുകൊണ്ട് എടുത്തു എന്ന് ജന്മിത്വത്തിനെതിരായി ഉള്ള സമരത്തിന്റെ കാര്യം പറഞ്ഞ സീതിഹാജിക്ക് അറിയാം. ഈ കുടിയായ്മ എവിടെയെങ്കിലും അവസാനിപ്പിക്കണമെന്ന നിലയ്ക്ക് മുൻ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥകൾക്ക് ഭേദഗതി കൊണ്ടുവരികയാണ് ഇപ്പോൾ ചെയ്യുന്നത്. അതിന് ഒരു ന്യായീകരണവും പൊതു ചർച്ച അവസാനിപ്പിച്ചുകൊണ്ട് സംസാരിച്ച മുഖ്യമന്ത്രി പറഞ്ഞുകേട്ടില്ല. പുറത്തുനിന്നാണെങ്കിലും ഞങ്ങൾ അദ്ദേഹത്തിന്റെ സംസാരം കേട്ടു. ഈ കുടിയായ്മ അവസാനിപ്പിക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചത് നാട്ടിൽ മിച്ചഭൂമി ഉണ്ടാക്കാനുള്ള ഈ നിയമത്തിന്റെ ഇൻറൻഷനെ അത് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത് എന്നാണ് ഇതിന്റെ ഉദ്ദേശലക്ഷ്യപ്രഖ്യാപനത്തിൽത്തന്നെ പറയുന്നത്. ആ ഇൻറൻഷൻ, നാട്ടിൽ മിച്ചഭൂമി ഉണ്ടാക്കി ഭൂരഹിതരായ ആളുകൾക്ക് കൊടുക്കണം, അതുപോലെതന്നെ വളരെക്കാലമായി കൈവശംവച്ച് അനുഭവിക്കുന്ന ആളുകൾക്ക് ആ ഭൂമി അവരുടെ സ്വന്തമാക്കി കൊടുക്കണം എന്നതാണ്. ആ രണ്ടു ഇൻറൻഷനേയും പരാജയപ്പെടുത്തുന്ന വ്യവസ്ഥകൾ അടങ്ങുന്ന ബില്ലാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. ഈ പ്രത്യേക വ്യവസ്ഥ അതിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതുമാണ്. ഏതെല്ലാം തരത്തിലുള്ള കുടിയായ്മകൾ ഉണ്ടോ ആ കുടിയായ്മകളെ എല്ലാം കണക്കിലെടുത്തുകൊണ്ട് 1969-ലെ നിയമത്തിൽ അതെല്ലാം ഉൾക്കൊള്ളിച്ചു. ശ്രീ. ബേബി ജോൺ സംസാരിച്ചപ്പോൾ സൂചിപ്പിച്ചതുപോലെ സെലക്ട് കമ്മിറ്റി ചർച്ചയിൽ പങ്കെടുത്ത ഭിന്നാഭിപ്രായ കുറിപ്പ് എഴുതിയ ആളുകൾ ആരുംതന്നെ ഇനി ഏതെങ്കിലും കുടിയായ്മ ഉൾപ്പെടുത്തേണ്ടതുണ്ട് എന്നു പറഞ്ഞിട്ടില്ല. അവർ പറഞ്ഞത് ഉൾപ്പെടുത്തിയ ചില കുടിയായ്മകൾ എടുത്തുകളയണമെന്നായിരുന്നു. പക്ഷേ കുടിയായ്മകളെ മുഴുവനും അംഗീകരിച്ചുകൊണ്ട് ഇനിമേലിൽ കുടിയായ്മ സൃഷ്ടിക്കാൻ പാടില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന് അതിൽത്തന്നെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുമ്പോൾ ഉള്ള കുടിയായ്മകൾക്ക് സംരക്ഷണം കൊടുത്തു ഭൂമിയുടെ ഉടമകളാക്കി കൃഷിക്കാരാക്കി മാറ്റുകയും മേലിൽ കൃത്രിമ കുടിയായ്മ ഉണ്ടാക്കി മിച്ചഭൂമി ഇല്ലാതാക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന അപകടങ്ങളെ ഇല്ലാതാക്കുകയും വേണം. അതായിരുന്നു നിയമത്തിന്റെ ഇൻറൻഷൻ. പക്ഷേ അതു രണ്ടും ഈ ബില്ല് മുഖാന്തിരം പരാജയപ്പെടുത്തിയിരിക്കുന്നു. രണ്ടാമതു പിൻവലിച്ച ഭേദഗതി കൊണ്ടുവന്നാലും ശരി മിച്ചഭൂമി ഇല്ലാതാക്കാൻവേണ്ടിയാണ് അത്. കൈമാറ്റത്തിന്റെ സ്വഭാവം മുമ്പ് ഇവിടെ ഞങ്ങൾ വിശദീകരിച്ചതാണ്. മിച്ചഭൂമിയായിരുന്ന ഭൂമി പണ്ടേതന്നെ നൽകിയിരുന്നു എന്ന സങ്കൽപ്പത്തിൽ പുതിയ ഒരാളുടെ പേരിൽ എഴുതിവയ്ക്കുക, ആ ഭൂമിയുടെ ഉടമ കുടിയായ്മ അംഗീകരിക്കുക; ഇങ്ങനെ പരസ്പരസമ്മതത്തോടുകൂടി അംഗീകരിക്കപ്പെട്ട കുടിയായ്മയായി ഈ പുതിയ കള്ളക്കൈമാറ്റത്തെ അവരോധിക്കുക. ഇങ്ങനെ മാന്യസ്ഥാനം കൊടുക്കപ്പെട്ട് ഈ കള്ളപ്രമാണങ്ങൾക്ക് നിയമസാധുത്വം കൊടുക്കുന്നതിനുവേണ്ടിയാണ് ഈ വകുപ്പ് ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതിന് സബ്സ്റ്റാൻഷ്യൽ ഇംപ്രൂമെൻറ്സ് എന്നൊക്കെ പറയുന്നത് ആളുകളെ പറ്റിക്കാൻവേണ്ടിയാണ്,

ഇതെല്ലാം തീരുമാനിക്കപ്പെടുന്ന മിഷനറി എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന കാര്യത്തെപ്പറ്റി ഇവിടെ ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളതാണ്. സംരക്ഷണം ഇതിനകത്ത് ഉണ്ടെന്നൊക്കെ എത്രയേറെ പറഞ്ഞാലും ശരി, ഇത് കള്ളക്കൈമാറ്റങ്ങളെ, നിയമം അനുശാസിക്കുന്ന കാലഘട്ടത്തിനു ശേഷമുള്ള കൈമാറ്റങ്ങളെ മാത്രമല്ല, അത്തരത്തിലുള്ള എല്ലാ കൈമാറ്റങ്ങളേയും സാധൂകരിച്ച് മിച്ചഭൂമി ഇല്ലാതാക്കാനും പ്രമാണിമാർക്ക് ഭൂമി സ്വായത്തമാക്കാനുംവേണ്ടി കൊണ്ടുവന്നിട്ടുള്ള വകുപ്പാണ് ഇത്. ഇതിന് ഭേദഗതി കൊണ്ടുവന്നത് പിൻവലിച്ചല്ലോ. ആ ഭേദഗതിയോടുകൂടി ഇത് സംപുഷ്ടമാകുമെന്നാണ് പറഞ്ഞിരുന്നത്. ആ ഭേദഗതിയോടുകൂടി രേഖ ഇല്ലാത്ത കൈമാറ്റങ്ങൾക്കുകൂടി സാധൂകരണം കിട്ടും. ഏതായാലും അത് പിൻവലിക്കാനുള്ള സൗമനസ്യം കാണിച്ചു. അതുപോലെ ഈ വകുപ്പുകൂടി പിൻവലിക്കണം. ശ്രീ. ബേബി ജോൺ ഇവിടെ പറഞ്ഞല്ലോ, ഇത് പിൻവലിക്കാമെന്ന ധാരണ പണ്ടുണ്ടായിരുന്നുവെന്ന്. ആ ധാരണയിൽപ്പെട്ടിട്ടുള്ള പാർട്ടികൾ ഇപ്പോൾ അപ്പുറത്തിരിക്കുന്നുണ്ടല്ലോ? ഇഷ്ടദാനബില്ല് നിലനിറുത്താനുള്ള നിർബ്ബന്ധംപിടിച്ച സമയത്തുതന്നെ ഈ വകുപ്പ് പിൻവലിക്കാൻ തീരുമാനിച്ച ആളുകൾ ഈ സന്ദർഭത്തിൽ എന്തു നിലപാട് എടുക്കും എന്ന് അറിയാൻ കൗതുകമുള്ള കാര്യമാണ്. അതുകൊണ്ട് ഈ വകുപ്പ് പിൻവലിക്കണമെന്ന് ശക്തിയായി ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഞാൻ ഈ വകുപ്പ് എടുത്തുകളയണമെന്നാവശ്യപ്പെടുകയാണ്. ഈ ബില്ലിനെപ്പറ്റി ചർച്ചചെയ്ത പലരുടെ പ്രസംഗങ്ങളിലും എന്റെ പേര് വലിച്ചിഴയ്ക്കപ്പെടുന്നതായി ഞാൻ കണ്ടു. ശ്രീമാൻ എ. കെ. ആൻറണി മുഖ്യമന്ത്രി ആയപ്പോൾ വിളിച്ചുകൂട്ടപ്പെട്ട മലയോര കർഷകരുടെ പ്രതിനിധികളുടെ സമ്മേളനത്തിലും പിന്നീട് ഒരവസരത്തിൽ ഗവൺമെൻറിന് കൊടുത്ത മെമ്മോറാണ്ഡത്തിലും ഈ കൈവശക്കൃഷിക്കാരുടെ പ്രശ്നത്തെപ്പറ്റി പരാമർശിച്ചു എന്നും ആ പരാമർശിച്ച ആളുകൾ ഇന്ന് എവിടെ നിൽക്കുന്നു എന്നു കാണാൻ കൗതുകമുണ്ട് എന്നും ആണ് പറഞ്ഞത്. ദേശവൽക്കൃത വനഭൂമിയിലെ കൈവശകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഞാൻ ആ കോൺഫറൻസിൽ പറഞ്ഞത്, ആ പ്രദേശത്തുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളും

LIBRARY ARCHIVES Kerala Legislative Assembly

കർഷകപ്രസ്ഥാനത്തിൻെറ പ്രതിനിധികളും പങ്കെടുത്തുകൊണ്ട് ന്യായമായ രൂപത്തിൽ മറ്റെവിടെ എങ്കിലുംനിന്ന് വന്ന് പുരകെട്ടി താമസിക്കുന്നവർ ഉണ്ടെങ്കിൽ, കൃത്രിമമായി അല്ലാതെ ന്യായമായി അദ്ധ്വാനിക്കുന്നവരുണ്ടെങ്കിൽ അവരെ സംബന്ധിച്ചിടത്തോളം, പരിശോധിച്ച് അവർക്ക് ആവശ്യമായ സൗകര്യങ്ങളും ആവശ്യമായ അംഗീകാരവും നൽകുന്നതിന് അനുകൂലമാണെന്നാണ്. അതും ഇതും തമ്മിൽ കടലും കടലാഴിയും പോലെയുള്ള ബന്ധമേ ഉള്ളു. ആ പറഞ്ഞ കാര്യത്തെ വളച്ചൊടിച്ച് നമ്മുടെ രാജ്യത്തിൻെറ കിഴക്കൻ മലയോരപ്രദേശങ്ങളിൽ ഉള്ള ആളുകൾക്ക് ഈ ബില്ലിലെ വകുപ്പുകൊണ്ട് എന്തെങ്കിലും പ്രയോജനം സിദ്ധിക്കുമെന്നുള്ള അഭിപ്രായം എനിക്കില്ല. വേണമെങ്കിൽ ഫോറസ്റ്റ് ആക്ടിനകത്തുതന്നെ ആവശ്യമായ ഭേദഗതി കൊണ്ടുവരാം. അങ്ങനെ ഭേദഗതി കൊണ്ടുവരാതെ മലമേട്ടിൽ കയറി അദ്ധ്വാനിച്ച പാവപ്പെട്ടവനെക്കുറിച്ച് കരഞ്ഞതുകൊണ്ട് കാര്യമില്ല. മലമേട്ടിൽ ഇരിക്കുന്ന പാവപ്പെട്ടവൻെറ നേരെ കണ്ണീരൊഴുക്കി ഇടനാട്ടിലും കടലോരപ്രദേശത്തും തട്ടിയെടുത്ത ഭൂമി സംരക്ഷിച്ച് എടുക്കാനുള്ള തട്ടിപ്പാണ് ഈ നിയമത്തിൽക്കൂടി ഞങ്ങൾ കാണുന്നത് എന്നാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. മലയോരത്തുകയറി മലമ്പാമ്പിനോടും മലമ്പനിയോടും മല്ലടിച്ച് ഏതാനും ആളുകളെ സംരക്ഷിക്കണം, അതിന് ഒരു നിയമനിർമ്മാണം വേണം, അതിന് അതുമായി ബന്ധപ്പെട്ട കക്ഷികളും സംഘടനകളുമായി ബന്ധപ്പെട്ട് സത്യാസത്യം മനസ്സിലാക്കി വേണ്ടത് ചെയ്യണം എന്നു പറഞ്ഞതിനെ തെറ്റിദ്ധരിപ്പിച്ച് ഈ രാജ്യത്ത് കള്ളക്കൈമൊറ്റക്കാരെ സംരക്ഷിക്കാൻവേണ്ടി ഈ നിയമവുമായി വന്നിട്ടുള്ള ശ്രീമാൻ ദേവസ്സിക്കുട്ടിയും ശ്രീമാൻ ടി. എം. ജേക്കബും കോൺഗ്രസുകാരുമൊക്കെ ''കുഞ്ഞിക്കണ്ണൻ പറഞ്ഞില്ലേ കുഞ്ഞിക്കണ്ണൻ പറഞ്ഞില്ലേ'' എന്നു പറയുന്നതിൽ വളരെ വേദനയുണ്ട്. സത്യസന്ധമായി കാര്യങ്ങൾ അവതരിപ്പിച്ച്, സത്യസന്ധമായി കാര്യങ്ങൾ പറയാനുള്ള സൗമനസ്യമെങ്കിലും ഈ നിയമനിർമ്മാണത്തിൻെറ അവസരത്തിൽ കാണിക്കാൻ തയ്യാറാകുമെന്നാണ് വിശ്വസിച്ചിരുന്നത്. നേരെമറിച്ച് മറ്റൊരു വഞ്ചന കാണിക്കാനാണ് നിങ്ങൾ തയ്യാറായത്. അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്.

ഈ കേരളത്തിലെ കാർഷിക പരിഷ്ക്കരണനിയമത്തിൻെറ വിവിധ കാലഘട്ടങ്ങൾ എടുത്തു പരിശോധിച്ചാൽ, എൻെറ മരിച്ചുപോയ നേതാവ് സി. എച്ച്. കണാരൻ 1959-ൽ കാർഷിക ബന്ധ നിയമം പാസ്സാക്കുന്ന അവസരത്തിൽ പറഞ്ഞു, ''ഇതാ ഈ അസംബ്ലിയുടെ ചുറ്റുപാടുകൾ കാറും കോളും കൊണ്ടു നിറഞ്ഞിരിക്കുന്നു. പക്ഷേ ഈ നിയമം എങ്ങനെ പിച്ചിച്ചീന്തിയാലും കയ്യൂർ സഖാക്കളുടെ പാരമ്പര്യമുള്ള ഈ പ്രസ്ഥാനം ഈ രാജ്യത്തെ കുടികിടപ്പുകാരനെയും കൈവശകൃഷിക്കാരനെയും സംരക്ഷിക്കുന്ന നിയമം ഈ കേരള അസംബ്ലിയിൽ കൊണ്ടുവരും.'' കൊല്ലം പത്തു കഴിയേണ്ടിവന്നുവെങ്കിലും അഭിമാനത്തോടുകൂടി കയ്യൂരിൻെറ സന്തതികൾ കേരള അസംബ്ലിയിൽ വച്ച് ആ നിയമത്തിന് വീണ്ടും രൂപം കൊടുത്തുവെങ്കിലും നിങ്ങൾ അതിനെ കൊല ചെയ്യാനാണ് പോകുന്നത്. അതിൻെറ ഉദ്ദേശലക്ഷ്യത്തെ തകർക്കാനാണ് നിങ്ങൾ പോകുന്നതെങ്കിൽ, അതിന് നിങ്ങളുടെ കൈയിലുള്ള അധികാരവും ചെങ്കോലും ഉപയോഗിക്കാനാണ് നിങ്ങൾ പോകുന്നതെങ്കിൽ, ആ ചെങ്കോൽ തട്ടിത്തെറിപ്പിക്കാൻ ഈ രാജ്യത്തെ പാവപ്പെട്ടവർ, അർഹതപ്പെട്ട മണ്ണിനുവേണ്ടി ഉള്ള പോരാട്ടം ഈ രാജ്യത്തു നടത്തും. ആ പോരാട്ടത്തിൻെറ മുൻപിൽ നിങ്ങളുടെ മുട്ടു മടക്കിക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഞങ്ങൾക്കുണ്ട്. നിങ്ങൾ നിങ്ങളുടെ കൈകളുടെ അംഗസംഖ്യകൊണ്ട് ഈ ഭേദഗതി നിയമം പാസ്സാക്കുമായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ **സ്വന്തം അംഗ**സംഖ്യയിൽ നിങ്ങൾ ഇന്ന് ആവേശംകൊള്ളു മായിരിക്കാം.

സർ, ഇവിടെ മലബാർ കുടിയായ്മാ നിയമത്തെപ്പറ്റിപറഞ്ഞു. 11 a.m. അത് ശ്രീമാൻ രാജഗോപാലാചാരിയുടെ സൗമനസ്യത്തിൽ നിന്നും ഉണ്ടായതല്ല. മലബാറിലെ കൃഷിക്കാർക്ക് മാത്രമേ ആ ആനുകൂല്യം കിട്ടിയിട്ടുള്ളു. എന്തുകൊണ്ട് കോയമ്പത്തൂരിലേയും തഞ്ചാവൂരിലേയും കൃഷിക്കാർക്ക് ആ ആനുകൂല്യം കിട്ടിയില്ല ? എന്തു കൊണ്ട് മദിരാശി സംസ്ഥാനത്തെ ഒരു ഭാഗത്തിന് മാത്രം അത് ലഭിച്ചു ? ഇന്ന് അതിനുവേണ്ടി ഒട്ടനവധി ആളുകൾ മുമ്പോട്ടു വരുന്നുണ്ട്. അതിലേ ക്കൊന്നും ഞാൻ പോകുന്നില്ല. ആ അവകാശപ്പെടുന്നവരെക്കാളും വിയർപ്പ് ഒഴുക്കിയവരും ആ പറയുന്നവരെക്കാളും മഹത്തായ ഈ നിയമ ത്തിനുവേണ്ടി കൽത്തുറുങ്കിൽ കിടന്നവരും ആണ് ഇപ്പുറത്തിരിക്കുന്ന പലരും എന്നുള്ള വസ്തുത വിസ്മരിക്കുന്നത് നന്നല്ലെന്ന് മാത്രമേ എനിക്ക് പറയാനുള്ളു. ഒരു പക്ഷെ ഒരു കാട്ടാമ്പള്ളി കർഷകസമരത്തെ പ്പറ്റി പറയുമായിരിക്കും. ആ സമരമല്ലാതെ അതിന്റെ ഫലമായി കിട്ടിയ പ്രഹരങ്ങളും മറ്റും അല്ലാതെ വേറെ അധികം ഉണ്ടാകുമെന്നു തോന്നുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നമ്മുടെ രാജ്യത്ത് ഒരു സാമൂഹ്യ പരി ഷ്ക്കരണം എന്നുള്ള നിലയിൽ ആണ് കാർഷിക പരിഷ്ക്കരണ നിയമം കൊണ്ടു വന്നതെന്ന്. ഞാൻ പ്രതിനിധാനം ചെയ്യുന്ന കർഷകസംഘം പ്രതിഫലം കൂടാതെ ജന്മിത്തം അവസാനിപ്പിക്കണമെന്നുള്ള മുദ്രാവാക്യം ഞങ്ങളുടെ മെമ്പർഷിപ്പ് പുസ്തകത്തിൽത്തന്നെ അച്ചടിപ്പിച്ചുകൊണ്ടാണ് വന്നത്. പക്ഷെ ഇവിടെ പ്രതിഫലം കൂടാതെ ജന്മിത്തം അവസാനിപ്പി ക്കാൻ കഴിയുന്ന സാഹചര്യം ഇല്ല. പ്രതിഫലം കൊടുത്തുകൊണ്ട് ആയാലും പാട്ടവാരസമ്പ്രദായം അവസാനിപ്പിക്കാനുള്ള നടപടികളുമായി മുമ്പോട്ടു പോകണമെന്നാണ് പറയുന്നത്. കാർഷിക പരിഷ്ക്കരണംമൂലം കൃഷിക്കാർക്ക് സംരക്ഷണം കിട്ടണം. അവർക്ക് അതിന്റെ ഗുണം കിട്ടണം. ഈ രാജ്യത്ത് തുണ്ടു ഭൂമിപോലുമില്ലാത്ത ലക്ഷക്കണക്കിന് ആളുകൾക്ക്, ഒരു പത്ത് പേർക്കെങ്കിലും ഇത്തിരി ഭൂമി കൊടുക്കാൻ സാധിക്കുമോയെ ന്നുള്ള പരീക്ഷണവുമായി മുന്നോട്ടു പോകുമ്പോൾ അതിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതിന് നിങ്ങൾക്ക് ചിലപ്പോൾ 83 പേർ കൈ പൊക്കാൻ ഉള്ളതുകൊണ്ട് കഴിഞ്ഞേക്കാം. അതിന് കഴിഞ്ഞാലും കേരളത്തിലെ അദ്ധ്വാനിക്കുന്ന ജനത, പാവപ്പെട്ട ജനത ഇഞ്ചിഞ്ചായി പട പൊരുതി നേടിയെടുത്ത കേരളഭൂപരിഷ്ക്കരണ നിയമത്തിലെ ആനുകൂല്യങ്ങൾ കേരള സംസ്ഥാനത്ത് വീണ്ടെടുക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. വിനീതമായി അപ്പുറത്തിരിക്കുന്നവരോട്, മലയോര കർഷകരുടെയും പാവ പ്പെട്ടവരുടേയും പേരിൽ കണ്ണീർ ഒഴുക്കുന്നവരോട്, പുരോഗതി വേണ മെന്ന് ആഗ്രഹിക്കുന്നവരെ കഷ്ടപ്പെടുത്തുന്നവരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നേടിയെടുത്ത അവകാശങ്ങൾ എടുത്തുകള യുമ്പോൾ നമുക്കു തീർച്ചയായും വേദന ഉണ്ടാകും; അത് ഒരിക്കലും എടുത്തു കളയാൻ പാടില്ലെന്നാണ്. അത് ഏത് രൂപത്തിൽ കിട്ടി എന്നു ള്ളതല്ല പ്രധാനം. നിങ്ങൾ ആ തെറ്റായ നടപടിയിൽനിന്നും പിൻമാറണം. അതിന് നിങ്ങൾ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുക മാത്രമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്.

<u>ശ്രീ. പി. ശങ്കർ:</u> പ്രിൻസിപ്പൽ ആക്റ്റിൽ 6-ാം വകുപ്പിൽ എ, ബി കഴിഞ്ഞ് സി വകുപ്പിന് ഈ ഭേദഗതി ഞാൻ ഭരണപക്ഷത്തിരിക്കുമ്പോൾ കൊടുത്തതാണ്. അത് ഡിലീറ്റ് ചെയ്യണമെന്നുള്ള അഭിപ്രായത്തിന് ഇന്നും മാറ്റമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ആ ഭേദഗതി ഓർഡറില്ല.

ശ്രീ. പി. ശങ്കർ: മൂന്നാം വകുപ്പിനെ ഞാൻ എതിർക്കുകയാണ്. എതിർപ്പ് ഓർഡറിൽ ആകുമെന്നാണ് എന്റെ ധാരണ. ഈ വകുപ്പ് വളരെയധികം ദ്രോഹം ചെയ്യുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇക്കാര്യത്തിൽ കോംപ്രമൈസ് ഉണ്ടാകും, ഇത് പിൻവലിക്കുമെന്ന് പറഞ്ഞു. പക്ഷെ ഇപ്പോൾ ഇത് പിൻവലിക്കലല്ല, വേറെ ഭേദഗതിയാണ് വന്നത്. ഇത് അപകടമുണ്ടാക്കും. 1970-ലെ ഈ നിയമം നടപ്പിലായ ഉടനെ വീണ്ടും ഭേദഗതി ചെയ്ത ഒരു വകുപ്പ് ഉണ്ട്. അതോടുകൂടി ഈ രാജ്യത്ത് ഉണ്ടാക്കിയിട്ടുള്ള കള്ളക്കൈമാറ്റങ്ങൾ എല്ലാറ്റിനും സാധൂകരണം നൽകുന്നതാണ് ഈ വകുപ്പ്. അതിന് മുഴുവൻ സാധൂകരണം കൊടുക്കും. അതാണ് ബുദ്ധിമുട്ട്. 1964-ലെ ഇത്തരം കുടിയായ്മ അംഗീകരിക്കുക എന്നു വന്നാൽ ഈ രാജ്യത്ത് ഉള്ള മിച്ചഭൂമി കൊടുത്തത് അടക്കം തിരിച്ചുപിടിക്കേണ്ടിവരും. പാലക്കാട് ജില്ലയിൽ 20,000 ഏക്കർ മിച്ചഭൂമിയാണുള്ളത്, അതിൽ 10,000 ഏക്കറും ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. പട്ടയം കൊടുത്തതടക്കം സ്റ്റേ ചെയ്തിട്ടുണ്ട്. പട്ടയം കൊടുത്ത ഒന്നും രണ്ടും തവണ പണം അടച്ച് കഴിഞ്ഞതിനുശേഷം ഭൂമി അളന്ന് തിരിച്ച് കൊടുത്തില്ലെന്നുള്ള പേരിൽ സ്റ്റേ ചെയ്തിട്ടുണ്ട്. പട്ടയം കിട്ടിയവന് തിരിച്ച് ഭൂമി കിട്ടുമോയെന്ന് തന്നെ സംശയമുണ്ട്. ആ ഭൂമിയും ഈ ദാനത്തിൽ പെടും. കള്ളക്കുടിയായ്മാ അവകാശം ഉണ്ടാക്കാനും കഴിയും. അത് അത്ര പ്രയാസമുള്ള കാര്യമല്ല. ഈ രാജ്യത്ത് സൂചി കടത്താൻ പഴുതു ഉണ്ടെങ്കിൽ തൂമ്പ കടത്തുന്ന അഭിഭാഷകൻമാർ ഉണ്ടല്ലോ. അവർ അതിനുള്ള പഴുത് ഉണ്ടാക്കും. അത് അത്ര പ്രയാസമുള്ള കാര്യമല്ല. എനിക്ക് സംശയമുള്ളത് ഈ കൊടുത്ത മിച്ചഭൂമി അടക്കം തിരിച്ചുകൊടുക്കേണ്ടിവരികയില്ലേ എന്നാണ്. കുടിയായ്മാവകാശം വേറൊരുത്തൻ കൊണ്ടുവന്നാൽ തിരിച്ചെടുക്കാൻ കഴിയും. 1970-ന് മുമ്പ് എന്റെ കൈയിൽ ഈ ഭൂമി ഉണ്ടായിരുന്നു എന്നുള്ളതിന് ഒരു വീട് അല്ലേ വേണ്ടു. അവിടെ ഒരു വീട് ഉണ്ടാക്കി കൊടുത്ത ഭൂമി അടക്കം തിരിച്ച് പിടിക്കാൻ പറ്റുന്നതാണ് ഈ വകുപ്പ്.

സർ, ബഹുമാനപ്പെട്ട ശ്രീ. ടി. എം. ജേക്കബ് മിനിഞ്ഞാന്ന് കർഷകത്തൊഴിലാളികളുടെ പ്രകടനം നടന്നതിനെക്കുറിച്ച് പറഞ്ഞു. 10,000 ആളുകളെ ഉണ്ടായിരുന്നുള്ളു എന്നും 5,000 ആളുകളെ ഉണ്ടായിരുന്നുള്ളു എന്നും പറയുകയുണ്ടായി. അതിന്റെ പിന്നിൽ ലക്ഷക്കണക്കിന് ആളുകളുണ്ട്. അത് ഒരു പാർട്ടി പ്രതിനിധാനം ചെയ്ത ജാഥയാണ്. ഇനി എല്ലാവരുംകൂടി വരുന്നുണ്ട്. ഇതൊന്നും നടപ്പിലാക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല. കർഷകത്തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റെന്നുള്ള നിലയിലാണ് ഞാനിതു പറയുന്നത്. ഇത് പിൻവലിക്കണമെന്നാണ് ഞങ്ങൾ ശക്തിയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ രാജ്യത്തെ കർഷകത്തൊഴിലാളികൾക്ക് ഒരു തുണ്ട് ഭൂമി കൊടുക്കുന്ന നിയമമാണിത്. അതിൽ മുസ്ലീമെന്നോ, ക്രിസ്ത്യാനിയെന്നോ, ഹിന്ദുവെന്നോ ഉള്ള വ്യത്യാസമില്ല. അങ്ങനെ കിട്ടുന്ന ഭൂമി തട്ടിപ്പറിക്കാൻവേണ്ടി കൂട്ടു നിൽക്കരുത്. അതുകൊണ്ട് ഈ വകുപ്പ് പിൻവലിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കരുണാകരൻ: സർ, നമ്മുടെ സംസ്ഥാനത്ത് കാർഷികരംഗത്ത് നിരവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. പക്ഷെ ഈ മാറ്റങ്ങളിൽനിന്നും വ്യത്യസ്തമായി ഇന്ന് പിന്നോട്ട് പോകാനുള്ള ബോധപൂർവ്വമായ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 6 സി-യെ സംബന്ധിച്ച് പറയുമ്പോൾ 1964-നുശേഷം നിയമപ്രകാരം നമ്മുടെ രാജ്യത്ത് കൈമാറ്റങ്ങൾ പാടില്ലെന്ന് ഇവിടെ നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. നിയമത്തിൽ വ്യക്തമായി എഴുതിവച്ചതിനുശേഷം കൈമാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ കൈമാറ്റങ്ങൾക്ക് ഇന്ന് നിയമസാധുത നൽകാൻ പോവുകയാണ്. അതിന്റെ അർത്ഥം നിയമം ലംഘിച്ച ആളുകൾക്ക് പാരിതോഷികം നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതെന്നാണ്. കാർഷിക രംഗത്ത് മാറ്റങ്ങൾ ഉണ്ടായിട്ടുള്ളത് നമ്മുടെ രാജ്യത്ത് ശ്രീ. ആൻറണി പറഞ്ഞതുപോലെ കറാച്ചി പ്രമേയത്തിലൂടെ അല്ല. ഈ രാജ്യത്തെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും സമരം കൊണ്ടാണ്. കയ്യൂരിലേയും, കരിവള്ളൂരിലേയും, മുനയൻകുന്നിലേയും, പുന്നപ്ര-വയലാറിലേയും തൊഴിലാളികളുടെ സമരത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണ്. ഇന്ന് പുന്നപ്ര-വയലാർ വാരാചരണത്തിന്റെ സമാപന ദിവസമാണ്. ഈ ദിവസമാണ് നമ്മുടെ പുതിയ മുഖ്യമന്ത്രി നിയമസഭയിൽ രാജ്യത്തെ ലക്ഷക്കണക്കിന് കർഷകത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കാനുള്ള വകുപ്പുമായി രംഗത്ത് വന്നിട്ടുള്ളത്. ആ സഖാക്കൾ ഉയർത്തിയ ചുടുചോരയിൽ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ നമുക്കറിയാം. ഈ രാജ്യത്തെ ഇടതുപക്ഷപ്രസ്ഥാനത്തെയായാലും നമ്മുടെ രാജ്യത്ത് യഥാർത്ഥത്തിൽ ഭൂമി ലഭിക്കേണ്ട ആളുകളെയായാലും അവർക്കെതിരായി ഉപയോഗിക്കുന്ന ഒരു കഠാരയായിട്ടാണ് ഇതിനെ കാണാൻ സാധിക്കുന്നത്. അതിനുവേണ്ടി ശ്രീ. ആൻറണി അടക്കം ഉള്ളവർ ശ്രമിക്കുകയാണ്. കഠാരി കുത്തണമോ വേണ്ടായോ എന്നുള്ളത് നിങ്ങളാണ് തീരുമാനിക്കേണ്ടത്. വിശ്വപ്രസിദ്ധനായ ഷേക്സ്പിയറുടെ നാടകത്തിലെ ജൂലിയസ് സീസർ എന്ന കഥാപാത്രത്തെയാണ് ഞാൻ ഓർത്തുപോവുന്നത്. റോം ആകെ പിടിച്ചടക്കിയ സമയത്ത് സീസറെ ചക്രവർത്തിയാക്കണമെന്നുള്ള ആവശ്യം മുമ്പോട്ടു വന്നിരുന്നു. എന്നാൽ സീസർ ചക്രവർത്തിയാകാൻ തയ്യാറായില്ല. എങ്കിലും സീസർ ചക്രവർത്തിയായേക്കുമെന്നുള്ള ധാരണയിൽ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്ന ബ്രൂട്ടസ് എന്നു പറയുന്ന ആൾ സീസറെ കുത്തി കൊല്ലുന്നതിന് ഒരു ഗൂഢശ്രമം നടത്തി. പക്ഷെ ബ്രൂട്ടസ്സിനെ വിശ്വസിച്ചുകൊണ്ടുതന്നെ സീസർ പോകുന്നു. പക്ഷെ സീസറെ പിന്നിൽനിന്നും ബ്രൂട്ടസ് കുത്തുന്ന സമയത്ത് സീസർ പറഞ്ഞത് ''you too Brutus you too'' എന്നാണ്. ഞാൻ ''you too Mr. Antony you too'' എന്നു പറയാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഇവിടെ കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളവും ഇടതുപക്ഷ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളവും പാസ്സാക്കാൻ പോകുന്ന നിയമം ഒരു കഠാരയായിട്ട് ഉപയോഗപ്പെടുത്താൻ പോവുകയാണ്. ആ കഠാര ഉപയോഗിക്കുമ്പോൾ മിസ്റ്റർ ആൻറണി നിങ്ങൾ പഴയ കാലഘട്ടത്തിലെ ചില കാര്യങ്ങൾ ഓർക്കണമെന്നുമാത്രം അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി: സർ, അപ്പുറത്തിരിക്കുന്ന പഴയ മലബാറിലെ വള്ളുവനാടിനെയും ഏറനാടിനേയും പ്രതിനിധീകരിക്കുന്ന മുസ്ലീം സഹോദരന്മാരോട് എനിക്ക് ഒരു കാര്യം ചോദിക്കുവാനുണ്ട്. വള്ളുവനാട്-ഏറനാട് താലൂക്കുകളിലെ പാവപ്പെട്ട കൃഷിക്കാർ ഉണ്ടാക്കിയ നെല്ലുമുഴുവൻ സമർത്ഥരായ ആളുകളുടെ പത്തായങ്ങളിലേക്ക് അളന്നപ്പോൾ പട്ടിണിക്കെതിരായി അന്ന് വീരോചിതമായി 1921-ൽ ഒരു ലഹള നടന്നു. അതിന്റെ പര്യവസാനം എന്തായിരുന്നുവെന്നുള്ളതിലേക്ക് ഞാൻ കടക്കുന്നില്ല. എങ്കിലും ആ ലഹളയുടെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ട മുസ്ലീം സഹോദരൻമാരും പാവപ്പെട്ട കൃഷിക്കാരുമായി പതിനാ യിരക്കണക്കിന് ആളുകൾ വെടിയുണ്ടയേറ്റ് മരിച്ചു. അതിനുംപുറമെ 600-ൽപ്പരം മുസ്ലീം കൃഷിക്കാരെ വാഗണിലിട്ട് പൂട്ടി കോയമ്പത്തൂർ ജയിലിലേക്ക് അയച്ചു. അവിടെ വാഗൺ എത്തിയപ്പോൾ വെറും 11 പേർ മാത്രമായിരുന്നു ജീവിച്ചിരുന്നത്. അപ്പോൾ പതിനായിരക്കണ ക്കിന് മുസ്ലീം കൃഷിക്കാർ ജീവൻ കൊടുത്തുകൊണ്ട് തുടങ്ങിവച്ചതാണ് ഈ കർഷകപ്രസ്ഥാനം. 1946 ഡിസംബർ മാസത്തിൽ കാവുംപായിലെ കൃഷിക്കാരൻ കടക്കാട്ടുകടവ് നായനാർക്ക് എതിരായി പുനംകൃഷിഭൂമിക്കു വേണ്ടി പോരാടുകയും വെടിയുണ്ട ഏറ്റ് മരിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷാമകാലത്ത് കാശ് വാങ്ങിക്കൊണ്ട് നെല്ല് ഞങ്ങൾക്ക് ഉണ്ണാൻ തരണ മെന്നാവശ്യപ്പെട്ടതിനെതിരായി ജന്മിയുടെ ഭാഗത്തുനിന്നും പോലീസിനെ അയച്ചു. മുനയംകുന്നിൽ സഖാവ് കുഞ്ഞപ്പുമാസ്റ്റർ അടക്കം ഏഴുപേരെ വെട്ടിക്കൊന്നു. അവരെ ഏഴുപേരേയും ഒരൊറ്റ കുഴിയിൽ കുഴിച്ചുമൂടി. അപ്പോൾ ആ രക്തസാക്ഷികളും സഖാവ് കുഞ്ഞിക്കണ്ണൻ നേരത്തെ ഇവിടെ സൂചിപ്പിച്ച രക്തസാക്ഷികളും സമരം ചെയ്ത് നേടിയെടുത്തതാണ് ഈ നിയമം. ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പിന്തിരിപ്പൻ നിയമം അല്ല, അന്നത്തെ കാർഷിക പരിഷ്ക്കരണ നിയമം. ഇതിനുവേണ്ടി 1921 മുതൽ സമരം നടത്തുമ്പോൾ 1936 മുതൽ സമരം നടത്തുമ്പോൾ എന്റെ എ. കെ. ആന്റണി അന്ന് അങ്ങ് മൂക്കത്ത് ഒലിപ്പിച്ചുംകൊണ്ട് മണ്ണു കൊണ്ട് ഉണ്ണിയപ്പം ഉണ്ടാക്കിക്കൊണ്ടിരുന്ന കാലമായിരുന്നു. മലബാറിലെ കുടിയായ്മ നിയമവും കേരള ഭൂപരിഷ്ക്കരണ നിയമവും ഉണ്ടാക്കി. അതിൽ വെള്ളം ചേർക്കുവാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കീറുംപാല നായനാരുടെയും കല്ലാട്ടു യജമാനന്റെയും ഭൂമികൾ, പാവപ്പെട്ട കൃഷിക്കാർ പണംകൊടുത്ത് രേഖവാങ്ങാതെ 1930 മുതൽ കൈവശം വച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ ഭൂമികൾ ഇന്ന് കല്ലാട്ട് യജമാൻ എന്നു പറയുന്ന ആൾ മിച്ചഭൂമി സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്തി കൊടുത്തിരിക്കുകയാണ്. അങ്ങനെ നിരവധി കൃഷിക്കാർ ആ പ്രദേശത്തുണ്ട്. ഇത്തരം കൃഷിക്കാരെ ഒഴിപ്പി ക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുമോ?

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: അല്ല സർ. അങ്ങനെ ചിലർ പെട്ടിരിക്കാം. ഒരു നിയമം ഉണ്ടാക്കുമ്പോൾ, ഒരു സാമൂഹ്യ പരിഷ്ക്കരണ നിയമം ഉണ്ടാക്കുമ്പോൾ ചിലരൊക്കെ അങ്ങനെ പെട്ടിരിക്കാം. കല്ലാട്ട് യജമാനന്റെ കാര്യസ്ഥൻമാരും ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാരും മറ്റും കൂട്ടുനിന്നുകൊണ്ട് കള്ളരസീത് കൊടുത്ത് മിച്ചഭൂമി നഷ്ടപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ടെന്നുള്ള കാര്യം നിഷേധിക്കാൻ സാധിക്കുമോ? ശ്രീ. നമ്പ്യാർ കർഷകസംഘത്തിന്റെ മെമ്പറായിരുന്നു. അപ്പോൾ ഇത് അങ്ങ് നിഷേധി ക്കുമോ? നിഷേധിക്കുവാൻ ഒക്കുകയില്ല. അതിന് രേഖകളുണ്ട്. കർഷക സംഘത്തിൽ മെമ്പറായിരുന്ന ശ്രീ. നമ്പ്യാർ ജന്മിതാല്പര്യം സംരക്ഷി ക്കുന്നതിനുവേണ്ടി കാലുമാറി ജന്മിക്കുവേണ്ടി ശിങ്കിടിപാടുകയാണ് ചെയ്തിട്ടുള്ളത്. എന്നെ അറിയുന്നവരും ശ്രീ. നമ്പ്യാരെ അറിയുന്നവരും നാട്ടിലുണ്ട്. ഞാൻ അതിലേക്കൊന്നും കൂടുതൽ കടക്കുന്നില്ല.

മി. ചെയർമാൻ (ശ്രീ. ടി. എം. ജേക്കബ്): 6 (സി)-യെക്കുറിച്ചാണ് നമ്മൾ ചർച്ച നടത്തുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: ശ്രീമാൻ ചന്ദ്രശേഖരൻ ഇന്നലെ ശക്തിയുക്തം ഈ നിയമത്തെ എതിർത്തു. അതിൽ ശ്രീമാൻ ചന്ദ്രശേഖരൻ ഉറച്ചുനിന്നാലും എഴുപത്തിനാലോ എഴുപത്തിയഞ്ചോ വോട്ടിന് ഇത് പാസ്സാക്കിയെന്നുവരും. പക്ഷെ ഇവിടെ പ്രശ്നം എന്താണ്? പതിനായിരക്കണക്കിന് ആളുകൾ രക്തസാക്ഷിത്വം വഹിച്ച് നേടിയെടുത്ത ഈ നിയമത്തിൽ വെള്ളം ചേർക്കുന്നതിനോട് അപ്പുറത്തു നിന്നും നാലുകൈ അധികം പൊങ്ങിയാലും എനിക്ക് ഒരു കാര്യം ഓർമ്മിപ്പിക്കുവാനുണ്ട്. 1982-ലോ അതിനുമുൻപോ ഇവിടെ ഒരു തെരഞ്ഞെടുപ്പ് നടന്നാൽ അപ്പുറത്തിരിക്കുന്നവർ, കൃഷിക്കാരുടെ താല്പര്യത്തിന് എതിരായി വോട്ടുചെയ്യുന്നവരിൽ അധികം ആളുകളും, ഈ അസംബ്ലിയുടെ പടി കടക്കുകയില്ല. ഈ രാജ്യത്തെ കൃഷിക്കാരും കർഷകത്തൊഴിലാളികളും ഈ നിയമം നടപ്പിലാക്കുവാൻവേണ്ടി ജീവൻവരെ കൊടുത്തതാണ്. അതുകൊണ്ട് അതിനു പകരംവീട്ടും എന്നോർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. സത്യനേശൻ: സർ, കർഷകത്തൊഴിലാളികൾക്കും സാധാരണ കൃഷിക്കാർക്കും വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് നാലുലക്ഷത്തോളം ഏക്കർ മിച്ചഭൂമി കിട്ടിയത്. 1970 ജാനുവരി 1-ാം തീയതി നടപ്പിലാക്കിയ നിയമം അനുസരിച്ചാണ് നമുക്ക് ഇത്രയും മിച്ചഭൂമി ലഭ്യമായത്. അതിന്റെ നേർപകുതി ഭൂമി ശ്രീ. ഏ. കെ. ആന്റണിയും, ശ്രീ. കെ. കെ. ബാലകൃഷ്ണനും, ശ്രീ. ദാമോദരൻ കാളാശ്ശേരിയും, ശ്രീ. വെള്ള ഈച്ചരനും ദുർബലജനവിഭാഗങ്ങൾ എന്ന് അറിയപ്പെടുന്ന പാവപ്പെട്ട പുലയനും പറയനും വിതരണം ചെയ്യേണ്ടതാണ്. എന്നാൽ അങ്ങനെ കിട്ടിയ ഭൂമി പി. എ. പി.യെപ്പോലുള്ള മുതലാളിമാർക്കും തിരുവിതാംകൂർ മഹാരാജാവിനും മുരുക്കനും തിരിച്ചുകൊടുക്കുവാനുള്ള ഒരു നിയമമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തെ കള്ളക്കൈമാറ്റവസ്തു നിയമം എന്നു വിളിക്കണമെന്നാണ് എന്റെ അഭിപ്രായം. ശ്രീ. ഏ. കെ. ആന്റണിയും ശ്രീ. സി. എച്ച്. മുഹമ്മദുകോയയും ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ നിയമം ഒരു പിന്തിരിപ്പൻ നിയമമാണ്.

ക്രിസ്ത്യൻ, മുസ്ലീം സമുദായങ്ങളെയാണ് മൈനോറിട്ടി എന്നു പറയുന്നത്. സർ, വാസ്തവത്തിൽ മൈനോറിട്ടി ആരാണ്? കാസർകോട് മുതൽ പൊഴിയൂർവരെയുള്ള പാവപ്പെട്ട ക്രിസ്ത്യാനികൾക്ക് ഒരു സെന്റ് ഭൂമിപോലും കൈവശമില്ല. അതുപോലെ അവശ ക്രിസ്ത്യാനികളുണ്ട്. അവർക്ക് ജനസംഖ്യയിൽ നിർണ്ണായകമായ ഭൂരിപക്ഷമുണ്ട്. സർ, അപ്പോൾ ഈ ക്രിസ്ത്യാനികൾ എന്നു പറയുന്നത് ആരെയാണ്? മുരുക്കനെപ്പോലുള്ള അഞ്ചാറ് കത്തോലിക്കാ പ്രമാണിമാരെയാണ് ഇവിടെ ക്രിസ്ത്യാനികൾ എന്നു വിവക്ഷിക്കപ്പെടുന്നത്. ഈ രാജ്യത്ത് ഭൂമിക്കുവേണ്ടി ദാഹിക്കുന്ന ലക്ഷോപലക്ഷം പാവപ്പെട്ട കൃഷിക്കാരുണ്ട്. അവരുടെ ആവശ്യത്തിന് ഉപയോഗിക്കേണ്ട ഭൂമിയാണ് ഈ മുതലാളിമാർക്ക് കൊടുക്കുവാൻ പോകുന്നത്. അതുപോലെതന്നെ കിടപ്പാടമില്ലാത്ത എത്രയോ മുസ്ലീങ്ങൾ ഉണ്ട്. അവർക്കും കിട്ടേണ്ട ഭൂമിയാണ് മുതലാളിമാർക്ക് കൊടുക്കുവാൻ പോകുന്നത്. സർ, 6 (സി) വകുപ്പ് പാസ്സായിക്കഴിഞ്ഞാൽ ഒരു സെന്റ് ഭൂമിപോലും മിച്ചഭൂമിയായി ലഭിക്കുകയില്ല. അതുകൊണ്ട് അത് പാസ്സാക്കുവാൻ പാടില്ലായെന്നുള്ളതാണ് എന്റെ വാദം. ഇന്നലെ ശ്രീ. ആന്റണി സഖാവ് ഇ. എം. എസ്സിനോട് ഒരു ചോദ്യം ചോദിക്കുകയുണ്ടായി. 1969-ലെ നിയമം പാസ്സാക്കിയാൽ മതിയോ എന്ന് ചോദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

അത് നടപ്പാക്കിയാൽ മതി. 1970 ജാനുവരി ഒന്നാം തീയതി നടപ്പാക്കിയ നിയമമാണ്. ആ നിയമത്തിലേക്ക് തിരികെ പോവുകയാണ് പുരോഗമനത്തിന്റെ പേരുപറഞ്ഞുംകൊണ്ട് ബഹുമാനപ്പെട്ട ആന്റണി. അദ്ദേഹം ഒരു കമ്മിറ്റുമെന്റ് നടത്തിയിട്ടുണ്ടെന്നാണ് അവകാശപ്പെടുന്നത്. ഒരു പിടി ജന്മിമാരുടെകൂടെ, കായൽ രാജാക്കന്മാരുടെകൂടെ ശ്രീമാൻ ആന്റണി കമ്മിറ്റുമെന്റ് നടത്തി. ശ്രീ. ആന്റണിയുടെ നേതാവ് ജവഹർലാൽ നെഹ്റു 1931-ൽ ഒരു കമ്മിറ്റുമെന്റ് നടത്തി. അന്ന് കോൺഗ്രസ് അധികാരത്തിൽ വന്നാൽ കൃഷിക്കാരന് ഭൂമി കൊടുക്കുമെന്നുള്ള കമ്മിറ്റുമെന്റ് നടത്തിയിട്ടുണ്ട്. കോൺഗ്രസ് മുപ്പതുവർഷക്കാലം ഇൻഡ്യ ഭരിച്ചു. ആ കമ്മിറ്റുമെന്റ് എവിടെപ്പോയി? കാർഷിക പരിഷ്ക്കരണ നിയമം കൊണ്ടുവരുമ്പോൾ എല്ലാം ഈ രാജ്യത്ത് എന്നും വിമോചനസമരമാണ്. 1957-ൽ നിയമം അവതരിപ്പിച്ചപ്പോൾ ശ്രീമാൻ ആന്റണി വിമോചനസമരം സംഘടിപ്പിച്ചു. 1969-ലെ നിയമം പാസ്സാക്കിയപ്പോൾ ശ്രീമതി ഇന്ദിരാഗാന്ധി ഇവിടെവന്ന് ചില ആളുകളെ ചാക്കിലിട്ടു. നിയമം നടപ്പാക്കി മുന്നോട്ടുപോയപ്പോൾ ആ നിയമത്തെ അട്ടിമറിച്ചുകൊണ്ട് പാവപ്പെട്ട ഹരിജനങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും ആദിവാസികൾക്കും ലഭിച്ച നാലുലക്ഷം ഏക്കർ ഭൂമി കള്ളക്കൈമാറ്റബില്ല് പാസ്സാക്കി തിരുമറി ചെയ്യുകയാണ്. പി. എ. പി. മുതലാളിമാരേയും തിരുവിതാംകൂർ മഹാരാജാവിനേയും മുരിക്കനേയും മറ്റ് ജന്മിമാരേയും സഹായിക്കാൻവേണ്ടി കൊണ്ടുവന്ന കള്ളക്കൈമാറ്റബില്ല് ഈ രാജ്യത്ത് നടപ്പാകാൻ പോകുന്നില്ല. അടിയന്തിരാവസ്ഥക്കാലത്ത് ഒരു ബില്ല് ഇവിടെ പാസ്സാക്കി. അന്ന് ഭരണഘടനാഭേദഗതി കൊണ്ടുവന്നു. അത് നടന്നില്ല. ആ ഭരണഘടനാഭേദഗതി കൊണ്ടുവന്നവർക്ക് രാജ്യം നഷ്ടപ്പെട്ടു. അതുപോലെ ഈ നിയമം നടപ്പാക്കാൻ സമ്മതിക്കുകയില്ല. നിങ്ങൾക്ക് ഇത് പാസ്സാക്കാൻ കഴിയും; പക്ഷെ ഈ രാജ്യത്ത് നടപ്പാകാൻ പോകുന്നില്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ആർ. ശിവൻ: നമ്മുടെ കാർഷികപരിഷ്ക്കരണനിയമങ്ങളിലെ ഭൂരിഭാഗം ഖണ്ഡികകളും വകുപ്പുകളും പരിശോധിച്ചാൽ ഭൂമിയിൽ ഒരുരീതിയിലല്ലെങ്കിൽ മറ്റൊരുരീതിയിൽ കൈവശാവകാശം സ്ഥാപിച്ചിരുന്നവർ ഉണ്ടെന്നുള്ളത് മനസ്സിലാകും. പാട്ടക്കൃഷിക്കാർ, വാരക്കൃഷിക്കാർ, കുടികിടപ്പുകാർ, കുടിയിരിപ്പുകാർ തുടങ്ങിയ വിഭാഗങ്ങൾ ഉണ്ട്. കാർഷികപരിഷ്ക്കരണനിയമത്തിൽ ഒരു പാരഗ്രാഫ് ഒരു വിഭാഗത്തെക്കുറിച്ച് പറയുന്നുണ്ട്. അവരാണ് മിച്ചഭൂമി ലഭ്യമാകേണ്ട ഹരിജനങ്ങളും ഗിരിജനങ്ങളും കർഷകത്തൊഴിലാളികളും. അവരെക്കുറിച്ച് വളരെ കുറച്ചേ ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളു. അത്തരക്കാർക്ക് ലഭ്യമാകേണ്ട ഭൂമിയാണ് മിച്ചഭൂമി. ആ കുടുംബത്തിന് കൈവശംവയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചുകൊണ്ട് ബാക്കിയുള്ള ഭൂമി എടുത്ത് വിതരണംചെയ്താൽ മാത്രമേ ഇത്തരക്കാർക്ക് ലഭ്യമാവുകയുള്ളു. സ്വന്തമായി തലചായ്ക്കാനും ചത്താൽ കുഴിച്ചിടാനുമുള്ള മണ്ണിനുവേണ്ടിയുള്ള അവരുടെ ദാഹം വർഷങ്ങളായി തുടരുന്നു. മിച്ചഭൂമി തിരുമറി ചെയ്യുന്നതിലും കള്ള കൈമാറ്റം നടത്തുന്നതിലും പ്രാമുഖ്യമർഹിക്കുന്ന ഒരു വകുപ്പാണ് 6 (സി) എന്നുള്ളതുകൊണ്ടാണ് അതിനെ ഞങ്ങൾ എതിർക്കുന്നത്. ആ ബില്ല് പാസ്സാക്കുന്നതിനുവേണ്ടി സംജാതമാക്കിയിട്ടുള്ള കൂട്ടുകെട്ടുകളെക്കുറിച്ച് ഒരുമിനിട്ട് പറയേണ്ടിവരും. 1974-ൽ ആണെന്നാണ് എന്റെ ഓർമ്മ. ശ്രീ. ആന്റണി ആലപ്പുഴ കിടങ്ങാംപറമ്പ് മൈതാനത്ത് നടത്തിയ ഒരു പ്രസംഗം പത്രത്തിൽവന്നു. കൃഷിഭൂമി കർഷകത്തൊഴിലാളിക്ക് എന്നാണ് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. കൃഷിക്കാർക്ക് എന്നല്ല പറഞ്ഞത്. പക്ഷെ കർഷകത്തൊഴിലാളിക്ക് കൃഷിഭൂമി വേണ്ട മിച്ചഭൂമിയെങ്കിലും കൊടുക്കാനുള്ള സംവിധാനത്തിനുവേണ്ടി പതാകാവാഹകനാകേണ്ട അദ്ദേഹം തിരുമറിചെയ്യാൻവേണ്ടി നടത്തുന്ന ഉപജാപങ്ങളിൽ, കോഴിയും കുറുക്കനും ഒരുകൂട്ടിൽ അന്തിയുറങ്ങുന്ന പ്രതിഭാസം, സാമ്പത്തികസംവരണത്തിനുവേണ്ടി നിൽക്കുന്ന എൻ. ഡി. പി. യും സാമുദായികസംവരണത്തിനുവേണ്ടി നിൽക്കുന്ന മുസ്ലീം ലീഗും ഒന്നിച്ചുചേർന്നിരിക്കുന്ന ഒരു രാഷ്ട്രീയ വികൃത പ്രതിഭാസത്തിൽ അദ്ദേഹവും പതാകാവാഹകനായതിൽ എനിക്ക് അതിയായ വേദനയും സങ്കടവുമുണ്ട്, ഇത് കാണുമ്പോൾ എനിക്ക് ഒരു തമാശയാണ് ഓർമ്മവരുന്നത്. ഗുജറാത്തി മാർവാടി ബയ്യാമാർ എന്നീ വലിയ മുതലാളിമാരുണ്ട്. അവർക്ക് 84 വയസ്സാകുമ്പോൾ ഞരമ്പുബലം നഷ്ടപ്പെടും. പക്ഷെ അവർ കഴിഞ്ഞ ചില സാഹചര്യങ്ങൾ മറക്കാൻ തയ്യാറല്ല. അതിനുവേണ്ടി എന്തു ചെയ്യുമെന്ന് അറിയാമോ? വലിയ കാശുകൊടുത്ത് എയർ കണ്ടീഷൻ മുറികളുണ്ടാക്കി അതിനകത്ത് ഞരമ്പുബലമുള്ള യുവതീയുവാക്കളെ ഇവർ ആക്കും. എന്നിട്ട് ദൂരെനിന്ന് ഇവർ അവരോട് ചില കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെടും. അതുകണ്ട് അവർ രസിക്കും. അതുപോലെയുള്ള മാർവാഡി-ഗുജറാത്തി ബയ്യാമാരെ ഓർമ്മിപ്പിക്കുന്ന അവിശുദ്ധ സഖ്യമാണിവിടെ. നാലുവശത്തുമിരുന്നുകൊണ്ട് പതിനഞ്ചുപേരെക്കൊണ്ട് ഭരിപ്പിക്കുന്നത് എന്തിനാണ്? നേരത്തേ പറഞ്ഞ കാവലയ്ക്കൽ മാത്തനേയും മാങ്കൊമ്പിൽ സ്വാമിയേയും മുരിക്കനേയും ശിവരാമപ്പണിക്കരേയുംപോലെയുള്ള ആളുകൾ പട്ടിയുടേയും പൂച്ചയുടേയും പോത്തിന്റേയും പേരിൽ എഴുതിവച്ചിട്ടുള്ള ഭൂമി ഇത്തരം ചില ഓമനപ്പേര് പറഞ്ഞ് സ്വന്തമാക്കാനുള്ള ഉപജാപത്തിന് കൂട്ടുനിൽക്കുന്ന ദയനീയമായ കാഴ്ച അറുപതുശതമാനത്തോളം വരുന്ന സാക്ഷരതയുള്ള നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് അംഗീകരിക്കാൻ കഴിയാത്ത വേദനകൊണ്ടും ഈ കള്ളക്കൈമാറ്റത്തെ പ്രോൽസാഹിപ്പിക്കുന്ന 6 (സി) വകുപ്പ് നിലനിൽക്കരുതെന്ന് ആഗ്രഹിക്കുന്നതുകൊണ്ടും പറഞ്ഞുപോയതാണ്. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: സർ, മൂന്നാം വകുപ്പിന് 132, 135, 136 എന്നീ മൂന്ന് ഭേദഗതികൾ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്.

മി. ചെയർമാൻ: 132 ആർഡറിൽ അല്ല.

ശ്രീ. ഇ. പി. ഗോപാലൻ: ആർഡറിലാണെന്ന് അങ്ങ് പറയുന്ന 135-ം 136-ം ഞാൻ അവതരിപ്പിക്കുന്നില്ല. 132-ാം ഭേദഗതിയെസംബന്ധിച്ചാണ് ഞാൻ പറയാനാഗ്രഹിക്കുന്നത്.

മി. ചെയർമാൻ: 135-ം 136-ം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതിക്കുള്ള ഭേദഗതിയാണ്. ആ ഭേദഗതി മൂവ് ചെയ്യാത്തതുകൊണ്ട് സംസാരിക്കേണ്ട ആവശ്യമില്ല.

ശ്രീ. ഇ. പി. ഗോപാലൻ: മൂന്നാം വകുപ്പിന് അവതരിപ്പിച്ച ഭേദഗതിക്ക് ഭേദഗതിയായി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഭേദഗതി പിൻവലിച്ചുകണ്ടതിൽ എനിക്ക് സന്തോഷമുണ്ട്. ഇന്നലെ പൊതുചർച്ചയിൽ അതുസംബന്ധിച്ച് ഞാൻ സംസാരിച്ചു. ലീസ് ഗ്രാൻറഡ് എന്നുള്ളതിനും ലീസ് എക്സിക്യൂട്ടഡ് എന്നുള്ളതിനും തമ്മിലുള്ള വ്യത്യാസം ഒരു ചർച്ചയ്ക്കുശേഷം മനസ്സിലാക്കി അദ്ദേഹം പിൻവലിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. അതിന് അന്തസ്സുള്ള ഭാഷയിൽ കോംപ്രമൈസ് എന്ന് പറയാം. അത് കോംപ്രമൈസായി എന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുസ്ലീംലീഗിനെക്കുറിച്ച് അശ്ലീലഭാഷയിലൊന്നും സംസാരിക്കാൻപോകുന്നില്ല. എനിക്ക് ഒരു അന്തസ് ഉണ്ടെന്നാണ് എന്റെ അഭിപ്രായം. ഈ ഭേദഗതികൾ അവതരിപ്പിക്കാനുള്ള സന്ദർഭം ഇതിനുമുമ്പ് പലപ്പോഴും ഐക്യകക്ഷികളിൽ ഉണ്ടായിരുന്നു. ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പുണ്ടായി പൊതുവിൽ ഈ സംസ്ഥാനത്തിന് നൻമചെയ്യുന്നവിധത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കണം. കോംപ്രമൈസ് ശ്രമങ്ങളെ സഖാവ് ശ്രീനിവാസൻ വിവരിച്ചതിനേക്കാൾ ഭംഗിയായി ഇവിടെ വിവരിച്ചത് ശ്രീ. ബേബി ജോൺ ആയിരുന്നു. കോംപ്രമൈസിന്റെ വിവരം പറഞ്ഞ ശ്രീ. ബേബി ജോണിന്റെ പാർട്ടിയുടെ പേര് മാറ്റേണ്ട. അങ്ങനെ ഏറ്റവും ഫലപ്രദമായി നടത്തിയ ബേബി ജോണിന്റെ പാർട്ടിയുടെ പേർ ആർ. എസ്. പി. എന്നുതന്നെ നിലനിൽക്കണം. കുറച്ചുകാലമെങ്കിലും ആ കാലത്ത് കോംപ്രമൈസിൽനിന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേര് അക്ഷരത്തോത് അനുസരിച്ച് മാറ്റണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ, അദ്ദേഹത്തിനറിയാം, അദ്ദേഹവുംകൂടി ഉൾപ്പെടുന്ന പ്രദേശത്ത് പല സംഭവങ്ങളിലും ബന്ധപ്പെട്ടിട്ടുള്ള എന്റെ കാര്യം. എനിക്ക് ഈ ആളുകളുടെ ജാതകം നോക്കാൻ ബഹുരസമാണ്. അനവധി ആളുകളുടെ ജാതകം നോക്കിയിട്ടുണ്ട്. അങ്ങനെ ജാതകം നോക്കി ഫലം പറഞ്ഞതിൽ പലരും കിടപ്പായിട്ടുണ്ട്. ചീത്ത നാവുകൊണ്ടൊന്നും പറഞ്ഞിട്ടില്ല. ഞങ്ങൾ ഈ നിയമത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇത്തരം ഒരു നിയമനിർമ്മാണത്തിൽ അവശ്യം സ്വീകരിക്കേണ്ട വിട്ടുവീഴ്ചകൾ അതാതു കാലങ്ങളിൽ ചെയ്തിട്ടുണ്ട്. ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി എന്നുള്ള നിലയ്ക്ക് ഞങ്ങൾ വിട്ടുവീഴ്ചകൾ ചെയ്തിട്ടുണ്ട്. ഈ ഭൂപരിഷ്ക്കരണകാര്യത്തിൽ ഇപ്പോഴും ചെയ്തുകൊണ്ടിരിക്കയാണ്. അതിനു കാരണം ഞങ്ങൾക്ക് വസ്തുനിഷ്ഠമായ സ്ഥിതിവിശേഷങ്ങൾ അറിയാം എന്നുള്ളതുകൊണ്ടാണ്; അറിഞ്ഞിരിക്കണം എന്നുള്ളതുകൊണ്ടാണ്. ഭൂപരിഷ്ക്കരണത്തെ സംബന്ധിച്ച് വസ്തുതകൾക്കെതിരായിട്ട് പറയുന്നത് ഞങ്ങളൊക്കെ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്, ക്ഷമിച്ചിരുന്നിട്ടുമുണ്ട്. എന്താണ് ഈ ഭൂപരിഷ്ക്കരണം? ഒരു മുതലാളിത്ത വ്യവസ്ഥിതിയിലുള്ള ഭൂപരിഷ്ക്കരണം മുതലാളിത്ത ഭൂപരിഷ്ക്കരണമാണ്. ഒരു ജൻമിക്കു പകരം ആയിരം ജൻമിയെ സൃഷ്ടിക്കുന്ന പരിഷ്ക്കരണമാണ്. മുതലാളിത്ത വ്യവസ്ഥിതിയിലെ കടമ്പകളൊക്കെ കടന്നിട്ടുവേണം സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ എത്താൻ. വർത്തമാനം പറഞ്ഞതുകൊണ്ടൊന്നും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ എത്തില്ല. ഒരു മുതലാളിത്ത വ്യവസ്ഥിതി ഇതൊക്കെ അറിഞ്ഞിരിക്കേണ്ട കാര്യമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പേർ മാറ്റണം എന്നു പറയുമ്പോൾ എനിക്കിതൊന്നും എതിർക്കാൻ പറ്റുകയില്ല എന്നാണോ വിചാരിക്കുന്നത്. വെടിയുണ്ടകൾ ആണെങ്കിൽപോലും അതിന്റെ മുമ്പിൽനിന്നുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നാമധേയവും അതിന്റെ അന്തസ്സും അതിന്റെ ഉശിരും നിലനിറുത്താൻ കടപ്പെട്ടവരായിട്ടുള്ള ആളുകളാണ് ഞങ്ങൾ. പേർ മാറ്റം പരിഹാസ്യമായിട്ടു പറഞ്ഞാൽ പകരം കൊടുക്കാൻ അറിയാഞ്ഞിട്ടല്ല. പക്ഷേ കൊള്ളാവുന്ന ആളുകൾക്ക് പറയാൻ കൊള്ളാത്തത് പറയാൻ കഴിയുമോ. അതുകൊണ്ടാണ് ഞാൻ പറയുന്നത് അങ്ങനെയൊരു ബൂർഷ്വാ പരിഷ്ക്കാരം ആണെന്നറിഞ്ഞിട്ടുപോലും ഇവിടെ അടിയന്തിരമായി നിർവ്വഹിക്കേണ്ട ഒരു കടമ നിർവ്വഹിക്കാൻവേണ്ടി ഞങ്ങൾ കോംപ്രമൈസ് ചെയ്തിട്ടുണ്ട്, ആ മാതിരി കാര്യത്തിൽ. അതിനേക്കാൾ വസ്തുനിഷ്ഠമായ ഒരു കോംപ്രമൈസ് ആയിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗത്തുനിന്ന് എടുത്തത്. അതിന്റെ ഫലമായിട്ടെന്താ ഉണ്ടായത്? ശ്രീ. മുഹമ്മദ്കോയയ്ക്കറിയാം, കാർഷികപരിഷ്ക്കാര നിയമം എങ്ങനെ നടപ്പി

ലായി എന്ന്. അതിന് കാലാകാലങ്ങളിൽ, ഇന്ന് അദ്ദേഹം അവകാശപ്പെടുന്ന അദ്ദേഹത്തിന്റെ സമൂഹം—മുസ്ലീങ്ങൾ—എങ്ങനെയാണ് ഏറുവനാട്, വള്ളുവനാട് എന്നിവിടങ്ങളിൽ താമസിച്ചിരുന്നത് എന്ന് എനിക്കറിയാം. അദ്ദേഹത്തിനേക്കാൾ മുമ്പ് ആ രംഗത്ത് പ്രവർത്തിച്ചിരുന്ന ആളാണ് ഞാൻ. അതിനൊന്നും പ്രതിഫലം കാണണമെന്നുള്ള അർത്ഥത്തിലല്ല ഞാൻ പറയുന്നത്. ആ രാജ്യത്ത് മുസ്ലീങ്ങൾ വളരെയേറെ കഷ്ടപ്പെട്ടിരുന്ന കാലത്ത്—1921-ലെ കലാപം കഴിഞ്ഞിട്ട് ഒരു മനുഷ്യൻ തിരിഞ്ഞു നോക്കാത്ത കാലത്ത്—ഒരു പ്രത്യേക ആക്ടിന്റെ ഫലമായിട്ട് ആ സമുദായം വിശേഷിച്ചും അന്ധതയിലും അന്ധകാരത്തിലും നിറഞ്ഞിരുന്ന കാലത്ത്, 1930 മുതൽ ഞങ്ങൾ ആ രംഗത്ത് പ്രവർത്തിച്ചവരാണ്. 1970-ൽ നമ്മൾ തമ്മിൽ ഉണ്ടായ കോംപ്രമൈസിന്റെ ഫലമായിട്ടാണ് 72-ാം വകുപ്പുൾപ്പെടെ കാർഷിക പരിഷ്ക്കരണം നടപ്പാക്കുകയും അതിന്റെ ഫലമായിട്ട് ഏറ്റവും മെച്ചം മുസ്ലീം സമുദായങ്ങൾക്ക് കിട്ടുകയും ചെയ്തിട്ടുള്ളത്. ആ കോംപ്രമൈസിനെ പരിഹസിക്കരുത്. ഇരിക്കുന്ന കൊമ്പ് മുറിക്കരുത് എന്ന അർത്ഥത്തിലാണ് ഞാൻ പറയുന്നത്. അല്ലാതെ ഒരു പകയും വച്ചുകൊണ്ടല്ല. അതുകൊണ്ട് എനിക്കീയവസരത്തിൽ പ്രത്യേകിച്ച് പറയാനുള്ളത് അക്ഷരത്തിന്റെ കളികൊണ്ടൊന്നും കളിക്കേണ്ട സമയമല്ല ഇത്, അർത്ഥത്തിന്റെ കളിയിൽ, യഥാർത്ഥത്തിൽ ഈ രാജ്യത്ത് ഉണ്ടാകുന്ന മാറ്റങ്ങളുടെ കളിയിൽ നമ്മൾ പങ്കെടുക്കേണ്ടതാണ്. ഞാൻ നിങ്ങളുടെ റോളിനെ ഒരുകാലത്തും കുറച്ചുകാണുകയില്ല. 3 പോത്ത് 3 ഏക്കറായേ എന്ന് എത്ര പരിഹാസം നിറഞ്ഞ വാക്കുകൾ ഞങ്ങൾ ഒരുകാലത്ത് കേട്ടിട്ടുണ്ട് എന്നറിയാമോ? കരാറ് പാലിക്കാൻവേണ്ടി മുസ്ലീം മതപണ്ഡിതൻമാർ നടക്കുന്ന ആ കാലത്ത് പാട്ടശീട്ടും ദാനാധാരവും രക്ഷിക്കാൻ വേണ്ടിയിട്ട് മുസ്ലീം മതപണ്ഡിതൻമാരും ചിന്തകൻമാരും പരിശ്രമിച്ചു. ആ കാലത്ത് ഞാനും ആയത്തും ഹതീസ്സും തെറ്റാതെ പഠിച്ച ഒരു മനുഷ്യനാണ്. ആർക്ക് മറുപടി പറയാൻ കഴിയും. ആ കാലത്ത് ഞാൻ അവിടേക്ക് മടങ്ങിപ്പോകുന്നത് 1970-ൽ എത്താനായിരുന്നു. 1970-ൽ കോംപ്രമൈസ് ഫലം ഉണ്ടായിട്ടില്ലേ സർ? ഫലം മുഴുവനും സുഖമായും സുന്ദരമായും അനുഭവിച്ച് അതിന്റെ ഫലം നമ്മുടെ നാട്ടിലും ഉണ്ടായിട്ട് തിരിഞ്ഞുനിന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയെ പരിഹസിക്കുകയാണ്. ഇനി അങ്കമാണ്. അങ്കമാകണമെങ്കിൽ അങ്കമാകാം. ഞാൻ സ്വതേ ഒരു തത്വത്തിൽ വിശ്വസിക്കുന്നവനാണ്. കൂടിയാൽ പിന്നെ പോകരുത്. നമ്മൾ പിരിയേണ്ടിവന്നപ്പോൾ അന്തസ്സായി പിരിഞ്ഞു. ഇപ്പോൾ അവിടെ കാണുന്നത് കോംപ്രമൈസ് അല്ലെങ്കിൽ മറ്റ് എന്താണ്. സർ, അവിടെയിരിക്കുന്ന കക്ഷികളെ നമ്മൾ അറിയാത്തതാണോ? ഈ കേരളത്തിൽ ഇതിൽ പലരും ജനിക്കുന്നതിനുമുമ്പ് ആ കക്ഷികളെപ്പറ്റി മനസ്സിലാക്കിയിട്ടുണ്ട്. എന്നിട്ട് അവിടെ കാണുന്ന വേഷങ്ങൾ എന്തൊക്കെയാണ്. ഞാൻ എന്റെ അന്തസ്സുകൊണ്ടാണ്. . . . . (ബഹളം) എനിക്ക് മലയാള ഭാഷയിൽ അവരുടെ കക്ഷിബന്ധത്തെക്കുറിച്ച് പറയാൻ അറിയാഞ്ഞിട്ടല്ല.

(Mr. Speaker in the Chair)

ശ്രീ. പി. സീതിഹാജി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ബില്ലിന്റെ ചർച്ചാവേളയിൽ രാഷ്ട്രീയവും കോംപ്രമൈസുമാണ് പറയുന്നത്. ബില്ലിന്റെ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: സീതിഹാജിക്കുകൂടി അതിൽ താൽപര്യമുണ്ട്. ബില്ലിന്റെ വകുപ്പിനെക്കുറിച്ച് ഞാൻ പറയാം. എല്ലാ വകുപ്പുകളും മനസ്സിലാക്കിയിട്ടുള്ള ആളാണ് ഞാൻ. അതുകൊണ്ട് എനിക്ക് വകുപ്പുകളെക്കുറിച്ച് പറയാനറിയാം.

ശ്രീ. ഇ. അഹമ്മദ്: അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മെംബർ ഇതുവരെ സംസാരിച്ചത് ശ്രീ. സീതിഹാജി ചൂണ്ടിക്കാണിച്ചതുപോലെ ആ പ്രൊവിഷനിൽ നിന്നുകൊണ്ടല്ല. സമ്മതിക്കാമോ ?

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ എവിടയാ നിൽക്കുന്നത് എന്നുള്ളത് വളരെ വ്യക്തമാണ്. നമ്മുടെ ഭൂപരിഷ്ക്കരണം പോലെയുള്ള വിപുലമായി സർവ ഭാഗങ്ങളും സ്മരിക്കുന്ന ഒരു നിയമത്തിന്റെ ഫലമായി അതിലെ വകുപ്പുകഠം നടപ്പാക്കുമ്പോഠം ചില ഗുണങ്ങളുണ്ട്. ആ ഗുണങ്ങളാണ് മൂലനിയമത്തിലുള്ള 74-ാം വകുപ്പ്. ആ 74-ാം വകുപ്പിന് പാരവയ്ക്കുന്നതാണ് ഇപ്പോഴത്തെ ഭേദഗതി. ചില കോയ്പ്പനകഠം, ചില കുടിയായ്മകഠം, വാസ്തവത്തിൽ നമുക്ക് ഒരു ഘട്ടത്തിൽ അംഗീകരിക്കേണ്ടി വരുമെന്നാണ് എന്റെ അഭിപ്രായം. ആ നാമധേയത്തിൽ വേറെ വേല ചെയ്യുന്നത് ഞങ്ങഠം കണ്ടുകൊണ്ടിരിക്കണം എന്നാണോ പറയുന്നത്. ഞങ്ങളൊക്കെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ വളർത്തിക്കൊണ്ടുവന്ന ഒരു പ്രസ്ഥാനമാണ് കാർഷിക പ്രസ്ഥാനം. ഈ സഭയിലും പുറത്തും കേരളം കാർഷിക പരിഷ്ക്കരണത്തിന്റെ മുൻപന്തിയിൽ നിൽക്കുന്നു എന്നു കേഠക്കുമ്പോഠം ആയിരാമത്തെ പ്രാവശ്യമാണ് കേഠക്കുന്നതെങ്കിൽപ്പോലും എനിക്ക് ആവേശം തോന്നാറുണ്ട്. 1957–58 കാലഘട്ടത്തിൽത്തന്നെ ഒരു നിയമം കൊണ്ടുവരുമ്പോഠം ആരെയെങ്കിലും പേരിൽ അതിനെ ആക്ഷേപിക്കുന്നത് അന്നുമുതൽ തുടങ്ങിയതു തന്നെ. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു മാറ്റം ഉണ്ടായിരുന്നു. ഞാൻ സംസാരിച്ചതിനൊക്കെ ഫലമുണ്ടെന്നാണ് എന്റെ അഭിപ്രായം. കൺക്ലൂഡ് ഒഴിച്ച് ബാക്കിയുള്ള കാര്യങ്ങളിലൊക്കെ ഫലം ഉണ്ടെന്നാണ് എന്റെ അഭിപ്രായം. സ്വതേ ഇതങ്ങു അംഗീകരിച്ചാൽ, കോംപ്രമൈസ് കൊണ്ട് ഉണ്ടായിട്ടുള്ള ഗുണം കളഞ്ഞു കുളിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഈ പുതിയ കോംപ്രമൈസിൽനിന്നും ഈ വേല ചെയ്താൽ അപകടം ആണെന്നേ എനിക്ക് പറയാനുള്ളു. അത് പല സമയത്തും പറഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രത്യാഘാതം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുന്നവർക്കേ അതിന്റെ ചൂടും വേദനയും മനസ്സിലാക്കാൻ സാധിക്കുകയുള്ളു. സർ, എത്ര ആളുകളാണ് ഈ നിയമത്തിന്റെ ഈ വകുപ്പിനെ കാത്തിരിക്കുന്നതെന്നറിയാമോ? സർ, എന്തെല്ലാം വിക്രിയകളാണ് ഇതിൽ ചെയ്തിട്ടുള്ളതെന്നറിയാമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ ഈ വകുപ്പിനെക്കുറിച്ചുള്ള വിശദമായ ചർച്ചയിലും പങ്കെടുത്തു. അതുകൊണ്ട് ദയവായി നിറുത്തുക.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഞാൻ ചുരുക്കുന്ന പക്ഷത്തു തന്നെയാണ്. പക്ഷെ ഈ ബില്ലിന്റെ പ്രധാനഭാഗമാണിത്. അത്യാവശ്യം മിച്ചഭൂമി കണ്ടെത്തി ഭൂമിയില്ലാത്ത ആളുകഠക്ക് കൊടുക്കുന്ന കാര്യത്തിൽ ഒരു പാര വയ്ക്കുന്ന കാര്യം എത്ര പറഞ്ഞാലും മനസ്സിലാവുകയില്ല. വാസ്തവത്തിൽ അങ്ങയുടെ ഭേദഗതി അംഗീകരിച്ചാൽ എന്ത് അപകടമാണെന്നറിയാമോ. അത് അങ്ങ് അറിഞ്ഞുകൊണ്ട് പിൻവലിച്ചതെന്നാണ് എന്റെ അഭിപ്രായം. ഈ 3–ാം വകുപ്പിന് ഒരു ഭേദഗതികൊടുത്താൽ

LIBRARY ARCHIVES Kerala Legislative Assembly

എന്തെന്ന് എനിക്ക് തോന്നുന്നു. അത് ഈ വകുപ്പ് എഴുതുന്നവർക്കും, വ്യാഖ്യാനിക്കുന്നവർക്കും പിടി കിട്ടാത്ത ഒരു കാര്യമാണ്. അതാണ് ഇപ്പോഴും ഈ രാജ്യത്ത് നിലനിൽക്കുന്നത്. അതു മനസ്സിലാകണമെങ്കിൽ, 1970 മുതൽ 1979 വരെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നിയമത്തിനെ പരാജയപ്പെടുത്തുന്നതിനുവേണ്ടി അതിശക്തമായ ഗൂഢാലോചനകൾ അങ്ങേത്തലവരെയുള്ള ബുദ്ധിരാക്ഷസൻമാർ നിയമത്തിൻെറ പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എത്രയോ പുതിയ ഏർപ്പാടുകളുടെ നാമധേയത്തിൽ ഈ ഭൂമി പോകണം. അത് എന്തുകൊണ്ടാണ് മനസ്സിലാകാത്തത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവിടെയാണ് ഈ സാമൂഹ്യബന്ധങ്ങൾ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഇക്കാര്യത്തിൽ ഈ രാജ്യത്തുള്ള എല്ലാവരും ഈ കാര്യങ്ങളിൽ താൽപ്പര്യമുള്ളവരാണെന്ന് മനസ്സിലാക്കണം. ഈ രാജ്യത്ത് ഒരു വിഭാഗം സ്ഥാപിതതാൽപ്പര്യക്കാരുണ്ട്. അവർക്ക് ആരെവേണമെങ്കിലും വിലയ്ക്ക് വാങ്ങാൻ കഴിയും. വിലയ്ക്ക് വ്യത്യാസം വരുമെന്നേയുള്ളു. അതാണ് വാസ്തവത്തിൽ ഇന്ന് ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഞാൻ കാണുന്ന ഏറ്റവും വലിയ അപകടം. ഒരു പണച്ചാക്കുമായി ചന്തയിൽ ഇറങ്ങിയാൽ ഈ രാജ്യത്തെ ആരെയും വിലയ്ക്കു വാങ്ങാമെന്ന ഒരു ധിക്കാരം ഇവിടെ വിജയിച്ചു വരുന്നുണ്ട്. ഈ 3-ാം വകുപ്പിൻെറ ഭേദഗതിയിലും അതാണ് ഞാൻ ദർശിക്കുന്നത്. ഇത് നിങ്ങൾ പാസ്സാക്കുകയാണെങ്കിൽ നിശ്ചയമായും ഇവിടെ നിൽക്കാൻ പോകുന്നില്ലെന്നുള്ളത് തീർച്ചയാണ്. ആര്, എന്ത്, എവിടെ ? ആരുമായും ഗവൺമെൻറിന് കണക്കു കൂട്ടാൻ കഴിഞ്ഞില്ലെന്ന് വരും. കൂട്ടിയ കണക്കും ഒരു പക്ഷെ വെളിച്ചം കണ്ടില്ലെന്നും വരും. എന്നാലും നാടുണരും, കണക്കുണ്ടാകും, അതാണ് ഈ വിഷയത്തിൻെറ ഒരു പ്രത്യേകത. അവിടെയാണ് നമ്മൾ എത്തിയിരിക്കുന്നതെന്ന് അറിയണം. ഏഴുകൊല്ലങ്ങളായി നടക്കുന്ന ആളുകളുണ്ട്. 1970 ജനുവരി 1 എന്നു പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പൊന്നുദിനമാണ്. സർ, ഇവിടെ പാട്ടം വാങ്ങലും കൊടുക്കലുമെല്ലാം ഭാരതപര്യടനം നടത്തിയതാണ്. ഈ വിശാലമായ ഭാരതത്തിൽ പാട്ടം വാങ്ങലും കൊടുക്കലും നിയമപ്രകാരം നിരോധിച്ച ഒരു പൊന്നു സംസ്ഥാനം ഇൻഡ്യയിൽ വേറെ കാണുകയില്ല. നിസ്സാരമാണോ ഈ കാര്യം, നിങ്ങൾക്ക് ഇത് പറഞ്ഞാൽ മനസ്സിലാകുകയില്ല. പാട്ടം വാങ്ങലും കൊടുക്കലും അവസാനിപ്പിക്കുക, ജൻമിത്വം അവസാനിപ്പിക്കുക, നാടുവാഴിത്തദുഷ്പ്രഭുത്വത്തിൻെറ നട്ടെല്ലൊടിക്കുക, സാമൂഹ്യപുരോഗതിക്ക് വേണ്ടിയിട്ടുള്ള കളമൊരുക്കുക ഇതൊക്കെ ചെയ്തിട്ടുള്ളത് ഈ സംസ്ഥാനമാണ്. ഇതിൻെറ പരിണിത ഫലങ്ങളായി ഉണ്ടായ ഒരു വിഷയമാണ്. ഇനിയും അവിഹിതമായി കൈവശം വച്ച ഭൂമിക്കു നിയമപരമായി സഹായം കൊടുക്കുക! അവരുടെ നാമധേയത്തിൽ ഈ 3-ാം വകുപ്പ് പാസ്സാക്കുകയാണെങ്കിൽ, അതിൽക്കൂടെ ഒലിച്ചു വരുന്ന പ്രേതങ്ങൾ, ദുർഭൂതങ്ങൾ, ഭദ്രകാളികൾ അവരെയൊക്കെ നിറുത്തേണ്ടിടത്തു നിറുത്താൻ വേറെ വഴി നോക്കുകയല്ലാതെ നിർവാഹമില്ല. അങ്ങനെയുള്ള ഒരു സ്ഥിതിവിശേഷത്തിലേക്ക് നമ്മുടെ സംസ്ഥാനത്തെ വിടരുതെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ശക്തിയുക്തം ഈ മൂന്നാം വകുപ്പിനെ ഞാൻ എതിർക്കുന്നത്.

<u>ശ്രീ. ജെ. ചിത്തരഞ്ജൻ:</u> സർ, ഈ വകുപ്പിനെ ഞാൻ എതിർക്കുന്നു. നമ്മുടെ സംസ്ഥാനം കാർഷിക പരിഷ്ക്കരണത്തിൻെറ കാര്യത്തിൽ ഇൻഡ്യ ഒട്ടാകെ മാതൃക കാട്ടത്തക്കവണ്ണം വളരെയധികം പുരോഗമനപരമായും, സർവം-സ്പർശിയായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന കാർഷിക

പരിഷ്ക്കരണ നിയമങ്ങഠം പാസ്സാക്കുകയും അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ ഒരു കാർഷിക പരിഷ്ക്കരണം നടപ്പിൽ വരുത്തുന്നതിന് നമ്മുടെ രാജ്യത്തെ കൃഷിക്കാർ നടത്തിയിട്ടുള്ള എണ്ണമറ്റ സമരങ്ങഠം ഈ നിയമനിർമ്മാണത്തിന് ഒരു പ്രചോദനശക്തിയായി നിലനിന്നിട്ടുണ്ട്. നമ്മുടെ രാജ്യത്ത് രാഷ്ട്രീയ കക്ഷികളെ സംബന്ധിച്ചിടത്തോളം പല തോതിൽ ഇത്തരത്തിലൊരു അഭിമാനകരമായ നിയമനിർമ്മാണം നടത്തുന്നതിൽ സഹകരിച്ചിട്ടുണ്ട്. ഇൻഡ്യയ്ക്കാകെ മാതൃകാപരമായി ഇത്തരമൊരു നിയമം അംഗീകരിക്കുന്നതിന് കഴിഞ്ഞ ഒരു നിയമസഭയാണെന്നുള്ള കാര്യത്തിൽ ഈ സഭയെസംബന്ധിച്ച് പൊതുവിൽ അഭിമാനിക്കാവുന്നതാണ്. അങ്ങനെ മുന്നോട്ടു പോയതിനുശേഷം ഇപ്പോഠം പുതുതായികൊണ്ടുവന്നിരിക്കുന്ന ഭേദഗതികളിൽ ഒന്നാണ് ഈ അമൻറ്മെൻറ് ബില്ലിൻെറ മൂന്നാമത് വകുപ്പ്. ഈ മൂന്നാം വകുപ്പനുസരിച്ച് ഈ മൂലനിയമത്തിൻെറ ആറാം വകുപ്പിൽ പുതുതായി ഒരു സബ് ക്ലാസ് കൂടി ചേർക്കുന്നതിനെ ഉദ്ദേശിച്ചാണ്. എന്നാൽ ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഈ മൂലനിയമത്തിൻെറ പ്രധാനമായ ഉദ്ദേശലക്ഷ്യങ്ങളിൽ ഒന്നായിട്ടുള്ളത് ഒരു നിശ്ചിത നാളിനുശേഷം നടപ്പാക്കാവുന്ന അല്ലെങ്കിൽ നടന്നിട്ടുള്ള കള്ളവായ കരണങ്ങളും അതുപോലെ ഈ നിയമത്തെ തോൽപ്പിക്കാൻവേണ്ടി ഭൂമി കൈമാറ്റങ്ങഠം നടത്തിയിട്ടുള്ള രീതിനെല്ലാം പരാജയപ്പെടുത്താനാണ്. ഈ മൂലനിയമത്തിലുള്ള 74-ാം വകുപ്പ് ഫലത്തിൽ ഇല്ലാതാക്കുന്നതാണ് ഈ വകുപ്പിൻെറ ഒരു പ്രത്യേകത. ഒരു പ്രത്യേക നാളിനുശേഷം നമ്മുടെ രാജ്യത്ത് പുതുതായി യാതൊരു കുടിയായ്മയും സൃഷ്ടിക്കാൻ പാടില്ല, അഥവാ സൃഷ്ടിക്കുകയാണെങ്കിൽത്തന്നെ ആ കുടിയായ്മയ്ക്ക് നിയമസാധുത ഉണ്ടായിരിക്കുകയില്ലെന്ന് വ്യവസ്ഥ ചെയ്യുന്ന ഒരു വകുപ്പാണ് ഈ മൂലനിയമത്തിലെ 74-ാം വകുപ്പ്. ഇവിടെ എൻെറ സുഹൃത്തുക്കഠം പലരും സംസാരിച്ചപ്പോഠം പറഞ്ഞു സാധാരണ വകുപ്പുകളിൽ ഉണ്ടാകാവുന്ന ക്ലിഷ്ടതകളൊന്നും ഇല്ലാതെ സംപൂർണ്ണമായ ആശയവ്യക്തതയോടുകൂടി വളരെ സ്പഷ്ടമായി പ്രതിപാദിച്ചിട്ടുള്ള ഒരു വകുപ്പാണെന്ന്. ഈ ആക്ട് നടപ്പായി വന്നതിനുശേഷം യാതൊരു ഭൂമിയും യാതൊരു കുടിയായ്മയും സൃഷ്ടിക്കാൻ പാടുള്ളതല്ല എന്നാണ് അതിൽ പറയുന്ന ഒരു കാര്യം. രണ്ടാമതായി ഉപവകുപ്പിൽ പറയുന്നത് ഈ മൂന്നാം ഉപവകുപ്പിനെ ലംഘിച്ചുകൊണ്ട് സൃഷ്ടിക്കുന്ന യാതൊരു കുടിയായ്മയും അസാധുവായിരിക്കുമെന്നാണ്.

74-ാം വകുപ്പിൽ ഭേദഗതി ഉന്നയിച്ചിട്ടില്ല. എന്നാൽ 6-ാം വകുപ്പിലാണ് പുതുതായി ഭേദഗതി ചേർത്തിരിക്കുന്നത്. ഈ രീതിയിൽ പോയാൽ ചെയ്യേണ്ട കാര്യങ്ങഠം, പ്രഥമദൃഷ്ട്യാ ആളുകഠംക്ക് മനസ്സിലാകുന്ന രീതിയിൽ ചെയ്യുന്നതിനുപകരം കുറച്ചുകൂടി സംശയം ജനിപ്പിക്കുമാറ് എന്താണ് ചെയ്യുന്നത് എന്നതിനെ സംബന്ധിച്ച് സാധാരണഗതിയിൽ പെട്ടെന്ന് ഒരാളിന് ബോദ്ധ്യമാകാതിരിക്കത്തക്കവിധത്തിലാണ് ഈ ഭേദഗതി ചേർത്തിരിക്കുന്നത്. ഈ ഭേദഗതി ചേർത്തതിൻെറ ഫലമായി 1964 ഏപ്രിലിനു ശേഷമുണ്ടായിട്ടുള്ള കൈമാറ്റങ്ങഠംക്ക്, മൂലനിയമത്തിലെ വകുപ്പിനെതിരായി ഉണ്ടാക്കിയിട്ടുള്ള കൈമാറ്റങ്ങഠംക്ക് നിയമസാധുത്വം നൽകുക എന്ന ഉദ്ദേശമാണുള്ളത്. നമ്മുടെ രാജ്യത്തെ കാർഷിക പരിഷ്ക്കരണ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം വണ്ടി റിവേഴ്സ് ഗിയറിൽ എടുക്കുന്നതിനുള്ള ഒരു പരിശ്രമമാണ്. കഴിഞ്ഞ കുറെക്കാലമായി നടത്തിവന്ന പരിശ്രമങ്ങളുടെ ഫലമായി നമ്മഠം ബഹുദൂരം മുന്നോട്ടു പോയി ഇൻഡ്യയ്ക്കാകമാനം അഭിമാനിക്കാവുന്ന രീതിയിലുള്ള കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്ക്കരണം നടപ്പിലാക്കിയതിനുശേഷം ഇപ്പോൾ റിവേഴ്സ് ഗിയറിട്ട് അതിൽനിന്ന് പുറകോട്ട് പോകുന്നതിനുള്ള പരിശ്രമമാണ് കാണുന്നത്. ഇതിന്റെ ഫലമായി കൃത്രിമമായി, കളവായി, ഈ നിയമത്തിലെ അടിസ്ഥാനപരമായ ഉദ്ദേശലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്നതിനുവേണ്ടി ഈ രാജ്യത്ത് സൃഷ്ടിച്ചിട്ടുള്ള കുടിയായ്മകൾ സാധൂകരിക്കുകയാണ് ചെയ്യുന്നത്. ഇത് നമ്മുടെ നാട്ടിലെ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വഞ്ചനാപരമായ ഒന്നാണ്, അവരുടെ താൽപര്യങ്ങൾക്ക് ഹാനികരമായ ഒന്നാണ്. മുഖ്യമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദുകോയ ഇവിടെ ഒരു ഭേദഗതി അവതരിപ്പിച്ചു. ആ ഭേദഗതിയാണെങ്കിൽ ഈ പിന്നോട്ടുള്ള പോക്കിൽ കൂടുതൽ പിന്നോട്ട് പോകാൻ ഉപകരിക്കുന്നതാണ്. ഭാഗ്യവശാൽ പിന്നീടുദിച്ച വിവേകംകൊണ്ടായിരിക്കാം ആ ഭേദഗതി പിൻവലിച്ചു. അത്രത്തോളം നല്ലത്. അതേസമയംതന്നെ ഇങ്ങനെയൊരു ബില്ല് ഇവിടെ അവതരിപ്പിക്കുകയും ഇതുപോലുള്ള ഭേദഗതികൾ ഉൾക്കൊള്ളിക്കുകയും ചെയ്യുന്നത് നമ്മുടെ രാജ്യത്തെ കാർഷികപരിഷ്ക്കരണ സംരംഭങ്ങളെ പിന്നോക്കം തള്ളുന്ന, പുറകോട്ട് നയിക്കുന്ന ഒരു നയമാണെന്നുള്ളത് പരിഗണിച്ച് മറുഭാഗത്തിരിക്കുന്ന എല്ലാ സുഹൃത്തുക്കളും വീണ്ടും പുനരാലോചന നടത്തണമെന്നാണ് എനിക്ക് അപേക്ഷിക്കുവാനുള്ളത്. അങ്ങനെയൊരു പുനരാലോചന നടത്തുന്ന അവസരത്തിൽ കഴിഞ്ഞ കാലങ്ങളിൽ അതിൽപ്പെട്ടിട്ടുള്ള സുഹൃത്തുക്കൾ എടുത്തിട്ടുള്ള നിലപാടുകളെ ഞങ്ങൾ സ്വാഗതം ചെയ്തിട്ടുണ്ട്. ഇപ്പോൾ ആ നിലപാടിൽനിന്നും അവർ പോകുന്നതിനുള്ള സാഹചര്യം എന്താണുണ്ടായിട്ടുള്ളതെന്ന് ഞങ്ങൾക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അതൊക്കെ പുതിയതായി നമ്മുടെ രാജ്യത്ത് ഇപ്പോൾ ഉരുത്തിരിഞ്ഞുവരുന്ന രാഷ്ട്രീയ ബന്ധങ്ങളുടെ പശ്ചാത്തലത്തിലായിരിക്കണം. നമ്മുടെ രാജ്യം ഇന്ന് ഗുരുതരമായ ഒരു കുഴപ്പത്തിലാണ്. അതിൽനിന്നും ഈ രാജ്യത്തെ കരകയറ്റുന്നതിനുവേണ്ടി ഈ രാജ്യത്തെ ഇടതുപക്ഷജനാധിപത്യ ശക്തികളെ ഒരുമിപ്പിക്കാൻവേണ്ടി പരിശ്രമം നടക്കുന്ന ഈയവസരത്തിൽ അതിനുവേണ്ടി സഹകരിക്കേണ്ട ആളുകൾ, ചില കക്ഷികൾ അതിന് തടസ്സമായ നിലപാടുകൾ സ്വീകരിക്കുന്നത് ദോഷകരമാണ്.

ശ്രീ. റ്റി. എം. ജേക്കബ്: ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇടതുപക്ഷമുന്നണി രൂപീകരിക്കാനായിട്ടാണ് ഈ നടപടി സ്വീകരിച്ചത് എന്ന് പറഞ്ഞു. ഇന്നത്തെ ഇൻഡ്യയിലെ രാഷ്ട്രീയ സാഹചര്യമെന്താണ്? അന്ന് ഇടതുപക്ഷമുന്നണിക്കുവേണ്ടി പറഞ്ഞിരുന്ന ആളുകളൊക്കെ ഇന്ന് എവിടെ നിൽക്കുന്നു. തമിഴ്നാട്ടിൽ അണ്ണാ ഡി. എം. കെ. യും, ജനതാപാർട്ടിയും മാർക്സിസ്റ്റ് പാർട്ടിയും തമ്മിൽ സഖ്യമുണ്ടാക്കിയിട്ടുണ്ട്. അങ്ങനെ ഇൻഡ്യയിലാകെയുള്ള രാഷ്ട്രീയ പരിതഃസ്ഥിതി ഇന്ന് മാറിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇങ്ങനെ പറയുന്നത് ശരിയാണോ? മുൻതീരുമാനത്തിൽ ഉറച്ചുനിൽക്കുന്നത് ശരിയാണോ?

ശ്രീ. ചിത്തരഞ്ജൻ: ഇൻഡ്യയിലെ രാഷ്ട്രീയ പരിതഃസ്ഥിതികളിൽ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പക്ഷേ ആ മാറ്റങ്ങൾ ഇടതുപക്ഷ ജനാധിപത്യ ശക്തികളുടെ ഐക്യം കൂടുതൽ കൂടുതൽ ആവശ്യമാണെന്ന് വ്യക്തമാക്കുന്ന സംഭവവികാസങ്ങളാണ്. ഇടതുപക്ഷജനാധിപത്യ ശക്തികളുടെ ഭാഗത്തിലേക്ക് വരുമെന്ന് പ്രതീക്ഷിക്കപ്പെട്ട, ആ ഭാഗത്തുനിൽക്കുമെന്നു ഈ രാജ്യത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച ചില കക്ഷികൾ പിൽക്കാലത്ത് മറുപാളയത്തിലേക്ക് ചാടിയിരിക്കുകയാണ്. എന്തായാലും കൊള്ളാം. ഇടതുപക്ഷ കക്ഷികളുടെ ഐക്യം വളർത്തിയെടുക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

പരിശ്രമം കൂടുതൽ മുന്നോട്ട് പോകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഇത്തരം ഒരു ഇടതുപക്ഷഐക്യം രൂപീകരിക്കാനും അതിന്റെ ഫലമായി ഇൻഡ്യയിൽ കാർഷിക പരിഷ്കരണം പോലുള്ള പുരോഗമനപരമായ പരിപാടികൾ നടപ്പിലാക്കാനുമുള്ള സാഹചര്യം ഉളവാക്കാനും, നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തമായ നിലയിൽ വളർത്താനും, അതേസമയം ഈ രാജ്യത്തെ ദുർബല ജനവിഭാഗത്തിന്, അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന് കൂടുതൽ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്ത്, അവരുടെ ജീവിതം മെച്ചപ്പെടുത്താനുമാണ് ഇടതുപക്ഷകക്ഷികൾ പരിശ്രമിക്കുന്നത്.

അങ്ങനെയുള്ള സംരംഭങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരാണെന്ന് പറഞ്ഞിട്ടുള്ള സുഹൃത്തുക്കൾ ഇപ്പോൾ അപ്പുറത്തിരിക്കുന്നുണ്ട്. അവർ ഇന്ന് ഈ രാജ്യത്തെ പുറകോട്ട് നയിക്കുന്ന നിക്ഷിപ്ത താൽപര്യക്കാരുടെകൂടെ ചേർന്നുകൊണ്ട് അറിഞ്ഞോ അറിയാതെയോ ഈ രാജ്യത്തെ പിന്നോക്കം നയിക്കുന്ന ഈ പിൻതിരിപ്പൻ ശക്തികളുടെ കരുക്കളായി, അവരുടെ താൽപര്യങ്ങൾക്ക് അരു നിൽക്കുന്നവരായി നീങ്ങണമോ എന്നുള്ള കാര്യം ഈ സുഹൃത്തുക്കൾ മനസ്സിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മൂലനിയമത്തിന്റെ അടിസ്ഥാനപരമായ ചില ലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്ന ഒരു ഭേദഗതി എന്നുള്ള നിലയിൽ ഈ ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുന്നു. ഇതിനെ സംബന്ധിച്ച് ഒരു പുനരാലോചന നടത്തി, ഈ വകുപ്പുകൂടി പിൻവലിക്കാൻ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന സുഹൃത്തുക്കൾ തയ്യാറാകണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പങ്കജാക്ഷൻ: സർ, കേരളകാർഷിക പരിഷ്കാര

12 noon നിയമ വ്യവസ്ഥകൾക്ക് 6 (സി) ക്ലാസ് ഉൾക്കൊള്ളിച്ചുകൊണ്ട് അവതരിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭേദഗതി നമ്മുടെ ഭൂപരിഷ്കരണ നിയമവ്യവസ്ഥകളുടെ അന്തസത്തയെ ചോർത്തുന്നതാണ്, അടിസ്ഥാനതത്വങ്ങളെ അട്ടിമറിക്കുന്നതാണ് എന്നതുകൊണ്ട് ആ ഭേദഗതി പാസ്സാക്കണമെന്ന് നിർബന്ധം പിടിക്കരുതെന്ന് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് ഞാൻ എന്റെ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. ഈ വസ്തുത നിലവിലിരുന്നിട്ടുകൂടി എന്റെ പാർട്ടിയുടെ നേതാവ് സഖാവ് ബേബി ജോൺ അടുത്തകാലത്ത് നിലവിലിരുന്ന ഐക്യമുന്നണി സംവിധാനത്തിന്റെ റവന്യൂ മന്ത്രി എന്ന നിലയ്ക്ക് കാർഷിക പരിഷ്കരണ നിയമത്തിനകത്ത് 6 (സി) വ്യവസ്ഥ ഉൾക്കൊള്ളിക്കുക, ഇഷ്ടദാനത്തെ സംബന്ധിച്ച വ്യവസ്ഥ ഭേദപ്പെടുത്തുക തുടങ്ങിയ ഇത്തരം വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനുണ്ടായ സാഹചര്യത്തെ സംബന്ധിച്ച് അദ്ദേഹം ഇന്നലെയും ഇന്നുമായി ഇവിടെ വിശദീകരിച്ചു. ഞാൻ പ്രതിനിധീകരിക്കുന്ന പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളിൽ തത്വപരമായുള്ള എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളതാണ്. ആ എതിർപ്പ് നിലവിൽ ഇരുന്നപ്പോഴും ഒരു സംവിധാനത്തിൽ, ഐക്യമുന്നണിയിൽപ്പെട്ട ഒരു ഘടകകക്ഷിയെന്ന നിലയ്ക്ക് അന്ന് നിലവിലുണ്ടായിരുന്ന ധാരണയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരായി. ആ ഐക്യമുന്നണി സംവിധാനം നിലവിൽ ഇല്ലാതായതിനെത്തുടർന്ന് ആ ധാരണയും നിലവിലില്ലാതായി. ആ സംവിധാനം നിലവിലിരുന്നപ്പോൾ ഉണ്ടായിരുന്ന ധാരണ പാലിക്കാൻ ബാദ്ധ്യസ്ഥരായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടുതന്നെ ഐക്യമുന്നണിയിൽ റവന്യൂ മന്ത്രിയെന്ന നിലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

താൻ ആ വ്യവസ്ഥകൾ ഈ ഭേദഗതി ബില്ലിനകത്ത് ഉൾക്കൊള്ളിച്ച സാഹചര്യത്തെപ്പറ്റി വ്യക്തമാക്കുകയും, അത് തള്ളിപ്പറയാൻ കഴിയുകയില്ല, തള്ളിപ്പറയുകയില്ലെന്ന് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. അതേയവസരത്തിൽ ഈ വ്യവസ്ഥകളെ സംബന്ധിച്ച് ആർ. എസ്. പി. യുടെ അടിസ്ഥാനപരമായ നിലപാട് വ്യക്തമാക്കിക്കൊണ്ടാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്.

ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാന തത്വം ജൻമിത്വം പാടേ അവസാനിപ്പിക്കുക എന്നുള്ളതാണ്. ജൻമിത്വത്തിന്റെ നാരായവേരുകൾ പിഴുതുകളയുക എന്നുള്ളതാണ്. എന്നാൽ പുതിയ വ്യവസ്ഥകൾ കൊണ്ട് ജൻമിത്വത്തിന് പുതിയ വേരുകൾ കിളിർക്കാൻ കാരണമാകുമെന്നുള്ളതുകൊണ്ട് ഈ വ്യവസ്ഥകൾ അംഗീകരിക്കാൻ പാടില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഭൂപരിഷ്കരണ നിയമത്തിലെ 74-ാം വകുപ്പ് അസന്നിഗ്ദ്ധമായിത്തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്.

74. *Prohibition of future tenancies.*—(1) After the commencement of this Act, no tenancy shall be created in respect of any land.

(2) Any tenancy created in contravention of the provisions of sub-section (1) shall be invalid. സംശയരഹിതമായി ഈ ഭൂപരിഷ്കരണനിയമം ഒരു അടിസ്ഥാനപ്രമാണമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഏഴാം വകുപ്പും അതിന്റെ ഉപവകുപ്പുകളും വച്ചിട്ട് യഥാർത്ഥമായ കുടിയായ്മയായി കണക്കാക്കാതിരുന്ന ഭൂമിയുടെ കൈമാറ്റ ഇടപാടുകൾക്കു കൂടി ടെനൻസി എന്ന പരിഗണന നൽകി സ്ഥിരാവകാശം നൽകുന്നുണ്ട്. അങ്ങനെ ആദ്യം മുതൽ ഉൾക്കൊള്ളിച്ച ആ വ്യവസ്ഥകളുടെ ഫലമായി പല വിധത്തിലുള്ള കയ്യേറ്റ കരണങ്ങൾ ഉണ്ടായി എന്നുള്ളത് ഇവിടെ പലവിധത്തിലും പരാമർശിക്കപ്പെട്ടു കഴിഞ്ഞു. ഡീംഡ് ടെനൻസി എന്ന വ്യവസ്ഥ ഉപയോഗിച്ചുകൊണ്ട് എന്തുമാത്രം ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗപ്പെടുത്തി, മിച്ചഭൂമിയുടെ അളവ് പരിമിതപ്പെടുത്തി എന്ന വസ്തുത പരാമർശിക്കപ്പെട്ടു. അതുകൊണ്ടുതന്നെ 6 (സി) എന്ന വകുപ്പ് ഉൾക്കൊള്ളിക്കുന്നതുകൊണ്ട് മിച്ചഭൂമിയുടെ അളവ് കുറഞ്ഞുപോകത്തക്ക രീതിയിൽ ഈ വ്യവസ്ഥ ദുരുപയോഗപ്പെടുത്തുമോ എന്ന ആശങ്ക നിലവിലുള്ളത് എല്ലാവരും സമ്മതിക്കും. സഖാവ് ബേബി ജോൺ പറഞ്ഞു, എല്ലാവരും ചേർന്ന് സമഗ്രമായ ചർച്ച നടത്തി ഏതുവിധത്തിൽ ഈ വ്യവസ്ഥയെ പരിശോധിക്കാമെന്ന വസ്തുതയും അദ്ദേഹം നേരത്തെ സൂചിപ്പിച്ചു. ഏതായാലും ഇത്തരം ആശങ്കയുണ്ട്. കള്ളക്കൈമാറ്റത്തിന് അംഗീകാരം നൽകുന്ന പ്രവണത അവസാനിപ്പിക്കാതെ ഇപ്പോൾ അത് അംഗീകരിക്കുന്നു എന്ന് പറഞ്ഞാൽ ഈ ഭൂപരിഷ്കരണ നിയമത്തിന്റെ അന്തസത്ത ഇല്ലാതായിത്തീരുകയാണ്. അത് അനുവദിക്കണമോ എന്നുള്ളത് എല്ലാവരും ആലോചിക്കണം. 1964 ഏപ്രിൽ ഒന്നുമുതൽ കൈവശംവച്ചു അനുഭവിച്ചുവരുന്നു എന്ന് പറയുന്ന, പിന്നീട് കരണങ്ങൾ ചെയ്തു എന്ന് അവകാശപ്പെടുന്ന ഈ ഭൂവിനിമയ ഏർപ്പാടുകളെ ടെനൻസി എന്ന നിലയിൽ കണക്കാക്കി അംഗീകാരം കൊടുക്കണം; മിച്ചഭൂമിയുടെ കാര്യത്തിൽ കുറവു വരുത്തുകയില്ലെന്നുള്ള പ്രിസംപ്ഷൻ വച്ചുകൊണ്ട് സമ്മതിച്ചാലും മറ്റു ഏതെങ്കിലും എലിയനേഷൻ കണക്കാക്കി ടെനൻസിയായി അംഗീകരിച്ചുകൊണ്ട് അതിന് സ്ഥിരാവകാശം നൽകണമെന്നാണ് പറയുന്നത്. അങ്ങനെ വരുന്ന പ്രവണത തുടർന്നാൽ മറ്റു ചില അപകടങ്ങൾ ഉണ്ടാകയില്ലേ എന്ന് പരിശോധിക്കണം. കൈവശം വയ്ക്കാവുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭൂമിയെ സംബന്ധിച്ചിടത്തോളം പരിധി നിർണ്ണയിച്ചിട്ടുണ്ടെന്ന് നമ്മളെല്ലാവരും അവകാശപ്പെടുന്നു, പ്രചരിപ്പിക്കുന്നു. പക്ഷേ ഈ ഭൂമിയുടെ പരിധി ഉയർത്തുന്നതിന് വിരോധമില്ലെന്നുള്ള നിലയിൽ ചില വിധികൾ വന്നിട്ടുണ്ട്. 1970 ജനുവരി ഒന്നുവച്ച് വന്നു. അതിനുശേഷം പരിധിക്കുമുകളിൽ കൈവശം വയ്ക്കാവുന്ന സ്വത്ത്, ആർജ്ജിക്കാവുന്ന സ്വത്ത് മിച്ചഭൂമിയുടെ പരിധിക്കകത്ത് മാത്രമേ ഉള്ളതുകൊണ്ട് അതിനകത്ത് പുതിയ ടെനൻസി ക്രിയേറ്റു ചെയ്യുകയും കൂടുതൽ കൂടുതൽ സ്വത്ത് ആർജ്ജിക്കുകയും ചെയ്യുന്നതിനാൽ ഈ ഭൂപരിഷ്കരണ നിയമത്തെ പാടേ കുഴിച്ചുമൂടുന്ന അവസ്ഥ സംജാതമാകുകയില്ലേ എന്ന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും പരിശോധിക്കേണ്ടതാണെന്ന് ഞാൻ പറയുകയാണ്. ഇത്തരത്തിലുള്ള ഒരു ആശങ്ക നിലവിലുള്ളതുകൊണ്ട് ഈ വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന് നിർബന്ധബുദ്ധി പിടിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. പുതിയ സാഹചര്യത്തിൽ, പുതിയ ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം സുശക്തമായ ഒരു ഇടതുപക്ഷമുന്നണി, പുരോഗമന ജനാധിപത്യ ശക്തികൾക്ക് ആകെ വിശ്വാസപൂർവ്വം ഒതുങ്ങിനിൽക്കാൻ കഴിയുന്ന ഒരു ഇടതുപക്ഷമുന്നണി പടുത്തുയർത്തുന്നതിനു വേണ്ടിയുള്ള പരിശ്രമത്തിൽ, ജനാധിപത്യ ശക്തികളോട് അംഗീകരിക്കാവുന്ന പരിപാടിയുടെ അടിസ്ഥാനത്തിൽ ഒതുങ്ങി നിൽക്കാവുന്ന സമീപനം സ്വീകരിക്കുമെങ്കിൽ തീർച്ചയായും അതിനോടൊത്തു ചേരേണ്ട പല സുഹൃത്തുക്കളും കക്ഷികളുമെല്ലാം അപ്പുറത്തുണ്ട്. ഒരു സൗഹൃദപരമായ, സൗമനസ്യപരമായ സമീപനം സ്വീകരിച്ചുകൊണ്ട് ഞാൻ ഈ പറഞ്ഞ വസ്തുതയെ പരിശോധിക്കണം. അതിന് സഹായസഹകരണങ്ങൾ നൽകിക്കൊണ്ട് ഈ സന്ദർഭത്തിൽ ഈ വ്യവസ്ഥ അംഗീകരിക്കണമെന്ന് നിർബന്ധം പിടിക്കരുതെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: സർ, ഈ 6 (സി) എടുത്തുകളയേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഈ ഭാഗത്തുനിന്നു സംസാരിച്ച എല്ലാവരുടെയും അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. 6 (സി) ഈ ഭേദഗതി നിയമത്തിൽ ഉൾക്കൊള്ളരുതെന്ന കാര്യത്തിന് ആധാരമായ ന്യായങ്ങൾ ഇവിടെ വേണ്ടുവോളം ഉന്നയിച്ചുകഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഈ കാർഷിക പരിഷ്ക്കരണ നിയമം നടപ്പിലാക്കുന്നതുവഴി പ്രധാനമായും രണ്ടു ലക്ഷ്യങ്ങൾ നിറവേറണം. അതിൽ ഒന്ന്, കൈവശക്കാർക്ക് അവരുടെ ഭൂമിയിലുള്ള സ്ഥിരതയും അതുപോലെ ഭൂമിയില്ലാത്ത ദരിദ്രരായ ജനവിഭാഗങ്ങൾക്ക് ഒരു തുണ്ടു ഭൂമിയുടെ ഉടമാവകാശം പുത്തനായി ലഭിക്കണം. അതിൽ ഈ രണ്ടാമത്തെ കാര്യം ഭൂമിയില്ലാത്ത ദരിദ്ര കർഷകത്തൊഴിലാളികൾക്കും കൃഷിക്കാർക്കും ഭൂമി നൽകുന്ന കാര്യത്തിൽ മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്ന കാര്യത്തിൽ എത്രത്തോളം മുന്നോട്ടുപോയിട്ടുണ്ടെന്നുള്ളതിന്റെ കണക്കൊക്കെ ഇവിടെ ഈ സഭ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. ഗവൺമെന്റിന്റെതന്നെ കണക്കനുസരിച്ച് കഷ്ടിച്ച് നാല്പതിനായിരത്തിൽ താഴെ ഏക്കർ ഭൂമിയാണ് മിച്ചഭൂമിയായുള്ളത് ഏറ്റെടുത്ത് ഇതിനകം ഈ കഴിഞ്ഞ നിരവധി വർഷമായിട്ട് നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുള്ളത്. നേരത്തെ കുറച്ചുഭൂമി ഏറ്റെടുക്കാൻ തടസ്സമായിട്ട് കോടതിയുടെ പരിഗണനയ്ക്കു വിധേയമായി കിടക്കുന്നുണ്ടെന്നു പറഞ്ഞുകേട്ടിരുന്നു. എന്തായാലും ഇനിയങ്ങോട്ട് ഒരു തുണ്ടു മിച്ചഭൂമിയെങ്കിലും ഏറ്റെടുക്കാനും വിതരണം ചെയ്യാനും കഴിയണമെങ്കിൽ ഇപ്പോൾ ബഹുമാനപ്പെട്ട മുഹമ്മദുകോയ കൊണ്ടുവരുന്ന 6 (സി) ഭേദഗതിയിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചുകൊണ്ടാണെങ്കിൽ
ക്കുകയില്ല എന്നുള്ളതാണ് വസ്തുത. ഈ പറയുന്ന മിച്ചഭൂമി ഇനി അവശേഷി
ച്ചതുപോലെ ലീസ് ഗ്രാൻറഡ് എന്നുള്ളത് ഇവിടെ പലരും ചൂണ്ടിക്കാണി
യിട്ടും അത്രയും ആശ്വാസകരമാണ്. എടുത്തുകളഞ്ഞത് തീർച്ചയാ
തിനുശേഷവും ഇപ്പോഴും അവശേഷിക്കുന്ന ലീസ് ഗ്രാൻറഡ് എടുത്തുകളഞ്ഞ
അംഗീകരിക്കുകയാണെങ്കിൽ ഭേദഗതി ആ രൂപത്തിൽ ഈ സഭ
നിയമത്തെ മറികടക്കാൻവേണ്ടി നമ്മുടെ നാട്ടിൽ കാർഷിക പരിഷ്ക്കരണ
വണ്ണം ഉപയോഗപ്പെടുത്തിക്കൊണ്ട്, അതിൻെറ ഓരോ പഴുതുകളെയും വേണ്ടും
ഇല്ലാതാക്കുന്നതിനുള്ള അതിനെ മറികടന്നുകൊണ്ട് മിച്ചഭൂമി
സംസ്ഥാനത്ത് ഒരു എല്ലാ മാർഗ്ഗങ്ങളും അവലംബിച്ചിട്ടുള്ള ഈ
പ്രയാസമുണ്ടാവുമെന്ന് കരണം ഉണ്ടാക്കിക്കൊണ്ട് രേഖയുണ്ടാക്കാൻ വലിയ
അതുകൊണ്ട് ആരും പറയുമെന്ന് എനിക്ക് തോന്നുന്നില്ല.
പറഞ്ഞാൽ തീർച്ചയായും 6 (സി) ഇവിടെ നിലനിറുത്തുകയെന്നു
ഏറ്റെടുത്ത് അതിൻെറ അർത്ഥം ഇനിയങ്ങോട്ട് മിച്ചഭൂമി പുതുതായിട്ട്
വിതരണം ചെയ്യാനായിട്ട് ഉണ്ടാവുകയില്ല.

അതുപോലെ ഇപ്പോഴുംതന്നെ പട്ടയം കൊടുത്തിട്ടുള്ള തർക്കമുള്ള പല
മിച്ചഭൂമികളും മിച്ചഭൂമി അല്ലാതായിത്തീരുന്ന പുതിയ പ്രതിഭാസവും
ഉണ്ടാകും. ഈ അടിസ്ഥാനത്തിലൊക്കെ ഇതിനെ കണ്ടുകൊണ്ട്, കഴിയു
മെങ്കിൽ ഈ ക്ലാസ് ഒഴിവാക്കിക്കൊണ്ട് ഈ പുതിയ 6 (സി) എന്നുള്ള
ഭേദഗതി നിർദ്ദേശം ഒഴിവാക്കണമെന്ന അഭ്യർത്ഥനയാണ് ഇപ്പുറത്തു
നിന്നുള്ള എല്ലാ ആളുകളും ഉന്നയിച്ചത്. ഇത് സൗഹാർദ്ദപൂർവ്വം പരിഗ
ണിച്ചുകൊണ്ട് അതിനുള്ള ഒരു സന്മനസ്സ് കാണിക്കാൻ തീർച്ചയാ
യിട്ടും ഈ വൈകിയവേളയിലെങ്കിലും, ഈ ലീസ് ഗ്രാൻറഡ് എന്നു
പറയുന്ന ഭേദഗതി എടുത്തുകളഞ്ഞതുപോലെ ഇതിനും മുഖ്യമന്ത്രി തയ്യാറാ
കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ ഇതിനകത്തുള്ള മറ്റൊരു വ്യവസ്ഥ 6 (സി) മൂലം
വരുന്ന മറ്റൊരപകടം, രേഖാമൂലംതന്നെ ലഭിച്ചിട്ടുള്ള കൈവശഭൂമിയിൽ
സാരമായ ദേഹണ്ഡങ്ങൾ ഉണ്ടാക്കിയ ആളുകളെയാണോ അവകാശികളാക്കി
6 (സി) ഭേദഗതിമൂലം ഇവിടെ നിർദ്ദേശിക്കുന്നത്. ഇങ്ങനെ ഭൂമി
കൈവശം വച്ചിരിക്കുന്ന ആളുകൾ അതിൻെറ വിലയുടെ പകുതിയിലധികം
വരുന്ന പുതിയ ദേഹണ്ഡങ്ങൾ ഉണ്ടാക്കാൻ കഴിവുള്ളവർ തീർച്ചയായും
നമ്മുടെ സംസ്ഥാനത്ത് താരതമ്യേന അല്പംകൂടെ ഇടത്തരക്കാരായ കൃഷി
ക്കാരാണെന്നുള്ള വസ്തുതകൾ വച്ചുകൊണ്ടുതന്നെ ബോദ്ധ്യപ്പെടുത്താൻ
തയ്യാറാണ്. സാധാരണക്കാർക്ക്, ഈ ബില്ലിൻെറ പൊതു ചർച്ചാവേളയിൽ
ചൂണ്ടിക്കാണിച്ചതുപോലെ നെൽക്കൃഷി, ഇഞ്ചി ഇതുപോലുള്ള വിളകൾ
കൃഷിചെയ്യുന്ന ആളുകൾക്ക് പ്രത്യേകിച്ച് ദേഹണ്ഡമൊന്നും നടത്താത്ത
ആളുകൾക്ക് ഭൂമിയുടെ വിലയുടെ പകുതിയിലധികം വരുന്ന പുതിയ
ദേഹണ്ഡങ്ങൾ അവിടെ ചെയ്യാൻ കഴിയുകയില്ല. അവർ സാധാരണ കൃഷി
ചെയ്യുന്നുണ്ട്. മറിച്ച് ദേഹണ്ഡങ്ങൾ പുതുതായി ഉണ്ടാക്കാൻ കഴിയുന്ന
ആളുകൾ കുറച്ചുകൂടി ഭേദപ്പെട്ട ആളുകളാണ്. വെറും പട്ടിണിക്കാരായ
ദരിദ്ര കൃഷിക്കാരെ അപേക്ഷിച്ച് കുറെക്കൂടി ഭേദപ്പെട്ടവരാണ്. അവരുടെ
താല്പര്യങ്ങൾമാത്രം രക്ഷിക്കാൻവേണ്ടിയാണ് ഈ ഭേദഗതി വ്യവസ്ഥ
കൊണ്ടുദ്ദേശിക്കുന്നത്. ഇതിന് ഇവിടെ പലരും കണ്ണീരൊഴുക്കിയത്
ഒരുപക്ഷേ മുഖ്യമന്ത്രിതന്നെ ഇതിനെ സാധൂകരിച്ചുകൊണ്ട് പറയാൻ
ഇടയുള്ളത്, കൈവശക്കാരുടെ, കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷി
ക്കാൻവേണ്ടിയാണ് ഇതൊക്കെ ചെയ്യുന്നതെന്നാണ്. ആർക്കാണ് ഇതു
കൊണ്ട് പ്രയോജനം ലഭിക്കുന്നതെന്നു പരിശോധിക്കണം. അങ്ങനെ എന്തെ
ങ്കിലും പരിശോധന വിശദമായി നടത്തിക്കൊണ്ടുള്ള രേഖകളോ ആധികാരിക
മായ എന്തെങ്കിലുമോ ഉദ്ധരിക്കാനുള്ള സാദ്ധ്യതയുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയെങ്കിൽ എത്രപേർക്ക് എന്തൊക്കെ തരത്തിലുള്ള ആളുകൾക്ക് ഈ പറയുന്ന 6 (സി) കൊണ്ട് പ്രയോജനം ലഭിക്കും. ഇത്തരം കാര്യങ്ങളെ ക്കുറിച്ച് വിശദമായ ഒരു കണക്ക് വെളിപ്പെടുത്താൻ ഗവൺമെൻറ് സന്നദ്ധമാകണം.

അതൊന്നുമില്ലാതെ ഇവിടെ ടാസ്ക് ഫോഴ്സിൻെറ ഒരു കണക്കു പറഞ്ഞു. അത് തീർച്ചയായിട്ടും മുമ്പുപറഞ്ഞ വിഭാഗത്തിലുള്ള ആളുകളാണ് ഉൾക്കൊള്ളുന്നത്. സാരമായ ഇംപ്രൂവ്മെൻറ് ഉണ്ടാക്കാൻ കഴിവുള്ള അതിൽ മുതൽ മുടക്കാൻ കഴിവുള്ള ഒരുപിടി ആളുകളെ രക്ഷിക്കാൻവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു നിയമഭേദഗതി കൊണ്ടുവന്നത്. അതുകൊണ്ടുതന്നെ ഈ നിയമഭേദഗതി തള്ളിക്കളയണമെന്നും ഇല്ല തീർച്ചയായിട്ടും മിച്ചഭൂമി കൂടുതൽ ഇല്ലാതാക്കാൻ മാത്രമേ സഹായിക്കുകയുള്ളു എന്നുമുള്ള അടിസ്ഥാനത്തിൽ കണ്ടുകൊണ്ട് ഇവിടെ ഉന്നയിച്ചതുപോലെ ഈ ഭേദഗതി തള്ളിക്കളയണമെന്നുമാത്രം ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ഇവിടെ ഈ വകുപ്പുകൊണ്ട് പരിധി മറികടക്കാൻ സാധിക്കുമെന്ന വാദത്തെ ഞാൻ എതിർക്കുകയാണ്. പരിധിക്കു മുകളിലുള്ള വസ്തുക്കൾ കൈവശമുള്ള ആളുകൾ കൊടുക്കുന്ന പാട്ടം സാധുവല്ല. 84-ാം വകുപ്പിൽ ഈ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 1969-ലെ ഭേദഗതികൊണ്ട് 74-ാം വകുപ്പിൻെറ പ്രൊവൈസോ എടുത്തുകളഞ്ഞു എന്നാണ് ആരോപണം ഉണ്ടായത്. ഇത് ധനികരായ ആളുകളെ സഹായിക്കാനാണെന്നൊക്കെ ശ്രീ. കുര്യൻ ഉന്നയിച്ച ആരോപണം ബഹുമാനപ്പെട്ട ബേബിജോണിനാണ് കൊള്ളുന്നത്. അതിന് അദ്ദേഹം ഇന്നലെതന്നെ മറുപടി പറഞ്ഞതുകൊണ്ട് ഞാൻ ഇന്നു മറുപടി പറയേണ്ടതില്ല. എങ്ങനെയാണ് വന്നതെന്ന് സ്റ്റേറ്റുമെൻറ് ഓഫ് ഓബ്ജക്ട്സ് ആൻറ് റീസൺസിൽ ബഹുമാനപ്പെട്ട ബേബിജോൺതന്നെ വ്യക്തമാക്കിയിട്ടുണ്ട്. It was brought to the notice of the Government that in spite of the provisions contained in section 74 of the Act, prohibiting the creation of tenancies after the 1st April, 1964, some persons have obtained leases of lands after that date and have effected substantial improvements on such lands. It was considered that it would be very hard if such lessees are evicted from their holdings. It was therefore necessary to incorporate a provision to give protection to such persons. ആ ആളുകളെയെല്ലാം ജന്മിക്ക് കുടി ഒഴിപ്പിക്കാൻ അവസരം ഉണ്ടാക്കിക്കൊടുക്കണമെന്നാണ് എത്തിച്ചേരുക. എന്നെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഒരു പരാമർശം നടത്തുകയുണ്ടായി. എനിക്ക് ബന്ധപ്പെട്ട ഭൂമി, എൻെറ ഭാര്യ വാങ്ങിയ ഭൂമി അത് ജന്മിക്ക് ഒഴിപ്പിച്ചു കൊടുക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടെങ്കിൽ എനിക്കു വിരോധമില്ല. അത് ഒഴിപ്പിച്ചുകൊടുക്കാൻ സമ്മതിച്ചാൽ ഒക്കുമോ? അത് വാസ്തവത്തിൽ മിച്ചഭൂമിയേ അല്ല. മിച്ചഭൂമി മറികടക്കുന്ന പ്രശ്നമേയില്ല. മിച്ചഭൂമിയായി വരുന്ന ഭൂമി ഞങ്ങളാരോടും വാങ്ങിയിട്ടില്ല. ആരോപണം ഉന്നയിച്ചാലേ അടങ്ങൂ എന്നുള്ള ആളുകളെ അതിൽനിന്നു പിൻതിരിപ്പിക്കാൻ നിവൃത്തിയില്ല. പിന്നെ രാഷ്ട്രീയമായി ഈ ഖണ്ഡികയുടെ കാര്യത്തിൽ പറഞ്ഞ സംഗതികൾക്ക് ഞാൻ ഇപ്പോൾ മറുപടി പറയാൻ ഉദ്ദേശിക്കുന്നില്ല; നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. ഈ ഖണ്ഡിക പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The question that Clause 3 stands part of the Bill was put and carried.

Shri T. K. Ramakrishnan: Sir, I demand a poll.

A poll was taken, when the House divided as follows:

AYES—73

1. Shri M. P. M. Abdulla Kurikkal
2. Dr. K. G. Adiyodi
3. Shri E. Ahamed
4. Shri Korambayil Ahammed Haji
5. Shri A. K. Antony
6. Shri Aryadan Muhamed
7. Shri K. Avukaderkutty Naha
8. Shri K. K. Balakrishnan
9. Shri N. K. Balakrishnan
10. Shri Thennala Balakrishna Pillai
11. Shri P. Balan
12. Shri U. A. Beeran
13. Shri N. Bhaskaran Nair
14. Shri Cyriac John
15. Shri Damodaran Kalasserry
16. Shri N. I. Devassykutty
17. Shri V. Eacharan
18. Shri Eappen Kandakkudy
19. Shri Eapen Varghese
20. Shri P. R. Francis
21. Shri M. P. Gangadharan
22. Dr. George Mathew
23. Shri C. P. Govindan Nambiar
24. Shri M. K. Hemachandran
25. Shri A. L. Jacob
26. Shri T. M. Jacob
27. Dr. K. C. Joseph
28. Shri P. C. Joseph
29. Shri P. J. Joseph
30. Shri V. J. Joseph

LIBRARY ARCHIVES Kerala Legislative Assembly

31. Shri K. Karunakaran
32. Shri Kittappa Narayanaswamy
33. Shri Panarath Kunhimohammed
34. Shri P. T. Kunhutty Haji
35. Shri Thundathil Kunjukrishna Pillai
36. Shri K. V. Kurian
37. Shri Lonappan Nambadan
38. Shri O. Lukose
39. Shri G. P. Mangalathu Madom
40. Shri K. M. Mani
41. Shri M. V. Mani
42. Shri K. A. Mathew
43. Shri N. P. Moideen
44. Shri C. H. Mohamed Koya
45. Shri T. H. Mustafa
46. Shri K. Narayana Kurup
47. Shri E. Narayanan Nair
48. Shri K. S. Narayanan Namboodiri
49. Shri K. P. Nuruddin
50. Shri Oommen Chandy
51. Shri Vakkom Purushothaman
52. Shri M. K. Raghavan
53. Shri K. Raghavan Master
54. Shri A. A. Rahim
55. Shri M. V. Rajan
56. Shri Vattiyoorkavu Ravi
57. Shri P. R. Kurup
58. Shri K. Sankaranarayanan
59. Shri V. T. Sebastian
60. Shri P. Seethi Hajee
61. Shri B. V. Seethi Thangal
62. Shri Sidhardhan Kattungal
63. Shri K. Sukumaranunni
64. Shri C. M. Sundaram
65. Shri R. Sundaresan Nair
66. Shri K. K. S. Thangal
67. Shri S. Thankappan Pillai

LIBRARY ARCHIVES Kerala Legislative Assembly

68. Shri P. J. Thomas
69. Shri Thomas Joseph
70. Shri S. Varadarajan Nair
71. Shri K. P. Viswanathan
72. Shri Xavier Arakkal
73. Shri Stephen Padua

NOES—53

1. Shri T. K. Abdu
2. Shri B. M. Abdul Rahiman
3. Shri K. Anirudhan
4. Shri R. Balakrishna Pillai
5. Smt. Bhargavi Thankappan
6. Shri P. Bhaskaran
7. Shri N. Chandrasekhara Kurup
8. Shri K. Chandrasekharan
9. Shri Chatayan Govindan
10. Shri P. K. Chathan Master
11. Shri J. Chitharanjan
12. Shri E. P. Gopalan
13. Shri P. K. Ittoop
14. Shri P. Karunakaran
15. Shri E. K. Pillai
16. Shri M. K. Kesavan
17. Shri M. K. Krishnan
18. Shri K. K. Kumara Pillai
19. Shri K. T. Kumaran
20. Shri Kandalottu Kunhambu
21. Shri P. V. Kunhikannan
22. Shri A. P. Kurian
23. Shri C. A. Kurian
24. Shri T. A. Majid
25. Shri P. P. V. Moosa
26. Shri Kallada Narayanan
27. Shri K. Pankajakshan
28. Shri T. A. Paraman
29. Shri K. P. Prabhakaran

LIBRARY ARCHIVES Kerala Legislative Assembly

30. Shri M. V. Raghavan
31. Shri M. V. Rajagopalan
32. Shri V. K. Rajan
33. Shri Kaniyapuram Ramachandran
34. Shri T. K. Ramakrishnan
35. Shri K. P. Raman
36. Shri M. Ramappa
37. Shri P. B. R. Pillai
38. Shri P. Sankar
39. Shri P. K. Sankarankutty
40. Shri M. Sathyanesan
41. Shri B. M. Sheriff
42. Shri P. R. Sivan
43. Shri P. S. Sreenivasan
44. Shri N. Subramonia Shenoy
45. Shri A. V. Thamarakshan
46. Shri P. C. Thomas
47. Shri Thyagarajan
48. Shri R. S. Unni
49. Shri K. C. Vamadevan
50. Shri C. Vasudeva Menon
51. Shri P. K. Vasudevan Nair
52. Shri Pinarayi Vijayan
53. Shri A. N. Yusuf

Neutrals—Nil

Mr. Speaker: For the motion—73

Against the motion—53

Neutrals—Nil

The question that Clause 3 stands part of the Bill was declared carried.

Clause 3 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause—4

The question that Clause 4 stands part of the Bill was put and carried.

Clause 4 was added to the Bill.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, സഭ ഉച്ചയ്ക്കു ശേഷവും ഇരിക്കേണ്ടതാണെന്ന മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ അതിനെ എതിർക്കുന്നു.

The motion moved by the Chief Minister was put and carried.

Shri T. K. Ramakrishnan: Sir, I demand a poll.
A poll was taken when house divided as follows:

AYES—79

1. Shri M. P. M. Abdulla Kurikkal
2. Dr. K. G. Adiyodi
3. Shri E. Ahamed
4. Shri Korambayil Ahammed Haji
5. Shri A. K. Antony
6. Shri Aryadan Muhamed
7. Shri K. Avukaderkutty Naha
8. Shri K. K. Balakrishnan
9. Shri N. K. Balakrishnan
10. Shri Thennala Balakrishna Pillai
11. Shri P. Balan
12. Shri U. A. Beeran
13. Shri P. Bhaskaran
14. Shri N. Bhaskaran Nair
15. Shri K. Chandrasekharan
16. Shri Cyriac John
17. Shri Damodaran Kalasserry
18. Shri N. I. Devassykutty
19. Shri V. Eacharan
20. Shri Eappen Kandakudy
21. Shri Eapen Varghese
22. Shri P. R. Francis
23. Shri M. P. Gangadharan
24. Dr. George Mathew

LIBRARY ARCHIVES Kerala Legislative Assembly

25. Shri C. P. Govindan Nambiar
26. Shri M. K. Hemachandran
27. Shri P. K. Ittoop
28. Shri A. L. Jacob
29. Shri T. M. Jacob
30. Dr. K. C. Joseph
31. Shri P. C. Joseph
32. Shri P. J. Joseph
33. Shri V. J. Joseph
34. Shri K. Karunakaran
35. Shri Kittappa Narayanaswamy
36. Shri Panarath Kunhimohammed
37. Shri P. T. Kunhutty Haji
38. Shri Thundathil Kunjukrishna Pillai
39. Shri K. V. Kurian
40. Shri Lonappan Nambadan
41. Shri O. Lukose
42. Shri G. P. Mangalathu Madom
43. Shri K. M. Mani
44. Shri M. V. Mani
45. Shri K. A. Mathew
46. Shri N. P. Moideen
47. Shri C. H. Mohamed Koya
48. Shri T. H. Mustafa
49. Shri K. Narayana Kurup
50. Shri E. Narayanan Nair
51. Shri K. S. Narayanan Namboodiri
52. Shri K. P. Nuruddin
53. Shri Oommen Chandy
54. Shri Vakkom Purushothaman
55. Shri M. K. Raghavan
56. Shri K. Raghavan Master
57. Shri A. A. Rahim
58. Shri M. V. Rajan
59. Shri Vattiyoorkavu Ravi
60. Shri P. B. R. Pillai
61. Shri P. R. Kurup

LIBRARY ARCHIVES Kerala Legislative Assembly

62. Shri K. Sankaranarayanan
63. Shri P. K. Sankarankutty
64. Shri V. T. Sebastian
65. Shri P. Seethi Hajee
66. Shri B. V. Seethi Thangal
67. Shri Sidhardhan Kattungal
68. Shri K. Sukumaranunni
69. Shri C. M. Sundaram
70. Shri R. Sundaresan Nair
71. Shri K. K. S. Thangal
72. Shri S. Thankappan Pillai
73. Shri P. J. Thomas
74. Shri P. C. Thomas
75. Shri Thomas Joseph
76. Shri S. Varadarajan Nair
77. Shri K. P. Viswanathan
78. Shri Xavier Arakkal
79. Shri Stephen Padua

NOES—48

1. Shri T. K. Abdu
2. Shri B. M. Abdul Rahiman
3. Shri K. Anirudhan
4. Shri R. Balakrishna Pillai
5. Smt Bhargavi Thankappan
6. Shri N. Chandrasekhara Kurup
7. Shri Chatayan Govindan
8. Shri P. K. Chathan Master
9. Shri J. Chitharanjan
10. Shri E. P. Gopalan
11. Shri P. Karunakaran
12. Shri E. K. Pillai
13. Shri M. K. Kesavan
14. Shri M. K. Krishnan
15. Shri K. K. Kumara Pillai
16. Shri K. T. Kumaran
17. Shri Kandalottu Kunhambu

LIBRARY ARCHIVES Kerala Legislative Assembly

18. Shri P. V. Kunhikannan
19. Shri A. P. Kurian
20. Shri C. A. Kurian
21. Shri T. A. Majid
22. Shri P. P. V. Moosa
23. Shri Kallada Narayanan
24. Shri K. Pankajakshan
25. Shri T. A. Paraman
26. Shri K. P. Prabhakaran
27. Shri M. V. Raghavan
28. Shri M. V. Rajagopalan
29. Shri V. K. Rajan
30. Shri Kaniyapuram Ramachandran
31. Shri T. K. Ramakrishnan
32. Shri K. P. Raman
33. Shri M. Ramappa
34. Shri P. Sankar
35. Shri M. Sathyanesan
36. Shri B. M. Sheriff
37. Shri P. R. Sivan
38. Shri P. K. Sreenivasan
39. Shri P. S. Sreenivasan
40. Shri N. Subramonia Shenoy
41. Shri A. V. Thamarakshan
42. Shri Thyagarajan
43. Shri R. S. Unni
44. Shri K. C. Vamadevan
45. Shri C. Vasudeva Menon
46. Shri P. K. Vasudevan Nair
47. Shri Pinarayi Vijayan
48. Shri A. N. Yusuf

Neutrals—Nil

Mr. Speaker: For the motion 79

Against the motion 48

Neutrals Nil

The motion was declared carried.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Order, order. The house will now adjourn and meet again at 2.30 p.m.

സഭ ഉച്ചയ്ക്ക് 12.33-നു് പിരിയുകയും 2.30-നു ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും കൂടുകയും ചെയ്തു.

Clause by clause consideration of the Kerala Land Reforms (Amendment) Bill, 1979—(*cont.*)

Clause—5

Shri K. Anirudhan: Sir, I move:

81. In sub-section (3) of section 26 of the principal Act proposed to be substituted by clause 5 in line 3, for the words 'six months' the words 'one year' shall be substituted.

88. Sub-section (3A) proposed to be added to section 26 of the principal Act by clause 5 shall be omitted. സർ, ഇതിൽ ഒന്നാമത്തേതു് ചെറിയ കൃഷിക്കാരൻ കൊടുക്കാനുള്ളതിന്റെ കാലാവധി 6 മാസം എന്നുള്ളതു് ഒരു വർഷമായി വർദ്ധിപ്പിക്കണമെന്നുള്ളതാണു്. അതുകൊണ്ടു് അവർക്കു് റിലീഫു് ഉണ്ടാകും. 6 മാസത്തിനകം കൊടുക്കാൻ കഴിയാതെ പോകുന്നതു് സാധാരണഗതിയിൽ ഒരു കൊല്ലമായി വർദ്ധിപ്പിച്ചാൽ സഹായകമായിരിക്കും.

അതുപോലെതന്നെ റവന്യൂ റിക്കവറി പുതുതായി കൂട്ടിച്ചേർത്തതു് ഒമിറ്റു് ചെയ്യണം. രാവിലെ ചർച്ചചെയ്ത പല കാര്യങ്ങളും ഇതുമായി പൊരുത്തപ്പെട്ടു കിടക്കുന്നു. ഒരു ഭൂപരിഷ്ക്കാരം വരുമ്പോൾ അതിനാധാരമായ കൃഷിക്കാരനും അതുപോലെതന്നെ ഭൂമി പുതുതായി കിട്ടുന്നവനും അതുകൊണ്ടു് പ്രയോജനം കിട്ടണമെന്നുള്ളതാണു് ഉദ്ദേശം.

സർ, ഇന്നലെ ഇതിനെപ്പറ്റി സംസാരിച്ചപ്പോൾ വളരെ ഉത്തരവാദപ്പെട്ട നേതാക്കൻമാർ ഈ സഭയെ ഓർമ്മിപ്പിച്ചു സർ, വളരെ മുമ്പു കറാച്ചിയിൽ വെച്ചുതന്നെ ഇത്തരം കാര്യങ്ങളിൽ നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട പോരാളികളായിരുന്ന നേതാക്കൻമാർ തീരുമാനമെടുത്തുവെന്നു്. അതു പറഞ്ഞപ്പോൾ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ബഹുമാനപ്പെട്ട ആൻറണിയാണു് അതു് ഓർമ്മിപ്പിച്ചതു്. അതിനുശേഷം വളരെ കൊല്ലങ്ങൾ കഴിഞ്ഞു, നമ്മുടെ രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടി. ഒട്ടും മോശക്കാരനല്ലായിരുന്ന, ലോകം അറിയുന്ന, ഇൻഡ്യയിലെ പതിനായിരക്കണക്കിനു് മനുഷ്യരെ ഒരുമിച്ചു മെരുക്കാൻ കഴിവുള്ള ജവഹരിലാൽ നെഹ്റുവായിരുന്നു ഇൻഡ്യയുടെ ആദ്യത്തെ പ്രധാനമന്ത്രി. ഇതു ചെയ്യുന്നതിനുവേണ്ടി സൗകര്യപ്രദമായി ഭരണഘടനയിൽത്തന്നെ എഴുതിച്ചേർത്തു. സംസ്ഥാന ഗവൺമെൻറുകളോടു് ഇതു ചെയ്യണമെന്നു് അനുശാസിക്കുന്ന കൂട്ടിച്ചേർക്കലുകളും ഉണ്ടായി. ലോകത്തു് ഒരിടത്തുമില്ലാത്ത രീതിയിൽ അവർക്കുമാത്രമായി പത്തു മുപ്പതു കൊല്ലക്കാലം ഈ രാജ്യത്തു ഭരണം നടത്താൻ സൗകര്യം കിട്ടി. ഒരിടത്തും ഉണ്ടായിട്ടില്ല, ഇത്രയും ദീർഘകാലം ഒരു പാർട്ടിക്കു മാത്രമായി ഭരണം നടത്താനുള്ള സൗകര്യം. ജനാധിപത്യം പറയുന്ന പണ്ഡിതൻമാരൊക്കെയുള്ള ഒരു സഭയാണു് പാർലമെൻറു്. അതിന്റെ മണിത്തൊട്ടിലെന്നു പറയുന്ന ഫ്രാൻസിലാകട്ടെ, അതിന്റെ അവധൂതൻമാർ ഭരണം നടത്തുന്ന അമേരിക്കൻ ഐക്യനാട്ടിലാകട്ടെ, പ്രധാനപ്പെട്ട നേതാക്കൻമാർ ഭരണം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന യുണൈറ്റഡ് കിംഗ്ഡം-ൽ ആകട്ടെ ഇതുപോലെ 30 കൊല്ല ക്കാലം ഒരു പാർട്ടിക്കു മാത്രമായി ഭരണംനടത്താൻ സൗകര്യം കിട്ടിയിട്ടില്ല. കേരളം അടക്കം എല്ലാ സംസ്ഥാനങ്ങളിലും അവരുടെ പാർട്ടിക്കു ദീർഘ കാലം ഭരിക്കാൻ സൗകര്യം കിട്ടിയിട്ട് ഒരു സ്റ്റേറ്റിൽ, ജവഹരിലാൽ നെഹ്റുവിന് വളരാനും നേതാവാകാനും സൗകര്യം കൊടുത്ത യു. പി.-യിൽ, എന്തിനു സുഭാഷ്ചന്ദ്രബോസിനെ ലോകം അറിയുന്ന നേതാവാക്കി യെടുക്കാൻ സൗകര്യംകൊടുത്ത ബംഗാളിൽ, അങ്ങനെ ഒരു സ്റ്റേറ്റിലും ഇതു നടപ്പിലായില്ല. നമ്മുടെ സ്റ്റേറ്റിൽ മാത്രമാണ് 1957-58 കാലഘട്ട ത്തിൽ ഒരു ആലോചന തുടങ്ങിയത്. എന്നാൽ ആ ആലോചന അബദ്ധ മായിപ്പോയെന്ന് കേരളത്തിലെ ഒരു വലിയ സംഘം നേതാക്കൻമാർ ചേർന്നു സംസാരിച്ചു. ഞാൻ ഓർക്കുന്നു. ശ്രീമാൻ ആൻറണി അടക്കം, അതു പോലെതന്നെ അപ്പുറത്തിരിക്കുന്നതും ഇപ്പുറത്തിരിക്കുന്നതും ആയ പലരും അടക്കം ഇങ്ങനെ സംസാരിച്ചു. നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള പുനരേകീ കരണത്തെക്കുറിച്ചു ഞാൻ പറയുന്നില്ല. പലരും അതിനെ അന്ന് എതിർത്തു. ആ എതിർപ്പിൻെറ പ്രധാനകാരണങ്ങളിൽ ഒന്ന് ഭൂമിയെ സംബന്ധിച്ചിട ത്തോളം കൈവച്ചു എന്നുള്ളതുതന്നെയാണ്. ബഹുമാനപ്പെട്ട ആൻറണി അടക്കം അതു ഓർമ്മിക്കും; അന്നത്തെ മുദ്രാവാക്യങ്ങൾ. ഈ ഭൂമി ഭരണ ത്തിൽ ഇരിക്കുന്നവരുടെ പിതൃസ്വത്തല്ലെന്നായിരുന്നു പ്രധാന മുദ്രാവാക്യം. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ അന്നു കൊണ്ടുവന്ന അഗ്രേറിയൻ റിലേഷൻസ് ബിൽ, ആ ബിൽ കൊണ്ടുവന്ന ഗവൺമെൻറിന് പാസാക്കി നടപ്പാക്കാൻ സൗകര്യം കിട്ടിയില്ല. അതിനുശേഷം ബഹുമാനപ്പെട്ട ചന്ദ്ര ശേഖരൻ അവതരിപ്പിച്ചു അതിൻെറ മൂലനിയമം. അതിലുള്ള വ്യവസ്ഥ കളും നടപ്പിലാക്കാൻ സൗകര്യം കിട്ടിയില്ല. പിന്നെ ശ്രീമാൻ പി. ടി. ചാക്കോ കൊണ്ടുവന്നു ആ നിയമം. തുടർന്ന് അതിനൊരു ഭേദഗതി നിയമം 1969-ൽ പാസാക്കുകയും 1970-ൽ നടപ്പാക്കുകയും ചെയ്തു.

ഇതിൻെറതന്നെ വേറൊരു ഭാഗത്തു പറയുന്നത്, നിയമത്തിൻെറ ഒരു ഭാഗത്തു വ്യവസ്ഥ ചെയ്യുന്നത് 1970 ജനുവരി ഒന്നിനുശേഷം അത്തരം കാര്യങ്ങൾ ചെയ്യരുത് എന്നാണ്. അപ്പോൾ തുടർന്നുവന്ന ഗവൺമെൻറുകൾ ചെയ്യേണ്ടിയിരുന്ന മറ്റൊരുകാര്യം ഇല്ലേ സർ. വളരെ പ്രധാനപ്പെട്ട ഒരു കാര്യം നിയമപ്രകാരം ചെയ്യരുതെന്നു പറഞ്ഞാൽ അത് ഇപ്പുറത്തിരിക്കുന്ന രാഷ്ട്രീയ നേതാക്കൻമാരുടെയും ഭരണത്തിൽ ഇരിക്കുന്ന രാഷ്ട്രീയനേതാ ക്കൻമാരുടെയും മന്ത്രിമാരുടെയും മാത്രം ബാദ്ധ്യതയല്ല. അതു നടപ്പാക്കേ ണ്ടത് ഉദ്യോഗസ്ഥൻമാരല്ലേ? എക്സിക്യൂട്ടീവ്. നമ്മുടെ വില്ലേജ് ഉദ്യോഗസ്ഥൻമാർ മുതൽ കളക്ടർ വരെ, നമ്മുടെ റവന്യൂ സെക്രട്ടറി അടക്കം, 1970 ജനുവരി ഒന്നിനുശേഷം നമ്മുടെ സ്റ്റേറ്റിനു വെസ്റ്റഡ് ആയിട്ടുള്ള ഭൂമി എത്ര എന്നറിഞ്ഞിരിക്കണ്ടേ? രാവിലെ സത്യനേശൻ സംസാരിച്ചപ്പോൾ നാലു ലക്ഷത്തോളം ഏക്കർ മിച്ചഭൂമി വെസ്റ്റഡ് ആയി ട്ടുണ്ട് എന്നു പറഞ്ഞു. ഈ നാലര ലക്ഷത്തോളം ഏക്കർ ഭൂമി വെസ്റ്റഡ് ആയിട്ട് ആധികാരികമായി ഇത്ര ഏക്കർ മിച്ചഭൂമി വെസ്റ്റഡ് ആയി എന്നു വെളിപ്പെടുത്താൻ ഇന്നോളം ആർക്കും കഴിഞ്ഞിട്ടില്ല.

ഈ നാലു ലക്ഷം ഏക്കർ മിച്ചഭൂമിയിൽ പന്ത്രണ്ടര ശതമാനം ഭൂമി നഷ്ടപ്പെട്ടു വിഷമിക്കുന്നവർ ആരെങ്കിലും ഉണ്ടെങ്കിൽ നൽകണം അല്ലെങ്കിൽ സ്റ്റേറ്റിൻെറ ആവശ്യത്തിനുവേണ്ടിയുള്ള ഇംപ്രൂവ്മെൻറ്സിന് നീക്കി വയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. അതു കഴിഞ്ഞാൽ എൺപത്തേഴര ശതമാനം ഉണ്ട്. ഈ നാലു ലക്ഷത്തിൽ പകുതി നമ്മളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഓമനപ്പേരിട്ടു മഹാത്മാഗാന്ധി അടക്കം, ഞാൻ അടക്കം, ശ്രീ. എ. കെ. ആൻറണി അടക്കം വിളിച്ചുവരുന്ന ഹരിജനങ്ങൾക്കാണു സർ. പാവം പിടിച്ച തൊഴിലാളിക്ക് അതിലും പ്രത്യേകിച്ച് പുലയർക്ക്, വയലിൽ ജോലി ചെയ്യുന്നവർക്ക്, തലമുറ തലമുറയായി ജോലി ചെയ്യുന്നവർക്ക്, അങ്ങനെ കറുത്തു കരുവാളിച്ചു നടക്കുന്ന ഹരിജനങ്ങൾക്കാണ് എൺപത്തേഴര ശതമാനത്തിൽ നേർ പകുതി. ആ ഭൂമി അടക്കം സൗകര്യ പ്രദമായി ട്രാൻസാക്ട് ചെയ്യാൻ നമ്മുടെ ഭരണാധികാരികളും അതു പോലെതന്നെ നമ്മുടെ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരും നിന്നു കൊടുത്തു. അതിനെക്കുറിച്ച് ഒരു പരിശോധന നടത്തേണ്ട ഈ സഭ, ഗവൺമെൻറിൽ വെസ്റ്റഡായിരുന്ന ലക്ഷക്കണക്കിനു ഏക്കർ ഭൂമി, മിച്ച ഭൂമി അതു തിരിമറി നടത്താൻ സൗകര്യം കൊടുത്തവരുടെ പേരിൽ, ഗവൺ മെൻറ് ഓഫീസർമാരുടെ പേരിൽ ഡെർലിക്ഷൻ ഓഫ് ഡ്യൂട്ടിക്ക് നട പടിയെടുക്കേണ്ടതല്ലേ? 1970–നു ശേഷം ഏതെങ്കിലും ഒരു ഓഫീസർ ഇതു കൈമാറ്റം ചെയ്യുന്നു എന്നു ചൂണ്ടിക്കാണിച്ചു തടസം ചെയ്തിട്ടുണ്ടോ. റവന്യൂ ഉദ്യോഗസ്ഥൻമാരും റവന്യൂ സെക്രട്ടറിയും അലക്ഷ്യമായിട്ടല്ലേ ഈ കാര്യങ്ങൾ കൈകാര്യം ചെയ്തത്. കൃഷിക്കാരനു ചെല്ലേണ്ട മിച്ചഭൂമി കയ്യിൽ തഴമ്പുള്ള മൺവെട്ടിയെടുത്തു വേലചെയ്യാൻ കഴിവുള്ള കർഷക ത്തൊഴിലാളിക്കു ചെല്ലേണ്ട മിച്ചഭൂമി, നേർപകുതി നമ്മുടെ ഹരിജനങ്ങൾക്കു ചെല്ലേണ്ട മിച്ചഭൂമി നിർലജ്ജം വളരെ കൺവീനിയൻറായി ഗവൺമെൻറു ദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി മാറ്റിയിരിക്കുന്നു.

സർ, കോംപ്രമൈസിനെക്കുറിച്ച് അപ്പുറത്തുള്ളവരും ഇപ്പുറത്തുള്ള വരുമൊക്കെ പറയുന്നു. എന്തു കോംപ്രമൈസാണ്? നാലുലക്ഷം ഏക്കർ ഭൂമി സൗകര്യപ്രദമായി അങ്ങോട്ടുമിങ്ങോട്ടും ഒതുക്കിയിട്ട് കോംപ്രമൈസി നെക്കുറിച്ചു പറയുന്നു. ഇനിയിപ്പോൾ കൊടുക്കാൻ ഭൂമിയില്ല. എക്സസ് ലാൻഡ് കൈമാറ്റം ചെയ്യപ്പെട്ടതിന് എങ്ങനെ സാധൂകരണം കൊടുക്കാ മെന്നുള്ളതാണിപ്പോഴത്തെ ആലോചന. 1964-ൽ കൊടുക്കരുതെന്നു പറഞ്ഞു. ആരും അറിഞ്ഞില്ല, കേട്ടില്ല എന്നാണു പറയുന്നത്. ആരും അറിവുള്ളവരായിരുന്നില്ല. ഇതിൻെറയൊക്കെ ദുരിതഫലം അനുഭവിക്കു ന്നത് പാവംപിടിച്ച മുസ്ലീം സമുദായത്തിൽപ്പെട്ടവരും ക്രിസ്ത്യാനി സമു ദായത്തിൽപ്പെട്ടവരും ഹിന്ദു സമുദായത്തിൽപ്പെട്ടവരുമൊക്കെയാണെന്ന കാര്യം ഇന്നലെയും മിനിഞ്ഞാന്നുമൊക്കെ പറയുന്നതു കേട്ടു. സർ, 1957-ൽ ആരംഭിച്ചതാണ് ഭൂമിയിൽ നിയന്ത്രണം വരാൻപോകുന്നു എന്നത്. 1964-ൽ വീണ്ടും നിയമം വന്നു. 1970–ൽ വ്യക്തമായി പറഞ്ഞതും വിമോ ചനസമരത്തിലെ പ്രധാനപ്പെട്ട മുദ്രാവാക്യവും ഭൂമിയെ സംബന്ധിച്ചായി രുന്നു. 'ഭൂമി' കൊണ്ടുവന്ന ചാത്തനെ വെളിയിലാക്കണം, ആ ഭൂമിയിൽ പരിഷ്ക്കാരംകൊണ്ടുവന്ന ഗൗരി ചോത്തിയായിപ്പോയി, അവളെ വെളിയി ലാക്കണം ആ പരിഷ്ക്കാരം കൊണ്ടുവന്ന മന്ത്രിസഭയുടെ നേതാവ് നമ്പൂതിരിപ്പാട് വിക്കനായിപ്പോയി അതുകൊണ്ട് അവൻ പോണം—ഇത്തരം മുദ്രാവാക്യങ്ങളാണ് പ്രധാനമായും അന്നു മുഴക്കിയിരുന്നത്. അതൊക്കെ നാട്ടിലെല്ലാരും അറിഞ്ഞു. ആ ഇരിക്കുന്ന നേതാക്കൻമാരെല്ലാവരും ഉറച്ചു വിളിച്ചവരാണ്. ഞാൻ കേട്ടതാണ്. അന്ന്, എൻെറ പാർട്ടിയുടെ നേതാ വായ ശ്രീ. എം. എൻ. ഗോവിന്ദൻനായരും ഞാനുംകൂടെ പാർട്ടിയാഫീ സിൻെറ മുൻപിൽ നിൽക്കുമ്പോഴുണ്ട്, പതിനായിരത്തിൻെറ ഒരു ജാഥ: അതിൽ, പൊക്കംകുറഞ്ഞ ശ്രീമാൻ ആൻറണി, പൊക്കംകൂടിയ ശ്രീമാൻ സ്റ്റീഫൻ, ചട്ടമ്പിസ്വാമികളുടെ താടിമീശയുള്ള പടം, അതിനുമുൻപിൽ. അന്തരിച്ച മന്നത്തു പത്മനാഭൻ, താടിമീശയില്ലെങ്കിലും മുണ്ടുമൂടിയ

LIBRARY ARCHIVES Kerala Legislative Assembly

വശീകരണശക്തിയുള്ള മുദ്രാവാക്യങ്ങൾ വിളിച്ചുപറഞ്ഞിരുന്ന ഗുരുസ്വാമിയുടെ പടം, അതിന്റെകൂടെ അന്തരിച്ച ആർ. ശങ്കറിന്റെ എഴുന്നള്ളത്ത്. അവരെല്ലാംകൂടെ സ്റ്റേറ്റൊട്ടുക്കു വിളിച്ചു പറഞ്ഞു ഇതാ ഭൂമിയിൽ നിയന്ത്രണം വരാൻ പോകുന്നു, സൂക്ഷിച്ചോ, ഇതുകൊണ്ടു വന്നവനെ ഇറക്കിക്കോ, ഞങ്ങളു വരും, ജീവത്താണേ കട്ടായം എന്ന്. 1970–നു ശേഷം ഒരു കരണവുംപാടില്ലെന്നു വ്യവസ്ഥചെയ്ത ശേഷവും വീണ്ടും കൊണ്ടുവന്നിരിക്കുന്നു 1979-ൽ, അതുകൂടി ശരിപ്പെടുത്തിക്കൊടുക്കണം എന്ന്. അങ്ങനെയാണെങ്കിൽ, ഈ കാര്യത്തെക്കുറിച്ചറിവുണ്ടായിരിക്കേണ്ടതായ ശ്രീമാൻ സി. എച്ച്. മുഹമ്മദുകോയ പറയണം 1970 ജനുവരി 1–നു ശേഷം എത്ര ഏക്കർ മിച്ചഭൂമി ഈ സംസ്ഥാനത്തുണ്ടായിരുന്നു എന്നും ഇന്നദ്ദേഹം അധികാരമേറ്റെടുത്തപ്പോൾ കൈവശം കൊടുക്കാനെത്ര മിച്ചഭൂമിയുണ്ടെന്നും. വെറും കോംപ്രമൈസ് മാത്രമായി പോകാനുള്ള പ്രശ്നമല്ല ഇത്. ഭൂരഹിതരായ പാവപ്പെട്ടവർക്ക് അവരർഹിക്കുന്ന ഭൂമി തിരിച്ചുകിട്ടാനുള്ള പോരാട്ടത്തിനുതകുന്നതല്ല ഈ കോംപ്രമൈസ്. ഇത് അപലപനീയമാണ്, ഞാനിതിനെ എതിർക്കുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ക്ലാസ് 26, സബ്സെക്ഷൻ 3-ന് ഒരു സബ്സ്റ്റിറ്റ്യൂഷനാണ് ഇത്. കൃഷിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള ഭേദഗതികളാണ് അപ്പുറത്തുള്ള സ്നേഹിതൻമാർ കൊണ്ടുവരുന്നത് എന്നാണ് പറയുന്നത്. ഇതുമൂലം നിലവിലുള്ള നിയമത്തിനു ദോഷം വരും. 1969-ൽ ഭേദഗതിചെയ്ത നിയമപ്രകാരം 'Recovery of arrears of rent'.

The Land Tribunal may, on application by the person entitled to the amount determined under sub-section (2) at any time within one year from the date on which the order of Land Tribunal under that sub-section has become final, recover the amount in such manner as may be prescribed and pay the same to the applicant. ഈ ഉപവകുപ്പിനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ലാൻഡ് ട്രിബ്യൂണൽ പാട്ടബാക്കി നിശ്ചയിച്ചുകഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണൽ പുറപ്പെടുവിക്കുന്ന ഉത്തരവിനുശേഷം ഒരു വർഷത്തിനകം കൊടുക്കാനുള്ള സാവകാശം 26–3 അനുസരിച്ച് ഇപ്പോൾത്തന്നെ ഉണ്ട്. ഭേദഗതി പ്രകാരം അതെടുത്തുകളയുകയും ഒരു വർഷമെന്നത് ആറുമാസമാക്കി ചുരുക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇത് നമ്മുടെ രാജ്യത്തെ കൃഷിക്കാർക്ക് വളരെയേറെ ദോഷം ചെയ്യും. ഇന്നുതന്നെ ഉള്ള സൗകര്യം എന്തിനെടുത്തുകളയണം? ഒരു വർഷമെന്നത് ആറുമാസമാക്കി ചുരുക്കുകമാത്രമാണ് ചെയ്തിരുന്നതെങ്കിലും സഹിക്കാമായിരുന്നു. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന 3-എ അതിലും അപകടം പിടിച്ചതാണ്. ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നുണ്ട് ആ അപകടം. There was no uniformity in the procedure for recovery of arrears of rent under section 26 and 73 of the Act. While under section 73 the arrears can be recovered under the provisions of the Revenue Recovery Act, sections 26 provides for recovery in the prescribed manner. അപ്പോൾ, ഒരു യൂണിഫോമിറ്റി വേണം. എങ്കിൽ കൃഷിക്കാരന് അനുകൂലമായ നടപടി കൊണ്ടുവന്നുകൂടേ? , ഏകീകരണം വേണമെന്നുമാത്രമേ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നുള്ളു. സർ, റവന്യൂ റിക്കവറിയാണ് 1973-ൽ സജസ്റ്റ് ചെയ്തിട്ടുള്ള വകുപ്പിൽ ഉള്ളത്. ആറുശതമാനം പലിശയോടുകൂടി നികുതി ഈടാക്കി പിരിച്ചുകൊടുക്കാനുള്ള അവകാശം ഗവർമ്മെണ്ടിൽ നിക്ഷിപ്തമാണ്. കർഷകന്റെ താൽപ്പര്യസംരക്ഷണമാണെങ്കിൽ ഈ നടപടിയിൽ

LIBRARY ARCHIVES Kerala Legislative Assembly

അതൊന്ന് ഐക്യപ്പെടുത്തണം. ജൻമിക്ക് അനുകൂലമാകാതെ കൃഷിക്കാരന് ഗുണകരമായ ഐക്യപ്പെടുത്തൽ ആകാൻ പാടില്ലേ? പക്ഷേ അങ്ങനെ തോന്നിയില്ല. ജൻമിക്ക് അനുകൂലമായ ഐക്യപ്പെടുത്തൽ വേണമെന്നാണ് തോന്നിയത്. 76-ലെയും 73-ലെയും നികുതിക്കുടിശ്ശിക പിരിവ് നടപടിക്ക് ഐകരൂപ്യം ഉണ്ടാക്കുന്നതിനുവേണ്ടി കൃഷിക്കാരനിൽനിന്നും നികുതിബാക്കി ഈടാക്കുന്ന കാര്യത്തിൽ അവർക്ക് ഇന്നുള്ള സാവകാശം ചുരുക്കി. എന്നാൽത്തന്നെ ഒരുവർഷം എന്നുള്ളത് ആറുമാസമാക്കി ചുരുക്കി. അതുപോലെതന്നെ prescribed manner-ൽ കൊടുത്താൽ മതി എന്നുള്ളതു മാറ്റി ജൻമിക്ക് അനുകൂലമായി ട്രൈബ്യൂണൽ ആവശ്യപ്പെട്ടു കഴിഞ്ഞാൽ കൊടുക്കുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടിപ്രകാരം ഭൂമി ജപ്തിചെയ്ത് അവനെ വഴിയാധാരമാക്കി നികുതിക്കുടിശ്ശിക ഈടാക്കാമെന്ന വ്യവസ്ഥ ചെയ്യുന്നു. അങ്ങനെ കൃഷിക്കാരന് ദോഷം വരുന്ന സമീപനമാണ് ഇതിൽ ഉള്ളത്. കൃഷിക്കാരന് ഗുണം ചെയ്യാൻ ഉള്ള സമീപനം തോന്നാതിരുന്നത് എന്തുകൊണ്ടാണ്? കൃഷിക്കാരനെ ഗുണപ്പെടുത്തണം എന്ന ഒരു നയം ഉണ്ടെങ്കിലല്ലേ പറ്റൂ. ആ നയം സ്വീകരിക്കാൻ കൂട്ടാക്കാത്ത ആളുകൾ കൃഷിക്കാരെ ദ്രോഹിക്കുന്നു. അതിന് അവർ മൂലനിയമത്തിൽ—ഇപ്പോൾത്തന്നെയുള്ള ഭേദഗതി നിയമത്തിലുള്ള—ഉള്ള നികുതിക്കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള സാവകാശം നേർപകുതിയായി വെട്ടിച്ചുരുക്കി. മുൻപ് ഓർഡർ പുറപ്പെടുവിച്ചുകഴിഞ്ഞ് ഒരു വർഷത്തിനകം കൊടുത്താൽ മതി. ഇന്നാണെങ്കിൽ നികുതിക്കുടിശ്ശിക നിശ്ചയിച്ചുകഴിഞ്ഞാൽ ആറു മാസത്തിനകം കൊടുക്കണം. അങ്ങനെ കൃഷിക്കാരന് ഇതിൽ ദോഷം വരുത്തിവച്ചു. അതുകൊണ്ടും അരിശം തീരാതെ അവനാപ്പുരയുടെ ചുറ്റും ഓടിനടന്നു എന്നു പറഞ്ഞതുപോലെ, അതുകൊണ്ടും അരിശം തീരാതെയാണ് 3 (എ) കൊണ്ടുവന്നത്. അതിന്റെ കാര്യം പറഞ്ഞത്, ഐകരൂപ്യം വേണമെന്നാണ്. ഐകരൂപ്യം വേണമെന്നു പറഞ്ഞുകൊണ്ടുവന്ന ഭേദഗതിയും കൃഷിക്കാരന്റെ മണ്ടക്ക് ആണ് കൊണ്ട് അടിച്ചത്. അങ്ങനെ കൃഷിക്കാർക്ക് ദോഷം ചെയ്യുന്നതാണ് ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി. ആ കാരണത്താൽ ആറുമാസം എന്നത് ഒരു വർഷം വരെ എന്ന് ശ്രീ. അനിരുദ്ധൻ ഇവിടെ മൂവുചെയ്ത ഭേദഗതി അംഗീകരിക്കണമെന്നും മൂന്ന് (എ) പിൻവലിക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മന്ത്രിയും അതുപോലെതന്നെ അപ്പുറത്തുള്ള സ്നേഹിതൻമാരും അത് അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. സി. സുബ്രഹ്മണ്യഷേണായി: സർ, കർഷകപ്രസ്ഥാനം—ആൻറണി മനസ്സിലാക്കാൻ പറയുന്നതാണ്, ചിരിച്ചിട്ട് കാര്യമില്ല—1921-ൽ ജീവൻകൊടുത്ത് ഏറനാട്ടിലെ മുസ്ലിംകൾ അവകാശം നേടാൻവേണ്ടി നടത്തിയിട്ടുള്ള സമരത്തിൽ അന്ന് ജീവപര്യന്തം ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്ന ഒരു കോൺഗ്രസ് നേതാവ് ഉണ്ടായിരുന്നു, എൽ. പി. നാരായണ മേനോൻ. ആൻറണി കേട്ടിട്ടുണ്ടോ? ജീവപര്യന്തം ജയിൽശിക്ഷ അനുഭവിച്ച എൽ. പി. നാരായണമേനോൻ. അതിനുംപുറമെ ജീവകാലമത്രയും കർഷകപ്രസ്ഥാനത്തിനുവേണ്ടി തന്റെ ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ച് സമരംചെയ്തിട്ടുള്ള സഖാവ് ഏ.കെ. ഗോപാലനും സി. എച്ച്. കണാരനും, പോരാ, 1921-ലെ കർഷക സമരത്തിലും അതിനുശേഷം നടന്ന ദേശീയ സമരത്തിലും പങ്കെടുക്കുകയും 'കേരളവും കോൺഗ്രസ്സും' എന്നപുസ്തകംതന്നെ എഴുതുകയും ചെയ്ത ശ്രീ. മൊയാരത്ത് ശങ്കർ. കോൺഗ്രസ്സുതന്നെ ലോക്കപ്പിൽ ഇട്ടു കൊന്ന ഒരു കർഷകമഹാകവി ഉണ്ടായിരുന്നു—നീലഞ്ചേരി നാരായണൻ നമ്പ്യാർ—കൃഷിക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടി ജയിലിൽ പോയതിനുശേഷം സേലം ജയിലിൽവച്ച് വെടികൊണ്ടുമരിച്ച

LIBRARY ARCHIVES Kerala Legislative Assembly

നീലഞ്ചേരി നാരായണൻ നമ്പ്യാരും കൂത്തുപറമ്പിലെ ആസാദ് ഗോപാലനും—ആസാദ് ഗോപാലൻ എന്ന പേരു കിട്ടിയതുതന്നെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയതുകൊണ്ടാണ്—നിങ്ങൾക്കറിയാമോ പന്തളം പി. ആർ. മാധവൻപിള്ളയെ, തിരുവിതാംകൂറിലെ കൃഷിക്കാരുടെ സമരത്തിനുവേണ്ടി ആജീവനാന്തം പരിശ്രമിച്ച് മരിച്ച സഖാവ് പന്തളം പി. ആറും സി. എസ്. ഗോപാലപിള്ളയും പിന്നെഇന്നു ജീവിച്ചിരിപ്പുള്ള, കർഷക പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചവരും ഉണ്ട്. ശ്രീ. ആൻറണിയുടെ പാർട്ടിക്കാരിൽ ഒരാളുണ്ട്, ശ്രീ. ബി. എം. വിഷ്ണുഭാരതി. നാരകത്ത് ഒരു ഓലപ്പുരയിൽ കഴിയുന്നു. 87 വയസ്സായ കർഷകസമരത്തിനുവേണ്ടി നേതൃത്വം കൊടുത്ത് പലതവണ ജയിലിൽ കിടന്ന് ഇന്ന് കേന്ദ്ര പെൻഷൻ വാങ്ങിക്കഴിയുന്ന ശ്രീ. ബി. എം. വിഷ്ണുഭാരതീയനും, കോഴിക്കോട്ടു കല്ലായിയിലെ കെ. എ. കൈരളി എന്നു പറയുന്ന സി. പി. ഐ. നേതാവും ഉണ്ട്. ഇപ്പോൾ ചെവിടുകേൾക്കാതെ, കണ്ണുകാണാതെ കഴിയുന്നു. കൃഷിക്കാരനുവേണ്ടി സമരം ചെയ്തിട്ടുള്ള, അതാത്യ അവസരത്തിൽ വേണ്ടുന്ന മുദ്രാവാക്യങ്ങൾ പാട്ടിൻെറ രൂപത്തിൽ കൊടുത്തു സമരം നടത്തിയ ആളാണ്. ഈ നേതാക്കൻമാരുടെയെല്ലാം സമരത്തിൻെറയും ത്യാഗത്തിൻെറയും ഫലമായി ഉണ്ടായിട്ടുള്ള ഈ കാർഷിക പുരോഗമനപരമായ നിയമങ്ങളുടെ തലനാരിഴ കീറിയിട്ടാണ് ഇപ്പോൾ അപ്പുറത്തിരിക്കുന്നവരൊക്കെ 'എ' ക്ക് 'ബി' ചേരുമോ, 'ബി' ക്ക് 'സി' ചേരുമോ എന്നൊക്കെ നോക്കുന്നത്.

ഇങ്ങനെ സമരം ചെയ്ത് അതിനു നേതൃത്വം കൊടുത്ത നേതാക്കൻമാർ ഈ സമരം നടത്തുമ്പോൾ ആദ്യത്തെ മുദ്രാവാക്യം എന്തായിരുന്നുവെന്നോ? ''തോലും വിറകും ഞങ്ങളെടുക്കും കാലൻ വന്നുതടുത്താലും'' എന്നതായിരുന്നു. അന്നു മുഴുവൻ ഭൂമിയും ജൻമിയുടേതായിരുന്നു. പച്ചിലവളത്തിനു തോല് എടുക്കാൻ അധികാരമില്ല. കഞ്ഞിവയ്ക്കാൻവേണ്ടി ചുള്ളി പറിക്കാൻ അധികാരമില്ല. അങ്ങനെയാണ് തോലും വിറകും ഞങ്ങളെടുക്കും, കാലൻവന്നു തടുത്താലും, വിത്തിട്ടവൻ വിളകൊയ്യും, വിത്തിട്ടവൻ വിളകൊയ്യും എന്ന മുദ്രാവാക്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച് സമരം ചെയ്ത ആയിരക്കണക്കിന് രക്തസാക്ഷികളും സമരധീരരും—കരുണാകരൻ ചിരിക്കേണ്ട, കരുണാകരൻ ഈ കോൺഗ്രസ്സിൽ കൂടുമ്പോൾ ഇതൊന്നും കണ്ടിട്ടില്ല, (സഭയിൽ ചിരി) സത്യം പറയുകയാണ്. കരുണാകരൻ കോൺഗ്രസ്സിൽ കൂടിയിട്ട് കിട്ടിയ പേര് ഞാൻ ഇപ്പോൾ പറയുന്നില്ല. സമരം ചെയ്തു നേടിയിട്ടുള്ള ഈ നിയമത്തെ പിന്നോക്കം കൊണ്ടുപോകുന്നതിനുവേണ്ടി എൻെറ സ്നേഹിതൻ ശ്രീ. ആൻറണിയും ഭൂരിപക്ഷം മുസ്ലീങ്ങളുടെ താൽപര്യത്തിനുവേണ്ടി നിലകൊള്ളുന്ന ശ്രീ. സി. എച്ച്. മുഹമ്മദുകോയയും ഇത്തരത്തിലുള്ള ബില്ല് കൊണ്ടുവന്നതിൽ എനിക്കു വേദനയുണ്ട്. കേരള കോൺഗ്രസുകാരെപ്പറ്റി ആക്ഷേപമില്ല. അവർ പറഞ്ഞിട്ടുണ്ട്. ''തമ്പ്രാൻ എന്നു വിളിപ്പിക്കും പാളേക്കഞ്ഞി കുടിപ്പിക്കും'' ആരെക്കൊണ്ട്? ഈ നാട്ടിലെ കൃഷിക്കാരേയും കർഷകത്തൊഴിലാളികളേയും കൊണ്ട്. തമ്പ്രാൻ എന്നു വിളിപ്പിക്കും പാളേക്കഞ്ഞി കുടിപ്പിക്കും എന്നു പറഞ്ഞ കേരള കോൺഗ്രസുകാർ ഇതും ഇതിലപ്പുറവും പിന്തിരിപ്പൻ നയം കൊണ്ടുവന്നാൽ ഞങ്ങൾക്കു ആക്ഷേപമില്ല. മുസ്ലീം ന്യൂനപക്ഷത്തിൻെറ താൽപര്യം സംരക്ഷിക്കാൻവേണ്ടി, മുസ്ലീം കൃഷിക്കാർക്കു ഭൂമി കിട്ടുന്നതിനുവേണ്ടി എന്ന് അവകാശപ്പെടുന്ന, എൻെറ സ്നേഹിതൻ ശ്രീ. സി. എച്ച്. മുഹമ്മദുകോയ ഈ പിന്തിരിപ്പൻ നിയമം കൊണ്ടുവന്നതിലാണ് ആക്ഷേപമുള്ളത്. ആരും പറയുന്നതിനുമുമ്പ് കേരളത്തിലെന്നല്ല, ഇൻഡ്യയൊട്ടുക്കും നടന്ന് മൂന്നാംചേരി ഉണ്ടാക്കണമെന്ന് ശ്രീ. ഏ. കെ. ആൻറണി

LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂരിൽ പ്രസംഗിച്ചത് എൻെറ ഈ പൊന്നാരച്ചെവികൊണ്ടു കേട്ടതാണ്. അങ്ങനെ പറഞ്ഞുനടന്ന ശ്രീമാൻ എ. കെ. ആൻറണിയും ഇന്ന് അതൊക്കെ മാറാപ്പുകെട്ടി അട്ടത്തു വെച്ചിട്ട് ഈ പിന്തിരിപ്പൻനിയമം പാസ്സാക്കുന്നതിന് കൈപൊക്കുന്നു. ഈ പിന്തിരിപ്പൻ നിയമം പാസ്സാക്കുന്നതിന് 75 കൈകൾ പൊങ്ങിയ കൂട്ടത്തിൽ ഇങ്ങനെ കുറച്ചു പേരുടെ കൈ പൊങ്ങിയതിൽ വളരെയധികം വേദനയുണ്ട്. അതുകൊണ്ട് ഈ അവസാന നിമിഷത്തിലെങ്കിലും സമഗ്രമായ കാർഷിക പരിഷ്കരണ നിയമത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ചിട്ടുള്ള ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ആയി അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ രക്തസാക്ഷികളുടെ പേരിൽ ഈ ബില്ല് പിൻവലിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, പാട്ടക്കുടിശ്ശിക റവന്യൂ റിക്കവറി നടപടി നടത്തി തിരിച്ച് എടുക്കുന്ന ഒരു വകുപ്പാണ് ഇപ്പോൾ പുതിയതായി ചേർത്തിട്ടുള്ളത്.

3 p.m.

ഇതുപോലെതന്നെയുള്ള മറ്റൊരു വകുപ്പിൽ ഈ വ്യവസ്ഥ ഉള്ളതുകൊണ്ട് അത് ഇതിലേക്കു ചേർത്തു ഏകീകരിക്കുന്നു എന്നേ ഉള്ളു എന്നു പറഞ്ഞുകൊണ്ട് വളരെ സിമ്പിളായിട്ടാണ് കൊണ്ടുവന്നിരിക്കുന്നത്. കൊണ്ടുവന്ന സമയവുമായി തട്ടിച്ചുനോക്കിയിട്ടു വേണം ഭേദഗതിയെ വിലയിരുത്താൻ. പാട്ടക്കുടിശ്ശിക അടയ്ക്കേണ്ട കൃഷിക്കാർക്ക് കുടിശ്ശിക അടയ്ക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അതിനെ ആകെ റദ്ദാക്കണമെന്നുള്ള മുദ്രാവാക്യം മാത്രമല്ല, പ്രമേയംവരെ ഈ നിയമസഭയിൽ വന്നിട്ടുള്ള ഒരു കാലഘട്ടത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. മറ്റൊരു ഭേദഗതിയിൽ ഇതു തിരിച്ചുകൊടുക്കാനുള്ള വ്യവസ്ഥയുണ്ടെന്നു കരുതി ഇല്ലാത്ത സ്ഥലത്തേക്കുകൂടി അതു വ്യാപിപ്പിക്കുന്നതു ശരിയല്ല. ഇന്നത്തെ നിലയിൽ വേണ്ടത് പാട്ടക്കുടിശ്ശിക ആകെ ഇളവു ചെയ്യുകയാണ്. ഇത് ഇളവു ചെയ്യണമെന്ന് ഈ നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ഇതു സംബന്ധിച്ച പാട്ടക്കുടിശ്ശിക കടമായി കണക്കാക്കി ഗഡുക്കളായി അടയ്ക്കാൻ നിയമം കൊണ്ടുവന്ന അവസരത്തിൽ ഞങ്ങൾ പറഞ്ഞിരുന്നു. അങ്ങനെ പാട്ടക്കുടിശ്ശിക ആകെ ഇളവു ചെയ്യണമെന്നുള്ള കൃഷിക്കാരുടെ ആവശ്യം നിലവിലിരിക്കെ അതിനുള്ള നടപടികൾ എടുക്കുന്നില്ലെന്ന് മാത്രമല്ല, ആ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ചുമതല ഗവൺമെൻറ് ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. അതു കളക്ടറുടെ ചുമതലയിൽ ഏൽപിച്ചുകൊടുത്ത് അതിൻെറ പേരിൽ കൃഷിക്കാരുടെ വസ്തുവകകൾ ജപ്തി ചെയ്യാനുള്ള നടപടികളിലേക്ക്—റവന്യൂ റിക്കവറി നടപടികളിലേക്ക് യഥാർത്ഥത്തിൽ കൃഷിക്കാരെ കൊണ്ടുചെന്നെത്തിക്കുന്നത് അവർക്കു ദ്രോഹകരമായിട്ടുള്ള നിലയിലേക്കാണ്. അതുകൊണ്ടാണ് ഈ ഭേദഗതി പിൻവലിക്കണമെന്ന് ഗവൺമെൻറിനോട് ആവശ്യപ്പെടുന്നത്. ആ ഉദ്ദേശലക്ഷ്യങ്ങളിൽ പറയുന്നതും നിയമത്തിൻെറ തന്നെ മറ്റൊരു വകുപ്പിൽ കാണിക്കുന്നതുമായി ഏകീകരിക്കുകയാണ് എന്നുള്ളത് വളരെ ലളിതമായി കൊണ്ടുവന്നിട്ടുണ്ടെങ്കിലും അതല്ല ചെയ്യുന്നത്. റവന്യൂ റിക്കവറി നടപടി നടത്തി കൃഷിക്കാരെ ദ്രോഹിക്കാനും ജൻമിമാരെ സഹായിക്കാനും സാധിക്കുന്ന വ്യവസ്ഥയാണ് ഇതിലുള്ളത്. അതുകൊണ്ടാണ് ഇതു പിൻവലിക്കണമെന്നുള്ള ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. പി. ആർ. ശിവൻ: സർ, "പ്രസവം എടുക്കാൻ പോയ സ്ത്രീ പേറ്റുമുറിയിൽ ഇരട്ട പെറ്റു" എന്നുള്ള ഒരു ശൈലി നമ്മുടെ നാട്ടിൽ ഉണ്ട്. ഈ ബില്ലിലെ ചില വകുപ്പുകൾ പരിശോധിക്കുമ്പോൾ കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കാൻവേണ്ടി പോയി അവസാനം അവരെ എങ്ങനെ ദ്രോഹിക്കാൻ സാധിക്കുമെന്നുള്ള പഴുതുകൾ കണ്ടുപിടിക്കുന്ന ചില വകുപ്പുകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. ആദ്യം കൊണ്ടുവന്ന ഭേദഗതിയിൽ ഭൂമിയുടെ വിലയേക്കാൾ 50 ശതമാനത്തിൽ കൂടുതൽ ഇംപ്രൂവ്മെൻറ്സ് ഉണ്ടാവുകയാണെങ്കിൽ അതിന് പ്രത്യേക വ്യവസ്ഥ, പാട്ടക്കുടിശ്ശികയുടെ കാര്യത്തിൽ ഒരു വർഷത്തേയ്ക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ 6 മാസമായി കുറവു ചെയ്യുക. ഇത് രണ്ടും തമ്മിൽ പരസ്പരം ബന്ധം ഉണ്ട്. 50 ശതമാനത്തിൽ കൂടുതൽ ഇംപ്രൂവ്മെൻറ്സ് ഉണ്ടാക്കാൻ സാധാരണക്കാരനെക്കൊണ്ട് കഴിയുകയില്ല. മനോഹരമായ കെട്ടിടങ്ങൾ ഉണ്ടാക്കാനും കൊക്കോ തുടങ്ങിയ കൃഷികൾ ചെയ്യാനും സാധാരണക്കാരെക്കൊണ്ട് കഴിയുകയില്ല. സമ്പന്നരെകൊണ്ട് മാത്രമേ അതിന് കഴിയുകയുള്ളു. പാട്ടക്കുടിശ്ശികയുടെ കാര്യമെടുത്താലും ഗതിയുള്ളവന് പാട്ടം കുടിശ്ശിക വരുകയില്ലെന്നു വേണം വിചാരിക്കാൻ. എന്നാൽ പാട്ടകുടിശ്ശികയുള്ളവർ പ്രമാണിമാർ ഉണ്ടോയെന്ന് ചോദിച്ചാൽ ഇല്ലെന്നു പറയാനും സാധിക്കുകയില്ല. എന്നിരുന്നാലും ബഹുഭൂരിപക്ഷം പേരും കഴിവില്ലായ്മ കൊണ്ടുള്ളവരാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ഗൗരവമായ ശിക്ഷകൾ നൽകുന്നതും ഒരു വർഷം കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ 6 മാസമായി കുറച്ചുകൊണ്ട് ഉള്ള തീരുമാനം എടുക്കുന്നത് തീർച്ചയായും നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളിൽനിന്നും പുറകോട്ട് പോകുന്നത് ആയതുകൊണ്ട് ഈ ഭേദഗതി പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. പി. ഗോപാലൻ: ഇതിന് മുമ്പുള്ള ഒരു വകുപ്പിൽ ലാൻഡ് ട്രിബ്യൂണലിൽ പിരിക്കുന്ന സംഖ്യ തിരിച്ചെടുക്കാൻ റവന്യൂ റക്കവറി നടപടി എടുക്കുന്നതിന് ഇതുവരെ ഇല്ലാത്ത ഈ വകുപ്പിലേക്ക് അത് നീട്ടുന്നത് ഏകീകരണം എന്ന ഓമനപ്പേരിട്ട് വിളിക്കുന്നത് ശരിയല്ല. ഇത് നടപ്പിലാക്കിയിട്ട് പത്തു കൊല്ലമായി. ഇതുവരെയുള്ള ഭേദഗതി ഈ ഏകീകരണഭാവത്തോടുകൂടി ഉണ്ടാക്കിയതല്ല. ഏതായാലും ഇത് ഒഴിച്ച് മറ്റു പല വകുപ്പുകൾക്കും ഭേദഗതി കൊടുത്തിട്ടില്ല. ഈ നിയമത്തിന്റെ ബാക്കിയുള്ള ഭാഗങ്ങൾ വേഗത്തിൽ നടപ്പിലാക്കാൻവേണ്ടി ഉള്ളതാണ്. ലാൻഡ് ബോർഡ് ചില ലാൻഡ് ട്രിബ്യൂണലുകൾകൂടി ചേർത്ത് അടിയിലുള്ള നിലവാരത്തിൽ ചില കാര്യങ്ങൾ വേഗം നടപ്പിലാക്കേണ്ടത് ഇത് അവസാനിപ്പിക്കുന്ന കാര്യത്തിന് സഹായകമാണ്. എന്നാൽ ഇത് സഹായകമല്ല. അതിന് പറയുന്നത് ഈ അടുത്ത ദിവസങ്ങളിൽ 2,000 രൂപവരെ വരുമാനം ഉള്ളവരുടെ 3,000 രൂപ പാട്ട ബാക്കി റദ്ദാക്കി. അതിന്റെ മേലെ വരുന്ന ആളുകൾക്ക് ഗഡുക്കളായി അടയ്ക്കാൻ സൗകര്യം കൊടുത്തു. അതേമനോഭാവം വച്ച് ഈ ഭേദഗതിയെ പരിശോധിച്ചാൽ ഒരു കൊല്ലം സാവകാശം ഉണ്ടായിരുന്നത് 6 മാസം ആക്കുക. 6 മാസത്തിനുള്ളത് അടച്ചില്ലെങ്കിൽ റവന്യൂറക്കവറി എന്നുള്ള പദംകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്? അവന്റെ ഭൂമി ജപ്തി ചെയ്യുകയെന്നുള്ളതാണ്. അല്ലാതെ ആളുകളെ ജപ്തി ചെയ്യാൻ സാധിക്കുകയില്ലല്ലോ. അത് ചുരുങ്ങിയ വിലയ്ക്ക് ആർക്കാണ് കിട്ടുക അവന്റെ കൈകളിലേക്ക് ഈ ഭൂമി പോകുന്നു. അതിന്റെ ഉടമാവകാശം ഒരാളിന് കൊടുത്താൽ അത് ആ ആളിൽനിന്നും എടുത്ത് മറ്റൊരു ആളിന്റെ കൈകളിലേക്ക് ആക്കുന്നതിനുള്ള പദത്തിന് ഏകീകരണമെന്നാണോ പറയുന്നത്. റവന്യൂ റക്കവറി എന്നുള്ളത് വേറൊരു രൂപത്തിൽ പ്രയോഗിക്കാൻ ഉള്ളതാണ്. റവന്യൂ റക്കവറി ഇതിനുമുമ്പ് ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ബാക്കി വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ നിലനിന്ന നിയമം മൂലം 3,000 രൂപവരെ പാട്ട ബാക്കി റദ്ദാക്കാനുള്ള സന്ദർഭം വന്നത് എന്തുകൊണ്ടാണ്? ആ മഹാകാലൻ ഹാജരാകാത്തതുകൊണ്ടാണ്. ആ കാലൻ ഇതിനുമുമ്പേ ഹാജരായിരുന്നുവെങ്കിൽ അവന്റെ ഭൂമി ഇതിനുമുമ്പേ പോവുമായിരുന്നു. വല്ലവന്റേയും കൈയിൽ ബാക്കി നിൽക്കുന്നുണ്ടെങ്കിൽ എന്തിനാണ് കളയുന്നത്. ഇംഗ്ലീഷ് പദപ്രയോഗമായ റവന്യൂറക്കവറി എന്നുള്ളതിനെ ഏകീകരിച്ച് ജപ്തി എന്നുള്ള ഒരു പ്രയോഗം ഉണ്ട്. റവന്യൂ റക്കവറി എന്നു പറഞ്ഞാൽ നാട്ടിലുള്ള ആളുകൾ അതിനെ ഏകീകരിച്ച് ജപ്തി എന്നു പറയുന്നു. ഈ വകുപ്പ് ഏകീകരണത്തിന്റെ പേരിൽ പ്രയോഗിക്കേണ്ടതില്ല. ഇത്രയും നാൾ കഴിഞ്ഞപ്പോൾ ഇനി നമ്മൾ ചെയ്യേണ്ടത് 'നരിയമ്മാൻ കിടക്കേണ്ട ദിക്കിൽ നരിയമ്മാൻ കിടക്കട്ടെ, കുറുക്കമ്മാൻ കിടക്കേണ്ട ദിക്കിൽ കുറുക്കമ്മാൻ കിടക്കട്ടെ' എന്നുള്ള നിലപാട് സ്വീകരിക്കണം. ഇല്ലെങ്കിൽ വളരെ കുഴപ്പമുണ്ടാകും. ഇത് മാറ്റി അപ്പുറവും ഇപ്പുറവും കൂടി വയ്ക്കാൻ പോയാൽ പ്രയാസമുണ്ടാകും. പാട്ടബാക്കി റദ്ദാക്കുക, ബാക്കിയുള്ളത് ഗഡുക്കളായി കൊടുക്കുവാനുള്ള സൗകര്യം കൊടുക്കുകയെന്നെല്ലാം പറയുമ്പോൾ ഈ വകുപ്പ് സൗകര്യപ്രദമല്ല. വളരെ അപകടകരമായ ഒരേർപ്പാടാണ്. സാധാരണ ഗതിയിൽ അത് തിരിച്ച് അടയ്ക്കുന്നതിനും നടപടിയെടുക്കുന്നതിനും കുഴപ്പമില്ല. കൊടുക്കേണ്ടയെന്നുള്ളതിന്റെ പ്രക്രിയയായിട്ട് പറയുകയല്ലേ? കൊടുക്കേണ്ടയെന്നുള്ള അർത്ഥത്തിലാണെങ്കിൽ കൊടുക്കേണ്ടയെന്നുതന്നെ പറയണം. നാലോ അഞ്ചോ കൊല്ലം മുൻപ് ഇതേഭേദഗതിവകുപ്പ് പാസ്സാക്കിയിരുന്നുവെങ്കിൽ നമുക്ക് പാട്ടക്കുടിശ്ശിക റദ്ദാക്കുന്നതിനും ശേഷം വരുന്ന സംഖ്യ ഗഡുക്കളായി കൊടുക്കുവാനുള്ള ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. അവന്റെ കൈയിൽനിന്നും ഭൂമി പോയാൽ പിന്നെ ഒരു നിയമത്തിന്റെ ആവശ്യം എന്താണ്? ആ സംഗതി മനസ്സിലാക്കണം. അതുകൊണ്ട് ഭൂമിയിൽ ഉടമാവകാശം സിദ്ധിച്ചവർക്ക് മറ്റുപലകാരണവശാലും, ബഹുഭൂരിപക്ഷം കേസ്സുകളിലും വിലക്കുറവും മറ്റു പല വൈഷമ്യങ്ങളും ഉണ്ടായതിന്റെ ഫലമായി പ്രതിഫലവും മിച്ചവാരബാക്കിയും കൊടുക്കുവാൻ കഴിയാതെ പോയതുകൊണ്ടാണ് ഈടം കൂടിവന്നിട്ടുള്ളത്. ലാൻഡ് ട്രൈബ്യൂണലിന്റെ വിധിവന്നു കഴിഞ്ഞാൽ സാധാരണഗതിയിൽ നിലവിലുള്ളതുപോലെ ഒരു കൊല്ലത്തിനുള്ളിൽ അതു കൊടുക്കുവാനും വാങ്ങുവാനും ഇന്നുള്ള നടപടി തന്നെ തുടരുന്നതായിരിക്കും ഉത്തമം. റവന്യൂ റക്കവറി പ്രകാരം തിരിച്ചുകൊടുക്കുകയെന്നു പറഞ്ഞാൽ അവസാനിക്കുകയില്ല. ഈ നിയമത്തിന്റെ മൂലശിലയായിട്ടുള്ള 1970 ജനുവരി 1-ാം തീയതിവരെ ജൻമിമാരിലും, നാട്ടുപ്രമാണിമാരിലും പരമ്പരാഗതമായി നിക്ഷിപ്തമായിരുന്ന ഭൂമിയുടെ ഉടമാവകാശം എടുത്ത് കുടിയാന്, കൈവശക്കാരന് കൊടുത്ത ആ പ്രക്രിയക്ക് കോടാലിവയ്ക്കലായിരിക്കും ഈ ക്ലാസ് അത് വയ്ക്കേണ്ട. അത് തിരിച്ചെടുത്താൽ മതി. കൊല്ലം 10 ആയി. ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഈ പ്രക്രിയ. 10 കൊല്ലം നടന്നതിനു വിപരീതമായി ഒരു പ്രത്യേകരീതി ഏറ്റെടുത്ത് അത് സ്വീകരിക്കരുത്. അതുകൊണ്ടാണ് ഈ ക്ലാസ് റദ്ദാക്കണമെന്നാവശ്യപ്പെട്ടത്. ഈ ക്ലാസ് ഒഴിച്ച് പത്ത് പതിനഞ്ച് ക്ലാസ് ഉണ്ട്. അതിനെ എല്ലാം ഞങ്ങൾ അനുകൂലിക്കുന്നു. ഈ ക്ലാസ്സാണെന്നുണ്ടെങ്കിൽ വസ്തു ഇന്ന് നിയമപ്രകാരം കൈവശം വച്ചിട്ടുള്ള ഉടമാവകാശത്തിന് ഘടകവിരുദ്ധമായി പ്രവർത്തിക്കുന്നതാണ് എന്നുള്ളതുകൊണ്ടാണ് ഇത് പ്രസ് ചെയ്യരുതെന്നും ഇത് പിൻവലിക്കണമെന്നും ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ശ്രീ. അനിരുദ്ധന്റെ ഭേദഗതിയനുസരിച്ച് പാട്ടക്കുടിശ്ശിക അടയ്ക്കുവാനുള്ള സമയം ലാൻഡ്

LIBRARY ARCHIVES Kerala Legislative Assembly

ട്രൈബ്യൂണൽ നിശ്ചയിച്ചുകഴിഞ്ഞാൽ ആറുമാസത്തിനകം അടയ്ക്കണം എന്നുള്ളത് ഒരു കൊല്ലമായി നീട്ടണം എന്നാണ് പറയുന്നത്. സെക്ഷൻ 73 (7) അനുസരിച്ച് ഇത് ആറുമാസമാണ്. ഐക്യരൂപത്തിന് വേണ്ടിയാണ് ഓബ്ജക്ട്സ് ആൻഡ് റീസൺസിൽ പറഞ്ഞതുപോലെ ഇത് 6 മാസമാക്കിയത്. എന്നാൽ ഇപ്പോൾ ഇതിൽ വലിയ പ്രസക്തി ഒന്നുമില്ല. പാട്ടക്കുടിശ്ശിക തവണകളായി അടയ്ക്കുവാനും മൂവായിരം രൂപവരെയുള്ള കടക്കാരനാണെങ്കിൽ, ഡെറ്റ് റി ലീഫ് ആക്ടിൽ ഉൾപ്പെട്ട ആളാണെങ്കിൽ അയാളെ ഒഴിവാക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടെന്ന് ശ്രീ. ഇ. പി. ഗോപാലൻ തന്നെ പറഞ്ഞു. അതുകൊണ്ട് ഈ ഭേദഗതികൊണ്ട് ഇപ്പോൾ ദോഷമൊന്നും ഉണ്ടാവുകയില്ല. അത് പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

The amendments moved by Sri K. Anirudhan were put and lost.

The question that clause 5 stands part of the Bill was put and carried.

Clause 5 was added to the Bill.

Clauses 6 to 10

The question that clauses 6 to 10 stand part of the Bill was put and carried.

Clauses 6 to 10 were added to the Bill.

Clause 11

Sri K. A. Mathew: Sir, I move.

"In sub-section (1A) proposed to be inserted in section 84 of the Principal Act by clause 11 after the words 'any voluntary transfer effected by means of a gift deed executed' add the words 'or inherited or owned by succession.' "

സർ, വളരെ ചെറിയൊരു ഭേദഗതി നിർദ്ദേശമാണ് ഞാൻ ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ മുമ്പിൽ വച്ചിരിക്കുന്നത്. ഹതഭാഗ്യരായ ഒരു ചെറിയവിഭാഗം ആളുകളെ ഈ നിയമനിർമ്മാണത്തിൽ വിസ്മരിച്ചുപോയിട്ടുണ്ടെന്ന് തോന്നുകയാണ്. ആ കുറവ് കൂടി പരിഹരിച്ചാൽ ഈ നിയമം സമ്പൂർണ്ണമായ ഒരു നിയമനിർമ്മാണമാകുമെന്ന് കരുതുന്നതുകൊണ്ടാണ് ഞാൻ ഇങ്ങനെയൊരു ഭേദഗതി ഈ സഭയിൽ അവതരിപ്പിക്കുവാൻ തയ്യാറായത്. 1–1–1970 മുതൽ 1974 വരെയുള്ള കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള ദാനാധാരങ്ങൾക്ക് നിയമസാധുത്വം കൊടുക്കുമ്പോൾ ഒരു വിഭാഗം ആളുകളെ കൂടി അതിൽ ഉൾപ്പെടുത്തണമെന്നുള്ള കാര്യം ഞാൻ എടുത്തുപറയുവാൻ ആഗ്രഹിക്കുകയാണ്.

ഹതഭാഗ്യരായ നിരക്ഷരരായ ഒരു വിഭാഗം ആളുകൾക്ക് ആ പ്രക്രിയ നടത്തുവാൻ കഴിയാതെ പോയിയെന്നുള്ളതാണ് വസ്തുത. നേരത്തെ ഇവിടെ പ്രസംഗിച്ച ശ്രീ. കുഞ്ഞിക്കണ്ണൻ പറയുകയുണ്ടായി, മലമ്പാമ്പിനോടും മലമ്പനിയോടും പടവെട്ടിയ കഥയെക്കുറിച്ച്. ധീരോദാത്തമായി

LIBRARY ARCHIVES Kerala Legislative Assembly

മലയോരപ്രദേശങ്ങളിലൊക്കെ മലമ്പനിയോടും മലമ്പാമ്പിനോടും കാട്ടാനയോടും കാട്ടുപോത്തിനോടും ഒക്കെ പടവെട്ടി നാടിനെ ഐശ്വര്യസംപൂർണ്ണമാക്കുകയും അതേസമയം അവർ ഇന്ന് നിത്യവിശ്രമത്തിലേയ്ക്ക് കടന്നുപോവുകയും ചെയ്തിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഇങ്ങനെയൊരാധാരം എഴുതിക്കൊടുത്ത് തങ്ങളുടെ മക്കൾക്ക് വീതിച്ചുകൊടുക്കുവാൻ കഴിയാതെ പോയിട്ടുള്ള ഒരു ചെറിയ വിഭാഗം ആളുകൾക്ക് കൂടി ഈ നിയമത്തിന്റെ സംരക്ഷണം നൽകണം; അത് ഒരു നീതിമാത്രമാണ്. നിയമത്തിന്റെ മുമ്പിൽ വിവേചനം പാടില്ല, എല്ലാവരും സമൻമാരായിരിക്കണമെന്ന് ഈ ബില്ലിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ട്. അങ്ങനെ ഒരു വിവേചനം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ദാനാധാരം എഴുതികൊടുക്കുവാൻ കഴിയാതെ മരിച്ചുപോയ ആളുകളുടെ കുടുംബത്തിലെ മേജറായ അംഗങ്ങൾക്ക് കൂടി സംരക്ഷണം കൊടുക്കണമെന്നഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി അംഗീകരിക്കണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. ഇ. പി. ഗോപാലൻ: നിയമത്തിന്റെ മുമ്പിൽ എല്ലാവരും സമൻമാരാണ്. സ്വതസിദ്ധമായി പല ദായക്രമങ്ങളും നിലനിൽക്കുന്ന രാജ്യമാണ് നമ്മുടേത്. അതെല്ലാം ഏകീകരിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പർ അനുകൂലമാണോ ?

ശ്രീ. കെ. എ. മാത്യു: ഞാൻ പറഞ്ഞ പ്രശ്നം വേറെ ആണ്. ഞാൻ പറഞ്ഞതു ഈ നിയമം കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന ഡിസ്ക്രിമിനേഷൻ മാറ്റണം എന്നാണ്.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദ്ദേശത്തെ എതിർക്കുകയാണ്. ഇതിനെ എതിർക്കുമ്പോൾ ഒരു കാര്യം വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുകയാണ്.

ഇഷ്ടദാനത്തിന് ഞങ്ങളാരും എതിരല്ല. നമ്മുടെ രാജ്യത്ത് ഭൂമിയുള്ള ആളുകൾക്ക് അവരുടെ മക്കൾക്ക് ദാനം ചെയ്യുവാൻ അവകാശമില്ല, അതിനെയെല്ലാം ഞങ്ങൾ എതിർക്കുന്നുവെന്നുള്ള ഒരു പുക ഈ രാജ്യത്താകെ പരത്തിയിരിക്കുകയാണ്. സർ, ഇഷ്ടദാനത്തിന് ഞങ്ങൾ എതിരല്ല. പരിധിക്കകത്ത് ഭൂമിയുള്ള ആളുകൾ മക്കൾക്കോ മക്കളുടെ മക്കൾക്കോ വേറെ ആർക്കെങ്കിലുമോ ഇഷ്ടദാനം ചെയ്താൽ ഞങ്ങൾ അതിന് എതിരല്ല. അതിന് മക്കൾ ആകേണ്ട, മക്കളുടെ മക്കൾ ആകേണ്ട, അതുപോലെ മരിച്ചുപോയ മക്കളുടെ മക്കൾ ആകേണ്ട വേറെ ആർക്കുവേണമെങ്കിലും എഴുതിവയ്ക്കാം. അതിന് ഞങ്ങൾ എതിരല്ല. എന്നാൽ എതിർപ്പ് എവിടെയാണ്? എതിർപ്പിന് ഞങ്ങളെ പ്രേരിപ്പിക്കുന്ന ചില കാരണങ്ങളുണ്ട്. ആ കാരണം ഞങ്ങൾ മാത്രമല്ല പറയുന്നത്. ഈ നിയമം വ്യവസ്ഥ ചെയ്യുന്ന ഒരു വകുപ്പനുസരിച്ച് നമ്മുടെ രാജ്യത്ത് കാർഷിക പരിഷ്ക്കരണം നടപ്പായാൽ അതുകൊണ്ട് കൃഷിക്കാർക്കുള്ള ഗുണം എന്താണ്? ഇന്നലെ ശ്രീ. ബേബി ജോൺ പറഞ്ഞു ഇരുപത്തിയഞ്ചുലക്ഷം കൃഷിക്കാർക്ക് ഈ നിയമംമൂലം ഗുണം കിട്ടിയെന്ന്. അതിൽ ഞങ്ങൾക്ക് ഒരു പങ്ക് ഉണ്ട്. അതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, ആ പരിശ്രമങ്ങളെയൊക്കെ എതിർത്ത ആളുകളുണ്ട്. 1957-ൽ ഇങ്ങനെയൊരു പരിശ്രമം നടത്തിയപ്പോൾ ഞങ്ങളെ ശക്തിയുക്തം എതിർത്തു. അന്ന് അത് കൊണ്ടുവന്നപ്പോൾ ഗവൺമെന്റിനെ മാറ്റുന്നതിനുവേണ്ടി വിമോചന സമരത്തിൽക്കൂടി രാഷ്ട്രീയത്തിലേറുന്ന ആളുകളെ ഇന്ന് നമുക്ക് എവിടെയെല്ലാം കാണാം. ആ സമരത്തിൽ പങ്കെടുത്തുകൊണ്ട് രാഷ്ട്രീയത്തിൽ പിച്ചവച്ച് വന്ന ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയത്തിൽ നല്ലവരായി മുൻപന്തിയിൽ വന്ന കാര്യത്തിൽ എനിക്ക് ആക്ഷേപമില്ല സന്തോഷമേയുള്ളു. ഇരുപത്തിയഞ്ചുലക്ഷം കൃഷിക്കാർക്ക് ഈ നിയമംമൂലം ഗുണം കിട്ടി. അവർക്ക് ഗുണം കിട്ടുന്ന കാര്യത്തിൽ ഞങ്ങളുടെ പാർട്ടി വഹിച്ച പങ്കിനെക്കുറിച്ചൊന്നും ഞാൻ ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഈ രാജ്യം ബ്രിട്ടീഷുകാർ ഭരിക്കുന്നകാലത്ത് 1943-ൽ നമ്മുടെ രാജ്യത്ത് ഇന്ന് രാഷ്ട്രീയത്തിൽ കാണുന്ന പല പ്രമുഖ നേതാക്കളുടെയും കാലിന്റെ മുട്ട് വിറയ്ക്കുന്നകാലത്ത് മലബാറിൽ കയ്യൂരിൽ നാല് സഖാക്കൾ കഴുമരത്തിലേറി. അവർ നാല് ജാതിക്കാർ ആയിരുന്നു. മുസ്ലീം, നമ്പ്യാർ, തീയർ മുതലായ ജാതിക്കാരായിരുന്നു. അവരെ ബ്രിട്ടീഷ് ഗവൺമെന്റ് 1943-ൽ കഴുമരത്തിലേറ്റി. അവർ ചെറുപ്പക്കാർ ആയിരുന്നു. ആ സഖാക്കളുടെ കഴുത്തിൽ കൊലക്കയർ മുറുകുന്ന അവസരത്തിൽ അവർ മുഴക്കിയ മുദ്രാവാക്യം കൃഷിഭൂമി കൃഷിക്കാരനെന്നായിരുന്നു. എന്റെ സ്നേഹിതൻ ശ്രീമാൻ ആൻറണി കറാച്ചി പ്രമേയത്തെക്കുറിച്ചു പറഞ്ഞു. പ്രമേയത്തിനു വല്ല കുഴപ്പവുമുണ്ടോ? ഒരു കുഴപ്പവുമില്ല. നീണ്ട മുപ്പതുവർഷക്കാലം ഇൻഡ്യാരാജ്യം കോൺഗ്രസ് അടക്കിഭരിച്ചു. അല്പം ചില ഘട്ടങ്ങളിൽ ചില സംസ്ഥാനങ്ങളിൽ മറ്റ് ചിലർ ഭരിച്ചു. 1957-ൽ കേരളത്തിലും 1967-ൽ മദ്രാസിലും 1967-ൽ ഉത്തർപ്രദേശിലും കുറച്ചുകാലം മറ്റുള്ളവർ ഭരിച്ചു. ബാക്കിയെല്ലായിടത്തും കോൺഗ്രസ്സാണ് ഭരിച്ചിരുന്നത്. പതിനേഴുവർഷക്കാലം ഇൻഡ്യ ഭരിച്ച ആളുകൾ മോശക്കാരാണോ? ജവഹർലാൽ നെഹ്റു നീണ്ട പതിനേഴുവർഷക്കാലം ഇൻഡ്യ ഭരിച്ചു. കറാച്ചി പ്രമേയത്തിന്റെ ജനയിതാവാണ്. അതിനുശേഷം നമ്മുടെ രാജ്യം ഭരിച്ചത് കോൺഗ്രസ് നേതാവായിരുന്ന ലാൽബഹദൂർ ശാസ്ത്രിയാണ്. അദ്ദേഹം ഒന്നരവർഷക്കാലം ഭരിച്ചു. ശ്രീമതി ഇന്ദിരാഗാന്ധി പതിനൊന്നുവർഷക്കാലം ഭരിച്ചു. കോൺഗ്രസ്സിലെ മൂന്ന് പ്രധാനമന്ത്രിമാർ, കറാച്ചി പ്രമേയത്തിന്റെ ആളുകൾ ഉത്തർപ്രദേശത്തുകാരാണ്. കറാച്ചി പ്രമേയം ഉത്തർപ്രദേശിലെങ്കിലും എന്തുകൊണ്ട് നടപ്പിലായില്ല. ഒരു പ്രമേയം പാസ്സാക്കിയാൽ ആ പ്രമേയം നടപ്പാക്കാനുള്ള ബാധ്യത അവർക്കില്ല. ആ പ്രമേയത്തിന്റെ അന്തസ്സത്തയനുസരിച്ച് പ്രവർത്തിക്കണമെന്ന ആഗ്രഹം കോൺഗ്രസ് നേതാക്കന്മാർക്ക് ഉണ്ടായിരുന്നില്ല. അവർ അത് ചെയ്തില്ല. 1957-ൽ കമ്മ്യൂണിസ്റ്റുപാർട്ടി കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ കോൺഗ്രസ്സിന്റെ കറാച്ചി പ്രമേയത്തിൽ പറയുന്ന പരിപാടികൾ അനുസരിച്ച് കാർഷിക പരിഷ്ക്കരണ നടപടി......

ശ്രീ. കെ. കരുണാകരൻ: കേരളത്തിൽ പാസ്സാക്കുന്നതിനുമുമ്പ് കാശ്മീരിൽ പാസ്സാക്കിയെന്ന വിവരം അറിയാമോ?

ശ്രീ. എം. കെ. കൃഷ്ണൻ: ആവടി സമ്മേളനത്തിൽ പാസ്സായി. അത് പാസ്സാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. എന്റെ ചോദ്യം പാസ്സാക്കിയോയെന്നല്ല. കാശ്മീരിൽ പാസ്സാക്കിയതിന് കരുണാകരന് എന്താണ് എന്ന് എനിക്കറിയില്ല. ഇരുപത്തിയഞ്ചുലക്ഷം കൃഷിക്കാർക്ക് ഗുണം ഉണ്ടായി. ഈ നിയമം നടപ്പാക്കുമ്പോൾ 83-ാം വകുപ്പാണ് പ്രസക്തമായ ഭൂപരിധി നിർണ്ണയത്തെക്കുറിച്ചുള്ളത്. അതുപ്രകാരം നോട്ടിഫൈ ചെയ്യുന്ന തീയതിക്ക് നമ്മുടെ സംസ്ഥാനത്ത് ജന്മിയായിട്ടോ കുടിയാനായിട്ടോ ഉള്ള ആളുകളുടെ കയ്യിൽ ഈ നിയമത്തിൽ പറയുന്ന പരിധിയിൽ കവിഞ്ഞ ഭൂമി പാടില്ല. 84-ാം വകുപ്പ് ഉണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കാനാഗ്രഹിക്കുന്നില്ല. പരിധി

LIBRARY ARCHIVES Kerala Legislative Assembly

നിർണ്ണയിച്ച് മിച്ചമായ ഭൂമി ഉണ്ടായാൽ ആ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ട് വിതരണം ചെയ്യുന്നുണ്ട്. അങ്ങനെയാണ് ഇരുപത്തിയഞ്ചുലക്ഷം ആളുകൾക്ക് ഗുണം കിട്ടിയത്. മിച്ചമായി കിട്ടുന്ന ഭൂമി കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ 96-ാം വകുപ്പനുസരിച്ച് ചില വിഭാഗം ആളുകൾക്ക് വിതരണം ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. 96-ാം വകുപ്പിൽ പറയുന്നത്:

96. *Assignment of lands by Land Board.*—(1) The Land Board shall assign on registry, subject to such conditions and restrictions as may be prescribed, the lands vested in the Government under section 86 or section 87, as specified below:

(*i*) the lands in which there are kudikidappukars shall be assigned to such kudikidappukars;

(*ii*) the remaining lands shall be assigned to—

(*a*) landless agricultural labourers; and

(*b*) small-holders and other landlords who are not entitled to resume any land:

Provided that eighty-seven and a half per cent of the area of the lands referred to in clause (ii) available for assignment in a taluk shall be assigned to landless agricultural labourers of which one-half shall be assigned to landless agricultural labourers belonging to the Scheduled Castes or the Scheduled Tribes and such other socially and economically backward classes as may be prescribed in this behalf by the Government by notification in the gazette.

സർ, കാർഷിക പരിഷ്ക്കരണ നിയമപ്രകാരം മിച്ചഭൂമി ഉണ്ടായാൽ ആ മിച്ചഭൂമി വിതരണം ചെയ്തു കിട്ടേണ്ട ഒരു വിഭാഗത്തെക്കുറിച്ച് ഈ നിയമം വിഭാവനം ചെയ്യുന്നത് അങ്ങനെയാണ്. അവർ കുടികിടപ്പുകാരാ. ആ ഭൂമിയിൽ കുടികിടപ്പുകാരുണ്ടെങ്കിൽ അവർക്കാണ് മുൻഗണന. അതുകഴിച്ച് ബാക്കിയുള്ള 87½ ശതമാനം പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നണിയിൽ നിൽക്കുന്ന കർഷകത്തൊഴിലാളികൾ എന്നിവർക്ക് കൊടുക്കണം, അതായത് ഭൂമിയിൽ അധ്വാനിച്ച് സമ്പത്തുണ്ടാക്കുന്ന ആളുകൾക്ക്. ഇപ്പോൾ ഏക്കറിന്റെ കണക്കാണെങ്കിൽ ഈ ഭേദഗതി പാസ്സായാൽ എത്ര ആളുകൾക്ക് ഗുണം കിട്ടും. ഞാൻ ഇതിൽ ഒരു ചെറിയ പരിശോധന നടത്തി. അതിന്റെ വിശദാംശങ്ങളൊന്നും എന്റെ കൈവശമില്ല. 1970–71-ലെ കാർഷിക സ്ഥിതിവിവരക്കണക്കനുസരിച്ച് 12 ഏക്കറിനുമേൽ കൃഷിഭൂമി കൈവശമുള്ള ആളുകളുടെ കണക്ക് ഒരു ശതമാനം വരില്ല. അതായത് ·8 ശതമാനമാണ്. ആ ഒരു ശതമാനത്തിൽതന്നെ നമ്മുടെ ഈ നിയമപ്രകാരം 20 ഏക്കർ വരെ കൈവശം വയ്ക്കാം ആളുകളുടെ എണ്ണം അനുസരിച്ച്. അങ്ങനെ എണ്ണമനുസരിച്ച് 20 ഏക്കർ കൈവശം വയ്ക്കാവുന്ന ആളുകൾ നിയമപ്രകാരംതന്നെ ഉണ്ട്. അങ്ങനെ നിയമപ്രകാരം കൈവശം വയ്ക്കാവുന്ന ആളുകൾ ഉൾപ്പെടെ ·8 ശതമാനം എന്നു പറഞ്ഞാൽ എത്ര ആളുകൾ വരും? ഏകദേശം നാനൂറ്റിശിഷ്ടം വരുമായിരിക്കും. ആ നാനൂറ്റിശിഷ്ടം ആളുകൾക്കൊക്കെക്കൂടി പതിനായിരം ഏക്കർ ഭൂമി മിച്ചഭൂമിയായി കിട്ടിയാൽ 96-ാം വകുപ്പുപ്രകാരം ഒരു ഏക്കറിൽ കൂടുതൽ അവർക്കു കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ല. പിന്നീട് നോക്കിയാൽ കീഴോട്ടുപോകുന്ന ഒരാൾക്ക് കൊടുക്കാവുന്ന ഏറ്റവും കൂടിയത് ഒരു ഏക്കർ ആണ്. ഒരു ഏക്കർ ഭൂമി എന്ന കണക്കിൽ കൊടുത്താൽ പതിനായിരം കർഷകത്തൊഴിലാളികൾക്ക് ഭൂമി കൊടുക്കാനാവും. ഞാൻ ഈ ഹരിജനങ്ങളുടെ കാര്യം പ്രത്യേകം പറയണമെന്ന് ആഗ്രഹിക്കുന്നില്ല. കാരണം ഒരു 10 സെൻറ് ഭൂമി കിട്ടിയാൽ മരിച്ചാൽ ഒന്നു കുഴിച്ചിടാനുള്ള സ്ഥലം കിട്ടും. അതായത് ആറടി മണ്ണ്. സർ, ഞാൻ ഓർക്കുന്നുണ്ട്, ചെറുപ്പകാലത്ത് ഞങ്ങളുടെ പ്രദേശങ്ങളിൽ മരിച്ചാൽ കുഴിച്ചിടാൻ സമ്മതിക്കില്ല. അങ്ങനെ മരിച്ചാൽ കുഴിച്ചിടുന്ന സമ്പ്രദായം നിഷേധിക്കപ്പെട്ട അവസരത്തിൽ മരിക്കാൻകാലത്ത് ഹരിജനങ്ങളായിട്ടുള്ള ആളുകൾ ക്രിസ്തുമതം സ്വീകരിക്കും. എന്താ കാരണമെന്ന് അറിയാമോ? പള്ളിയിൽ, തെമ്മാടിക്കുഴിയുള്ള സെമിത്തേരിയിൽ കിട്ടും സ്ഥലം. തെമ്മാടിക്കുഴി വേറെ ആളുകൾക്കാണ്. മതം മാറിയാൽ പള്ളിയിലെ സെമിത്തേരിയിൽ കിട്ടും. മരിച്ചാൽ ആറടി മണ്ണ് കിട്ടാൻ വ്യവസ്ഥ ഈ നിയമത്തിൽ വന്നിട്ട് അതിനുപോലും തുരങ്കം വയ്ക്കത്തക്കവിധത്തിൽ ഒരു സമീപനം വന്നാലോ? സർ, അവിടെയാണ് എതിർപ്പ്. ആ സൗകര്യം പോലും നിഷേധിച്ചു. ഇന്നലെ മിസ്റ്റർ ജേക്കബ് പറഞ്ഞു 22 ഏക്കർ ഉള്ള ഒരു കൃഷിക്കാരൻ ഇപ്പോൾ തലയിൽ കൈവച്ചുനടക്കുകയാണെന്ന്.

ശ്രീ. ടി. എം. ജേക്കബ്: ആ ആളിനെ ഒഴിവാക്കിക്കൊടുത്തത് നമ്മുടെ ബഹുമാനപ്പെട്ട എസ്തോസ് തന്നെയാണ്. അദ്ദേഹം ലാൻഡ് ബോർഡ് മെമ്പർ ആയിരുന്നു. എസ്തോസിനോടു ചോദിച്ചാൽ അറിയാം.

ശ്രീ. എം. കെ. കൃഷ്ണൻ: ജേക്കബ് ഒഴിവാക്കിയോ ഇല്ലയോ എന്ന് എനിക്കറിയില്ല. ഞാൻ എൻെറ ഒരു പോയിൻറിലേക്ക് വരാൻ പറഞ്ഞതാ. അതായത് 22 ഏക്കർ ഭൂമിയുള്ള ഒരാൾ മിച്ചഭൂമി ചോദിക്കുമ്പോൾ പറഞ്ഞ കൂട്ടത്തിൽ അതിശയോക്തി പറഞ്ഞതാണോ എന്നെനിക്കറിയില്ല. മക്കളും മക്കളുടെ മക്കളുമുള്ള ഒരു കുടുംബമാണെങ്കിൽ ആളുകളുടെ എണ്ണം കൂടുതലല്ലേ? ആളുകളുടെ എണ്ണം കൂടിയാൽ നിയമപ്രകാരം 20 ഏക്കർ കൈവശം വയ്ക്കാം. അങ്ങനെ 20 ഏക്കർ പോയിട്ട് എന്തു ബാക്കി? 2 ഏക്കർ ഭൂമി. 22 ഏക്കർ ഭൂമിക്കാരനു മക്കളും മക്കളുടെ മക്കളും ഉണ്ട്. ഇനി സൗകര്യം കിട്ടുകയില്ല അവർക്കെല്ലാം വീതിച്ചുകൊടുക്കാൻ. അതുകൊണ്ട് ഈ നിയമം 1970 ജനുവരി ഒന്നിനു വന്നപ്പോൾ 2 ഏക്കർ ഭൂമി മിച്ചമായി അദ്ദേഹത്തിൻെറ കൈയിൽനിന്ന് എടുക്കേണ്ടിവരും. വലിയ സങ്കടമാണ് ജേക്കബിന്. ഞാൻ മിസ്റ്റർ ജേക്കബിനോടു ചോദിക്കട്ടെ, ഈ രണ്ട് ഏക്കർ ഭൂമി എടുത്ത് അദ്ദേഹത്തിൻെറ പരിസരത്ത് എവിടെയെങ്കിലും കുടികിടപ്പുകാർ ഉണ്ടെങ്കിൽ—ആ കുടികിടപ്പുകാർ അവിടെയുള്ള കർഷകത്തൊഴിലാളികളും അതുപോലെ ഹരിജനങ്ങളും മതംമാറിവന്ന ക്രിസ്ത്യാനികളും— അവർക്കൊരു പത്തുസെൻറുവീതം കൊടുത്താൽ മതി. 20 കുടുംബങ്ങൾക്ക് കൊടുക്കുന്നത് നല്ലതാണ്. രണ്ടപ്പം ഉണ്ടെങ്കിൽ ഒരപ്പം പട്ടിണി കിടക്കുന്ന തൻെറ അയൽക്കാരനു കൊടുക്കണമെന്നല്ലേ യേശുക്രിസ്തു പറഞ്ഞിട്ടുള്ളത്?

ശ്രീ. ടി. എം. ജേക്കബ്: അതും ഇതുമായിട്ട് തമ്മിൽ എന്തു ബന്ധം?

ശ്രീ എം. കെ. കൃഷ്ണൻ: അദ്ധ്വാനവർഗ്ഗത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അധ്വാനവർഗ്ഗത്തിലൊന്നും എനിക്കത്ര വിശ്വാസമില്ല. എന്താ അധ്വാനവർഗ്ഗം? സർ, അങ്ങനെ ഈ ഇഷ്ടദാനത്തെക്കുറിച്ച് പെരുപ്പിച്ച് അതിശയോക്തി പറയുന്ന ഈ സ്നേഹിതന്മാരോട്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ചോദിക്കാനുള്ളത്, ഒരു രണ്ട് ഏക്കർ ഭൂമി കിട്ടിയാൽ അതിന്റെ പരിസരത്തുള്ള ആളുകൾക്ക് 10 സെൻറ് ഭൂമിവച്ചു കൊടുക്കാനുള്ള സൗകര്യം ഉണ്ടായാൽ ആ സൗകര്യം നിഷേധിക്കുന്നത് ശരിയാണോ എന്നാണ്. ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ആ തരത്തിൽ ഈ 96-ാം വകുപ്പിൽ വിഭാവനം ചെയ്യുന്ന രീതിയിൽ മിച്ചഭൂമിക്ക് അർഹരായ പാവങ്ങളെ ദ്രോഹിക്കണം, അതാണ് അതിന്റെ ഉന്നം. അതു പറയുമ്പോൾ മക്കളും മക്കളുടെ മക്കളും കുഴപ്പത്തിലാകുമെന്നാണ് നിങ്ങളുടെ അഭിപ്രായം. ആരാ ഈ മക്കളും മക്കളുടെ മക്കളും? പരിധിവരെ ഭൂമി കൈവശം വയ്ക്കാവുന്ന കുടുംബത്തിലെ മക്കളല്ലേ പരിധിവരെ ഭൂമി കൈവശം വയ്ക്കാവുന്ന ആളുകൾ. സാധാരണ 12 ഏക്കർ കൈവശം വയ്ക്കാവുന്ന അഞ്ച് അംഗങ്ങളുള്ള ഒരു കുടുംബം. അതുപോലെ ഏറിയാൽ 20 ഏക്കർ കൈവശം വയ്ക്കാവുന്ന ഒരു സാധാരണ കുടുംബം. ആ കുടുംബത്തിലെ മക്കൾ അനാഥരല്ല; ഭൂമി ഇല്ലാത്ത ആളുകൾ അല്ല; മരിച്ചാൽ ഏതെങ്കിലും വിധത്തിൽ പ്രയാസം അനുഭവിക്കുമെന്ന് വിശ്വസിക്കാൻ കഴിയുന്നവർ അല്ല.

സർ, കച്ചവടക്കാരും ഉദ്യോഗസ്ഥൻമാരും അക്കൂട്ടത്തിൽ ഉണ്ടെങ്കിൽ, ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. അത്തരം ആളുകൾക്ക് പ്രയാസം വരും. ആ പ്രയാസത്തിന് പരിഹാരം കാണണം. അപ്പോൾ ഇവിടെയോ ഒരിഞ്ച് മണ്ണുപോലുമില്ലാത്ത ആളുകൾ. 'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്, മണ്ണിൽ ജനിച്ച മനുഷ്യന് തലചായ്ക്കാൻ ഒരിടം ... .

(ബഹളം)

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ശ്രീ. എം. കെ. കൃഷ്ണൻ രണ്ടുമൂന്നുപ്രാവശ്യമായി ബൈബിൾ ഉദ്ധരിക്കുന്നു. ചെകുത്താൻ ബൈബിൾ ഉദ്ധരിക്കുന്നത് ശരിയാണോ? അത് ഓർഡറിലാണോ?

ശ്രീ. എം. കെ. കൃഷ്ണൻ: ഞാൻ അതിന് മറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇപ്പോൾ ഈ നിയമം 1970 ജനുവരി 1-ാം തീയതി നിലവിൽവന്നതോടുകൂടി ഈ മക്കൾക്കും മക്കളുടെ മക്കൾക്കും കൊടുത്ത ഇഷ്ടദാനം റദ്ദായിപ്പോയി, അതുകാരണമുള്ള പ്രയാസത്തിന് പരിഹാരം കാണുന്നതിനുവേണ്ടിയാണ് ദായക്രമത്തിന്റെ കാര്യമൊക്കെ പറഞ്ഞത്. സർ, ഈ കേരളത്തിൽ 1970 ജാനുവരി 1-ാം തീയതിവരെ ഈ ഭൂമി കൊടുക്കാതെ കാത്തുവച്ചിരുന്ന ആളുകൾ ആരാണെന്ന് മനസ്സിലാക്കാനാണ് ബുദ്ധിമുട്ട്. സർ, 1957-ൽ ഈ നിയമത്തിന്റെ കരട് വെളിയിൽവന്ന പ്പോൾ മനസ്സിലായി പരിധിനിർണ്ണയം 15 ഏക്കറാണെന്ന്. ആ 15 ഏക്കർ ഒരു കുടുംബത്തിന്റെ പരിധി. സ്നേഹവാൽസല്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇഷ്ടദാനം. അപ്പോൾ തുടങ്ങി ഇഷ്ടദാനം. 1960-ൽ ശ്രീമാൻ ചന്ദ്രശേഖരന്റെ ഒരു നിയമംവന്നു. ആ നിയമത്തിലും ഉണ്ട് പരിധിയും അതുപോലെതന്നെ ഈ സ്നേഹവാൽസല്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇഷ്ടദാനവും. 1963-ലെ നിയമം 1964-ൽ നിയമമായപ്പോൾ അതിലും ഉണ്ട്; പരിധിയും സ്നേഹവാൽസല്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇഷ്ടദാനവും. 1969-ലും വ്യാപകമായ ഇഷ്ടദാനം കൊടുക്കാനുള്ള വകുപ്പ് 1950 മുതൽ നിലനിൽക്കുക, പരിധിനിർണ്ണയിക്കുന്നതിനുള്ള വകുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

1957 മുതൽ നിലനിൽക്കുക, 1957 മുതൽ ആരംഭിച്ച് 1970 ജാനുവരി ഒന്നു വരെ ഇഷ്ടദാനവും മറ്റേദാനവും മറിച്ചദാനവുമൊക്കെ കൊടുത്ത് എവിടെയെങ്കിലും ഒരു കടുക് ചോർന്നിട്ടുണ്ടെങ്കിൽ അവനെയുംകൂടി പെറുക്കിയെടുക്കാനുള്ള സംരംഭമാണ് ഈ നിയമത്തിലുള്ളത്. അത് ആരെ ദ്രോഹിക്കാനാണ്, അവർ അത് കൊടുക്കുന്നതിന് എനിക്ക് വിരോധമില്ല. മറ്റ് ആരെ ദ്രോഹിക്കാൻവേണ്ടി. നമ്മുടെ സംസ്ഥാനത്ത് ഒരുപിടി മണ്ണിന് അവകാശികളല്ലാത്ത; ഈ കേരളത്തിന്റെ മണ്ണിൽ അദ്ധ്വാനിച്ച് ഭൂമിയിൽ സമ്പത്ത് ഉൽപ്പാദിപ്പിക്കുന്നവർ അവനാണ് കർഷകത്തൊഴിലാളി. ശ്രീമാൻ മാണി ചോദിക്കുന്നു, അദ്ധ്വാനിക്കുന്ന വർഗ്ഗമല്ലേ അദ്ധ്വാനിക്കുന്ന ആളെന്ന്. മണ്ണിൽ പണിയെടുത്താൽ മാത്രമേ മണ്ണിൽ സമ്പത്ത് ഉല്പാദിപ്പിക്കാൻ കഴിയൂ. അല്ലാതെ തലേലും കെട്ടി വരമ്പിൽകൂടി കുടയുംചൂടി നടന്നാൽ ഭൂമിയിൽ സമ്പത്ത് ഉല്പ്പാദനം നടക്കില്ല. അദ്ധ്വാനിക്കാൻ കഴിയുന്ന വിഭാഗങ്ങൾ അവന്റെ അദ്ധ്വാനം ഭൂമിയിൽ ഉപയോഗിച്ചാൽമാത്രമേ സമ്പത്ത് ഉൽപ്പാദിപ്പിക്കാൻ കഴിയൂ. അങ്ങനെയുള്ള കർഷകത്തൊഴിലാളികൾക്ക് ഈ നിയമത്തിന്റെ വ്യവസ്ഥപ്രകാരം കിട്ടേണ്ട ഭൂമി, 1957-ൽ മാറ്റി, 1960-ൽമാറ്റി 1963-ലാക്കി, 1969-ലാക്കി അഴിച്ചുപെറുക്കി മാറ്റിമാറ്റി 1970-ൽ ഈ നിയമം പ്രാബല്യത്തിൽ വന്നുകഴിഞ്ഞു, വല്ലതുമുണ്ടെങ്കിൽ അതുംകൂടി പെറുക്കിയെടുക്കാനുള്ള പരിശ്രമമാണ് ഈ നിയമത്തിലുള്ളത്. പരിധിക്കപ്പുറമുള്ള ആളുകൾ ചെയ്തിട്ടുള്ള ഇഷ്ടദാന കൈമാറ്റങ്ങളെയാണ് ഞങ്ങൾ എതിർക്കുന്നത്. അല്ലാതെ പരിധിക്കകത്ത് ഭൂമിയുള്ള ആളുകൾ നടത്തിയ ഇഷ്ടദാനങ്ങളെ ഞങ്ങൾ എതിർക്കില്ല. ആർക്ക് വേണമെങ്കിലും ഇഷ്ടദാനം കൊടുക്കാനുള്ള അവകാശം ഈ രാജ്യത്ത് ഭൂമി കൈവശമുള്ള ആളുകൾക്ക് ഉണ്ട്. അതുകൊണ്ട് ഈ നിയമം നമ്മുടെ സംസ്ഥാനത്തെ കേരള കാർഷിക നിയമത്തിന്റെ അന്തസ്സത്തയ്ക്ക് എതിരാണ്. ഈ രാജ്യത്തിലെ അദ്ധ്വാനിക്കുന്ന ആളുകൾക്ക്—വിശേഷിച്ചും ഹരിജനങ്ങൾക്കും, പട്ടികജാതിക്കാർക്കും സാമൂഹ്യവും, വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ ആളുകൾക്കും എതിരായ ഒരു ഭേദഗതി ആയതുകൊണ്ടാണ് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നത്. സർ, ഈ ഭേദഗതിയെ എതിർത്ത എന്റെ സ്നേഹിതൻമാർ അങ്ങേ വശത്തുണ്ട്. എനിക്ക് ശ്രീമാൻ രാഘവൻ മാസ്റ്ററോട് വളരെ സ്നേഹമുണ്ട്. ഏതു പ്രശ്നം ഈ അസംബ്ലിയിൽ വന്നാലും എന്തു പ്രശ്നം വന്നാലും അതിൽ ഗിരിജനങ്ങളുടെ താൽപ്പര്യത്തിന് സംരക്ഷണം കിട്ടുന്നതിനുവേണ്ടി ഗിരിജനം, ഗിരിജനം എന്നു പറഞ്ഞുകൊണ്ട് എപ്പോഴും ചാടി എഴുന്നേൽക്കും. സർ, ഞാൻ ചിലപ്പോഴൊക്കെ രാഘവൻ മാസ്റ്ററോട് തമാശ പറയാറുണ്ട്. അതുപോലെ പല സ്നേഹിതൻമാരും അപ്പുറമുണ്ട്. അവർ എന്തു നിലപാടാണ് സ്വീകരിക്കുന്നത്. പാവപ്പെട്ട ഹരിജനങ്ങൾക്കും, പട്ടികവർഗ്ഗക്കാർക്കും, പട്ടികജാതിക്കാർക്കും കിട്ടേണ്ടത് ഒരേക്കർ ഭൂമിയാണെങ്കിൽ ആ ഒരേക്കറിൽ 87 സെൻറ് ഭൂമിക്കും അവകാശി കർഷകത്തൊഴിലാളിയാണ്. ആ 87 സെൻറ് ഭൂമിയിൽ നാൽപ്പത്തിമൂന്നേമുക്കാൽ സെൻറ് കിട്ടേണ്ട ആളുകൾ കേരളത്തിലെ കർഷകത്തൊഴിലാളിയായ ഹരിജനങ്ങളും ഗിരിജനങ്ങളുമാണ്. സർ, അതാണ് പ്രശ്നം. അങ്ങനെയുള്ള ഈ വ്യവസ്ഥയെ എതിർക്കുമ്പോൾ ഞങ്ങൾ എല്ലാത്തിനേയും എതിർക്കുന്ന ആളുകൾ എന്നാണ് അവർ ധരിച്ചിരിക്കുന്നത്. ഭൂമിയുള്ള ആളുകൾ ആരെങ്കിലും മക്കൾക്കോ, മക്കളുടെ മക്കൾക്കോ അൽപ്പം കൃഷിഭൂമി എഴുതിക്കൊടുക്കുന്നകാര്യത്തിൽ തടസ്സം നിൽക്കുന്ന ആളുകളാണ് ഞങ്ങൾ എന്ന തെറ്റിദ്ധാരണയ്ക്ക് യാതൊരിടവുമില്ല. 1970 ജനുവരി 1-ാം തീയതി നിലവിൽവന്ന കൈവശംവയ്ക്കാൻ അവകാശമില്ലാത്ത ഭൂമി കൈവശംവച്ചുകൊണ്ട് നടത്തുന്ന ഇഷ്ടദാനങ്ങൾക്ക് അംഗീകാരം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരുന്ന ഈ വ്യവസ്ഥയെയാണ് ഞങ്ങൾ എതിർക്കുന്നത്.

(സഭ അൽപ്പനേരത്തേയ്ക്ക് ചായകുടിക്കുന്നതിനുവേണ്ടി നിറുത്തി വച്ചിട്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും 4.05-ന് സമ്മേളിച്ചു).

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഞാൻ ഈ ഇഷ്ടദാനവകുപ്പിനെ എതിർക്കുകയാണ്. ഈ വകുപ്പും ഇത്തരം ഒരു നിയമവും കൊണ്ടുവരുന്നതിനാധാരമായി നമ്മുടെ സംസ്ഥാനത്താകെ നടന്ന പ്രചരണവും ആ പ്രചരണത്തിന്റെ പൊള്ളത്തരങ്ങളും സഖാവ് എം. കെ. കൃഷ്ണൻ ഏറെക്കുറെ ഇവിടെ പ്രതിപാദിച്ചുകഴിഞ്ഞു. യഥാർത്ഥത്തിൽ ഇഷ്ടദാനബിൽ എന്നുള്ള പേരിൽ ഈ നിയമത്തിനകത്ത് കൊണ്ടുവന്ന ഓരോ വകുപ്പും എടുത്തുനോക്കിയാൽ കാണക്കുടിയാൻമാരുടെ മിച്ചവാരം മര്യാദപ്പാട്ടമായി കണക്കാക്കാമെന്ന ഒരു വകുപ്പൊഴിച്ച് ബാക്കി വകുപ്പുകളാകെ എടുത്തു പരിശോധിച്ചാൽ ഒരു പ്രത്യേക സമീപനമാണ് ഈ നിയമനിർമ്മാണത്തിലുള്ളതെന്ന് കാണാൻ കഴിയും. പരിധിക്ക് മേലേയുള്ള ആളുകളുടെ ഭൂമി രക്ഷിക്കേണ്ടകാര്യം പറയുമ്പോൾ അവരുടെ ഭാഗത്താണ് ഈ ബില്ലിന്റെ നയം. മറുഭാഗത്ത് കൈവശക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടിയാണ് 6 സി (2) വകുപ്പെന്നു പറയുമ്പോൾ കൃഷിക്കാരുടെ പേരിലാണ് വാദം. അതിനപ്പുറത്ത് ശ്രീ. എം. കെ. കൃഷ്ണൻ കൊണ്ടുവന്ന അമെൻറുമെൻറു തള്ളി നമ്മുടെ രാജ്യത്ത് പാട്ടബാക്കിയും പ്രതിഫലവും കൊടുക്കാനുള്ള ഒരു കൊല്ലത്തെ കാലാവധി ആറു മാസമായി ചുരുക്കിയത് ഒരു കൊല്ലമായി നിലനിറുത്തണമെന്നു പറഞ്ഞപ്പോൾ പിടിവാശിയാണ് കാണിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, മൊത്തത്തിൽ ഈ നിയമം എങ്ങനെ രൂപപ്പെടുത്തിയെടുത്തു എന്നുള്ളത്. ആർക്കാണ് ഈ നിയമത്തിന് താൽപ്പര്യം എന്നു ചോദിച്ചാൽ കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും കാര്യംവരുമ്പോൾ കർഷകരോടാണ് താൽപ്പര്യം. കർഷകരും ഭൂ ഉടമകളും വരുമ്പോൾ ഭൂ ഉടമകളോടാണ് താൽപ്പര്യം. ഭൂ ഉടമകളിൽ പരിധിക്കുമേലുള്ളവർ വരുമ്പോൾ അവരോടാണ് താൽപ്പര്യം. പരിധിക്കുമേലുള്ള ആളുകളുടെ കാര്യം വരുമ്പോൾ മറ്റുള്ളവരെയെല്ലാം വിസ്മരിക്കും. എന്നാൽ പരിധിയോളമുള്ള ആളുകളുടെ കാര്യം വരുമ്പോൾ അവരിൽ താഴെയുള്ളവരുടെ കാര്യം വിസ്മരിക്കും. ഈ ഒരു സമീപനമാണ് ഈ നിയമത്തിലുള്ളത്. അതാണ് തീർച്ചയായും അപ്പുറത്തിരിക്കുന്ന ആളുകൾ ആലോചിക്കേണ്ടത്. ഇതിലെ വകുപ്പുകളെല്ലാം നടപ്പാക്കുമെന്നു ഞങ്ങൾ ഉറപ്പുകൊടുത്തവരാണെന്ന് അപ്പുറത്തിരിക്കുന്ന പലരും പറയുന്നുണ്ട്. ഇതിൽ പറയുന്ന എല്ലാ വകുപ്പുകൾക്കും നിങ്ങൾ അംഗീകാരം കൊടുത്തിട്ടില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. എല്ലാവരും അംഗീകരിച്ചു ഇവിടെ കൊണ്ടുവരുമെന്നു പറഞ്ഞത് ഇഷ്ടദാനത്തിന്റെ കാര്യം മാത്രമാണ്. ഇഷ്ടദാനമല്ലാതെ ഒട്ടനവധി കാര്യങ്ങൾ ഇതിൽ പറയുന്നുണ്ട്. ആകെക്കൂടി നോക്കിയാൽ ഈ നിയമത്തിന്റെ സമീപനം ഈ രാജ്യത്തിലെ പാവപ്പെട്ടവർക്കെതിരായ, സാധാരണ കർഷകത്തൊഴിലാളികൾക്കെതിരെയുള്ള സമീപനമാണെന്ന് എനിക്ക് പറയാൻ കഴിയും. അങ്ങനെയുള്ള ഒരു സമീപനമെടുത്ത് അതിൽക്കൂടി അനവധി ത്യാഗോജ്ജ്വലമായ സമരങ്ങളിൽക്കൂടി ഈ രാജ്യത്തിലെ ജനത നേടിയെടുത്ത അവകാശങ്ങളെ ചവുട്ടി മെതിക്കുന്ന ഒരു നയമാണ് ഇപ്പോഴത്തെ ഗവൺമെൻറ് സ്വീകരിക്കുന്നത്. ഇവിടെ പലരും പറയുന്നതുകേട്ടു, 1969-ൽ സഖാവ് ഗൗരിയമ്മ കൊണ്ടുവന്ന നിയമത്തിന്റെ ഭാഗമായിട്ടാണ് ഇത് കൊണ്ടുവന്നതെന്ന്. അപ്പുറത്തിരിക്കുന്നവരോട് ഞാൻ ഒരുകാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. ഹൈക്കോടതിയിലെയും സുപ്രീംകോടതിയിലേയും വിധി

യുണ്ടായത് ആരുടെ നിയമത്തിലെ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ടാണ് ഉണ്ടായതെന്ന് ഞാൻ ചോദിക്കുന്നു. ഹൈക്കോടതിയും സുപ്രീംകോടതിയും എടുത്ത് ഉദ്ധരിച്ച വകുപ്പ് രൂപപ്പെടുത്തിയത് ആരാണെന്നുള്ളത് പരിശോധിക്കുമ്പോൾ സഖാവ് ഗൗരിയമ്മയുടേതാണെന്ന് കാണാൻ കഴിയും. ആ വസ്തുത നിഷേധിക്കാൻ കഴിയുമോ? ഹൈക്കോടതിവിധി ഞങ്ങളുടെ കയ്യിലുണ്ട്. അതിൽ പറയുന്നത്, 1969-ലെ ഭൂപരിഷ്ക്കരണ ഭേദഗതി നിയമത്തിലെ ഇന്ന വകുപ്പുപ്രകാരം ഇങ്ങനെ ഇഷ്ടദാനം കൊടുക്കാൻ അധികാരമില്ലെന്നാണ്. അങ്ങനെ അധികാരമില്ലെന്ന് കോടതിവിധി വന്നതിനുശേഷവും കോടതി കൊടുത്ത ഒരു ആനുകൂല്യംപോലും നമ്മുടെ രാജ്യത്തെ പാവപ്പെട്ടവർക്ക് കിട്ടിക്കൂടന്നാണോ പറയുന്നത്? നിയമത്തിന് ആധികാരികത്വമുണ്ടാകുമോ എന്ന് സംശയിച്ചിരുന്ന കക്ഷികൾക്ക് യാതൊരു സംശയവും വേണ്ട ഇതാ ഞങ്ങളുംകൂടി കനിഞ്ഞിരിക്കുന്നു കോടതിയുംകൂടി കനിഞ്ഞിരിക്കുന്നു എന്നു പറഞ്ഞാൽ ഞങ്ങൾ സമ്മതിക്കുകയില്ല എന്നു പറയുന്നത് ആരെ രസിപ്പിക്കാനാണ്. അതാണ് വളരെ ഗൗരവമായി ചിന്തിക്കേണ്ടത്. പിടിവാശിയാണ്. ഞാൻ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട് ചോദിക്കുന്നു, ഈ ഭൂപരിഷ്ക്കരണനിയമത്തിലെ ഓരോ ക്ലാസുകൊണ്ട് പാവപ്പെട്ട ജനങ്ങൾക്ക്വരുന്ന ആപത്ത് എന്താണെന്ന് പരിശോധിക്കാൻ മിനക്കെടാതെ വൈരനിര്യാതനബുദ്ധിയോടുകൂടി ഇത് ഞങ്ങൾ കൊണ്ടുവന്നതാണ് ഞങ്ങൾ പാസ്സാക്കുമെന്ന സമീപനം നിങ്ങളുടെകൂടെ നിൽക്കുന്ന പാവപ്പെട്ടവനെ രക്ഷിക്കാനാണോ നിങ്ങളുടെകൂടെ നിൽക്കുന്ന കർഷകത്തൊഴിലാളികളെ രക്ഷിക്കാനാണോ, നിങ്ങളുടെകൂടെ നിൽക്കുന്ന ഭൂമിക്കുവേണ്ടി ദാഹിക്കുന്ന മനുഷ്യരെ രക്ഷിക്കാനാണോ? ഇന്നതിനുവേണ്ടിയാണെന്നു പറഞ്ഞാൽ തരക്കേടില്ല. എല്ലാവരും പറയും ഞങ്ങൾക്ക് വേണമെന്ന് അഭിപ്രായമില്ല എന്ന്. ആരും അംഗീകരിക്കുകയുമില്ല. പക്ഷേ എല്ലാവരും കൈപൊന്തിച്ചുകൊടുക്കും. എന്തിനുവേണ്ടി? ചോദ്യം അതാണ്. കർഷകനുവേണ്ടിയാണോ? ബഹുമാനപ്പെട്ട കരുണാകരനോട് ഞാൻ ചോദിക്കുന്നു, ഒരു കൊല്ലമെന്നുള്ളത് ആറുമാസമായി ചുരുക്കുന്നതിന് നിങ്ങൾ ഇത്ര വാശിപിടിക്കുന്നത് എന്തിനാണ്. എന്നാലേ കൈ അപ്പുറത്തു പൊന്തുകയുള്ളു. ഇത് എന്തൊരു രോഗമാണ്. ഇതിന്റെ ആവശ്യമില്ല എന്ന് കരുണാകരൻ പറയും. കൈ അപ്പുറത്ത് പൊന്തുകയും ചെയ്യും. അപ്പോൾ ആത്മാർത്ഥതയുണ്ടോ കരുണാകരന്, ചോദ്യം അതാണ്. നിങ്ങൾ എന്തോ ഒരു എഗ്രിമെന്റിൽ ഒപ്പിട്ടിരിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: കൊണ്ടുവന്നവരല്ലേ എതിരായി കൈപൊക്കുന്നത്?

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: കൊണ്ടുവന്നതാര് എതിർക്കുന്നതാര് എന്നുള്ളതല്ല. നിങ്ങളെല്ലാം പറയുന്ന ഈ രാജ്യത്തെ കർഷകജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇത് സംരക്ഷണത്തിന് ഉതകുന്നതല്ല, നിങ്ങൾ പ്രതിനിധാനം ചെയ്യപ്പെടുന്നു എന്നു പറയുന്ന വർഗ്ഗത്തിന്റെ താൽപ്പര്യത്തിനുവേണ്ടിയുള്ളതല്ല. ഇത് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമീപനമാണോ നിങ്ങളുടേത്? സത്യസന്ധമായ സമീപനമല്ലേ ന്യായമായ സമീപനം. അതൊന്നുമല്ല ഇവിടെ, ആരു കൊണ്ടുവന്നു, ആരു പോയി; ചോദ്യം അതാണ്. നിങ്ങളും ഞങ്ങളും തമ്മിലുള്ള പോരാട്ടത്തിൽ നിങ്ങളും ഞങ്ങളും തമ്മിലുള്ള വാക്കേറ്റത്തിൽ ഈ രാജ്യത്തെ പാവപ്പെട്ടവനെ തെരുവിലിറക്കുന്നതിനുവേണ്ടി കൂട്ടുനിൽക്കണമോ എന്നാണ് ചോദ്യം. നിങ്ങളും ഞങ്ങളും തമ്മിലുള്ള രാഷ്ട്രീയവൈരനിര്യാതനബുദ്ധിക്ക് ഈ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾ നേടിയെടുത്ത അവകാശങ്ങളിൽ കഠാരി വയ്ക്കണമോ? അതിന്റെ കഴുത്തറുക്കാൻ കൂട്ടുനിൽക്കണമോ, അതാണ് ചോദ്യം. ഇവിടെ രാഷ്ട്രീയം പറഞ്ഞുപറഞ്ഞ് ഈ രാജ്യത്തെ ഒരു വർഗ്ഗം നേടിയെടുത്ത അവകാശങ്ങളിൻമേൽ കൊലക്കത്തി വയ്ക്കണമോ എന്നു ചോദിക്കുമ്പോൾ വേണ്ട എന്നു നെഞ്ചത്തു കൈവച്ചുകൊണ്ടു പറയുമ്പോൾ നെഞ്ചു വേദനിക്കുന്ന ഒട്ടനവധി സാമാജികൻമാർ അപ്പുറത്തുണ്ടെന്ന് എനിക്കറിയാം. ഇതു വേണമോ വേണ്ട, അതു വേണമോ വേണ്ട എന്നു പറയുന്ന ഒട്ടനവധി ആളുകൾ അപ്പുറത്തുണ്ട്. അതുപോലെ ഈ ഇഷ്ടദാനവകുപ്പ് പാസ്സാക്കാൻ കൈപൊന്തിക്കുന്ന ഒട്ടേറെ ആളുകളുണ്ട്. നിങ്ങൾ ഇതു പാസ്സാക്കുമെന്ന് ഞങ്ങൾക്കറിയാം. ഇതൊക്കെ പറയുന്നത് നിങ്ങൾ തിരുത്തുമെന്നുള്ള അഭിപ്രായത്തിലല്ല. ഇന്ന് ഇതു തിരുത്താൻ തയ്യാറായില്ലെങ്കിൽ ഏതു രൂപത്തിൽ ഇതിനെ ന്യായീകരിക്കാൻ പരിശ്രമിച്ചാലും ഈ രാജ്യത്തെ ജനതയുടെ വികാരങ്ങളിലേക്ക് ഇണങ്ങിച്ചേരാൻ അനുഭവത്തിന്റെ വെളിച്ചത്തിൽ നിങ്ങൾ നിർബന്ധിതരായിത്തീരുമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒരുപക്ഷെ നിങ്ങൾ പിടിവാശിയിൽ നിൽക്കുമായിരിക്കാം. ഇന്ന് നിങ്ങൾക്കു വലിയ വാശിയോടുകൂടി ഇതു പാസ്സാക്കിയെടുത്തേ പറ്റൂ എന്നുണ്ടെങ്കിലും രാജ്യം നിങ്ങളെ പഠിപ്പിക്കും. നമ്മളെ എല്ലാവരേയും പഠിപ്പിച്ച നമ്മളെ എല്ലാവരേയും ചിന്തിപ്പിച്ച കാർഷിക പരിഷ്കരണനിയമങ്ങളുടെ ചരിത്രം എടുത്തു പരിശോധിച്ചാൽ ആദ്യമാദ്യം വന്നിട്ടുള്ള എതിർപ്പുകൾ ഓരോ ഘട്ടം കഴിയുമ്പോഴും കുറഞ്ഞുകുറഞ്ഞുവന്നതിന്റെ ചരിത്രമുണ്ട്. അങ്ങനെ കുറഞ്ഞുകുറഞ്ഞുവന്നത് നമ്മുടെ ആരുടേയും വ്യക്തിപരമായ ഗുണം കൊണ്ടല്ല. രാജ്യത്ത് ഉയർന്നുവരുന്ന സാമൂഹ്യബോധം, ചിന്താമണ്ഡലത്തിലുയർന്നുവരുന്ന പുരോഗമനാശയങ്ങൾ, പുതിയപുതിയ നിയമനിർമ്മാണങ്ങൾക്കും പുതിയപുതിയ സംവിധാനങ്ങൾക്കുമുള്ള മുന്നോട്ടുള്ള യാത്ര, അതിനെ ആർക്കെങ്കിലും തടഞ്ഞുനിർത്താനാവുകയില്ല. ഇവിടെ അവസാനവാക്കാണോ. 1969-ലെ ഭൂപരിഷ്കരണ ഭേദഗതി നിയമം ഞങ്ങൾ മറന്നില്ല. 1959-ലോ 1961-ലോ അവസാനവാക്കായിരുന്നില്ല. 1963-ലോ, 1969-ലോ അവസാനവാക്കായിരുന്നില്ല.

സർ, നമ്മുടെ രാജ്യത്തെ വിശിഷ്യാ കേരളത്തിലെ ഇന്നത്തെ പരിതഃസ്ഥിതി എടുത്തുനോക്കുകയാണെങ്കിൽ, കർണ്ണാടകവുമായിട്ടോ മദ്ധ്യപ്രദേശുമായിട്ടോ താരതമ്യപ്പെടുത്തി പറഞ്ഞിട്ടു കാര്യമില്ല, ഈ കൊച്ചു കേരളത്തിലെ ജനസംഖ്യയുമായി ബന്ധപ്പെടുത്തുമ്പോൾ ഭൂമി എത്രയാണുള്ളതെന്ന് നമുക്കെല്ലാവർക്കും അറിയാം. ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ഈ കൊച്ചു സംസ്ഥാനത്ത് യഥാർത്ഥത്തിൽ ഇന്നുള്ള പരിധി ചുരുക്കിക്കൊണ്ടല്ലാതെ ഇവിടത്തെ പാവപ്പെട്ടവർക്ക് എന്തെങ്കിലും ഗുണംചെയ്യാൻ കഴിയുമോ എന്ന് രാഷ്ട്രീയം കൈകാര്യം ചെയ്യുന്നവർ ആലോചിക്കണം. രാഷ്ട്രീയരംഗത്ത് രാഷ്ട്രീയപ്രവർത്തനങ്ങൾക്ക് മുതിരുകയാണെങ്കിൽ തീർച്ചയായും കാലോചിതമായ മാറ്റങ്ങൾക്കുവേണ്ടി അവർക്ക് സന്നദ്ധരാകേണ്ടിവരും. അങ്ങനെ മുന്നോട്ടുപോകാൻ ശ്രമിക്കുന്നതിനു പകരം, നിയമനിർമ്മാണങ്ങളിൽക്കൂടി കൂടുതൽ കൂടുതൽ മ ന്നോട്ടുപോകാൻ പരിശ്രമിക്കുന്നതിനു പകരം നേടിയെടുത്ത നേട്ടങ്ങൾതന്നെ നിഷേധിക്കത്തക്ക നടപടികളെടുത്ത്, അവകാശങ്ങളെ ചവുട്ടിമെതിക്കുന്ന ഒരു സമീപനവുമായി മുന്നോട്ടുപോകുന്നത് പുരോഗമനചിന്താഗതിക്ക് അനുയോജ്യമാണോ എന്നു പരിശോധിക്കണം. 1959-ൽ കാർഷികപരിഷ്കരണനിയമത്തെ എതിർക്കുമ്പോൾ ബഹുമാനപ്പെട്ട സി. എച്ച്. മുഹമ്മദുകോയയുടെ പാർട്ടി അങ്ങു റഷ്യയിൽ മതം ഇല്ലാത്തതുകൊണ്ടാണ് 60 വയസ്സിനു പുറത്തുള്ള ആളുകളെ ജീവിക്കാൻ അനുവദിക്കാത്തതുകൊണ്ടാണ് കമ്മ്യൂണിസ്റ്റുകാരെ

LIBRARY ARCHIVES Kerala Legislative Assembly

എതിർക്കുന്നതെന്നു പറഞ്ഞു. എന്നിട്ടു പിന്നെ ശ്രീ. സി. എച്ച്. മുഹമ്മദുകോയതന്നെ ആ പുണ്യഭൂമിയിലേക്കു പോയി; ആ മഹത്തായ സോവിയറ്റ് റഷ്യയിലേക്കു പോയി. മലങ്കോവിന്റെ മക്കളേ എന്ന് ഞങ്ങളുടെ മുഖത്തുനോക്കി വിളിച്ചവർ മലങ്കോവിന്റെ നാട്ടിൽ പോയി ചായ കുടിച്ചാലേ ഉറക്കംവരൂ എന്നറിഞ്ഞുകൊണ്ട് അവിടത്തേക്ക് തീർത്ഥയാത്ര പോയ എത്രയോ പുണ്യാളൻമാർ ഈ രാജ്യത്തുണ്ട്. ഞാൻ പറയുന്നത് ഇങ്ങനെ ചരിത്രത്തിന്റെ മുന്നോട്ടുള്ള ഗതിയെ, ചരിത്രത്തിന്റെ പുരോഗതിയെ തടഞ്ഞുവയ്ക്കാനും അതിൽനിന്നെല്ലാം ഈ രാജ്യത്ത് തങ്ങൾ ഉൾക്കൊള്ളുന്ന ഏതാനും ആളുകളുടെ താൽപര്യം സംരക്ഷിച്ചെടുക്കാനും ചില പ്രത്യേകസാഹചര്യത്തിൽ ചില പ്രത്യേകസന്ദർഭത്തിൽ ചില പ്രത്യേക കൂട്ടുകെട്ടിൽ സാധിച്ചു എന്നുവന്നാലും എന്നും അതു നടക്കുകയില്ല എന്നും അതു മുന്നോട്ടുപോവുകയില്ല എന്നുള്ളതാണ് നമ്മുടെ രാജ്യത്തിന്റേയും ലോകത്തിന്റേയും ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. ഈ നിയമം കോടതി അംഗീകരിച്ചതാണ്. കോടതിയോട് ഞങ്ങൾക്ക് പലപ്പോഴും ബഹുമാനവും ബഹുമാനക്കേടും വരാറുണ്ട്. ബഹുമാനപ്പെട്ട ഇ. എം. എസ്. കോടതിക്കെതിരായി പറഞ്ഞപ്പോൾ കോടതിയിലേക്കു പോയവർ, കോടതിയെ അവഹേളിക്കുന്നു എന്നു പറഞ്ഞവർ അലഹബാദ് കോടതിയുടെ വിധി വന്നപ്പോൾ കോടതി ഞങ്ങൾക്കു പുല്ലാണെന്നു പറഞ്ഞു. അപ്പോൾ കോടതിയോടുള്ള സ്നേഹവും, ബഹുമാനവുമൊക്കെ ഓരോരുത്തർ ഉൾക്കൊള്ളുന്ന രാഷ്ട്രീയപ്രസ്ഥാനത്തിന്റെ നയത്തിനനുസരിച്ചാണ്. കോടതിയോടുള്ള ബഹുമാനക്കുറവിനെപ്പറ്റി പ്രസംഗിച്ചവരും കോടതി തങ്ങൾക്ക് എതിരാകുമ്പോൾ ആ കോടതി പുല്ലാണെന്നു പറഞ്ഞിട്ടുള്ള ആളുകളാണ്. അവരോട് എനിക്കു ചോദിക്കാനുള്ളത്, നിങ്ങൾ ബഹുമാനിക്കുന്നു എന്നു പറയുന്ന ഈ രാജ്യത്തെ കോടതി പറയുന്നു, ഭൂപരിഷ്കരണനിയമത്തിലെ ക്ലാസ് എടുത്തുകൊണ്ട് ഈ രൂപത്തിൽ ഭൂമി കൊടുക്കാൻ പാടില്ല എന്നു പറയുമ്പോൾ അതുമായി സഹകരിക്കുകയല്ലേ വേണ്ടത്? അവർ കുടിക്കാൻ കഞ്ഞിയില്ലാത്തവരാണോ? അല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അവർ കഞ്ഞി കുടിക്കുവാൻ ഇല്ലാത്തവരല്ല. ഇഷ്ടദാനം കൊടുക്കേണ്ടവരുടെ കുടുംബത്തിൽ ഡോക്ടർമാരുണ്ട്, ഇഷ്ടദാനം കൊടുക്കേണ്ടവരുടെ കുടുംബത്തിൽ വക്കീലൻമാരുണ്ട്, ഇഷ്ടദാനം കൊടുക്കേണ്ടവരുടെ വീട്ടിൽ ദുബായിൽ പോയി പണം അയക്കുന്നവരുണ്ട്, ഇഷ്ടദാനം കൊടുക്കേണ്ട വീട്ടിൽ വൻകിട കച്ചവടക്കാരുണ്ട്, ഇഷ്ടദാനം കൊടുക്കേണ്ടുന്ന വീട്ടിൽ നാനൂറും അഞ്ഞൂറും ഏക്കർ റബർത്തോട്ടമുണ്ട്. അവർ ഈ ബില്ലിന്റെ പരിധിക്കകത്തുനിന്നു 15 ഏക്കറിന്റെ കാര്യം പറഞ്ഞിട്ട് എനിക്കു മക്കളുണ്ട്, മരിച്ചുപോയ മകന് കുട്ടിയുണ്ട് എന്നു പറഞ്ഞ് കരയുമ്പോൾ അവർക്ക് നാനൂറും അഞ്ഞൂറും ഏക്കർ തോട്ടമുണ്ടെന്നുള്ള വസ്തുത നിങ്ങൾ അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. നിങ്ങൾ ഈ നിയമപ്രകാരം ആനുകൂല്യം നേടിക്കൊടുക്കുവാൻ പോകുന്ന ആളുകൾക്കു നാന്നൂറും അഞ്ഞൂറും ഏക്കർ റബർത്തോട്ടമുണ്ടെന്നുള്ള വസ്തുത നിഷേധിക്കുവാൻ കഴിയുകയില്ല. അവരാണോ ഈ രാജ്യത്തിലെ പാവപ്പെട്ടവർ? അവരാണോ സംരക്ഷിക്കപ്പെടേണ്ടവർ? അതാണോ ഇത്രയും കാലത്തെ പ്രവർത്തനത്തിൽക്കൂടി ഇത്രയും കാലത്തെ ത്യാഗത്തിൽക്കൂടി ഈ രാജ്യത്തെ പുരോഗമനപ്രസ്ഥാനങ്ങൾ, പുരോഗമന ചിന്താഗതിക്കാർ ഈ രാജ്യത്തിന്റെ ഭാവിയെപ്പറ്റി ചിന്തിക്കുന്ന ആൾക്കാർ ആഗ്രഹിച്ചതും അഭിലഷിച്ചതും? ഈ വൈകിയ വേളയിലെങ്കിലും ഇതിനെപ്പറ്റി ചിന്തിക്കുവാൻ അപ്പുറത്തുള്ളവർ തയ്യാറാകണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഇന്നൊരുപക്ഷെ നിങ്ങൾ വിചാരിക്കുന്ന ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് ജനങ്ങൾക്കെതിരായി ഒരു നിയമമുണ്ടാക്കുവാൻ കഴിഞ്ഞാലും

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും നിങ്ങൾ നൂറുവട്ടം ആലോചിക്കണം. നിങ്ങളുടെകൂടെ നിൽക്കേണ്ടുന്ന നിങ്ങളുടെ സമുദായങ്ങളിലുള്ള പാവപ്പെട്ടവർക്കെതിരായി, കഷ്ടപ്പെടുന്നവർക്കെതിരായി, കഞ്ഞി കുടിക്കാൻ ഇല്ലാത്തവർക്കെതിരായി, ഒരു തുണ്ടു ഭൂമിയില്ലാത്തവർക്കെതിരായി ഈ രാജ്യത്തിലെ മാടമ്പിമാർക്കുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതെന്നു നിങ്ങൾ ചിന്തിക്കേണമേ, തീർച്ചയായും ഈ രാജ്യത്തിലെ പാവപ്പെട്ടവർക്കെതിരായി, കഷ്ടപ്പെടുന്നവർക്കെതിരായി ഇത്തരമൊരു സമീപനത്തിലേക്കു നിങ്ങൾ നീങ്ങരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. നിങ്ങളുടെ ഭൂരിപക്ഷം ഉപയോഗിച്ച് ഇതു പാസ്സാക്കാൻ കഴിയും. അങ്ങനെ പല നിയമനിർമ്മാണങ്ങളും ഈ രാജ്യത്തുണ്ടായിട്ടുണ്ട്. പക്ഷെ ഭൂരിപക്ഷം ഉപയോഗിച്ച് പാസ്സാക്കിയെടുക്കാൻ കഴിഞ്ഞാലും പാവപ്പെട്ടവന്റെ താൽപര്യം എന്നന്നേക്കുമായി ഹനിക്കുവാൻ പാവപ്പെട്ടവനേ ചവിട്ടിമെതിക്കാൻ ഈ രാജ്യത്ത് ഒരുകൂട്ടം മാടമ്പിവർഗ്ഗത്തെ രക്ഷിച്ചെടുക്കാൻ കഴിയുമെന്നു നിങ്ങൾ ചിന്തിക്കരുത്, അങ്ങനെ ചിന്തിക്കുന്നത് കാലത്തിനൊത്ത ചിന്താഗതിയല്ല, കാലത്തിനൊത്തു ചിന്തിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാനീ വകുപ്പിനെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ നിയമത്തിന്റെ ചർച്ച തുടങ്ങിയശേഷം പ്രത്യേകിച്ചും അപ്പുറത്തുള്ള ഉത്തരവാദിത്വമുള്ള മെമ്പർമാർ വരെ 1957-ലും 1959-ലും കൊണ്ടുവന്നിട്ടുള്ള നിയമങ്ങളിലും 1969-ൽ പാസ്സാക്കിയ നിയമത്തിലും ഉണ്ടായിരുന്ന ഒരു വ്യവസ്ഥ 1972-ൽ മാത്രമാണ് അതിൽ ഒരു ചെറിയ മാറ്റം വരുത്തിയത്. അങ്ങനെ ഈ നിയമം പാസ്സാക്കരുതെന്നു പറയുന്ന ഞങ്ങൾകൂടി പങ്കെടുത്തു കൊണ്ടുവന്നിട്ടുള്ള നിയമങ്ങളിലുണ്ടായിരുന്ന ഒരു വ്യവസ്ഥ പുന:സ്ഥാപിക്കുകയാണ് ഇപ്പോൾ ചെയ്യുന്നതെന്നാണ് ആദ്യവസാനം വാദിച്ചുകേട്ടത്. അതേ നിയമത്തിൽത്തന്നെ പിന്നീടു കോടതിയുടെ വിധിക്കു അടിസ്ഥാനമായ കാര്യം ഉണ്ടായിരുന്ന ഒരു വകുപ്പുണ്ടായിരുന്നു. എന്തുകൊണ്ട് ഇഷ്ടദാനവ്യവസ്ഥ ആദ്യത്തെ നിയമങ്ങളിലെല്ലാം ഉൾക്കൊള്ളിക്കേണ്ടിവന്നു എന്ന് ഇന്നലെ ശ്രീ. ബേബി ജോൺ ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. 1969-ലെ നിയമം പാസ്സാക്കുന്ന സമയത്തുതന്നെ ഈ നിയമത്തിൽ 1969-ലെ നിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയുടെ ക്ലാസ് എടുത്തുകൊണ്ട് കെ. എം. മാണി സംസാരിച്ച കാര്യം ഞാൻ ഇന്നലെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. 1969 ഫെബ്രുവരിക്കുശേഷമുള്ള മിച്ചഭൂമി കൈമാറ്റങ്ങൾ അസാധുവാക്കുന്ന വകുപ്പു കൂട്ടിച്ചേർത്തു എന്തുകൊണ്ട് മുൻകാലപ്രാബല്യം കൊടുത്തില്ല എന്നെല്ലാം അദ്ദേഹം ചോദിച്ചുകേട്ടു. അതിനു മറുപടിയായിത്തന്നെ സെലക്ട് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ച സമയം ചർച്ചക്കു മറുപടിയായി അന്നത്തെ റവന്യൂ മന്ത്രി ഗൗരിയമ്മ പറഞ്ഞ കാര്യവും നമ്മുടെ പ്രൊസീഡിംഗ്സ് നോക്കിയാൽ കാണാം. കാർഷിക നിയമം വളരെ പതനങ്ങളിൽക്കൂടി കടന്നുവന്നിട്ടുള്ള ഒരു നിയമമാണ്. 1957–59-ൽ കൊണ്ടുവന്ന നിയമത്തെ അപേക്ഷിച്ച് പിന്നീടുള്ള നിയമത്തിൽ കാണുന്ന മാറ്റം ആ കാലഘട്ടത്തിൽ കൃഷിക്കാരുടെ പ്രസ്ഥാനങ്ങളുടേയും അവരുടെ സമരങ്ങളുടേയും ഫലമായി നാട്ടിലുണ്ടായിട്ടുള്ള ബോധത്തിന്റെയും ഫലമാണ്. ഇതെല്ലാം കഴിഞ്ഞതിനുശേഷം നമ്മുടെ പ്ലാനിങ് കമ്മീഷൻതന്നെ ഇത്തവണത്തെ പദ്ധതി തയ്യാറാക്കുന്നതിന്റെ ആമുഖമായി കാർഷികപരിഷ്കരണ നിയമത്തിന്റെ പുരോഗതി പരിശോധിക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള ടാസ്ക് ഫോഴ്സ് ഇൻഡ്യയിൽ ആകെയുള്ള കാർഷികപരിഷ്കരണ പുരോഗതിയെ സംബന്ധിച്ചു പരിശോ

LIBRARY ARCHIVES Kerala Legislative Assembly

ധിച്ച് ചില നിഗമനങ്ങളിലെത്തിയിട്ടുണ്ട്. അതിൽ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾതന്നെ നടപ്പിലാക്കാൻ ആവശ്യമായ മെഷീനറിയുടെ കാര്യത്തിൽ നാം പരാജയപ്പെട്ടു എന്നാണ്. ആ മെഷീനറിയുടെ കാര്യത്തിൽ പരാജയപ്പെട്ടത് നമ്മുടെ നിയമത്തിന്റെ കാര്യത്തിലുമുണ്ട്. 1959-ൽ പാസ്സാക്കിയ നിയമംതൊട്ട് ഉണ്ടായിട്ടുള്ള നിയമങ്ങളിലെ സകല വ്യവസ്ഥകളേയും മറികടക്കാൻവേണ്ടിയുള്ള സൗകര്യം ഇവിടെ ഉണ്ടായിട്ടുണ്ട്. ഏതു ലാൻഡ് ട്രൈബ്യൂണൽ എത്ര നീതിയിൽ സംഘടിപ്പിച്ചാലും ശരി ഇന്നത്തെ സാമൂഹ്യബോധത്തിന്റെ അടിസ്ഥാനത്തിലുള്ള മെഷിനറി അല്ല ഇവിടെയുള്ളത്. ഇതു പണ്ഡിറ്റ് നെഹ്രുതന്നെ പറഞ്ഞിട്ടുള്ളതാണ്. എന്തെല്ലാം നല്ല സാമൂഹ്യനിയമങ്ങൾ നാം ഉണ്ടാക്കിയാലും ശരി ആ സാമൂഹ്യനിയമങ്ങളുമായി പൊരുത്തപ്പെട്ടുവരാൻ വളരെ പതുക്കെ പതുക്കെ മാത്രമേ കഴിയുകയുള്ളു എന്ന നിലയിലുള്ള ഒരു മെഷിനറിയാണ് നിർഭാഗ്യവശാൽ നമ്മുടെ കൈവശമുള്ളത്. ഞാൻ വിചാരിച്ചാലും മറ്റാരു വിചാരിച്ചാലും ആ മെഷിനറിക്കു നമ്മുടെ ബോധത്തിനനുസരിച്ചു മാറ്റമുണ്ടാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് അതു നടപ്പിലാക്കണമെങ്കിൽ കൃഷിക്കാരുടെ സംഘടനയേയും അവരുടെ സമരങ്ങളേയും മുഖ്യമായി ആശ്രയിക്കുന്ന ഒരു ബോധം നാട്ടിലുണ്ടാകണം. അങ്ങനെയുള്ള ഒരു ഗവൺമെൻറിനും പ്രസ്ഥാനത്തിനും മാത്രമേ കാർഷികനിയമങ്ങൾ പ്രായോഗികമാക്കാൻ സാധിക്കുകയുള്ളു എന്നു പ്രധാനമന്ത്രിയായിരിക്കുന്ന കാലത്തു തന്നെ പണ്ഡിറ്റ് ജവഹർലാൽ നെഹ്രു പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ പ്ലാനിങ്ങ് കമ്മീഷനും അതേ തരത്തിലുള്ള നിഗമനത്തിലാണ് എത്തുന്നത്. അങ്ങനെയുള്ള ബോധത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു കൊണ്ടുവന്നിരിക്കുന്ന ഒരു നിയമം കൃഷിക്കാരുടെ സമരങ്ങളുടേയും അതിന്റെ ഭാഗമായി നേടിയ നേട്ടങ്ങളുടേയും അടിസ്ഥാനത്തിലാണ് ഞാൻ ഈ നിയമനിർമ്മാണത്തെ പരിശോധിക്കുന്നത്. അങ്ങനെയാണോ അപ്പുറത്തുള്ളവർ പരിശോധിക്കുന്നത്? അല്ല. മിച്ചഭൂമി കിട്ടേണ്ടവർക്കു മിച്ചഭൂമി ഉണ്ടാക്കിക്കൊടുക്കുന്നതിനു പകരം ആ മിച്ചഭൂമി കൈവശപ്പെടുത്തിയ ആളുകളെപ്പറ്റിയാണ് നിങ്ങളുടെ കണ്ണീരും വേദനയും. അവരുടെ ബുദ്ധിമുട്ടുകളെപ്പറ്റിയാണ് നിങ്ങളുടെ പരിദേവനം. നേരെമറിച്ച് അവരേക്കാൾ കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന യഥാർത്ഥത്തിൽ കിട്ടേണ്ടവരുടേത് തട്ടിയെടുത്ത ആളുകൾ എന്ന നിലയിൽ അവരെ കാണാനുള്ള ഒരു മനോഭാവം അപ്പുറത്തില്ല. കാർഷികനിയമം 1959-ൽ കൊണ്ടുവന്ന കാലത്ത് ആർക്കുവേണ്ടി ചിലർ വാദിച്ചിരുന്നോ ആ പിന്തിരിപ്പൻ വിഭാഗങ്ങൾക്കുവേണ്ടി ആ നിക്ഷിപ്തതാൽപര്യങ്ങൾക്കുവേണ്ടിയുള്ള വാദം അതേ വാദം തന്നെയാണ് ഇപ്പോഴും ഇവിടെ കേൾക്കുന്നതെന്നു ഞാൻ ആദ്യം സംസാരിച്ചപ്പോൾ പറഞ്ഞു. ഇതിനെല്ലാറ്റിനും പുറമെ പ്രസക്തമായൊരു ചോദ്യം ഇന്നലെ ശ്രീ. ബേബി ജോൺ സംസാരിച്ചപ്പോൾ ഉന്നയിച്ചു. ഇതിനു മുമ്പിലത്തെ നിയമസഭയിൽ എത്രകണ്ടു മിച്ചഭൂമിയുണ്ടാകുമെന്നു ചോദിച്ചപ്പോൾ പതിനായിരം ഏക്കർ എന്നു അദ്ദേഹം പറഞ്ഞു. ഈ പതിനിയിരം ഏക്കർ ഭൂമി പതിനായിരം പേർക്കു കിട്ടേണ്ട മിച്ചഭൂമിയാണ്. ഈ മിച്ചഭൂമിയാണ് കൈമാറ്റം ചെയ്തിട്ടുള്ളതെന്നു സമ്മതിച്ചല്ലോ. എന്നാൽ എത്ര പേർക്കാണ് ഈ നിയമം പാസ്സാകാതെവന്നാൽ ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ 1-1-1970 മുതൽ 1-11-1974 വരെയുള്ള കൈമാറ്റങ്ങൾ അസാധുവാക്കിക്കൊണ്ടുള്ള ആ തീരുമാനം നടപ്പിലാക്കിയാൽ നഷ്ടം ഉണ്ടാകുന്ന നിലയിൽ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരിക? അതിവിടെ പറഞ്ഞിട്ടേയില്ല. എത്ര കുടുംബങ്ങളുണ്ടെന്നു ഇനിയും പറയാൻ കഴിയുന്നില്ല. ഈ കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി എന്താണ്? നിങ്ങളെല്ലാം പറയുന്നതുപോലെ ബുദ്ധിമുട്ട് അനുഭവിക്കേണ്ട കുടുംബങ്ങൾ എത്രയു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകും? അവരിൽനിന്നുള്ള ഭൂമിയെത്ര? ആ ഭൂമി എടുത്ത ആളുകളുടെ കൈയിൽ എത്ര ഭൂമിയുണ്ടായിരുന്നു? ഇവിടെ സഖാവ് പി. വി. സൂചിപ്പിച്ചതുപോലെ അവരുടെ ജീവിതനിലവാരം എന്താണ്? ഈ ഭൂമി തിരിച്ചു കൊടുത്തില്ലെങ്കിൽ ജീവിക്കുവാൻ സാദ്ധ്യമല്ലാത്ത സ്ഥിതിയാണോ അവർക്കുള്ളത്? ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പരിശോധനയുമില്ല. ഗവൺമെൻറ് ഒരു നിയമം കൊണ്ടുവരുമ്പോൾ അതിൻെറ അടിസ്ഥാനമായി ഇത്തരം ചില പരിശോധനകളുണ്ടാകണം. മിച്ചഭൂമി കൂടുതൽ കിട്ടുന്നതിനുവേണ്ടിയുള്ള നിയമം കൊണ്ടുവന്ന സമയത്ത് 1957–58 കാലത്തുതന്നെ നാലര ലക്ഷത്തിൽപരം ഏക്കർ ഭൂമി ഉണ്ടാകുമെന്നു അന്നു നിയമം അവതരിപ്പിച്ച റവന്യൂ മന്ത്രി അന്നു കിട്ടിയ അധികൃതവിവരം വെച്ചുകൊണ്ട് നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. സർ, എത്ര ഭൂമി ഏറ്റെടുത്തുകൊടുക്കാൻ നമുക്കിവിടെ കഴിഞ്ഞു? കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഒരു കണക്കു വന്നു. ഭൂമി എവിടെ പോയി? മറ്റു തരത്തിലൊന്നും പോയിട്ടില്ല. ശ്രീമാൻ ദേവസ്സിക്കുട്ടി പറഞ്ഞ പരശുരാമൻ വന്നു കടലിലൊന്നും കൊണ്ടുപോയിട്ടില്ല. തിരിമറി നടത്തി ഭൂമി കിട്ടേണ്ടവർക്ക് കിട്ടാതാക്കി എന്നുള്ളതു നമ്മളെല്ലാം അംഗീകരിക്കുന്ന വസ്തുതയാണ്. ആ വസ്തുത ഒന്നുകൂടി രൂക്ഷതരമാക്കാൻ വേണ്ടി പാവപ്പെട്ടവർക്കു കിട്ടേണ്ട ഭൂമി, കൈവശം വന്ന ഭൂമിയാണ്, ഈ വിധിയനുസരിച്ചു കൈവശം വന്ന ഭൂമിയാണ്. ആ ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ട്. നമ്പൂതിരിപ്പാടിൻെറ ജഡ്ജ്മെൻറ് വായിച്ചുനോക്കിയാലറിയാം, എട്ടുപത്ത് ഏക്കർ ഭൂമി മക്കൾക്കു മാറ്റംചെയ്തത് ഒന്ന്. അങ്ങനെ പലതും എടുത്തിട്ടാണ് അനധികൃത കൈമാറ്റമാണ് അത്, ആ കൈമാറ്റം നിലനിൽക്കുകയില്ല, ആ കൈമാറ്റഭൂമി തിരിച്ചുകൊടുക്കണം, ഗവൺമെൻറിലേക്കു കൊടുക്കണം എന്നു പറഞ്ഞത്. അതേതരത്തിലുള്ള ഭൂമി വളരെയധികം ഉണ്ടെന്നാണോ പറയുന്നത്? എത്ര കുടുംബങ്ങൾ. കുടുംബത്തിൻെറ കൈവശഭൂമി എത്ര? അതു കിട്ടിയിട്ടുള്ള ആളുകൾക്ക് തിരിച്ചെടുത്തുകൊടുത്തില്ലെങ്കിൽ ജീവിക്കാൻ പറ്റാത്ത പരിതഃസ്ഥിതിയാണോ? ഇങ്ങനെയുള്ള കാര്യങ്ങൾ പരിശോധിക്കാൻ യാതൊരു വിവരവും ഗവൺമെൻറിൻെറ കൈവശമില്ല. പത്തു കുടുംബങ്ങളെ നിങ്ങൾക്ക് ഒന്നു പറയാമോ? ഞങ്ങൾ ഒന്നു പരിശോധിക്കട്ടെ. ഞങ്ങൾ പലരോടും ചോദിച്ചു. ഒരാൾ എന്നോട് ഒരു കുടുംബം—ശ്രീ. ജേക്കബ് പറഞ്ഞതുപോലെയാണോ എന്നറിഞ്ഞുകൂട—കോട്ടയത്തുവെച്ച് ഒരാൾ സംസാരിച്ചു. ഒരു കുടുംബം കോട്ടയം ജില്ലയിൽ ചൂണ്ടിക്കാണിച്ചുതരിക. പറയാനില്ല. അപ്പോൾ ഇത് അനധികൃതമായി ഭൂമി തട്ടിയെടുക്കാൻവേണ്ടി തന്നെയാണ്. ഇങ്ങനെ ഏതെങ്കിലും കുടുംബത്തിൻെറ കാര്യം ഞങ്ങൾ ചോദിക്കുമ്പോൾ ഞങ്ങളെ നിഷ്ഠൂരൻമാരായി കാണരുത്. അതിനെപ്പറ്റി ഞങ്ങളുടെ പ്രവർത്തകൻമാരോട് ഒന്നു സംസാരിച്ചതിൻെറ പേരിൽ ഞങ്ങൾ രഹസ്യകരാറുണ്ടാക്കി പറ്റിക്കുന്ന ആളുകളാണെന്നു പറയുന്നുണ്ട്. സർ, ഏതെങ്കിലും കുടുംബത്തിനു അങ്ങനെ ജീവിക്കാൻ വയ്യാത്ത സ്ഥിതി വന്നിട്ടുണ്ടെങ്കിൽ നമുക്ക് അതു പരിശോധിക്കാം. ഇതിനേക്കാളും വലിയ ഒരു രാഷ്ട്രീയലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ചർച്ചാവേളയിൽ പരസ്യമായി ഞങ്ങൾ സംസാരിച്ച കാര്യമാണ്. ഇപ്പോൾ എതിർക്കുന്നതു മാത്രമല്ല സർ. കാർഷികപരിഷ്കാരനിയമം അന്നു കൊണ്ടുവന്ന സമയത്ത് ശ്രീ. ഇ. പി. പറഞ്ഞതുപോലെ പാട്ടം കിട്ടി ജീവിച്ചിരുന്നവർ, കാലാകാലമായി പാട്ടവ്യവസ്ഥയെ ആശ്രയിച്ചു അലസജീവിതം നയിച്ചിരുന്നവർ അതിൻെറ ഫലമായി ജീവിക്കാൻ നിവൃത്തിയില്ലാത്ത പരിതഃസ്ഥിതി ഉണ്ടാകാൻ ഇടയുണ്ടെന്നു ആക്ഷേപം വന്നപ്പോൾ അങ്ങനെ ഏതെങ്കിലും പാട്ടം കിട്ടുന്ന ആൾ ഈ പാട്ടവ്യവസ്ഥ അവസാനിക്കുന്ന അവസരത്തിൽ ജീവിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റാത്ത സാഹചര്യത്തിൽ ആയിപ്പോയിട്ടുണ്ടെങ്കിൽ പുനരധിവാസ ഫണ്ട് ഉണ്ടാക്കി അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ആ ബില്ലിനകത്തുതന്നെ ഉൾപ്പെടുത്തി. അതു കടലാസിൽ കിടക്കാതെ അവരടക്കമുള്ള ഈ രാജ്യത്തെ സകലർക്കും ജീവിക്കാനുള്ള സൗകര്യമുണ്ടാകണം. അതാണ് കാർഷികനിയമത്തിന്റെ അടിസ്ഥാനം.

സർ, കാർഷികനിയമം ഭൂപരിഷ്കാരനിയമം മാത്രമല്ല. അത് വ്യവസായവൽക്കരണത്തിനു അടിസ്ഥാനമിടുന്നതിനുള്ള നിയമം തന്നെയാണ്. തൊഴിലില്ലായ്മയിൽ പെട്ടുകിടക്കുന്ന കുറെ ആളുകൾക്ക് വ്യവസായം തുടങ്ങി പണിയുണ്ടാക്കിക്കൊടുക്കുന്നതോടൊപ്പംതന്നെ ഒരേക്കർ രണ്ടേക്കർ ഭൂമി കൊടുത്താൽ അവർക്കു ജീവിക്കാൻ സാധിക്കും. അവരുടെ അദ്ധ്വാന ശക്തി മണ്ണുമായി ഇഴുകിച്ചേർന്ന് ഉൽപാദനം വർദ്ധിപ്പിച്ച് വ്യവസായവൽക്കരണത്തിനുള്ള അടിത്തറയുണ്ടാകും. ചുരുങ്ങിയ നിലക്ക് ഉൽപാദനം കിട്ടുമെന്നനിലയ്ക്ക് നമ്മുടെ രാജ്യത്ത് വ്യവസായം വളർത്തിക്കൊണ്ടുവരാൻ കഴിയും. അങ്ങനെ കുറെപ്പേർക്കുകൂടി പണി ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കാത്തനിലയിൽ, തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കാത്തവിധത്തിൽ കുറെ ഭൂമി കിട്ടുക എന്നുള്ളതാണ് അടിസ്ഥാനം. ആ നിയമത്തെയാണ് ഇത്രയും വർഷങ്ങൾക്കുശേഷം ഈ നിയമംമൂലം നാം തകർക്കുന്നത്. ചെറിയൊരു രാഷ്ട്രീയ പ്രശ്നത്തിന്റെ പേരും പറഞ്ഞ് ഇത്തരം നിയമങ്ങളുടെ അടിസ്ഥാനശില ഇളക്കിക്കളയുന്ന ഏർപ്പാടിലേക്ക് പോകുന്നതു ശരിയല്ല. അതുകൊണ്ടാണ് ഇത് ഗൗരവതരമായ പ്രശ്നമായി കാണുന്നത്. പുതിയൊരു രാഷ്ട്രീയ കൂട്ടുകെട്ടിനുവേണ്ടി ന്യൂനപക്ഷ താൽപ്പര്യത്തിന്റെ ആവരണം ഇട്ടു എന്നുമാത്രമേ ഉള്ളൂ, ന്യൂനപക്ഷ താൽപ്പര്യത്തിന്റെ അല്ല പ്രശ്നം. കാർഷിക നിയമത്തെ തൊട്ടാൽ എന്നും കേരളത്തിൽ ഇളകുന്ന പിൻതിരിപ്പൻമാരുടെ മുമ്പിൽ നിങ്ങൾ മുട്ടുമടക്കി. ഇതുമാത്രമല്ല ഇതിനേക്കാൾ വലിയ താൽപ്പര്യം സംരക്ഷിക്കാൻ അവർക്കു സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിലേക്ക് നിങ്ങൾ പോയി. അതാണ് നിങ്ങളുടെ രാഷ്ട്രീയ മോക്ഷത്തിനുവേണ്ടി ഈ ബില്ലിനേയും, പാവപ്പെട്ടവർക്ക് കിട്ടേണ്ട ഭൂമിയേയും നിങ്ങൾ പ്രയോജനപ്പെടുത്തിയെന്നു ഞാൻ പറയുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ എത്ര കുടുംബങ്ങൾക്ക് വിഷമതയുണ്ടാകുന്നു, ആ കുടുംബങ്ങൾ അനുഭവിക്കേണ്ടിവരുന്ന വിഷമതയുടെ സ്വഭാവം എന്ത്, അതു പരിഹരിക്കുന്നതിന് എടുക്കാവുന്ന മറ്റു നടപടികൾ എന്ത്, അത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് എന്താണ് വഴി ഇതു വ്യക്തമാക്കണം. ശ്രീമതി ഗൗരിയമ്മയാണ് ഇഷ്ടദാനം ഉൾപ്പെടുത്തിയതെന്ന തർക്കത്തിലേക്ക് നമ്മൾ പോകേണ്ട കാര്യമില്ല. ആ തർക്കത്തിന് തീയതി നിശ്ചയിച്ചുകൊണ്ട് 1–1–1970-നു ശേഷം—1–1–1970-എന്ന് ഈ ഗവൺമെന്റാണ് നിശ്ചയിച്ചത്, തുടർച്ച ഗവൺമെന്റിന്റെ കാര്യമാണ് ഞാൻ പറയുന്നത്—അന്നത്തെ ആ നിയമം നടപ്പിൽ വന്നാൽ നോട്ടിഫൈ ചെയ്യുന്ന തീയതിക്കുമേൽ മിച്ചഭൂമി കൈമാറ്റം ചെയ്യാൻ ആർക്കും അധികാരമില്ല; ഗവൺമെന്റിൽ നിക്ഷിപ്തമാകും എന്നാണ് വ്യവസ്ഥ. 1–1–1970-ൽ നിയമം നടപ്പിൽവന്നു എന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ പിന്നീട് ഇഷ്ടദാനത്തിന്റെ പേരുപറഞ്ഞ് ഭൂമി കൈമാറ്റം ചെയ്യാൻ അധികാരമില്ല. അതാണ് കോടതി വിധി. അതാണ് വാസ്തവത്തിൽ ഇവിടെ മുമ്പുപറഞ്ഞ ഈ നിയമത്തിന്റെ ഇൻറൻഷൻ. പാവപ്പെട്ടവർക്ക് ഭൂമി കിട്ടണം. അതുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ആളുകളുണ്ടെങ്കിൽ ശ്രീ. ഇ. പി. പറഞ്ഞതുപോലെ പാട്ടവ്യവസ്ഥ അവസാനിച്ചതോടുകൂടി ബുദ്ധിമുട്ടനുഭവിക്കുന്ന വളരെപേർ ഇല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

അവരെ പുനരധിവസിപ്പിക്കാൻ ഏർപ്പാടുണ്ടാക്കിയതുപോലെ ഇവരുടെ കാര്യവും ആലോചിക്കാം. പക്ഷെ, അതിന് കണക്കും കാര്യങ്ങളും പറയണം. അതൊന്നും കൂടാതെ കൊണ്ടുവന്നാൽ അംഗീകരിക്കാൻ യാതൊരു കാരണവശാലും പറ്റുകയില്ല. ജൻമിത്തം അവസാനിപ്പിച്ച രാജ്യത്ത് ജൻമിത്വം തിരിച്ചുകൊണ്ടുവന്ന് പൂ ഇട്ടു പൂജിക്കുന്ന ഒരു നിയമമാണ് ഇത്. അതുകൊണ്ട് പുരോഗമനമെല്ലാം പറയുന്ന ശ്രീമാൻ ആൻറണിയുമെല്ലാം ഇതിനെ അനുകൂലിച്ചുപോകരുതെന്നു ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. ഈ വകുപ്പിൻെറ ഗൗരവം ഈ അവസാന സമയത്തെങ്കിലും മനസ്സിലാക്കണം. മഹാഭാരതത്തിൽ പാണ്ഡവൻമാക്കുവേണ്ടി പറഞ്ഞതുപോലെ രാജ്യം ചോദിച്ചു, രാജ്യമില്ല. പകുതി രാജ്യം ചോദിച്ചു, പകുതി രാജ്യമില്ല. പറമ്പു ചോദിച്ചു, പറമ്പില്ല. അവസാനം സൂചികുത്തുന്നതിനുപോലും സ്ഥലം തരികയില്ലെന്നു പറഞ്ഞു. ആ രൂപത്തിൽ ഈ കാര്യങ്ങൾ അവസാനിക്കാതിരിക്കണം. അതുകൊണ്ടാണ് ഇതു പിൻവലിക്കാൻ ആവശ്യപ്പെടുന്നത്; ഈ വകുപ്പ് മാറ്റണമെന്ന് ആവശ്യപ്പെടുന്നത്.

ശ്രീ. ടി. എം. ജേക്കബ്: സർ, ക്ലാസ് 11-ന് ആവശ്യത്തിലേറെ ചർച്ച ആയതുകൊണ്ട് ചർച്ചയുടെ ഈ സ്റ്റേജിൽ ഞാൻ ക്ലോഷർ മോഷൻ അവതരിപ്പിക്കുകയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ക്ലോഷർ എന്നു പറഞ്ഞ് ഒരു സാധനം കയ്യിലുണ്ടെങ്കിൽ അത് ഈ മാതിരിയാണോ പ്രയോഗിക്കുക.

ശ്രീ. പി. കെ. വാസുദേവൻ നായർ: എന്നുമാത്രമല്ല, ഇന്ന് ഉച്ചയ്ക്കു ശേഷം ഇരിക്കാനുള്ള തീരുമാനത്തിൽ നിന്ന് ഞങ്ങൾ മനസിലാക്കിയത്—ഞങ്ങൾ അതിനെതിരായിരുന്നെങ്കിലും—സാമാന്യം അംഗങ്ങൾക്ക് ഈ ഭേദഗതിയെപ്പറ്റി സംസാരിക്കാൻ സമയം കിട്ടണമെന്നുകൂടിയാണ്. അപ്പുറത്ത് എന്താണ് ഇത്ര ധൃതി എന്നു മനസിലാകുന്നില്ല.

ശ്രീ. കെ. എം. മാണി: സർ, ഇന്ന് ഉച്ചകഴിഞ്ഞ് കൂടി ഇരിക്കാൻ ഈ സഭ തീരുമാനിച്ചത് ഇന്ന് ഈ നിയമം പാസാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ്. ഈ കാര്യത്തിൽ ഓരോ വകുപ്പിനെ സംബന്ധിച്ചു നടത്തുന്ന സുദീർഘമായ പൊതുചർച്ച ഒഴിവാക്കുകയാണ് ഉത്തമമായിട്ടുള്ളത്. എൻെറ സ്നേഹിതൻ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം വളരെ വിശദീകരിച്ചുള്ള, സഫിഷ്യൻറായിട്ടുള്ള ചർച്ച നടന്നിട്ടുള്ള സ്ഥിതിക്ക് ഈ വകുപ്പിൻെറ ചർച്ച ക്ലോസ് ചെയ്യേണ്ടതാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ വകുപ്പിനാണ് ആകെ ഒരു ചർച്ച. ഈ വകുപ്പിനു ചർച്ച ഇല്ലെങ്കിൽ പിന്നെ ചർച്ച തന്നെയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞങ്ങൾ പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയേണ്ടത് ഇപ്പോഴാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ക്ലോഷർ മോഷൻ മൂവുചെയ്തിരിക്കുകയാണ്. അതുസംബന്ധിച്ച് സഭയുടെ അഭിപ്രായം അങ്ങ് ആരായണമെന്ന് അഭിപ്രായപ്പെടുകയാണ്.

ശ്രീ. പി. കെ. വാസുദേവൻ നായർ: ഞങ്ങൾ ആരംഭംമുതൽ കാണുന്നുണ്ട്. ഇങ്ങനെ ആകണമെങ്കിൽ ആകാം. ഇതിനെ ഇപ്പോൾ ആർക്കു

LIBRARY ARCHIVES Kerala Legislative Assembly

തടയാൻ കഴിയും. തടയാൻ ആർക്കും കഴിയുകയില്ല. ക്ലോഷർ മൂവുചെയ്തു പോയി. ഇത് ഇപ്പോൾ പാസ്സായില്ലെങ്കിൽ ആകാശം ഇടിഞ്ഞു വീഴുകയില്ലല്ലോ. സർ, സ്റ്റീം റോളർ എന്ന വാക്ക് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നില്ലാ എങ്കിലും അങ്ങനെയാണെങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ. ഭേദഗതി അവതരിപ്പിച്ച മെമ്പറൻമാർക്കെങ്കിലും ചർച്ചയിൽ പങ്കെടുക്കാൻ അവസരം കൊടുക്കുകയാണ് ഉത്തമം.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: അമൻറുമെൻറിനെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ ക്ലോഷർ മോഷന് വകുപ്പില്ല സർ.

ശ്രീ. ടി. എം. ജേക്കബ്. ചട്ടപ്രകാരം ഏതു സ്റ്റേജിലും ക്ലോഷർ മോഷൻ അവതരിപ്പിക്കാം.

The motion was put and carried.

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട സ്പീക്കർക്കും മുഖ്യമന്ത്രിക്കും ആവശ്യമുള്ള ഒരു സംഗതിയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ഒരു കാര്യം ചെയ്യാം, ക്ലോഷർ പാസ്സാക്കിയാൽമതി, ബില്ലൊന്നും പാസ്സാക്കേണ്ട. ചിലതൊക്കെ ക്ലോസാകുമെന്നാണെന്റെ അഭിപ്രായം. ക്ലോസാകണം. എന്തു മര്യാദയാണ്? എന്നാലിനി ബാക്കിയുള്ള വകുപ്പുകൾ വരട്ടെ. അപ്പോ നോക്കാം. എന്തും കാണിക്കാമെന്നാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞങ്ങൾക്ക് ഈ ചർച്ചയിൽ പങ്കെടുക്കാനുള്ള സന്ദർഭം തരേണ്ടതാണ്. ഭരണകക്ഷിക്കാർ അങ്ങനെ പറയും. പക്ഷേ ഞങ്ങൾക്കവസരം തരേണ്ടത് അങ്ങാണ്. ഞങ്ങൾക്ക് ഈ വകുപ്പിനെപ്പറ്റിയല്ലാതെ വേറൊരു വകുപ്പിനെപ്പറ്റിയും ഇത്ര പ്രധാനമായി സംസാരിക്കാനില്ല.

ശ്രീ. കെ. എം. മാണി:' ഭരണകക്ഷിയിൽപ്പെട്ട യാതൊരാളും ഉച്ചയ്ക്കു ശേഷം സംസാരിക്കാതെയാണ് പ്രതിപക്ഷത്തിനവസരം കൊടുത്തത്.

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

ശ്രീ. ടി. എം. ജേക്കബ്: സർ, മനഃപൂർവ്വം താമസിപ്പിക്കുന്നു എന്നു തോന്നിയതുകൊണ്ടാണ് ക്ലോഷർ മൂവുചെയ്തത്.

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഈ സഭയിലെ അംഗങ്ങൾ ചർച്ചയിൽ പങ്കെടുക്കുന്നത് മനഃപൂർവ്വം താമസിപ്പിക്കാനാണെന്നുള്ള മോട്ടീവ് ആരോപിച്ചുകൊണ്ട് സഭയിലെ അംഗങ്ങളെ അപമാനിക്കരുത്. ഞങ്ങൾ എത്ര മനഃപൂർവം വിചാരിച്ചാലും നിങ്ങളുടെ ഭാഗത്ത് കൈപൊക്കാനാളുള്ള കാലത്തോളം ഞങ്ങളുടെ മനഃപൂർവ്വം നടക്കുകയില്ലെന്നറിയാമല്ലോ.

(സഭയിൽ ബഹളം)

The amendment moved by Sri K. A. Mathew was, by leave, withdrawn.

The question that clause 11 stands part of the Bill was put and carried.

Sri M. K. Krishnan: Sir, I demand a poll.

LIBRARY ARCHIVES Kerala Legislative Assembly

A poll was taken, when the house divided as follows:

AYES—72

1. Shri M. P. M. Abdulla Kurikkal
2. Dr. K. G. Adiyodi
3. Shri E. Ahamed
4. Shri Korambayil Ahammed Haji
5. Shri A. K. Antony
6. Shri Aryadan Muhamed
7. Shri K. Avukaderkutty Naha
8. Shri K. K. Balakrishnan
9. Shri N. K. Balakrishnan
10. Shri Thennala Balakrishna Pillai
11. Shri P. Balan
12. Shri U. A. Beeran
13. Shri N. Bhaskaran Nair
14. Shri K. J. Chacko
15. Shri Cyriac John
16. Shri Damodaran Kalasserry
17. Shri N. I. Devassykutty
18. Shri V. Eacharan
19. Shri Eappen Kandakudy
20. Shri Eapen Varghese
21. Shri P. R. Francis
22. Shri M. P. Gangadharan
23. Dr. George Mathew
24. Shri C. P. Govindan Nambiar
25. Shri M. K. Hemachandran
26. Shri A. L. Jacob
27. Shri T. M. Jacob
28. Shri T. S. John
29. Dr. K. C. Joseph
30. Shri P. C. Joseph
31. Shri P. J. Joseph
32. Shri V. J. Joseph
33. Shri K. Karunakaran
34. Shri Kittappa Narayanaswamy
35. Shri Panarath Kunhimohammed

LIBRARY ARCHIVES Kerala Legislative Assembly

36. Shri P. T. Kunhutty Haji
37. Shri Thundathil Kunjukrishna Pillai
38. Shri K. V. Kurian
39. Shri Lonappan Nambadan
40. Shri O. Lukose
41. Shri G. P. Mangalathu Madom
42. Shri K. M. Mani
43. Shri M. V. Mani
44. Shri K. A. Mathew
45. Shri N. P. Moideen
46. Shri C. H. Mohammed Koya
47. Shri T. H. Mustafa
48. Shri K. Narayana Kurup
49. Shri K. S. Narayanan Namboodiri
50. Shri K. P. Nuruddin
51. Shri Oommen Chandy
52. Shri M. K. Raghavan
53. Shri K. Raghavan Master
54. Shri A. A. Rahim
55. Shri M. V. Rajan
56. Shri Vattiyoorkavu Ravi
57. Shri K. Sankaranarayanan
58. Shri V. T. Sebastian
59. Shri P. Seethi Hajee
60. Shri B. V. Seethi Thangal
61. Shri Sidhardhan Kuttungal
62. Shri K. Sukumaranunni
63. Shri C. M. Sundaram
64. Shri R. Sundaresan Nair
65. Shri K. K .S. Thangal
66. Shri S. Thankappan Pillai
67. Shri P. J. Thomas
68. Shri Thomas Joseph
69. Shri S. Varadarajan Nair
70. Shri K. P. Viswanathan
71. Shri Xavier Arakkal
72. Shri Stephen Padua

LIBRARY ARCHIVES Kerala Legislative Assembly

NOES—43

1. Shri T. K. Abdu
2. Shri K. Anirudhan
3. Shri R. Balakrishna Pillai
4. Smt. Bhargavi Thankappan
5. Shri N. Chandrasekhara Kurup
6. Shri Chatayan Govindan
7. Shri P. K. Chathan Master
8. Shri E. P. Gopalan
9. Shri P. Karunakaran
10. Shri E. K. Pillai
11. Shri M. K. Kesavan
12. Shri M. K. Krishnan
13. Shri K. K. Kumara Pillai
14. Shri K. T. Kumaran
15. Shri Kandalottu Kunhambu
16. Shri P. V. Kunhikannan
17. Shri A. P. Kurian
18. Shri C. A. Kurian
19. Shri T. A. Majid
20. Shri Kallada Narayanan
21. Shri K. Pankajakshan
22. Shri T. A. Paraman
23. Shri K. P. Prabhakaran
24. Shri M. V. Raghavan
25. Shri M V. Rajagopalan
26. Shri V. K. Rajan
27. Shri Kaniyapuram Ramachandran
28. Shri T. K. Ramakrishnan
29. Shri M. Ramappa
30. Shri M. Sathyanesan
31. Shri B. M. Sheriff
32. Shri P. R. Sivan
33. Shri P. K. Sreenivasan
34. Shri P. S. Sreenivasan
35. Shri N. Subramonia Shenoy

LIBRARY ARCHIVES Kerala Legislative Assembly

36. Shri A. V. Thamarakshan
37. Shri Thyagarajan
38. Shri R. S. Unni
39. Shri K. C. Vamadevan
40. Shri C. Vasudeva Menon
41. Shri P. K. Vasudevan Nair
42. Shri Pinarayi Vijayan
43. Shri A. N. Yusuf

Neutrals—Nil

Mr. Speaker. For the Clause: 72

Against the Clause: 43

Neutrals: Nil

Clause 11 was declared passed.

Clause 11 was added to the Bill.

(Shri T. M. Jacob in the Chair)

Clause 12

ശ്രീ. എം. കെ. കൃഷ്ണൻ: സർ, ഞാൻ ഈ ക്ലാസിനെ എതിർക്കുകയാണ്. ഇതിൽ 84-ാം വകുപ്പിന് മൂന്നു സബ്സെക്ഷൻ പുതുതായി കൊണ്ടുവരികയാണ്. ഇപ്പോൾ പാസാക്കിയ ഈ 11-ാം ക്ലാസിന് വേണമെങ്കിൽ അതിന്റെ ഫലമായിവന്ന വളരെ ആവശ്യമായി വന്ന ഭേദഗതിയാണ് ഇത് എന്നു വേണമെങ്കിൽ പറയാം. പക്ഷേ സർ, സാധാരണ ആളുകളെ വളരെയേറെ ബുദ്ധിമുട്ടിപ്പിക്കുന്നതാണ് ഈ പുതിയ കൂട്ടിച്ചേർക്കൽ. സർ, ഈ കായലോരപ്രദേശത്ത് സുലഭമായി കിട്ടുന്ന ഒരു സാധനമുണ്ട്. നമ്മുടെ രാജ്യത്തിന് ഏറ്റവും അധികം വിദേശനാണ്യം നേടിത്തരുന്ന ഒന്നാണ് ചെമ്മീൻ. അതിനു സഹജമായ ഒരു സ്വഭാവമുണ്ട്. അതു നമുക്കു വിദേശനാണ്യം നേടിത്തരും. സ്വാദിഷ്ടമാണ്. പക്ഷേ അതിന് സഹജമായ ഒരു സ്വഭാവമുള്ളത്, അതു ചത്താലും കുത്തും. ജീവനുള്ള ചെമ്മീനെ പിടിക്കാൻ പോകുന്ന ആളുകളെ അവൻ കുത്തും. അതിനെ പിടിച്ചു കരയിൽ ഇട്ടാൽ, ചത്തുകഴിഞ്ഞാൽ അതു വാരാൻ ചെല്ലുന്നവരുടെ കയ്യിൽ അതിന്റെ മുള്ളു കയറും. അതു പുഴുങ്ങിയാൽ,—ഇന്നല്ലേ നമ്മുടെ രാജ്യത്ത് ചെമ്മീൻ പുഴുങ്ങാത്തത്—മുമ്പ് ചെമ്മീൻ പരിപ്പിനുവേണ്ടി ചെമ്മീൻ പുഴുങ്ങുമായിരുന്നു. അപ്പോഴും അതിന്റെ സ്വഭാവമെന്താണെന്നു ചോദിച്ചാൽ അപ്പോഴും കുത്തും. ചെമ്മീൻ ഉണക്കി ഉപയോഗിക്കാറുണ്ട്. ഉണക്കിയ ചെമ്മീനായിരുന്നാലും അവൻ കുത്തും. ഇങ്ങനെ ജീവിച്ചിരിക്കുമ്പോൾ ആളുകളെ ഉപദ്രവിക്കും, മരിച്ചു കഴിഞ്ഞാൽ അവൻ ആളുകളെ ഉപദ്രവിക്കും, എല്ലാത്തരത്തിലും ആളുകളെ ഉപദ്രവിക്കുന്ന ചെമ്മീന്റെ സ്വഭാവമാണ് നമ്മുടെ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഈ വകുപ്പ് ഈ 11-ാം വകുപ്പു പാസാക്കിയതിന്റെ ഫലമായി വന്നതാണെന്നു ഞാൻ പറഞ്ഞു. അതായത് മിച്ചഭൂമി ഇല്ലാതാക്കി. അതിന്റെ ഫലമായി അവകാശികൾക്ക്, നേരായി കിട്ടേണ്ട കർഷകത്തൊഴിലാളികൾക്കും ഭൂമി ഇല്ലാത്ത ആളുകൾക്കും ദോഷം ഉണ്ടാക്കി. അതാണ് പതിനൊന്നാം വകുപ്പ്. ആ ദോഷം മാത്രമല്ല, വല്ല ആളുകൾക്കും ഇതിനിടയിൽ അൽപ്പസ്വൽപ്പം ഭൂമി ഇഷ്ടദാനത്തിന്റെ വകുപ്പിൽ പെടുന്നതിൽനിന്ന് കിട്ടിയിട്ടുണ്ടെങ്കിൽ അതു കിട്ടിയിട്ടുള്ള ആ പാവങ്ങളൊക്കെ ഇപ്പോൾ കോടതി കയറണം. ഇതിൽ ഒരു പ്രൊവൈസോ ഉണ്ടെന്നു പറയാം. ആ പ്രൊവൈസോ യാതൊരു ഗുണവും ചെയ്യുകയില്ല. ഭേദഗതി ബില്ലിൽ പറയുന്ന പ്രൊവൈസോ ഇതാണ്. പ്രൊവൈസോ (ബി) in respect of any land which has been assigned on registry under section 96, before the commencement of the Kerala Land Reforms (Amendment) Act, 1979. എന്താണ്? അസൈൻമെന്റ് രജിസ്ട്രേഷൻ കിട്ടിയിട്ടുള്ള ആളുകൾക്കേ ഗുണമുള്ളു. ഈ സംസ്ഥാനത്ത് മിച്ചഭൂമി വിതരണം ചെയ്യപ്പെട്ടിട്ടുള്ള 99 ശതമാനം ആളുകൾക്കും യാതൊരു രേഖയും നാളിതുവരെ കൊടുത്തിട്ടില്ല. രേഖ കൊടുത്തിട്ടില്ലെന്നു മാത്രമല്ല, ആ ഭൂമി ഇതേവരെ സർവെ ചെയ്തിട്ടുമില്ല. അങ്ങനെ യാതൊരു നടപടിയും സ്വീകരിക്കാതെയിരിക്കുന്നതിനാൽ ആ ആളുകൾക്ക് ഈ പ്രൊവൈസോയുടെ സംരക്ഷണവുമില്ല. 96-ാം വകുപ്പുപ്രകാരം ഭൂമി സിദ്ധിച്ചിട്ടുള്ള ആളുകൾക്ക്, അല്ലെങ്കിൽ കൊടുക്കണമെന്നു തീരുമാനിച്ചിട്ടുള്ള ആളുകൾക്ക് പ്രൊവൈസോ ബി യുടെ സംരക്ഷണം ഇല്ല. ആ സംരക്ഷണം ഇല്ലാത്തിടത്തോളം കാലം ഭൂമി തിരിച്ചെടുക്കുന്നതിനുവേണ്ടി 11-ാം വകുപ്പു പ്രകാരം 1970 ജനുവരി ഒന്നാം തീയതിക്കും 1974 നവംബർ മാസം 5-ാം തീയതിക്കും ഇടയിൽ, മക്കൾക്കോ മക്കളുടെ മക്കൾക്കോ ഇഷ്ടദാനം കൊടുത്തിട്ടുണ്ടെങ്കിൽ ഈ നിയമപ്രകാരം തിരിച്ച് അവർക്ക് റസ്റ്റോർ ചെയ്തു കിട്ടണം. കാരണം ഇതു് നേരത്തെതന്നെ ഇഷ്ടദാനം അംഗീകരിക്കാനാണല്ലോ? റസ്റ്റോർ ചെയ്തു കിട്ടണമെങ്കിലോ, ട്രൈബൂണലിൽ പെറ്റീഷൻ കൊടുക്കണം. സർ, പത്തു സെന്റ് ഭൂമി കിട്ടിയ ഈ പാവം ആളുകൾ നിലനിറുത്തിക്കിട്ടുന്നതിനുവേണ്ടി, കോടതിയിൽ പോകുമ്പോൾ അന്ന് അവന് പണിക്ക് പോകാൻ കഴിയുകയില്ല. അവൻ കോടതി കയറിയാലോ, ഭൂമി ഇല്ല, ഭൂമി പോയി. അങ്ങനെ ഭൂമിയും പോയി, പണിക്കു പോകാൻ നിവൃത്തിയുമില്ല: കാശും മുടക്കി കോടതി നിരങ്ങി കഴിഞ്ഞുകൂടുകയും വേണം. ഇതൊക്കെയാണ് ഈ കൂട്ടിച്ചേർക്കൽ മൂലം വന്നുകൂടുക. സർ, പിച്ച ഇല്ലെന്നു പറഞ്ഞാൽ പോരെ? അവനു പിച്ചയും ഇല്ല. വെറുതേ വിളിച്ചുണർത്തി അത്താഴമില്ലെന്നു പറഞ്ഞതുപോലെ ഈ പാവങ്ങളായി ഉള്ള ആളുകളെ മുഴുവൻ ദ്രോഹിക്കുന്നതിനുവേണ്ടിയുള്ള ഭേദഗതി നിർദ്ദേശമാണ് സബ്സെക്ഷൻ 10, 11 സെക്ഷൻ പന്ത്രണ്ട് ഒക്കെ പറയുന്നത്. അതുകൊണ്ടാണ് നേരത്തെ പറഞ്ഞത്. ദ്രോഹിക്കുന്നതിനു നിശ്ചയിച്ചു കഴിഞ്ഞാൽ ചെമ്മീന്റെ സ്വഭാവമാണെന്ന്. ആ സ്വഭാവം വച്ചുകൊണ്ടു നമ്മുടെ സംസ്ഥാനത്തെ പാവങ്ങളായി ഉള്ള ആളുകളെ ദ്രോഹിക്കുന്നതിനുവേണ്ടി മനപ്പൂർവം കൊണ്ടുവരുന്ന ഭേദഗതി നിർദ്ദേശം എന്ന നിലയ്ക്കാണ് ഞാൻ ഇതിനെ എതിർക്കുന്നത്. അതുകൊണ്ടു ഈ ഭേദഗതി ഒരു കാരണവശാലും അംഗീകരിക്കരുത്. ഈ ഭേദഗതിയെ ശക്തിയുക്തം ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5 pm.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, നമ്മുടെ നാട്ടിലെ കുറെ ആളുകൾക്ക് ഭൂമി വിതരണം ചെയ്തെന്ന് ഗവൺമെൻറ് അവകാശപ്പെടുന്നുണ്ട്, അവകാശപ്പെട്ടിട്ടുണ്ട്. എന്നാൽ ആ ഭൂമി കിട്ടിയവന് ആ ഭൂമി അവൻേറതാണെന്ന് തെളിയിക്കാൻ കൃത്യമായ രേഖകൾ ഒന്നും അവതരിപ്പിക്കാനില്ല. ആദ്യത്തെ കുറി തരികയും ഏതാനും കാശുകൾ അതിനുവേണ്ടി അടയ്ക്കുകയും ചെയ്തിട്ടും പട്ടയം കിട്ടാത്ത ഒട്ടനവധി ആളുകൾ ഈ വിതരണം ചെയ്തവരിൽ ഉണ്ടെന്നുള്ള കാര്യം ആരും നിഷേധിക്കുകയില്ല. അങ്ങനെയുള്ള ആളുകൾ എനിക്ക് അര ഏക്കർ ഭൂമി കിട്ടി, എനിക്ക് കാൽ ഏക്കർ ഭൂമി കിട്ടി, എന്നുള്ള വിചാരത്തോടുകൂടി ആ ഭൂമിയിൽ അദ്ധ്വാനിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ആളുകളുടെ ഈ പരിധി നിർണ്ണയത്തിന് അപ്പുറം ഉള്ള ആളുകളുടെ ഇഷ്ടദാനത്തിന് അംഗീകാരം നൽകുന്നതിൻെറ പേരിൽ ആ ഭൂമിയും തട്ടിയെടുക്കാൻ അനുകൂലമായിട്ടുള്ളതാണ് ഈ വകുപ്പ്. ഈ കഴിഞ്ഞ രണ്ട്, മൂന്ന്, നാല് കൊല്ലക്കാലത്തിനിടയ്ക്ക് തങ്ങളുടെ ഭൂമിയിൽ, അത് തങ്ങളുടേതാണെന്ന് മനസ്സിലാക്കിക്കൊണ്ട് വളരെയധികം അദ്ധ്വാനിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ രേഖയായി അവന് അവൻെറ ഭൂമിക്ക് ഒന്നും നൽകാൻ ഇല്ലാത്തതിൻെറ ഫലമായി അവനെ ആ ഭൂമിയിൽനിന്നും മാറ്റി എടുക്കാനും ആ ഭൂമി ഉടമയ്ക്കു തട്ടി എടുക്കാനും അവസരം നൽകുന്നതാണ് ഈ നിയമം. അത് ശരിയായ നടപടിയാണോയെന്ന് നിങ്ങൾ ആലോചിക്കണം. എത്രതന്നെ കരഞ്ഞാലും കാണാൻ കണ്ണില്ലാത്തവൻെറ മുമ്പിലിരുന്ന് കരഞ്ഞിട്ട് കാര്യമില്ല. ഏതായാലും സഖാവ് എം. കെ. കൃഷ്ണൻ പറഞ്ഞതുപോലെ 'ധർമ്മം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും വേണ്ടില്ല, പട്ടിയെ വിട്ട് കടിപ്പിക്കരുത്'. ആ നാണംകെട്ട പണിയിലേക്ക് പോകണമോ ? ധർമ്മം കൊടുക്കാൻ നിങ്ങൾക്ക് കഴിവില്ല. എന്നിട്ടാണ് പട്ടിയെ വിട്ട് കടിപ്പിക്കുന്നത്. ഒരുകൂട്ടം ആളുകളെ രക്ഷിച്ച് എടുക്കാൻ തങ്ങളുടെ ഭൂമി കൊടുക്കാമെന്നു പറഞ്ഞാലും പോരാ, അത് മിച്ചഭൂമി ആണെന്ന് കണക്കാക്കി ആ മിച്ചഭൂമിയിൽനിന്നും ഗവൺമെൻറ് ഏറ്റെടുത്തെന്ന് പറഞ്ഞ് ആ ഭൂമി കുറെ ആളുകൾക്ക് കൊടുക്കാൻ കണക്ക് ഗവൺമെൻറ് പ്രസിദ്ധീകരിച്ചു. അത്തരം ഭൂമിയിലുള്ളവരെ അവർക്ക് രേഖകളില്ലെങ്കിൽ അവരിൽനിന്നും ഭൂമി തട്ടിയെടുക്കാൻ ഉതകുന്ന രീതിയിലുള്ളതല്ലാതെ മറ്റ് ആരെ രക്ഷിക്കാൻ വേണ്ടിയാണ് ഇത് ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. കാരണം ഏകദേശം ഇപ്പോൾ ഈ നിയമവുമായി പോകുന്നത് ഒരു കുതിരയുടെ മട്ടിലാണ്. കുതിരയ്ക്ക് അപ്പുറവും ഇപ്പുറവും കാണാൻ സാധിക്കുകയില്ല. ആ രണ്ട് ഭാഗത്തുമുള്ള ജീനിക്കെത്ത് നിൽക്കുന്ന കണ്ണ് നേരെ മാത്രമേ പോവുകയുള്ളു. ഇത് പാസ്സാക്കണം പാസ്സാക്കണമെന്നുള്ള ഒറ്റ നോട്ടമുള്ള ഒരു കുതിരയാണ് ഇവിടെ ഉള്ളത്. ഈ ഭരണം, ഈ മന്ത്രിസഭ ഈ കുതിരയെ പോലെ ഓടുകയാണ്. ഇടതും വലതും നോക്കാതെ ഓടുകയാണ്. വേദനിക്കുന്നവൻെറ കണ്ണുനീർ കാണാനുള്ള സന്മനസ്സ് ഓടിക്കൊണ്ടിരിക്കുന്ന ഇരുപുറവും കാണാൻ കഴിയാത്ത ആ കുതിരയുടെ ഭരണത്തിൽനിന്നും ഉണ്ടാവുകയില്ല. അവരിൽനിന്നും ഈ രാജ്യത്തെ പാവപ്പെട്ടവർക്ക് മോചനം ഉണ്ടാവുകയില്ലെന്ന് വിശ്വാസം ഉണ്ടെങ്കിലും ഒന്നു തിരിഞ്ഞുനോക്കൂ, ഒന്ന് ഇടതും വലതും നോക്കൂ എന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞാലും കണ്ണു കാണാത്തവരെപ്പോലെ നടിക്കുന്ന അവരോട് ഒന്നും പറഞ്ഞിട്ട് കാര്യമില്ല. അതുകൊണ്ട് ആണ് ഞങ്ങൾ പറയുന്നത് ഈ കുതിരയുടെ ഓട്ടം ഒന്നു നിർത്തു, ഒന്ന് ഇടതും വലതും നോക്കൂ, ഒന്ന് പാവപ്പെട്ടവനെ നോക്കൂ എന്ന്, ഈ കുതിരയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഓട്ടം വളരെ ദൂരെ പോവുകയില്ല. അതിന് മുമ്പ് കാൽ കുഴഞ്ഞു പോകും. അത് ചത്തുപോകും. അതിൽ യാതൊരു സംശയവുമില്ല. ഇതിനെയെല്ലാം വെല്ലുവിളിച്ചുകൊണ്ട് ഞങ്ങളുടെ കൈവശം ഇത്ര ആളുകൾ ഉണ്ട്, ഞങ്ങളുടെ കൈയിൽ ക്ലോഷർ ഉണ്ട്, ഞങ്ങളുടെ കൈയിൽ മന്ത്രി സഭ ഉണ്ട് എന്നുള്ള അഹന്തയുടെ പേരിലാണ് ഇത് കാണിക്കുന്നത്. നിങ്ങൾക്ക് ചെവി കേൾക്കുകയില്ല, കണ്ണ് കാണുകയില്ല; നിങ്ങൾക്ക് സമ ചിത്തത കാണുകയില്ല. നിങ്ങൾ ഇന്ന് കണ്ണു കാണാത്തവരാണ്. നിങ്ങൾ അഹന്തയുടെ പുറപ്പുറത്തിരിക്കുന്നവരാണ്. അവിടെ ഇരുന്നുകൊണ്ട് പാവപ്പെട്ടവരെ കുത്തി വീഴ്ത്തരുത്. അതുകൊണ്ട് നിങ്ങൾ ഈ തെറ്റിൽ നിന്നും പുറകോട്ട് പോകണം. അതിനുവേണ്ടി തെല്ലെങ്കിലും പരിശ്രമി ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. വി. രാഘവൻ: സമയം 5 കഴിഞ്ഞു. എത്ര മണിവരെ ഇരിക്കണമെന്ന് പറയണം.

ചെയർമാൻ: ബില്ലിന്റെ ചർച്ച തീരുന്നതുവരെ.

ശ്രീ. എം. വി. രാഘവൻ: ബില്ലിന്റെ ചർച്ച തീരുന്നതുവരെ എന്നുള്ള രീതി ഉണ്ടോ. ക്ലോഷർ ചെയറിൽ ആയതുകൊണ്ട് ക്ലോഷറും വരികയില്ല. ഇങ്ങനെ ഒരു ലോകത്തും കേട്ടിട്ടില്ല. ഈ നിയമസഭയി ലല്ലാതെ അടിയന്തിരാവസ്ഥ കാലത്ത് ഇന്ദിരാഗാന്ധിപോലും ഇങ്ങനെ പറഞ്ഞിട്ടില്ല.

മി. ചെയർമാൻ: നേരത്തെ ഹൗസിന്റെ സെൻസ് എടുത്തപ്പോൾ....

ശ്രീ. എം. വി. രാഘവൻ: ഹൗസിന്റെ സെൻസ് എന്നു പറഞ്ഞാൽ ബില്ലിന്റെ ചർച്ച തീരുന്നതുവരെയെന്നാണോ ?

മി. ചെയർമാൻ: സഭാനേതാവ് എത്ര സമയം കൂടി ഇരിക്കണമെന്ന് പറയണം.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): ബിൽ പാസ്സാ ക്കുന്നതുവരെ ഇരിക്കണമെന്നാണ്.

ശ്രീ. എം. വി. രാഘവൻ: എത്ര സമയം വേണമെന്ന് പറയണം. അല്ലാതെ 'ആ കൊച്ച് ഇരിക്കുന്നതുവരെ എന്റെ ദേശം ആണെന്ന്' പറ ഞ്ഞാൽ പറ്റുകയില്ല. ടൈം നിശ്ചയിക്കണം.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ശ്രീ. രാഘവൻ ക്ലോഷർ മൂവ് ചെയ്തോ?

ശ്രീ. എം. വി. രാഘവൻ: എത്ര സമയംവരെ ഇരിക്കണമെന്ന് പറയണം. ഇത് കാലിച്ചന്തയും കള്ളുഷാപ്പുമൊന്നുമല്ല. നിയമസഭയാണ്.

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അത് രാഘവൻ മനസ്സിലാക്കി യതിൽ സന്തോഷമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: നിങ്ങൾക്ക് മനസ്സിലാവുകയില്ല. നിങ്ങൾക്ക് ഭാര്യയുടെ ഭൂമി സംരക്ഷിക്കണം. ബഹുമാനപ്പെട്ട സ്പീക്കർക്കും ഭൂമി സംരക്ഷിക്കാൻ ഉണ്ടാകും. അതുകൊണ്ട് അദ്ദേഹം അപ്പുറം പോയി ഇരിക്കുകയാണ്. സമയം നിശ്ചയിക്കാതെ ബിൽ തീരുന്നതുവരെ ഇരിക്കണമെന്ന് അടിയന്തിരാവസ്ഥയിൽ ഇന്ദിരാഗാന്ധി പോലും പറഞ്ഞിട്ടില്ല.

(ബഹളം)

മി. ചെയർമാൻ: സഭാനേതാവിന്റെ അഭിപ്രായം അറിഞ്ഞതിനുശേഷം തീരുമാനിക്കാം. എത്ര സമയം വേണമെന്നു പറഞ്ഞാൽ നമുക്ക് അതിനുള്ളിൽ ബിസിനസ് പരിമിതപ്പെടുത്തിക്കൊണ്ട് തീർക്കാൻ കഴിയും.

ശ്രീ സി. എച്ച്. മുഹമ്മദ് കോയ: അമൻറ്മെൻറ്സ് ഒരു ക്ലാസിനു കൂടിയുണ്ട്. അതുകഴിഞ്ഞാൽ തേർഡ് റീഡിംഗ് ആണ്. അതുകൊണ്ട് ഒരു മണിക്കൂർ കൂടി ഇരിക്കണം.

മി. ചെയർമാൻ: 6.10 വരെ ഇരിക്കണം.

ശ്രീ. എം. വി. രാഘവൻ: ആറുമണിവരെ ഇരിക്കാൻ സാധിക്കുകയില്ല. 5 മണി കഴിഞ്ഞു.

ശ്രീ. ആർ. എസ്. ഉണ്ണി: മോഷൻ ഉണ്ടല്ലോ, അതുവച്ച് തീരുമാനിച്ചാൽ മതി.

Chief Minister **(Shri C. H. Mohammed Koya):** I move a motion that the House should sit for one more hour.

മി. ചെയർമാൻ: സഭ 6.10 വരെ ഇരിക്കുന്നതിനുള്ള മോഷൻ സഭാനേതാവ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നു.

Shri T. K. Ramakrishnan: I oppose the motion.

The motion was put and carried.

Shri T. K. Ramakrishnan: I demand a poll.

A poll was taken when the House divided as follows:

AYES —71

1. Shri M. P. M. Abdulla Kurikkal
2. Dr. K. G. Adiyodi
3. Shri E. Ahamed
4. Shri Korambayil Ahammed Haji
5. Shri A. K. Antony
6. Shri Aryadan Muhamed
7. Shri K. Avukaderkutty Naha
8. Shri K. K. Balakrishnan
9. Shri N. K. Balakrishnan

LIBRARY ARCHIVES Kerala Legislative Assembly

10. Shri Thennala Balakrishna Pillai
11. Shri P. Balan
12. Shri U. A. Beeran
13. Shri N. Bhaskaran Nair
14. Shri K. J. Chacko
15. Shri Cyriac John
16. Shri N. I. Devassykutty
17. Shri V. Eacharan
18. Shri Eappen Kandakudy
19. Shri Eapen Varghese
20. Shri P. R. Francis
21. Shri M. P. Gangadharan
22. Dr. George Mathew
23. Shri C. P. Govindan Nambiar
24. Shri M. K. Hemachandran
25. Shri A. L. Jacob
26. Shri T. S. John
27. Dr. K. C. Joseph
28. Shri P. C. Joseph
29. Shri P. J. Joseph
30. Shri V. J. Joseph
31. Shri K. Karunakaran
32. Shri Kittappa Narayanaswamy
33. Shri Panarath Kunhimohammed
34. Shri P. T. Kunhutty Haji
35. Shri Thundathil Kunjukrishna Pillai
36. Shri K. V. Kurian
37. Shri Lonappan Nambadan
38. Shri O. Lukose
39. Shri G. P. Mangalathu Madom
40. Shri K. M. Mani
41. Shri M. V. Mani
42. Shri K. A. Mathew
43. Shri N. P. Moideen
44. Shri C. H. Mohamed Koya
45. Shri T. H. Mustafa
46. Shri K. Narayana Kurup

2/193—7a

LIBRARY ARCHIVES Kerala Legislative Assembly

47. Shri K. S. Narayanan Namboodiri
48. Shri K. P. Nuruddin
49. Shri Oommen Chandy
50. Shri Vakkom Purushothaman
51. Shri M. K. Raghavan
52. Shri K. Raghavan Master
53. Shri A. A. Rahim
54 Shri M. V. Rajan
55. Shri Vattiyoorkavu Ravi
56. Shri K. Sankaranarayanan
57. Shri V. T. Sebastian
58. Shri P. Seethi Haji
59 Shri B. V. Seethi Thangal
60. Shri Sidhardhan Kattungal
61. Shri K. Sukumaranunni
62. Shri C. M. Sundaram
63. Shri R. Sundaresan Nair
64. Shri K. K. S. Thangal
65. Shri S. Thankappan Pillai
66. Shri P. J. Thomas
67. Shri Thomas Joseph
68 Shri S. Varadarajan Nair
69. Shri K. P. Viswanathan
70. Shri Xavier Arakkal
71. Shri Stephen Paduva

NOES—43

1. Shri T. K. Abdu
2. Shri K. Anirudhan
3. Shri R. Balakrishna Pillai
4. Smt. Bhargavi Thankappan
5. Shri N. Chandrasekhara Kurup
6. Shri Chatayan Govindan
7. Shri P. K. Chathan Master
8. Shri E. P. Gopalan
9. Shri P. Karunakaran
10. Shri E. K. Pillai
11. Shri M. K. Kesavan

LIBRARY ARCHIVES Kerala Legislative Assembly

12. Shri M. K. Krishnan
13. Shri K. K. Kumara Pillai
14. Shri K. T. Kumaran
15. Shri Kandalottu Kunhambu
16. Shri P. V. Kunhikannan
17. Shri A. P. Kurian
18. Shri C. A. Kurian
19. Shri T. A. Majid
20. Shri Kallada Narayanan
21. Shri K. Pankajakshan
22. Shri T. A. Paraman
23. Shri K. P. Prabhakaran
24. Shri M. V. Raghavan
25. Shri M. V. Rajagopalan
26. Shri V. K. Rajan
27. Shri Kaniyapuram Ramachandran
28. Shri Γ. K. Ramakrishnan
29. Shri M. Ramappa
30. Shri M. Sathyanesan
31. Shri B. M. Sheriff
32. Shri P. R. Sivan
33. Shri P. K. Sreenivasan
34. Shri P. S. Sreenivasan
35. Shri N. Subramonia Shenoy
36. Shri A. V. Thamarakshan
37. Shri Thyagarajan
38. Shri R. S. Unni
39. Shri K. C. Vamadevan
40. Shri C. Vasudeva Menon
41. Shri P. K. Vasudevan Nair
42. Shri Pinarayi Vijayan
43. Shri A. N. Yusuf

Neutrals: Nil

Mr. Chairman: For the motion: 71

Against the motion: 43

Neutralas: Nil

The motion was declared carried.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കരുണാകരൻ: സർ, 10,11,12 സബ് സെക്ഷൻസ് ഡിലീറ്റ് ചെയ്യണമെന്നുള്ള ഭേദഗതിയാണ് കൊടുത്തിരുന്നത്. എനിക്കു മുൻപു സംസാരിച്ച ശ്രീ. എം. കെ. കൃഷ്ണൻ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു.

1970 മുതൽ 1974 വരെയുള്ള കാലഘട്ടത്തിൽ ഭൂമി കിട്ടിയാൽത്തന്നെ സാങ്കേതികമായും പ്രായോഗികമായും വിഷമങ്ങൾ ഉണ്ടാകാറുണ്ട്. ഇഷ്ടദാനമുന്നണിയുടെ മുക്കാലി മന്ത്രിസഭയിലെ ബഹുമാന്യനായ ഇഷ്ടദാന മുഖ്യമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദുകോയക്ക് ഭൂരിപക്ഷം ഉപയോഗിച്ചു കൊണ്ട് നിയമം പാസ്സാക്കാൻ കഴിയാതെ ശ്രീ. ടി. എം. ജേക്കബിന്റെ ക്ലോഷർ മോഷനോടുകൂടി നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തെ നിരവധി കൃഷിക്കാരും കർഷകത്തൊഴിലാളികളും നിരവധി സമരങ്ങൾ നടത്തി നേടിയെടുത്ത അവകാശങ്ങൾ നിഷേധിക്കുക മാത്രമല്ല, പ്രതിപക്ഷത്തിന് സംസാരിക്കാനുള്ള അവസരംപോലും ഭൂരിപക്ഷത്തിന്റെ പേരിൽ ചില സാങ്കേതികനിയമത്തിന്റെ പേരു പറഞ്ഞുകൊണ്ട് നിഷേധിക്കുകയാണ് ചെയ്തിരിക്കുന്നത്. സ്വാഭാവികമായും സാമൂഹ്യരംഗത്ത് മാറ്റമുണ്ടാകുമ്പോൾ വിഷമതകളുണ്ടാകും. ആ വിഷമതകൾ ഒഴിവാക്കുവാൻ ഗവൺമെന്റ് ശ്രമിക്കണം. ഒരമ്മ നൊന്ത് ഒരു കുട്ടിയെ പ്രസവിക്കുന്ന സമയത്ത് നമുക്കറിയാം ആ പ്രസവവേദന ഒഴിവാക്കുവാൻ കഴിയുകയില്ലായെന്ന്. കാർഷികപരിഷ്കരണംപോലുള്ള നിയമം വരുമ്പോൾ സമൂഹത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന ആധിപത്യത്തിനെതിരായി അനീതിക്കെതിരായി ശബ്ദമുയർത്തേണ്ടതായിവരും. അപ്പോൾ പല വിഷമതകളും ഉണ്ടാകും. ആ വിഷമതകൾ ഒഴിവാക്കുവാൻ വേണ്ടി ശ്രമിക്കണം. ഈ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് വർഷങ്ങൾകൊണ്ട് നേടിയെടുത്ത അവകാശങ്ങൾ നിഷേധിക്കുവാനാണ് പോകുന്നത്. 1964-നു ശേഷം കൈമാറ്റം പാടില്ലായെന്ന് പറഞ്ഞുകൊണ്ട് നിയമമുണ്ടാക്കിയെങ്കിലും അതേ കൈമാറ്റം അംഗീകരിക്കുവാൻ തയ്യാറായി. കൃഷിക്കാരുടെ ഒരു വർഷത്തെ ആനുകൂല്യം നിഷേധിച്ചുകൊണ്ട് അത് 6 മാസമായി വെട്ടിക്കുറക്കുവാൻപോവുകയാണ്. അത് ഒരു വർഷം തന്നെ ആക്കണം. റവന്യൂ റിക്കവറി നിയമംവഴി നടപടികൾ വരാൻപോകുന്നു.

ഇഷ്ടദാനത്തെക്കുറിച്ചു സംസാരിക്കുവാനുള്ള സമയത്ത് അതിനുള്ള അവസരം പോലും നിഷേധിച്ചുകൊണ്ടാണ് മുമ്പോട്ടു പോകുന്നത്. ഇടതുപക്ഷപ്പാർട്ടികൾ നടത്തിയ സമരത്തിന്റെ ഫലമായി വന്ന സ്പിരിറ്റ് അംഗീകരിക്കുവാൻ ഇഷ്ടദാന മുഖ്യമന്ത്രിക്കോ ഈ ഗവൺമെന്റിനോ സാദ്ധ്യമല്ല. 1954-ൽ ചെറിയൊരു പരിഷ്കാരമാണ് ശ്രീ. പട്ടംതാണുപിള്ള നടത്തി ആ ഗവൺമെന്റിനെ തകർത്തു. 1957-ൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഭരണകാലത്ത് അതിനെതിരായി വിമോചനസമരം വന്നു. ശ്രീ. എ. കെ. ആന്റണിയുടെ പാർട്ടിക്കാർ പറഞ്ഞു അതു തെറ്റായിപ്പോയി എന്ന്. അമേരിക്കൻ സി. ഐ. എ. യിൽനിന്നും പണം വാങ്ങിയിട്ടുണ്ടെന്നു സമ്മതിച്ചു. ഒരു പുരോഗമന നിയമനിർമ്മാണം വരുന്ന സമയത്ത് ഈ രാജ്യത്തുള്ളവർ മാത്രമല്ല ഈ രാജ്യത്തെ ഏറ്റവും പ്രതിലോമകാരിയായ സി. ഐ. എ. പോലും ഇടപെടാറുണ്ട്. ഉരുത്തിരിഞ്ഞുവന്ന രാഷ്ട്രീയ ചുറ്റുപാടിൽപോലും സി. ഐ. എ. യുടെ പ്രവർത്തനം ഇല്ലായെന്നു പറയുവാൻ പറ്റുകയില്ല. സി. ഐ. എ. യുടെ പ്രവർത്തനം ഉണ്ടെന്നു റിപ്പോർട്ടു വന്നിട്ടുണ്ട്. ഈ രാജ്യത്തെ കൃഷിക്കാരും കർഷകത്തൊഴിലാളികളും നേടിയെടുത്ത അവകാശങ്ങൾ നിഷേധിക്കുവാനുള്ള ശ്രമമാണ് നടക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിനെപ്പറ്റി സംസാരിക്കുവാനുള്ള അവസരംപോലും അടിയന്തിരാവസ്ഥക്കാലത്തെപ്പോലെ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട്, ക്ലോഷർ മോഷൻ ഉപയോഗിച്ചുകൊണ്ട് നിഷേധിച്ചിരിക്കുകയാണ്. ഇതിനെ ഞാൻ പൂർണ്ണമായും എതിർക്കുന്നു.

ശ്രീ. പി. ആർ. ശിവൻ: സർ, 10, 11, 12 എന്നീ വകുപ്പുകൾക്ക് കൊണ്ടുവന്നിട്ടുള്ള സബ് സെക്ഷൻസ് പിൻവലിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. 11-ാം വകുപ്പ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എന്റെ ഭേദഗതിയെക്കുറിച്ച് എനിക്കു സംസാരിക്കുവാൻ അനുവാദം ലഭിച്ചില്ല. കാരണം ക്ലോഷർ എന്ന തടസ്സം അഭിമുഖീകരിക്കേണ്ടി വന്നു. അതുകൊണ്ട് അതിൽ പറയാനുള്ളതും ഇതിൽ പറയാനുള്ളതും ചേർത്ത് നാലു വാചകത്തിൽ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

സർ, ഇത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവരാനുള്ള കാരണം യാദൃച്ഛികമല്ല. ഇന്നത്തെ ചരിത്രപരമായ ഒരാവശ്യമാണെന്ന് ചിലയാളുകൾക്ക് തോന്നിയതുകൊണ്ടാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. ഇത് ആദ്യത്തെ പ്രാവശ്യമല്ല. 1959-ലാണ് തുടക്കം. ജ്യോതിശാസ്ത്രപ്രകാരം ചില ഗ്രഹങ്ങൾ ഒന്നിച്ചു ചേർന്നാൽ വിനാശമുണ്ടാകും. അതുപോലെ ലോകരംഗത്ത് ചില ശക്തികൾ ഒന്നിച്ചു ചേർന്നാലും വിനാശമുണ്ടാകും. 1959-ൽ തൊപ്പിവെച്ച ശ്രീ. സി. എച്ച്. മുഹമ്മദുകോയയും തൊപ്പി വയ്ക്കാത്ത മന്നത്തു പത്മനാഭനും തൊപ്പിയുള്ളവരും ഇല്ലാത്തവരുമായ മറ്റു പ്രമാണിമാരും ഒന്നിച്ചു ചേർന്നുകൊണ്ട് ആദ്യത്തെ കാർഷികബന്ധനിയമത്തിനെതിരായി വിമോചനസമരം നടത്തി. അന്നു ഗുരുതരമായ പല ഗുരുക്കളോടെ രക്ഷപ്പെട്ടു, സർക്കാർ പോയിയെങ്കിലും, വീണ്ടും അതിന്റെ മുറിവുണക്കി 1969-ൽ കൊണ്ടുവന്ന് പാസ്സാക്കി. തുടർവർഷക്കാലത്തും ഇടവപ്പാതിക്കാലത്തും കാർമേഘം ഉരുണ്ടുകൂടിയാൽ മഴ നിശ്ചയമാണ്. അതുപോലെ 1979 ആയിക്കഴിഞ്ഞപ്പോൾ പഴയ വമ്പിച്ച ശക്തികളെല്ലാം ഒന്നിച്ചുചേർന്നിരിക്കയാണ്. 1959-നുശേഷം സാമുദായികപ്രമാണിമാരും, തൊപ്പിയുള്ളവരും തൊപ്പിയില്ലാത്ത നിരീശ്വരവാദികളും ഈശ്വരൻ അപകടത്തിൽ, മതം അപകടത്തിൽ അതുകൊണ്ട് നാട്ടുകാരേ നായന്മാരേ സംഘടിക്കുക എന്നു പറഞ്ഞവരും ഇപ്പോൾ ഒന്നിച്ചു ചേർന്നിരിക്കുന്നു. അതിന്റെ ഒരു നിമിത്തമാണ് ഈ വകുപ്പ്. ഈ രാജ്യത്ത് മഹാഭൂരിപക്ഷം വരുന്ന സാമുദായികപ്രമാണിമാർ സമുദായത്തിന്റെ താഴേക്കിടയിലുള്ളവർക്ക് ന്യായമായ ആനുകൂല്യം ലഭ്യമാകുന്ന നിയമനിർമ്മാണം എന്നെല്ലാം ഉണ്ടായിട്ടുണ്ടോ അന്നെല്ലാം അതിനെ എതിർത്തിട്ടുണ്ട്. 1959-നു ശേഷം നമ്മുടെ സാമുദായികശക്തികൾ ഒന്നിച്ചുചേർന്ന് ഈ നിയമത്തിന് ഈ ഭേദഗതി കൊണ്ടുവന്നതിൽ ഞങ്ങൾക്ക് ആർക്കും അത്ഭുതമില്ല. 1959-ൽ പരുക്കു പറ്റി രക്ഷപ്പെട്ട നിയമം വീണ്ടും കൊണ്ടുവന്നിരിക്കുകയാണ്. 1959-നു ശേഷം 1979-ലേ യോജിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇനി അടുത്തതുള്ള യോജിപ്പ് വർഷങ്ങൾക്കുശേഷമായിരിക്കുമെന്നുള്ളതുകൊണ്ട് സ്വാഗതം ചെയ്യേണ്ടതായിരിക്കുമ്പോൾ കാര്യം നടത്തുന്നതാണ് നല്ലത്. ഈ ഭേദഗതി പിൻവലിച്ച് നാട്ടുകാരോട് നീതി പുലർത്താൻ കഴിയുമെങ്കിൽ വളരെ നന്നായിരിക്കുമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: സർ, ഒരു കാര്യം മാത്രമേ ഞാൻ പറയാനാഗ്രഹിക്കുന്നുള്ളു. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ വൈക്കര പഞ്ചായത്തിൽ പെരിങ്ങോം അംശത്തിൽ വൈക്കര ദേശത്ത് കോളോത്ത സാലി എന്ന ആളിൽനിന്ന് എട്ടുകൊല്ലം മുമ്പ് രണ്ട് ഹരിജനങ്ങൾ ഉൾപ്പെടെ ആറ് കർഷകത്തൊഴിലാളികൾക്ക് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്ത ആറ് ഏക്കർ ഭൂമിയിൽനിന്ന് അവരെ ഒഴിപ്പിക്കാനുള്ള പഴുത് നിലവിലുള്ള നിയമത്തിൽതന്നെയുണ്ട്. അങ്ങനെ എത്രയോ പേർക്ക് നോട്ടീസ് കിട്ടിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നോട്ടീസ് കൊടുത്തതിനെതിരായി പ്രതിപക്ഷനേതാവിനും മുഖ്യമന്ത്രിക്കും ജില്ലാ കളക്ടർക്കും പാർട്ടി നേതാക്കൻമാർക്കും എം. എൽ. എ. മാർക്കും കർഷകത്തൊഴിലാളികൾ ഹർജ്ജികൊടുത്തിട്ടുണ്ട്. ഇന്ന് നിലവിലുള്ള നിയമത്തിൽതന്നെ കിട്ടിയിട്ടുള്ള ഭൂമി തിരിച്ചെടുക്കാനുള്ള വ്യവസ്ഥ നിലവിലിരിക്കെ അതിന് കൂടുതൽ സൗകര്യങ്ങൾ കൊടുക്കുന്ന കൂടുതൽ പഴുതുണ്ടാക്കുന്ന ഭേദഗതിയാണ് ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ. ബേബിജോൺ ഇന്നലെ പറഞ്ഞു പതിനായിരമോ ഇരുപതിനായിരമോ ഏക്കർ മിച്ചഭൂമി കിട്ടാവുന്നത് കുറയുമെന്ന്. തഹസിൽദാർമാരോട് ഇപ്പോൾ തന്നെ എത്രപേർക്ക് മടക്കി കൊടുക്കാൻ കഴിയുമെന്ന് ഒരു കണക്ക് ചോദിച്ചിട്ടുണ്ട്. എഴുപതിനായിരത്തിൽപരം ഏക്കർ ഭൂമി കൊടുത്തതും കൊടുക്കാൻ അവകാശപ്പെട്ടതുമായ ഭൂമി തിരിച്ചുകൊടുക്കേണ്ടിവരുമെന്നാണ് അനൗദ്യോഗികമായ കണക്ക്. എഴുപതിനായിരത്തിൽപരം ഏക്കർ ഭൂമി ആർക്കാണ് നഷ്ടപ്പെടുന്നത്? ഒരിഞ്ചുപോലും ഭൂമിയില്ലാത്ത സാധു കർഷകത്തൊഴിലാളികൾക്ക്, ഹരിജനങ്ങൾക്ക് ആണ് ഭൂമി നഷ്ടപ്പെടുന്നത്. ഈ നിയമം വൈകിയ വേളയിലെങ്കിലും നല്ല ബുദ്ധിതോന്നി പാസ്സാക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ശ്രീ. ആൻറണിക്കും ശ്രീ. മുഹമ്മദുകോയക്കും പുരോഗമനാഭിപ്രായം ഉള്ളിൽ ഉണ്ടായിട്ടും തൽക്കാലം ചില വികാരങ്ങൾക്ക് അടിമപ്പെട്ട് എത്ര സമയമായാലും ഇന്നുതന്നെ പാസ്സാക്കുമെന്ന് പറയുന്നതിന് ഒരു കാരണമുണ്ട്. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഇതെല്ലാംകൂടി ആലോചിച്ച് ശരിയാണെന്ന് തോന്നിയാലോയെന്നുള്ള ധാരണകൊണ്ടാണ് ഇന്നുതന്നെ പാസ്സാക്കണമെന്ന് പറയുന്നത്. പക്ഷെ ഈ ഭൂമി നഷ്ടപ്പെടുന്ന നമ്മുടെ നാട്ടിലെ ജനങ്ങൾ, സമരം ചെയ്ത് ഭൂമി നേടിയെടുത്തിട്ടുള്ള നേടാനിരിക്കുന്ന കർഷകത്തൊഴിലാളികളും കൃഷിക്കാരും സമയം വരുമ്പോൾ നിങ്ങളോട് കണക്ക് പറയും. ശ്രീ. ആൻറണിയും ശ്രീ. സി. എച്ച്. മുഹമ്മദുകോയയും കൈയുംകെട്ടി കണക്ക്പറയേണ്ട കാലം വിദൂരമല്ല. അടുത്ത പാർലമെൻറ് തെരഞ്ഞെടുപ്പിൽ നിങ്ങളെക്കൊണ്ട് കൈയുംകെട്ടി കണക്ക് പറയിക്കുമെന്ന് പറഞ്ഞുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. സത്യനേശൻ: സർ, നമ്മുടെ നാട്ടിൽ ലാൻഡ് ബോർഡ് എടുത്ത് വിതരണം ചെയ്ത ഭൂമി ഇപ്പോൾ നഷ്ടപ്പെടാൻ പോവുകയാണ്. തിരുവനന്തപുരം ജില്ലയിൽ വർക്കല എന്ന പ്രദേശത്ത് ബീരാൻ സാഹിബ്ബിൻെറ നാൽപ്പതേക്കർ ഭൂമി എടുത്ത് വിതരണം ചെയ്തിട്ടുണ്ട്. ഈ ബില്ല് പാസ്സായിക്കഴിഞ്ഞാൽ ആ ഭൂമി തിരികെ എടുക്കും. ഇവിടെ ഒരു പി. എ. പി. മുതലാളിയുണ്ട്. അദ്ദേഹത്തിന് ആറ് ഭാര്യമാരും 112 മക്കളും ഉണ്ട്. തമിഴ്നാട്ടിലും കേരളത്തിലുമുള്ള എല്ലാ ഭൂമികളും മിച്ചഭൂമിയിൽപെടുത്തണമെന്ന് പറഞ്ഞ് ലാൻഡ് ബോർഡിന് ഒരു അപേക്ഷയുണ്ട്. ഞാൻ നെയ്യാറ്റിൻകര ലാൻഡ് ബോർഡ് മെമ്പർ ആയിരുന്ന............

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്നാൽ അതിന് പരിധി നിശ്ചയിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. സത്യനേശൻ: തമിഴ്നാട്ടിൽ 550 ഏക്കർ ഭൂമിയുണ്ട്. നെയ്യാറ്റിൻകരയിൽ 113 ഏക്കർ ഭൂമിയുണ്ട്. ആ ഭൂമി പോര, ഭൂമി തിരികെ കൊടുക്കണമെന്ന വാദം ലാൻഡ് ബോർഡിലുണ്ട്. അവസാനം ലാൻഡ് ബോർഡ് അറുപതേക്കർ ഭൂമി എടുക്കാൻ തീരുമാനിച്ചു. അപ്പീൽ കൊടുത്തു. അതിനുശേഷം സംസ്ഥാന ഗവൺമെൻറിനോട് അദ്ദേഹം അപേക്ഷിച്ചു നെയ്യാറ്റിൻകര ലാൻഡ് ബോർഡ് നീതി പുലർത്തുക യില്ലെന്ന്. സംസ്ഥാന ലാൻഡ് ബോർഡ് അംഗീകരിക്കാത്തതുകൊണ്ട് കോടതിയിൽപോയി. പി. എ. പി. മുതലാളിമാരെപ്പോലെയുള്ളവർക്കു വേണ്ടി കൊണ്ടുവന്ന നിയമമാണ് ഇത്. കയറിക്കിടക്കാൻ ഇടമില്ലാത്ത പാവപ്പെട്ട അറുപതിനായിരത്തിൽപ്പരം മുസൽമാൻമാരുണ്ട്. ഈ ഭൂമി അവർക്കെല്ലാം കൂടി വിതരണം ചെയ്യണം. അതുപോലെതന്നെ തിരുവനന്ത പുരം ജില്ലയിൽ പി. ജി. അലക്സാണ്ടറെന്ന ഒരു ഐ. പി. എസ്. ആഫീസറുണ്ട്. അദ്ദേഹം വിളപ്പിൽ 116 ഏക്കർ ഭൂമി വാങ്ങിച്ചിട്ടുണ്ട്. കള്ള കൈമാറ്റ ആധാരം ചെയ്തുവച്ചിരിക്കുകയാണ്. നെയ്യാറ്റിൻകര ലാൻഡ് ബോർഡ് ആ ഭൂമി എടുക്കാൻ തീരുമാനിച്ചു. ആ ലാൻഡ് ബോർഡ് ചെയർമാനെയും എല്ലാ ഡെപ്യൂട്ടി കളക്ടർമാരേയും സ്ഥലം മാറ്റി. അദ്ദേഹം ഇപ്പോൾ പത്തൊൻപതു പേരുടെ പേരിൽ കള്ളയാധാരം എഴുതി വച്ചിരിക്കുകയാണ്. അങ്ങനെയുള്ളവർക്കുവേണ്ടി കൊണ്ടുവന്ന നിയമ മാണിതെന്ന് നമുക്കറിയാം. കള്ളിക്കാട്ടിൽ ഒരു ജൻമിയുണ്ട്. അദ്ദേഹം ഉത്തരേന്ത്യയിലെ ഒരു സ്വാമിക്ക് അഞ്ചേക്കർ ഭൂമി കൊടുത്തു. ലാൻഡ് ബോർഡ് എടുത്ത് വിതരണം ചെയ്യാൻവേണ്ടി തീരുമാനിച്ച ഭൂമിയായി രുന്നു. തിരുവനന്തപുരം പട്ടണത്തിൽ കവടിയാർ കൊട്ടാരത്തിലും മുടവൻ മുകൾ കൊട്ടാരത്തിലുമായി 150 ഏക്കർ ഭൂമി ഏറ്റെടുത്തു. ആ ഭൂമി വിതരണം ചെയ്തിട്ടില്ല. ഏറ്റെടുത്തിട്ടുള്ള ഭൂമി ഗവൺമെൻറിനുവേണ്ടി എടുത്തിട്ടുള്ളതല്ല ഈ രാജ്യത്തെ ഭൂമിയില്ലാത്ത സാധാരണ കർഷകത്തൊഴി ലാളികൾക്ക് വിതരണം ചെയ്യാൻവേണ്ടി എടുത്ത ഭൂമിയാണെന്ന് കാർഷിക പരിഷ്ക്കരണ നിയമത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷെ സർക്കാർ ആ ഭൂമി ആയിരം രൂപവച്ച് കച്ചവടം ചെയ്യുകയാണ്. മുടവൻ മുകളിൽ നാൽപ്പത്തിരണ്ടേക്കർ ഭൂമിയുണ്ട്. കവടിയാറിൽ അറുപതേക്കർ ഭൂമിയുണ്ട്. 1970 മുതൽ കർഷകപ്രസ്ഥാനം നടത്തിയ സമരത്തിൻെറ ഫലമായി കിട്ടിയ ഭൂമിയാണ്. സർക്കാരിൻെറ സഹായംകൊണ്ട് കിട്ടിയ തല്ല. ആ ഭൂമിപോലും തിരികെ ജൻമിമാർക്ക് കൊടുക്കുന്ന ഭേദഗതിയാണ് ഇത്. ഈ വകുപ്പ് ഇവിടെ പാസ്സായാൽ ഭൂമി കിട്ടിയ കുടിയാൻമാർക്കു പോലും ഭൂമി നഷ്ടപ്പെടും. ഇത് ജനങ്ങൾ അനുവദിക്കാൻപോകുന്നില്ല. ഇത് ഇവിടെ നടപ്പാകാൻപോകുന്നില്ലെന്ന് പറഞ്ഞുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, ക്ലാസ് 11 ഈ സഭ പാസ്സാക്കിയതുകൊണ്ട് ക്ലാസ് 12-ലെ ഭേദഗതികൾ ആവശ്യമാണ്. ക്ലാസ് 11 അനുസരിച്ച് തിരികെ കിട്ടേണ്ട വസ്തു തിരികെ വാങ്ങിക്കാ മെന്ന് മാത്രമാണ് ക്ലാസ് 12-ൽ പറയുന്നത്. അതുകൊണ്ട് അതിനുള്ള ഭേദഗതികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. അസയിൻ ചെയ്ത ഭൂമിക്ക് ഇപ്പോൾ സെക്ഷൻ 86 (1) എ ബാധകമല്ലാത്തതിനാൽ ശ്രീ. എം. കെ. കൃഷ്ണൻ പറഞ്ഞ ബുദ്ധിമുട്ട് ഉണ്ടാവുകയില്ല. അതുകൊണ്ട് അസയിൻ ചെയ്തുകൊടുത്ത ഭൂമി തിരികെ കൊടുക്കേണ്ടിവരില്ല.

LIBRARY ARCHIVES Kerala Legislative Assembly

The question that Clause 12 stands part of the Bill was put and carried.

Clause 12 was added to the Bill.

Clauses 13 to 18

The question that Clauses 13 to 18 stand part of the Bill was put and carried.

Clauses 13 to 18 were added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Chief Minister **(Sri C. H. Mohammed Koya):** Sir, I move that the Kerala Land Reforms (Amendment) Bill, 1979, be finally passed.

Minister **(Sri N. Bhaskaran Nair):** Sir, I second it.

[Mr. Speaker in the Chair]

പ്രതിപക്ഷനേതാവ് (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, കഴിഞ്ഞ മൂന്നു ദിവസങ്ങളായി ഈ സഭയിൽ വളരെ സജീവമായി നടന്ന ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ ഏതാണ്ട് സമാപിക്കുകയാണ്. ഈ ബിൽ പാസ്സാകും എന്ന് തീർച്ചയാണ്. അങ്ങനെ പാസ്സാകണം എന്ന്, പല കാരണങ്ങൾകൊണ്ടായിരിക്കാമെങ്കിലും, അപ്പുറത്തിരിക്കുന്ന എല്ലാ പാർട്ടികൾക്കും നിർബന്ധമാണ്, വാശിയാണ്. അങ്ങനെ നിർബന്ധവും വാശിയും ഉള്ളതുകൊണ്ടുമാത്രമാണ് ഇത് പാസ്സാക്കുന്നത്. നിർബന്ധത്തിന്റെയും വാശിയുടേയും പിന്നിൽ ഈ സമയത്ത് ചില കാര്യങ്ങളെ സംബന്ധിച്ച് കുറെക്കൂടി ഗൗരവമായി, ആഴത്തിലിറങ്ങി ചിന്തിക്കണമെന്നു പറഞ്ഞാൽ പ്രയോജനമില്ല എന്നെനിക്കറിയാം. എന്നാൽപോലും ഈ അവസാന നിമിഷത്തിലും അത് പറയണം എന്ന ആഗ്രഹം കൊണ്ടാണ് ഞാൻ അല്പനിമിഷം സംസാരിക്കാൻ തീരുമാനിച്ചത്. സർ, ഈ ബിൽ ഈ നിയമസഭ ഇപ്പോൾ പാസ്സാക്കുന്നത് കേരളത്തിനു നല്ലതല്ല. ഈ ബിൽ കേരളത്തിലെ ബഹുഭൂരിപക്ഷം സാധാരണ ജനങ്ങൾക്ക് ദോഷകരമാണ്. അതുകൊണ്ടാണ് ഇപ്പോൾ ഇത് പാസ്സാക്കരുത് എന്നു ഞാൻ പറയുന്നത്. ഈ ബില്ലിലുള്ള ചില വ്യവസ്ഥകൾകൊണ്ട് ഇത് ദോഷമാണ്. അതിവിടെ ധാരാളം പറഞ്ഞു കഴിഞ്ഞു. ഏറ്റവും പ്രധാനമായി സെക്ഷൻ (3)-നെക്കുറിച്ച് ഇന്നു രാവിലെ എന്റെ സുഹൃത്ത് ശ്രീ. ബേബിജോൺ ഇവിടെ പറഞ്ഞ പ്രസക്തമായ വസ്തുതകൾമാത്രം കണക്കിലെടുത്തിരുന്നെങ്കിലും അപ്പുറത്തിരിക്കുന്ന എന്റെ പല സുഹൃത്തുക്കളും ആ സെക്ഷൻ പിൻവലിക്കാൻ അനുകൂലിക്കാമായിരുന്നു. അതിനുള്ള കമ്മിറ്റ്മെന്റ് ഇപ്പോൾ അവർ വിട്ടുകളഞ്ഞു. കമ്മിറ്റ്മെന്റിനെപ്പറ്റി പറയുമ്പോൾ ചില കമ്മിറ്റ്മെന്റുമാത്ര

LIBRARY ARCHIVES Kerala Legislative Assembly

മാണ് പാവനം, ചില കമ്മിറ്റ്മെൻറിന് പാവനത ഇല്ല എന്നിപ്പോൾ തെളിഞ്ഞിട്ടുണ്ട്. തീർച്ചയായും ഞാൻ ഏതെങ്കിലും രഹസ്യം വെളിപ്പെടുത്തുകയല്ല, ശ്രീ. ബേബിജോൺ ഇവിടെ പറഞ്ഞതാണ്. കഴിഞ്ഞ ആഴ്ചകളിൽ നടന്ന നിരവധി ചർച്ചകളിൽ അങ്ങനെയൊരു കമ്മിറ്റ്മെൻറ് ഉണ്ടായിരുന്നു. ആ സെക്ഷൻ നിലനിറുത്തുന്നതുകൊണ്ടുള്ള അപകടങ്ങൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചു. അത് പിന്നീട് ഉണ്ടായ ബോധമാണോ എന്നൊക്കെ ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ അങ്ങനെതന്നെ. ഇത് പബ്ലിഷ് ചെയ്തതിനുശേഷമുണ്ടായ പ്രതികരണങ്ങൾ കണക്കിലെടുത്തതിനുശേഷമായിരുന്നു അങ്ങനെ ഒരു ധാരണ ഉണ്ടായത്. ഏതായാലും ആ ധാരണയിൽ ഉറച്ചുനിൽക്കാൻ അവിടെ പലരും തയ്യാറല്ല എന്നു തെളിഞ്ഞു. എന്നാൽ അതിൽക്കവിഞ്ഞ് ഒരു വലിയ അപകടത്തിലേക്ക് വന്നത് ഒഴിവായി. വലയമില്ലാത്ത ചാട്ടത്തിനു എൻെറ സുഹൃത്ത് മുഖ്യമന്ത്രി തുനിഞ്ഞു. അദ്ദേഹത്തിൻെറ പിൻവലിക്കപ്പെട്ട ഭേദഗതികൊണ്ട് തികച്ചും വലയമില്ലാത്ത ചാട്ടത്തിനാണ് തുനിഞ്ഞത്. എൻെറ തോന്നൽ ഇവിടെ ആരൊക്കെയോ അപകടം പറഞ്ഞതുകൊണ്ട് കാർഷിക പരിഷ്ക്കരണ നിയമത്തിൻെറ കരംതന്നെ പറിച്ചെടുക്കാൻ ഒരുപക്ഷേ ഇടയാകുമെന്നുള്ളതുകൊണ്ട്, കേന്ദ്രഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അനുമതി വാങ്ങിക്കാതെ ഇത്ര പ്രധാനപ്പെട്ട ഒരു ഭേദഗതി ഇവിടെ അംഗീകരിച്ച് അങ്ങോട്ട് ഓടിച്ചെന്നാൽ കുറഞ്ഞപക്ഷം കാലതാമസമെങ്കിലും ഉണ്ടാകുമെന്നു മനസ്സിലാക്കിയതുകൊണ്ട് അവസരവാദപരമായിട്ടുമാത്രം പിൻമാറ്റം നടത്തി. അങ്ങനെയാണ് ഞങ്ങളിത് മനസ്സിലാക്കുന്നത്. ഇനി എന്തിൻെറ പേരിലായാലും ആ പിൻമാറ്റം നല്ലതാണ്. ഞാൻ ഈ പറഞ്ഞ കാരണംകൊണ്ടായാലും തരക്കേടില്ല, അങ്ങനെ പിൻമാറാൻ തീരുമാനിച്ചത് നല്ലതാണ്. സർ, ഈ വെള്ളിയാഴ്ച എന്നൊരു ദിവസം ഉണ്ടെങ്കിൽ ഇതു പാസ്സാക്കണമെന്ന നിർബന്ധത്തിനും വാശിക്കും കാരണമുണ്ട്. അതും ഞങ്ങൾക്കറിയാം. കാരണം മണിക്കൂറുകളും ദിവസങ്ങളും എണ്ണപ്പെട്ടതാണ്. ഈ മണിക്കൂറുകൾക്കുള്ളിലും ദിവസങ്ങൾക്കുള്ളിലും ഇനി നടക്കേണ്ടതെല്ലാം നടന്നു, ചാടിക്കയറേണ്ട പടികളെല്ലാം ചാടിക്കയറി, കിട്ടേണ്ടതൊക്കെ കിട്ടി വന്നാൽ കൊള്ളാം. കാണട്ടെ, ഈ സഭവിട്ടു പുറത്തുപോയാൽ പിന്നെ തീർച്ചയായും ഈ കേരളത്തിലെ കർഷകരും, കാർഷികത്തൊഴിലാളികളും ജനങ്ങളും ചെയ്യേണ്ടത്, അങ്ങനെ ഒന്ന് ചെയ്യരുത് എന്ന് ഇൻഡ്യൻ പ്രസിഡൻറിനോട് ആവശ്യപ്പെടുകയാണ്. എന്തായാലും അത് മറ്റൊരു കാര്യം. പക്ഷെ ഈ ധൃതി എനിക്കു മനസ്സിലാകുന്നില്ല. ഇന്നുതന്നെ ഈ നിർബന്ധത്തിൻെറ കാര്യം എനിക്കു മനസ്സിലാകുന്നില്ല; ഈ വെള്ളിയാഴ്ചയുടെ നിർബന്ധം. രണ്ടാമത്തെ കാരണം തികച്ചും രാഷ്ട്രീയം തന്നെയാണ്. അതിവിടെ ധാരാളം പറഞ്ഞുകഴിഞ്ഞു. എൻെറ സുഹൃത്തുക്കൾ ശ്രീ. ശ്രീനിവാസനും, ശ്രീ. ഇ. പി. ഗോപാലനും ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. ഞങ്ങൾ വളരെയധികം ആക്ഷേപത്തിനും ആരോപണത്തിനും ആക്രമണത്തിനും വിധേയമായിട്ടുള്ള ഒരു പാർട്ടിയാണ്. അങ്ങനെയുള്ള ഒരു പാർട്ടിയുടെ പ്രതിനിധി എന്നുള്ള നിലയിൽതന്നെ ഞാൻ പറയുന്നു, ഉത്തമവിശ്വാസത്തോടുകൂടിയും തികഞ്ഞ ആത്മാർത്ഥതയോടുകൂടിയും ഈ കേരളത്തെയും കേരളത്തിലെ പാവപ്പെട്ട ജനങ്ങളേയും കണക്കിലെടുത്തുകൊണ്ടുതന്നെയാണ് എൻെറ പാർട്ടി അത്തരമൊരു തീരുമാനത്തിൽ എത്തിച്ചേർന്നത്. അതിന് ആരുടെ മുമ്പിലും ഞങ്ങൾക്ക് മാപ്പ് പറയേണ്ട കാര്യമില്ല, മറുപടി പറയേണ്ട കാര്യമില്ല. ശ്രീ. സി. എച്ച്. മുഹമ്മദുകോയ വാക്കുകൾകൊണ്ട്, പദങ്ങൾകൊണ്ട് കളിക്കുന്നതിൽ വിരുതനാണെന്ന് എനിക്കു നല്ലതുപോലെ അറിയാം. പക്ഷേ അതുകൊണ്ടൊന്നും പരാതിയുമില്ല, പരിഭവവുമില്ല. അതൊക്കെ പാർലമെൻററി ജനാധിപത്യത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചകളിലൊക്കെ പറയുന്നമുറയ്ക്ക് അദ്ദേഹം പറഞ്ഞുകൊള്ളട്ടെ. പക്ഷേ അദ്ദേഹത്തിനു അറിയാവുന്നതുപോലെ അദ്ദേഹത്തിന്റേയും അദ്ദേഹത്തിന്റെ പാർട്ടിയുടേയും വികാരങ്ങളെ തീർച്ചയായും ഞാൻ ബഹുമാനിക്കുന്നു, ഞാൻ മനസ്സിലാക്കുന്നു, സർ, ഈ രാജ്യത്ത് മറ്റാർക്കും ഇല്ലാത്ത തരത്തിലുള്ള വികാരങ്ങളും മനോഭാവങ്ങളും ഈ പ്രശ്നത്തിൽ അവർക്ക് ഉണ്ട് എന്നത്. എന്നാൽ ഏതിന്റെ പേരിലായാലും അവർ ഉൾപ്പെടെയുള്ള എല്ലാവരും ഇന്ന് അംഗീകരിക്കുന്ന ഈ തീരുമാനം കേരളത്തിൽ വരാനിരിക്കുന്ന രാഷ്ട്രീയ ശക്തികളുടെ പുനർ ഏകീകരണത്തിന് വലിയ തടസ്സങ്ങൾ ഉണ്ടാക്കുകയാണ്. സർ, ശ്രീമാൻ കരുണാകരന് അത് നടക്കരുതെന്നാണ് താല്പര്യം. മറിച്ച് റീ അലൈൻമെന്റ് അദ്ദേഹത്തിന് ആവശ്യമാണ്. അവർ അത് ഉപയോഗിക്കുന്നുവെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയും. സർ, ശ്രീ. ചന്ദ്രശേഖരൻ ഉച്ചകഴിഞ്ഞു വന്നില്ല. ഒരുപക്ഷേ ഇഷ്ടദാന ബില്ലിനെതിരായി ഉഗ്രമായ പോരാട്ടത്തിന്റെയൊക്കെ ഒരു രംഗം തങ്ങൾ സൃഷ്ടിക്കുമെന്നൊക്കെ വരുത്താനായിരിക്കും അദ്ദേഹം സഭ ബഹിഷ്കരിച്ചത്. ഞങ്ങളെക്കാളൊക്കെ വലിയ എതിർപ്പ് അദ്ദേഹം പ്രകടിപ്പിച്ചിരിക്കുന്നു. എങ്കിലും ശ്രീ. സി.എച്ച്-ന്റെ മന്ത്രിസഭയേയും ഇന്നത്തെ ഈ കൂട്ടുകെട്ടിനേയും നിലനിർത്താൻവേണ്ടി പ്രതിജ്ഞ ചെയ്തിട്ടുള്ളതിന്റെ കാരണങ്ങളും ഞങ്ങൾക്ക് മനസ്സിലാകും. എന്നാൽ എന്റെ സ്നേഹിതൻ ശ്രീ. ആന്റണിയും ശ്രീ. ജോസഫും അതുപോലെതന്നെ മറ്റു പല സുഹൃത്തുക്കളും ഞങ്ങളെല്ലാവരും ഒരുമിച്ചു നടത്താൻ തീരുമാനിച്ച കാര്യം ഇപ്പോൾ ഒരുമിച്ചു നടക്കുന്നില്ല. എന്നു മാത്രമല്ല ഞങ്ങൾ രണ്ടു ഭാഗത്തായിപ്പോകുകയും ചെയ്തു. അങ്ങനെ ഞങ്ങൾ രണ്ടു ഭാഗത്തായിപ്പോയത് എന്തുകൊണ്ട്, ആര് കാരണക്കാർ എന്ന പോസ്റ്റ്മാർട്ടത്തിന് ഞാൻ തുനിയുന്നില്ല. എന്നാലും ഇനിയും കേരളത്തിൽ സംഭവിക്കേണ്ടത് ഒരു പുനരേകീകരണം ആണ്. അതിന് തടസ്സങ്ങൾ ഉണ്ടായിരിക്കുന്നു. ആ തടസ്സങ്ങൾ വർദ്ധിപ്പിക്കാത്തക്ക തരത്തിൽ ഇനിയും ഈ അവസാന നിമിഷത്തിൽപോലും, അതസാദ്ധ്യമായ ഒരു കാര്യമാണ്, എങ്കിലും ഇതുപോലൊരു നിയമം പാസ്സാക്കി സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കരുതെ എന്നുമാത്രമേ എനിക്ക് അത്തരം സുഹൃത്തുക്കളോട് പറയാനുള്ളു. ഞാൻ ഇത് അറിഞ്ഞുകൊണ്ടുതന്നെയാണ് പറയുന്നത്. സർ, ഈ സാഹചര്യത്തിൽ കേരളത്തിൽ ഒരു പുതിയ കൂട്ടുകെട്ടുണ്ടായത് ഈ നിയമം പാസ്സാക്കാൻവേണ്ടിയാണെന്നാണ് ചിലർ പറയുന്നത്. ചിലർ പറയുന്നത് രാഷ്ട്രീയ അന്തരാളഘട്ടം എന്തോ ഒന്നുണ്ടായപ്പോൾ അത് നികത്താനാണെന്നാണ്. വേറൊരു വാദം ഞാൻ കേട്ടു, പഞ്ചായത്തു തെരഞ്ഞെടുപ്പൊക്കെ കഴിഞ്ഞ് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നപ്പോൾ അവർക്ക് അവരുടേതായ പങ്ക് പൂർണ്ണമായി വഹിക്കണമെങ്കിൽ ഒരു ജനകീയ ഗവൺമെന്റ് വേണമെന്ന്. അതിനൊരു ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തേ മതിയാകൂ. അങ്ങനെ ഒരു കാര്യം ചെയ്തുകൊടുത്താൽ അവർ തീർച്ചയായും നന്ദി പറയും. സർ, ഏതായാലും തരക്കേടില്ല, ഈ സഭ തുടങ്ങിയ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ വളരെ പ്രസക്തമായ ഒരു കാര്യം പറഞ്ഞല്ലോ. നിയമസഭ തിങ്കളാഴ്ച ദിവസംകൂടി കൂടുന്നുണ്ട് എന്ന്. ആ തിങ്കളാഴ്ചയും അദ്ദേഹം ഞങ്ങൾ പ്രതീക്ഷിക്കുന്ന പരിപാടികളുമായി വരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. ഈ പറഞ്ഞ പലതും ഒറ്റയ്ക്കൊറ്റയ്ക്ക് പരസ്പരവിരുദ്ധമായിപ്പോലും പലതും പലരും പറഞ്ഞെങ്കിലും ഈ കേരളത്തിൽ പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവകാശപ്പെട്ടതു പോലെ ദുർബലവിഭാഗങ്ങൾക്കുവേണ്ടി സമൂർത്തമായ വ്യക്തമായ ഒരു പരിപാടിയുടെയോ, നയത്തിന്റെയോ അടിസ്ഥാനത്തിൽ ഒരുമിച്ചുകൂടിയവരല്ല

LIBRARY ARCHIVES Kerala Legislative Assembly

ഇവിടംതൊട്ട് അവിടംവരെയിരിക്കുന്ന എന്റെ സുഹൃത്തുക്കഠം. സർ, അത് പകൽപോലെ വ്യക്തമാണ്. ഈ നിയമം പാസ്സാക്കാൻവേണ്ടിമാത്രം ഞങ്ങഠം കൂടിയിരിക്കുന്നു എന്നു പറഞ്ഞവർക്ക് ഇനി ബാക്കിയുള്ളത് 6.10 ആകാൻ ഇനി ഇരുപത്തഞ്ചു മിനിട്ടല്ലേ ഉള്ളൂ. ആ 25 മിനിട്ടുനേരത്തേക്കുകൂടിയാണ്. ആ 25 മിനിട്ടുനേരംകൂടി അവർ ഒരുമിച്ചുനിൽക്കട്ടെ. ഇങ്ങനെയൊരു കൂട്ടുകെട്ടും, ഭരണവും, ഗവൺമെൻറും, ഏതു രാജ്യത്ത് എവിടെ കണ്ടിരിക്കും? ഇതെങ്ങനെ മുൻപോട്ട് കൊണ്ടുപോകാനാണ്? ആർക്കുവേണ്ടി മുൻപോട്ടു കൊണ്ടുപോകാൻ? ഇതുപോലൊരു നിയമം പാസ്സാക്കുന്ന ഒരു കാര്യത്തിൽ താല്പര്യം ഉള്ളവർ അവിടെ ഉണ്ടായിരുന്നു. അതിനുവേണ്ടി ബോധപൂർവ്വം താല്പര്യം ഉള്ളവരും ഉണ്ടായിരുന്നു. ചിലർക്ക് എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂട, പെട്ടെന്നുള്ള വാശിയാകാം, പരിഭവമാകാം, പ്രതിഷേധമാകാം, ഞങ്ങളെപ്പറ്റി അവർക്ക് പ്രതിഷേധമുണ്ട്. എന്നാലും ആ സുഹൃത്തുക്കളോട് എനിക്ക് ചോദിക്കാനുള്ളത്, അവർ ആരെന്ന് നിങ്ങഠംക്കറിയാമോ എന്നാണ്. ഞാൻ ചെയ്തത് തികച്ചും തെറ്റാണെന്നിരിക്കട്ടെ, വാദത്തിനുവേണ്ടി സമ്മതിക്കുന്നു. പി. കെ. വി.-യും ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഒരു വലിയ തെറ്റു ചെയ്തു. ആർ. എസ്. പി. ഒരു തെറ്റു ചെയ്തു. എന്നാലും ശ്രീമാൻ എ. കെ. ആൻറണിയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ആ തെറ്റിന്റെ പേരിലായാലും അതിനേക്കാഠം വലിയ തെറ്റ് ചെയ്തത് ഈ രാജ്യത്തെ ജനങ്ങഠം കണ്ടുകൊണ്ടിരിക്കുന്നു. നിങ്ങഠം ചെയ്തത് ശരിയല്ലെന്നുമാത്രം പറഞ്ഞുകൊണ്ട് ചുവരെഴുത്തു കാണാനുള്ള കണ്ണ് ദീർഘദൃഷ്ടിയുള്ള ഈ രാജ്യത്തെ അത്തരം നേതാക്കന്മാർക്കുണ്ടാകട്ടെയെന്നുമാത്രം ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ ഈ നിയമനിർമ്മാണത്തെ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ഈ ബില്ലിനെതിരായി അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട ശ്രീ. ടി.കെ.രാമകൃഷ്ണനും, ശ്രീ. കുഞ്ഞിക്കണ്ണനും, ശ്രീ. എം.കെ.കൃഷ്ണനും സംസാരിച്ചപ്പോഠം എനിക്ക് വിസ്മയം തോന്നിയില്ല. പക്ഷെ എനിക്ക് സംസാരിക്കണമെന്ന് തോന്നിയത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. പി. കെ. വാസുദേവൻ നായർ, ഈ നിയമനിർമ്മാണത്തിന് ഇൻഡ്യൻ പ്രസിഡൻറിന്റെ അംഗീകാരം കിട്ടാതെ വരട്ടെയെന്ന് ആശിച്ചപ്പോഠം എനിക്ക് അത്ഭുതം തോന്നുകയുണ്ടായി, എനിക്ക് വിസ്മയം തോന്നുകയുണ്ടായി. ഈ നിയമസഭയിൽ ചർച്ചയ്ക്ക് ഇരിക്കുന്ന ഓർഡിനൻസിന് ക്ലിയറൻസ് കിട്ടുന്നതിനുവേണ്ടി ഞാനും ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻമാർ ശ്രീ. സി. എച്ച്. ഉഠംപ്പെടെ ബഹുമാനപ്പെട്ട പി. കെ. വാസുദേവൻ നായരുമായി ഒത്തുനിന്നുകൊണ്ട് ബർണാലയുടെ മുൻപിൽ, ഇൻഡ്യൻ പ്രധാനമന്ത്രിയുടെ മുൻപിൽ, ഇൻഡ്യൻ പ്രസിഡൻറിന്റെ മുൻപിൽ വാദിച്ചതിനുശേഷം ഈ കസേരയിൽനിന്ന് ആ കസേരയിലേക്ക് മാറി ശ്രീമാൻ പി. കെ. വി., ഈ ബില്ലിന് അംഗീകാരം ഇൻഡ്യൻ പ്രസിഡൻറ് തരരുതെന്ന് പറഞ്ഞപ്പോഠം എന്റെ ഹൃദയം വേദനിക്കുകയുണ്ടായി. സർ, ഇതൊരു നാടകമാണോ? ജനങ്ങളെ കബളിപ്പിക്കാൻ സാധിക്കുമോ? ഈ ബില്ല് നിയമമാക്കി ഇൻഡ്യൻ പ്രസിഡൻറിന് അയച്ചുകൊടുത്താൽ അത് തള്ളണമെന്ന് പറയാൻ തോന്നിയത് അന്നത്തെ മുഖ്യമന്ത്രി ഇന്ന് ചേരിമാറിയതുകൊണ്ടാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇല്ല, വെറും ഒരു ചെറിയകാര്യം സർ, ഇത്രമാത്രം രാഷ്ട്രീയമായി ഇത് പർവ്വതീകരിക്കണമായിരുന്നോ? ഇവിടെ പരിണതപ്രജ്ഞനായ ശ്രീ. ഷേണായി പ്രസംഗിച്ചപ്പോഠം പറഞ്ഞു, പാർലമെൻറ് ഇലക്ഷൻ വരട്ടെ,

LIBRARY ARCHIVES Kerala Legislative Assembly

അസംബ്ലി ഇലക്ഷൻ വരട്ടെ കാണിക്കാമെന്ന്. പാർലമെന്റ് ഇലക്ഷനിലേക്കും, അസംബ്ലി ഇലക്ഷനിലേക്കും ഉള്ള യാത്രയ്ക്കുവേണ്ടിയുള്ള ഒരു രാഷ്ട്രീയ പ്രചരണമാണോ ഇത്? ഈ ലാൻഡ് റിഫോംസിനെസംബന്ധിച്ചിടത്തോളം ഈ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനശില തകർത്തു എന്ന് ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞു. അടിസ്ഥാനശില മാറിയിട്ടില്ല. ആ ബില്ലിന്റെ സ്കീം പൊളിഞ്ഞിട്ടില്ല. സ്കീമിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. നിങ്ങളുടെ അഭിപ്രായമെന്താണ്. പുതിയ കാർഷികപരിഷ്ക്കരണ നിയമമാണോ? തുടർന്ന് ചർച്ചചെയ്യാം. പക്ഷെ കാർഷികപരിഷ്ക്കരണനിയമത്തിന്റെ സ്കീം എന്താണ്? ശ്രീമതി ഗൗരിയമ്മയുടെ ബില്ലിന്റെ സ്കീമെന്താണ്. ഇന്ന് ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിന്റെ സ്കീം എന്താണ്? ഒരു കുടുംബം ഒരു യൂണിറ്റാണ്. ഭർത്താവ്, ഭാര്യ, മൈനർ മക്കൾ ഇതാണ്. അതുകൊണ്ട് മേജറായ, അവിവാഹിതരായ, പ്രായപൂർത്തിയായ അഡൽട്ടുകളായ മെമ്പർമാർക്ക് ഭൂമി ഇല്ല എന്നർത്ഥമില്ല. ഇതിന്റെ സ്കീമിൽ 84-ാമത്തെ വകുപ്പിൽ, ഒന്നാമത്തെ ഉപവകുപ്പിൽ അഡൽട്ടായ, പ്രായപൂർത്തിയായ, അവിവാഹിതരായ ആളുകൾക്കെല്ലാം 5 ഏക്കർ ഭൂമി വച്ചിട്ടുണ്ട്. അത് പരിധിക്കകത്താണ്. അങ്ങനെ പറഞ്ഞിരിക്കുന്ന സ്കീമിനകത്ത് ഏതാനും വിഭാഗത്തിൽപ്പെട്ട അഡൽട്ടായ, പ്രായപൂർത്തിയായ, അവിവാഹിതരായ മക്കൾക്ക് ഭൂമി ലഭിക്കുകയും മറ്റൊരു വിഭാഗത്തിൽപ്പെട്ട മക്കൾക്ക് ഭൂമി ലഭിക്കാതിരിക്കുകയും ചെയ്യുന്ന അനീതി എടുത്തുകളഞ്ഞിരിക്കുകയാണ്. ഈ രാജ്യത്തിലെ തൊഴിലാളികളുടെ, ഹരിജനങ്ങളുടെ, പാവപ്പെട്ടവരുടെ, സാധാരണക്കാരുടെ, അവർക്ക് ലഭിക്കേണ്ട ഒരൊറ്റ ഇഞ്ച് ഭൂമിപോലും ഈ ബില്ലുകൊണ്ട് നഷ്ടപ്പെടുന്നില്ലായെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ശ്രീ. എം. കെ. കൃഷ്ണനോട് ഞാൻ നന്ദിയുള്ളവനാണ്. ശ്രീ. പി. വി. കുഞ്ഞിക്കണ്ണനോടും നന്ദിയുണ്ട്. അദ്ദേഹം ഒരു വാചകം പറഞ്ഞു, പരിധിക്കകത്തുള്ള ഭൂമിയാണെങ്കിൽ ഞങ്ങൾക്ക് ആക്ഷേപമില്ലായെന്ന്. ഞാൻ പറയുകയാണ്, പരിധിയ്ക്കകത്തുള്ള ഭൂമിയാണ്. 84-ാം വകുപ്പിലെ 1-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഭർത്താവും, ഭാര്യയും, മൈനറും മക്കളുമല്ലാത്ത കുടുംബത്തിന് പുറത്തുള്ള, ആ നിർവ്വചനത്തിന് പുറത്തുള്ള, പ്രായപൂർത്തിയായ, അവിവാഹിതരായ മെമ്പറൻമാർക്ക് അഞ്ച് ഏക്കർ നൽകണമെന്ന് ഗൗരി അമ്മയുടെ ബില്ലിലെ സ്കീമിനകത്ത് പറഞ്ഞിട്ടുണ്ടെങ്കിൽ, അങ്ങനെ നഷ്ടപ്പെട്ടുപോകുന്ന, വ്യക്തിപരമായി, ആ സമുദായ നിയമമനുസരിച്ച്, ഹൈക്കോടതി വിധിയനുസരിച്ച് ആർക്കെങ്കിലും ഭൂമി നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ 1-1-1970-ന് ശേഷം കൂട്ടുകുടുംബവ്യവസ്ഥ അനുവർത്തിക്കുന്ന വിഭാഗത്തിൽപ്പെട്ട, പ്രായപൂർത്തിയായ, അവിവാഹിതരായ അംഗങ്ങൾക്ക് ഭാഗം എന്നുള്ള പേരിൽ അവരുടെ വീതം ആർജ്ജിക്കാമെന്നിരിക്കേ, കൂട്ടുകുടുംബവ്യവസ്ഥ അനുവർത്തിക്കാത്ത വിഭാഗത്തിൽപ്പെടുന്ന സന്തതികൾക്ക്, അവർക്ക് ഭാഗമെന്ന വാക്കല്ല, അവരുടെ നിയമമനുസരിച്ച് ഇഷ്ടദാനമെന്ന വാക്കാണ്, ധനനിശ്ചയാധാരമെന്ന വാക്കാണ് അവർക്കും ലഭിക്കണ്ടേ? ഭാഗമെന്ന് പറഞ്ഞാലും ധനനിശ്ചയാധാരമെന്നു പറഞ്ഞാലും ശരിയാണ്, രണ്ടും ഒന്നാണ്. എന്താണ് വസ്തുത, എന്താണ് സത്യം. അപ്പന്റെ സ്വത്തിലുള്ള മകന്റെ അവകാശം. പിതാവിന്റെ സ്വത്തിലുള്ള മകന്റെ അവകാശമാണ്, കുടുംബസ്വത്തിലെ അംഗത്തിന്റെ അവകാശമാണ്. ആ നിലയ്ക്ക് പാർലമെന്റ് ഇലക്ഷനും, അസംബ്ലി ഇലക്ഷനുംവേണ്ടി, ഒരു പ്രചരണായുധമായി, പാവപ്പെട്ടവരുടെ ഭൂമി, തൊഴിലാളികളുടെ ഭൂമി എന്നു പറയുന്നത് തെറ്റാണ്. കേരളാ കോൺഗ്രസ് അദ്ധ്വാനിക്കുന്ന വർഗ്ഗത്തിനുവേണ്ടി നിലകൊള്ളുന്നു. സർ, ഈ രാജ്യത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു വിഭാഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം അവർക്ക് ലഭിക്കേണ്ട ഒരൊറ്റ ഏക്കർ ഭൂമിപോലും തട്ടിയെടുക്കണമെന്ന് ആരും പറയുന്നില്ല. ശ്രീ. എം. കെ. കൃഷ്ണൻ പറഞ്ഞു; അപ്പം കഴിക്കുമ്പോൾ അയൽവക്കത്തുള്ള ആളുകൾക്കുകൂടി കൊടുക്കണമെന്ന്. കൊടുക്കാം, നമ്മൾ എം. എൽ. എ. ക്വാർട്ടേഴ്സിലുള്ള ക്യാൻറീനിലിരുന്ന് ഉച്ചയ്ക്ക് ആഹാരം കഴിക്കുമ്പോൾ ഒരുനേരം ചോറുണ്ണാൻ കഴിയാത്ത നിരവധി ആളുകളുണ്ട്. നമ്മുടെ ഭക്ഷണത്തിന്റെ ഒരു പങ്ക് അവർക്ക് കൊടുക്കുന്നത് നല്ലതാണ്. പക്ഷേ അഞ്ച് അപ്പംകൊണ്ട് അയ്യായിരംപേരെ തൃപ്തിപ്പെടുത്തണമെന്നുണ്ടെങ്കിൽ ഈ സ്കീം മാറ്റണം. ഇന്നത്തെ നിലയിലുള്ള നിയമത്തിന്റെ സ്കീം അനുസരിച്ച് പ്രായപൂർത്തിയായ, അവിവാഹിതരായ, അംഗങ്ങൾക്ക് ഭൂമി വച്ചിട്ടുണ്ടെങ്കിൽ, സമുദായനിയമപ്രകാരം, ഹൈക്കോടതി ജഡ്ജ്മെൻറ് പ്രകാരം വിവേചനം ഉണ്ടാകരുത്. അതിന്റെ അടിസ്ഥാനത്തിൽ ഈ നിയമം പാസ്സാക്കണം. ഇൻഡ്യൻ പ്രസിഡൻറിന്റെ അംഗീകാരം കിട്ടും. നമുക്ക് പ്രതീക്ഷിക്കാം, തീർച്ചയായും കിട്ടും. ശ്രീ. എം. കെ. കൃഷ്ണൻ പറഞ്ഞപോലെ പരിധിക്കകത്തുള്ള ഭൂമിയാണ് ഇഷ്ടദാനബില്ലുകൊണ്ട് വിഭാവനംചെയ്യുന്നത്. പരിധിയ്ക്കു പുറത്തുള്ള ഭൂമിയല്ല; മിച്ചഭൂമിയല്ല. അങ്ങനെയാണെങ്കിൽ ആത്മാർത്ഥമായി ഈ നിയമത്തെ പിൻതാങ്ങണമെന്നും. ഇതിനെ പാസ്സാക്കിത്തരണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: സർ, ഈ നിയമം പാസ്സാക്കുന്നതിനു മുമ്പ്, ഈ നിയമം പാസ്സാക്കുമെന്ന് അറിഞ്ഞുകൊണ്ട് ഞാൻ പറയുകയാണ്, മൃഗീയ ഭൂരിപക്ഷം അവിടെ ഇരിക്കുന്നുണ്ട്; ഭൂരിപക്ഷത്തിന്റെ വല്ല കുറവുമുണ്ടെങ്കിൽ ബുദ്ധിമുട്ട് വേണ്ടായെന്നുള്ളതുകൊണ്ട് ജനതാ പാർട്ടി ഇറങ്ങിപ്പോവുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് അതിലൊന്നിലും നിങ്ങൾക്ക് യാതൊരു കുഴപ്പവും വരുകയില്ലായെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ രാജ്യത്തിലെ കർഷകപ്രസ്ഥാനങ്ങളുടെ ചരിത്രവുംമറ്റും ഞാനിപ്പോൾ പറയുവാനാഗ്രഹിക്കുന്നില്ല. എനിക്കു മുമ്പ് എന്റെ പാർട്ടിയിലെ നേതാക്കന്മാരെല്ലാം അത് ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. 1954-ൽ ശ്രീ. രാജഗോപാലാചാരിയുടെ കൈയിൽനിന്നും മദിരാശി സംസ്ഥാനത്തിലെ ഒരു ജില്ലയായ മലബാറിലെ കൃഷിക്കാർക്ക് കുടിയായ്മ അവകാശം സ്ഥാപിക്കാനുള്ള ശക്തി ഈ രാജ്യത്തുണ്ടായി. 1957-ൽ കേരളത്തിലെ കൃഷിക്കാർ ഒരു ഗവൺമെൻറിനെ ഉണ്ടാക്കിക്കൊണ്ടു വന്ന് ഭൂപരിഷ്ക്കരണനിയമം ഇവിടെ കൊണ്ടുവരുവിപ്പിച്ചു. ശ്രീമാൻ കരുണാകരന്റെ പാർട്ടി, ശ്രീ. ആൻറണിയും ഉൾപ്പെടുന്ന പാർട്ടി അന്ന് ആ ഗവൺമെൻറിനെ അട്ടിമറിച്ചത് നമുക്കെല്ലാവർക്കുമറിയാം. ആ അട്ടിമറി സമരത്തിൽ അമേരിക്കൻ സി.ഐ.എ.-യുടെ പണംവരെ വാങ്ങിയിരുന്നുവെന്ന് ഇൻഡ്യയിലെ അമേരിക്കൻ അംബാസിഡറായിരുന്ന ഒരാൾ പറഞ്ഞിരുന്നതാണ്. അത്ര കുപ്രസിദ്ധൻമാരെല്ലാം ചേർന്നാണല്ലോ, ശ്രീ. കോയയും ഉണ്ടായിരുന്നല്ലോ, ഇളുക്കെ ചിരിക്കേണ്ട, നിങ്ങളെല്ലാവരും കൂടി ചേർന്നാണല്ലോ ആ ഗവൺമെൻറിനെ അട്ടിമറിച്ചത്. അമേരിക്കൻ സി.ഐ.എ. എന്ന ചാരസംഘത്തിന്റെ പണം പറ്റിയിട്ടാണ് ഈ രാജ്യത്ത് അന്ന് കാർഷിക നിയമത്തെ എതിർത്തത്. ശ്രീമാൻ കരുണാകരന് ഇന്ന് ഈ നിയമം പാസ്സാക്കാൻവേണ്ടി കൂട്ടുകെട്ടുണ്ടാക്കുന്നതിൽ തീർച്ചയായും സന്തോഷിക്കാൻ അവകാശമുണ്ട്. 1959-ൽ ആ ഗവൺമെൻറിനെ ജനാധിപത്യവാദിയായ നെഹ്റുതന്നെ ഇന്ദിരാഗാന്ധിയെന്ന തന്റെ പൊന്നുമോളുടെ ആവശ്യത്തിനുവേണ്ടി പിരിച്ചുവിട്ടു. ശ്രീ. ആൻറണിയും അന്നത്തെ വിമോചനസമരത്തിന്റെ സന്തതിയാണല്ലോ. അതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി പറഞ്ഞത്, അമേരിക്കയുടെ 10 കോടി രൂപയുണ്ടായിരുന്നു വിമോചനസമരത്തിന് എന്നാണ്. 1959 കഴിഞ്ഞു, 1960 മുതൽ 1963 വരെയുള്ള കാലത്ത് ആ നിയമത്തെ പിന്നോട്ടു തിരിക്കാൻ ഇവിടെ ശ്രമിച്ചു. പക്ഷേ ചരിത്രത്തിന്റെ ചക്രത്തിനെ പിന്നോട്ടു തിരിക്കാൻ കഴിയുകയില്ലായെന്നാണ് 1967-ൽ തെളിയിച്ചത്. 1967-ൽ വീണ്ടും ഭൂപരിധി നിശ്ചയിച്ചു. ഈ രാജ്യത്ത് പ്രതിഫലംകൂടാതെ ജന്മിത്വം അവസാനിപ്പിക്കണമെന്ന് പറയുന്ന പാർട്ടിയാണ് ഞങ്ങളുടെ പാർട്ടി. എന്നാൽ ഇൻഡ്യയിലെ ബൂർഷ്വാ ഭരണഘടനയിൽ പ്രതിഫലം കൊടുത്തേ അത് സാദ്ധ്യമാകുകയുള്ളു എന്നുള്ളതുകൊണ്ട് നാമമാത്രമായ പ്രതിഫലമെങ്കിലും കൊടുത്തുകൊണ്ട് ഭൂപ്രഭുത്വം അവസാനിപ്പിക്കാനുള്ള നിയമം കൊണ്ടുവന്നു. കേരളത്തിൽ ഭൂമിയുടെ വിസ്തീർണ്ണം നോക്കിയാൽ വലിയ പരിധിയാണ് നിശ്ചയിച്ചിട്ടുള്ളത്. അന്നത്തെ നിയമത്തിൽ ആ പരിധിയിലധികമുള്ള ഭൂമിയാണ് ഇവിടെ ഇഷ്ടദാനമെന്നു പറഞ്ഞ് കൊടുത്തത്. അത് മിച്ചഭൂമിയല്ലായെന്നാണ് എന്റെ മാന്യസുഹൃത്ത് ശ്രീ. മാണി ഇപ്പോൾ ആവേശപൂർവ്വം പറയുന്നത്. എന്റെ മാണി, ഇങ്ങനെ ആളുകളെ പറ്റിക്കണമോ? നിങ്ങൾ വക്കീലാണെന്ന് എനിക്കറിയാം. ഇത് കോടതിയിൽ വാദിച്ചാൽ പോരേ? 1957 മുതൽ 1970 വരെ ഇഷ്ടദാനം എല്ലാ നിയമങ്ങളിലുമുണ്ട്. 1957 മുതൽ 1970 വരെയുള്ള 13 കൊല്ലംവരെ ഇഷ്ടദാനം കൊടുത്തിട്ടൊന്നും തീർന്നില്ലായെന്നാണോ ശ്രീ. മാണി പറയുന്നത്? എന്നിട്ട് 1970 മുതൽ ഈ നിയമം നടപ്പിൽ വന്നാൽ ഇനി ഈ കള്ള ഏർപ്പാട് പറ്റുകയില്ലായെന്നാണ് അതിൽ എഴുതിവച്ചത്. അതാണ് ഹൈക്കോടതി പറഞ്ഞത് 1-1-1970 മുതൽ ഇഷ്ടദാനം ഒക്കുകയില്ലായെന്ന്. അതാണ് എന്റെ നേതാവ് ശ്രീ. ഇ. എം. എസ്. പ്രസംഗിച്ചത്. പലരും അതിനെ ദുർവ്യാഖ്യാനം ചെയ്തു. ശ്രീമതി ഗൗരി അമ്മയുടെ നിയമം മതിയെന്ന് പറഞ്ഞപ്പോൾ ശ്രീ. ആൻറണി ചാടി എഴുന്നേറ്റു. ഞങ്ങൾ പറയുന്നത് ഈ നിയമം മാറ്റണമെന്നാണ്. പ്രതിഫലം കൂടാതെ ജന്മിത്വം അവസാനിപ്പിക്കണമെന്നാണ്. പരിധിതന്നെ കുറയ്ക്കണമെന്നാണ്. ഈ ബില്ലിന്റെ സ്ക്കോപ്പ് മാറ്റിയാൽ ആലോചിക്കാമെന്നാണ് ശ്രീ. മാണി പറഞ്ഞത്. ഞങ്ങളുടെ വടക്കേ മലബാറിൽ പറയും, ആട്ടുന്നിടത്തു ചെന്നാൽ പിണ്ണാക്ക് കൊടുക്കാത്തവനാണ് പിന്നെ വീട്ടിൽ ചെന്നാൽ എണ്ണകൊടുക്കുന്നതെന്ന്. ഇതിൽ വെള്ളം ചേർക്കാൻ ശ്രമിക്കുകയാണ് നിങ്ങൾ. അതുകൊണ്ട് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമാണ്. ഇത് ന്യൂനപക്ഷത്തിന് വേണ്ടിയുള്ളതല്ല. അങ്ങേക്ക് ഇതിൽ ചാരിതാർത്ഥ്യപ്പെടാം. ഞാൻ ചെയറിനെ കുറ്റപ്പെടുത്തുകയല്ല, അങ്ങേക്ക് താൽപര്യമുള്ള നിയമമാണിത്; അവിടെ ഇരിക്കുന്ന ശ്രീ. സി. എച്ച്. മുഹമ്മദ് കോയക്ക് താൽപര്യമുള്ള നിയമമാണ്, അദ്ദേഹത്തിന്റെ പിന്നിലിരിക്കുന്ന ശ്രീ. നഹക്ക് താൽപര്യമുള്ള നിയമമാണ്. പാവപ്പെട്ട ന്യൂനപക്ഷസമുദായത്തിന് കിട്ടേണ്ട ഭൂമി തട്ടിപ്പറിക്കുന്ന സി. എച്ച്.-നെ പോലുള്ള കള്ള രാഷ്ട്രീയക്കാരുടെ കള്ളപ്പണത്തിന്റെ നിയമമാണിത്; ഭൂപ്രഭുക്കൻമാർക്കു വേണ്ടിയുള്ള നിയമമാണ്. പാവപ്പെട്ട മാപ്പിളമാർക്ക് വേണ്ടിയിട്ടുള്ളതല്ല. മാപ്പിളമാരുടെ സമരങ്ങളെപ്പറ്റി ശ്രീ. സീതിഹാജി എന്നു പറയുന്ന മെമ്പർ ഇവിടെ പ്രസംഗിച്ചതു കേട്ടു. ചെകുത്താൻ വേദമോതിയാൽ എന്തു പറയാനാണ്. കാട്ടിലെ മരംകട്ട പണംകൊണ്ട് തടിച്ചിട്ടുള്ള മാപ്പിളമാരല്ല, കൈക്കോട്ടെടുത്തു ഈ രാജ്യത്ത് പണിയെടുത്തിട്ടുള്ള മാപ്പിളമാരാണ് സമരം ചെയ്തിരുന്നത്. തീർച്ചയായും ആ മാപ്പിളമാർക്ക് നേട്ടമുണ്ടായിട്ടുണ്ട്. ജന്മിയാണെന്ന് ശ്രീ. സീതിഹാജി പറഞ്ഞ ഇ. എം. എസ്. തന്റെ സ്വത്തും തന്റെ ഇല്ലത്തെ സ്വത്തും തന്റെ ഭാര്യയുടെ സ്വത്തും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന് 40 കൊല്ലം മുമ്പ് സംഭാവന ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് പാവപ്പെട്ട മാപ്പിളകൃഷിക്കാരെ സംഘടിപ്പിച്ച് പൊരുതിയിട്ടാണ് ഈ രാജ്യത്തെ മാപ്പിളകൃഷിക്കാരെ രക്ഷിച്ചത്. നമ്പൂതിരിമാർ ഞങ്ങളുടെ മുഖത്തുനോക്കി പറയാറുണ്ട്, ഈ നമ്പൂതിരിപ്പാട് കേരളം ഭരിച്ച് ഞങ്ങളുടെ ഇല്ലത്തിന്റെ തറക്കല്ല്‌വരെ പൊളിച്ചുവെന്ന്. ശരിയാണ്. പഴയ ഫ്യൂഡലിസത്തിന്റെ, പരശുരാമൻ ഞങ്ങൾക്ക് കടലിൽനിന്ന് മഴുവെറിഞ്ഞ് എടുത്തു തന്നിട്ടുള്ള രാജ്യമാണ് കേരളം എന്നുപറഞ്ഞു നടക്കുന്ന നമ്പൂതിരിമാരുടെ, ആ ഫ്യൂഡലിസത്തിന്റെ കൈയിലുള്ള ഭൂമി പാവപ്പെട്ട മാപ്പിളമാരെ സംഘടിപ്പിച്ച് പൊരുതിയതിന്റെ ഫലമായിട്ട് മലപ്പുറത്തുള്ള മാപ്പിളകൃഷിക്കാർക്ക് ഭൂമി കിട്ടിയിട്ടുണ്ട്. നമ്പൂതിരിപ്പാടിന്റെ സമുദായത്തിലെ നമ്പൂതിരിമാർ ഇന്ന് ഇക്കാര്യത്തിൽ തേങ്ങുന്നുണ്ട്. അതാണ് യാഥാർത്ഥ്യം. മാപ്പിളമാരെന്നു പറഞ്ഞാൽ മലബാറിൽ മുസ്ലീമാണ്; പാവപ്പെട്ട മുസ്ലീങ്ങൾ. നിങ്ങളുടെ കള്ള രാഷ്ട്രീയക്കാർക്കും ഭൂപ്രഭുക്കൻമാർക്കും വേണ്ടിയല്ല, പാവപ്പെട്ട മുസ്ലീങ്ങൾക്കു വേണ്ട ഭൂമി ഈ രാജ്യത്ത് നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. ഈ രാജ്യത്ത് നമ്പൂതിരിപ്പാട് കെട്ടിപ്പടുത്തുയർത്തിയ കാർഷിക പ്രസ്ഥാനമുണ്ട്. ആ കാർഷിക പ്രസ്ഥാനത്തിന്റെ സമരംകൊണ്ട് പലതും നേടിയിട്ടുണ്ട്. ഈ നിയമം പാസ്സാക്കി നിങ്ങളുടേയും നിങ്ങളുടെ മക്കളുടേയും അവകാശങ്ങൾ സംരക്ഷിക്കാൻ നിങ്ങൾ ശ്രമിക്കും. പക്ഷേ ഈ രാജ്യത്ത് ഈ നിയമം പാസ്സാക്കിയിട്ട് ഇളിഭ്യരായി ചിരിച്ചുകൊണ്ട് പുറത്തുപോയി നിങ്ങൾക്ക് ഈ രാജ്യത്തിന്റെ ചരിത്രത്തിന്റെ ഗതിയെ പിന്നോട്ട് തിരിക്കാൻ സാധിക്കുകയില്ല. കയ്യൂരിലും, കരിവള്ളൂരിലും, കാവുംപായിലിലും, പുന്നപ്രവയലാറിലും, തില്ലേരിയിലും മൊറാഴയിലും അതുപോലെ നൂറ് നൂറ് സ്ഥലങ്ങളിൽ രക്തസാക്ഷികളെ സൃഷ്ടിച്ചുകൊണ്ട് നേടിയെടുത്ത ഈ കാർഷിക പരിഷ്ക്കരണ നിയമം ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഇന്ന് മാറ്റിയാൽ നാളെ ഈ നിയമസഭ തന്നെ അത് തിരുത്തുമെന്ന് ഞാൻ വ്യക്തമായി പറയുകയാണ്. ഈ നിയമസഭയിൽത്തന്നെ അത് തിരുത്തിയെഴുതും, അതിനുള്ള ശക്തി കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഈ രാജ്യത്തിലെ ആർ.എസ്.എസ്സിന്റെയും, ശ്രീ. സി. എച്ച്. മുഹമ്മദ്കോയയുടേയും അതുപോലെ വർഗ്ഗീയകോമരങ്ങളുടേയും ശ്രീ. കരുണാകരനെപോലുള്ള അമേരിക്കൻ പണത്തിന്റെ പിൻപറ്റിയിട്ടുള്ള ഈ രാജ്യത്തിലെ ഒരുകൂട്ടം രാഷ്ട്രീയവിരുദ്ധൻമാരുടേയും കൈകൾകൊണ്ട് ഈ കാർഷിക പരിഷ്ക്കരണനിയമം പിച്ചിച്ചീന്താൻ ശ്രമിച്ചാൽ അത് ഈ രാജ്യത്തിന്റെ ചരിത്രം തിരുത്തും, ഈ നിയമം മാറ്റി എഴുതും എന്നാണ് എനിക്ക് പറയുവാനുള്ളത്. അതിനു കേരളത്തിലെ കർഷകപ്രസ്ഥാനം ശക്തമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

6 p. m. ശ്രീ. കെ. കരുണാകരൻ: സർ, ഈ നിയമം പാസ്സാക്കാൻ സഹകരിച്ച ഇപ്പുറത്തും അപ്പുറത്തും ഇരിക്കുന്ന അംഗങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ നിയമം പാസ്സാക്കുന്നതിന്റെ ഫലമായി കേരളത്തിലെ മതന്യൂനപക്ഷങ്ങളോട് നീതി ചെയ്യുക മാത്രമല്ല നേരേമറിച്ച് കേരളത്തിൽ ജനാധിപത്യത്തിനു ഏൽക്കുമായിരുന്ന കനത്ത പ്രഹരത്തെ തടയാനും സ്വേച്ഛാധിപത്യശക്തികളുടെ നീക്കത്തെ എന്നന്നേക്കുമായി അവസാനിപ്പിക്കാനും സാധിച്ചു എന്നുള്ളതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. സർ, ഈ ബിൽ പാസ്സാക്കുന്ന ഈ അവസരത്തിൽ ഈ സഭയിലിരിക്കുന്ന എല്ലാ കക്ഷികളോടും ഈ ബില്ല് പാസ്സാക്കാൻ സഹകരിച്ചതിന് നന്ദി.

2/193—8

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അനിരുദ്ധൻ: സർ, എ പായിന്റ് ഓഫ് ആർഡർ. ഇവിടെ ഒരു ബില്ലിനെക്കുറിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. അതിന്റെ വോട്ടിംഗ് നടന്നിട്ടില്ല. ഈ നിയമം പാസ്സായിട്ടില്ല. അപ്പോഴാം ഒരു ബഹുമാനപ്പെട്ട മെമ്പർ ഈ നിയമം പാസ്സാക്കാൻ പ്രതിപക്ഷ മെമ്പർമാർ സഹകരിച്ചതിന് നന്ദി എന്നു പറയുന്നത് ആർഡറിലാണോ?

ശ്രീ. കെ. കരുണാകരൻ: രണ്ടാം വായന കഴിഞ്ഞാൽ മൂന്നാം വായനയുടെ ഫലം എന്താണെന്നു അറിയാമല്ലോ.

ശ്രീ. കെ. അനിരുദ്ധൻ: എന്റെ പായിന്റ് ഓഫ് ആർഡറിനു മറുപടി തരണം.

(ബഹളം)

ശ്രീ. ആർ. എസ്. ഉണ്ണി: ഇതിനു റൂളിംഗ് നൽകണം. പരിചയമില്ലാത്ത ഒരാളാണ് പറഞ്ഞതെങ്കിൽ മനസ്സിലാക്കാം. പരിചയസമ്പന്നനായ ഒരു മെമ്പർ, ഈ സഭയുടെ ചരിത്രം അറിയാവുന്ന ഒരു മെമ്പർ. മുഖ്യമന്ത്രിയായിരുന്ന ഒരാം ഈ നിയമം പാസ്സാകുന്നതിനുമുമ്പ് പാസ്സായി എന്നു പറഞ്ഞു. അതിനു നന്ദി എന്നു പരാമർശനം നടത്തുന്നതു ആർഡറിലാണോ?

ശ്രീ. കെ. കരുണാകരൻ: പാസ്സാക്കാൻ സഹകരിക്കുന്ന എല്ലാ അംഗങ്ങൾക്കും നന്ദി എന്നാണ് പറഞ്ഞത്.

(ബഹളം)

ശ്രീ. കെ. അനിരുദ്ധൻ: അതേ സംബന്ധിച്ച് റൂളിംഗ് തരണം.

മി. സ്പീക്കർ: അതിനു അത്ര സാങ്കേതികത്വം ഒന്നും നോക്കേണ്ട കാര്യമില്ല. ഇതിൽ പായിന്റ് ഓഫ് ആർഡറൊന്നുമില്ല.

ശ്രീ. കെ. കരുണാകരൻ: എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്മാരെ ആശ്വസിപ്പിക്കാൻവേണ്ടി പാസ്സാക്കാൻ സഹകരിക്കുന്ന എല്ലാവർക്കും നന്ദി എന്നു ഞാൻ പറയുന്നു. അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കും നന്ദി.

ശ്രീ. കെ. അനിരുദ്ധൻ: ഒരു നിയമസഭാംഗമെന്നുള്ള നിലയിൽ ഞാൻ ഉന്നയിച്ച പായിന്റ് ഓഫ് ആർഡറിനു റൂളിംഗ് നൽകണം.

മി. സ്പീക്കർ: അതിൽ പായിന്റ് ഓഫ് ആർഡറൊന്നുമില്ല. അതിന്റെ സാങ്കേതികത്വത്തിൽ തൂങ്ങിനിൽക്കേണ്ട കാര്യമില്ല.

ശ്രീ. കെ. കരുണാകരൻ: പാസ്സാക്കാൻ സഹകരിക്കുന്ന അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകാംക്ക് നന്ദി എന്നു ഞാൻ ആവർത്തിച്ചു പറയുകയാണ്.

(ബഹളം)

ഈ ബിൽ പാസ്സാകുന്നതോടുകൂടി ഈ സഭയുടെ എല്ലാ ഭാഗത്തുമിരിക്കുന്ന ആളുകാം ഇതിനുമുമ്പ് സ്വീകരിച്ചിട്ടുള്ള സമീപനത്തെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. ഇഷ്ടദാനബില്ലിനെ സംബന്ധിച്ചു ശ്രീ. പി. ടി. ചാക്കോയുടെ കാലംമുതലുള്ള, ആദ്യത്തെ കമ്മ്യൂണിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൻെറ കാലം മുതലുള്ള ചരിത്രം ഇവിടെ എല്ലാവരും പറഞ്ഞു കഴിഞ്ഞു. 1969-ൽ കൊണ്ടുവന്ന നിയമത്തിലും ഇഷ്ടദാനവ്യവസ്ഥയുണ്ട്.

(ബഹളം)

ശ്രീ. എം. വി. രാഘവൻ: സഭ 6.10-ന് പിരിയണം. അതിൽ കൂടുതൽ സമയം എടുക്കാൻ പാടില്ല. ഇപ്പോൾത്തന്നെ സമയം 6.08 ആയി.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): അര മണിക്കൂർ കൂടി കൂടുതൽ ഇരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: അങ്ങനെയാണെങ്കിൽ ഞങ്ങൾക്കുകൂടി സംസാരിക്കാനുള്ള സമയം തരണം.

(ബഹളം)

ശ്രീ. ആർ. എസ്. ഉണ്ണി: ഇവിടെ എന്താണ് കാണിക്കുന്നത്? ഇതു ഒരുപോലത്തെ കുരങ്ങും പള്ളിക്കൂടവും എന്നപോലെ ആകരുത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ബഹുമാനപ്പെട്ട മെമ്പർമാർക്ക് അസഹ്യതയാണെങ്കിൽ ഞാൻ പ്രസംഗിക്കുന്നില്ല. ഈ ബിൽ പാസ്സാക്കിത്തരണമെന്നപേക്ഷിക്കുകയാണ്.

The question that the Kerala Land Reforms (Amendment) Bill, 1979 may be finally passed, was put and carried.

Shri T. K. Ramakrishnan: Sir, I demand a poll.

A poll was taken when the house divided as follows:

AYES-70

1. Shri M. P. M. Abdulla Kurikkal
2. Dr. K. G. Adiyodi
3. Shri E. Ahamed
4. Shri Korambayil Ahammed Haji
5. Shri A. K. Antony
6. Shri Aryadan Muhamed
7. Shri K. Avukaderkutty Naha
8. Shri K. K. Balakrishnan
9. Shri N. K. Balakrishnan
10. Shri Thennala Balakrishna Pillai
11. Shri P. Balan
12. Shri U. A. Beeran
13. Shri N. Bhaskaran Nair
14. Shri K. J. Chacko

LIBRARY ARCHIVES Kerala Legislative Assembly

15. Shri K. Chandrasekharan
16. Shri Cyriac John
17. Shri Damodaran Kalasserry
18. Shri N. I. Devassykutty
19. Shri Eappen Kandakudy
20. Shri Eapen Varghese
21. Shri P. R. Francis
22. Shri M. P. Gangadharan
23. Dr. George Mathew
24. Shri C. P. Govindan Nambiar
25. Shri M. K. Hemachandran
26. Shri A. L. Jacob
27. Shri T. M. Jacob
28. Shri T. S. John
29. Dr. K. C. Joseph
30. Shri P. C. Joseph
31. Shri P. J. Joseph
32. Shri V. J. Joseph
33. Shri K. Karunakaran
34. Shri Kittappa Narayanaswamy
35. Shri Panarath Kunhimohammed
36. Shri P. T. Kunhutty Haji
37. Shri Thundathil Kunjukrishna Pillai
38. Shri K. V. Kurian
39. Shri Lonappan Nambadan
40. Shri O. Lukose
41. Shri G. P. Mangalathu Madom
42. Shri K. M. Mani
43. Shri M. V. Mani
44. Shri K. A. Mathew
45. Shri N. P. Moideen
46. Shri C. H. Mohammed Koya
47. Shri T. H. Mustafa
48. Shri E. Narayanan Nair
49. Shri K. P. Nuruddin
50. Shri Oommen Chandy
51. Shri Vakkom Purushothaman

LIBRARY ARCHIVES Kerala Legislative Assembly

52. Shri M. K. Raghavan
53. Shri K. Raghavan Master
54. Shri A. A. Rahim
55. Shri M. V. Rajan
56. Shri Vattiyoorkavu Ravi
57. Shri K. Sankaranarayanan
58. Shri V. T. Sebastian
59. Shri B. V. Seethi Thangal
60. Shri Sidharthan Kattungal
61. Shri K. Sukumaranunni
62. Shri C. M. Sundaram
63. Shri R. Sundaresan Nair
64. Shri K. K. S. Thangal
65. Shri S. Thankappan Pillai
66. Shri P. J. Thomas
67. Shri Thomas Joseph
68. Shri S. Varadarajan Nair
69. Shri K. P. Viswanathan
70. Shri Xavier Arakkal

NOES-42

1. Shri T. K. Abdu
2. Shri K. Anirudhan
3. Shri R. Balakrishna Pillai
4. Smt. Bhargavi Thankappan
5. Shri N. Chandrasekhara Kurup
6. Shri Chatayan Govindan
7. Shri P. K. Chathan Master
8. Shri E. P. Gopalan
9. Shri P. Karunakaran
10. Shri E. K. Pillai
11. Shri M. K. Kesavan
12. Shri M. K. Krishnan
13. Shri K. K. Kumara Pillai
14. Shri K. T. Kumaran
15. Shri Kandalottu Kunhambu
16. Shri P. V. Kunhikannan

2/193—9

LIBRARY ARCHIVES Kerala Legislative Assembly

17. Shri C. A. Kurian
18. Shri T. A. Majid
19. Shri Kallada Narayanan
20. Shri K. Pankajakshan
21. Shri T. A. Paraman
22. Shri K. P. Prabhakaran
23. Shri M. V. Raghavan
24. Shri M. V. Rajagopalan
25. Shri V. K. Rajan
26. Shri Kaniyapuram Ramachandran
27. Shri T. K. Ramakrishnan
28. Shri M. Ramappa
29. Shri M. Sathyanesan
30. Shri B. M. Sheriff
31. Shri P. R. Sivan
32. Shri P. K. Sreenivasan
33. Shri P. S. Sreenivasan
34. Shri N. Subramonia Shenoy
35. Shri A. V. Thamarakshan
36. Shri Thyagarajan
37. Shri R. S. Unni
38. Shri K. C. Vamadevan
39. Shri C. Vasudeva Menon
40. Shri P. K. Vasudevan Nair
41. Shri Pinarayi Vijayan
42. Shri A. N. Yusuf

Neutrals—Nil

Mr. Speaker:	For the motion	..	70
	Against the motion	..	42
	Neutrals	..	Nil

The motion was declared adopted and the Bill was finally passed.

Mr. Speaker: Order......Order......Now the House will adjourn and meet again at 8.30 a.m. on Monday, 29th October, 1979.

1979 ഒക്ടോബർ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-നു വീണ്ടും കൂടാനായി സഭ വൈകുന്നേരം 6.12-നു പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS—(Continued from outer cover)

72. A. Poornambal, Proprietor, Bhagy Enterprises, M. G. Road, Trivandrum
73. K. J. Cherian, Manager, Victory Book House, Muvattupuzha
74. M. C. Cherian, M.C.C. Book Depot, Chengannur
75. M/s Radha Stores, Shoranur
76. A. T. A. Musthafa, Musthafa Book Company, P.O. Payangad, Cannanore
77. S.M.C. Babu, Babu Brothers Book Depot, Alwaye-1
78. P. C. Cherian, St. Mary's Press and Book Depot, Changanacherry-1
79. R. Radhakrishnan Nair, Proprietor, Modern Books, Near Boat Jetty Road, Quilon
80. Smt. K. Thankamma, Contractor of K.G.'s Book Stall, Kottayam
81. M. A. Joseph, Proprietor, House of Knowledge, Publishers and Book Sellers, Round South, Trichur
82. V. Krishna Iyer, Retired R.T.O., T.C. 18/201, Valiachala, Trivandrum
83. C. I. Varghese, son of Chalissery Ittiachan, Central Book Stall, Palace Road, Trichur
84. New Ladies Fancy Centre, Mannarghat
85. T. V. Thomas Panicker, Indu Book Depot, Angamali P.O., Ernakulam
86. M. M. Varghese, Book Centre, West Nada, Guruvayur
87. K. J. Raphael, Santha Book Stall, Book Sellers and Stationery Merchants, G. B. Road, Sultanpet, Palghat
88. M/s Asoka Book Agency, 2/27, Roop Nagar, Delhi-7
89. M/s St. Joseph's Book Stall, Convent Square, Alleppey
90. V. G. Abraham, St. Thomas Press and Book Depot, Kozhencherry
91. N. Sadanandan, Proprietor, Sadananda Printers, Publishers and Book Sellers, P. O. Alathur, Palghat District
92. K. R. Sukumaran Nair, Sukumar Book Stall, T. C. 23/652, Thampanoor, Tvm.
93. P. Aravindakshan, Book Seller, Near Post Office, Kottakkal
94. M/s D. K. Book Organisations, 74-D, Anand Nagar, (Inderlok) Delhi-110035
95. M/s Ashok Trades, Book Sellers, Market Junction, Kottarakkara
96. R. Viswanathan, Viswanath Stores, P.O. Chelakkara, Trichur
97. M/s Vijnanabhavan Book Stall, Publishers & Book Sellers, Kayamkulam, Alleppey
98. N. Krishnan Nair, Edupadickal Puthen Veedu, Kattakkada P.O., Neyyattinkara Taluk
99. K. Mohanan, Proprietor, S.N.V. Press and Book Depot, Kottarakkara
100. M/s Students Centre, Ottappalam.
101. T. G. Jacob, Pavoor House, Inchavila, Perinad, P.O. Quilon
102. Kallingal Ali, Ali Stores Badagara
103. P. Madhavan Nair M. S. Book Depot, Main Road, Quilon
104. K. C. Balan Nair, Book Centre, Opp. E.E.M.P. High School, Tellicherry-1
105. C. Parameswaran Nair, Ceepees Books and Periodicals, Kaithamukku, T. C. 27/178, Trivandrum-24
106. K. T. Varkey, Sam Agencies, Ponkunnam
107. N. G. Raveendranathan Nair, Rajashree. Traders, P.O. Road, Perumbavoor
108. Jyothi Book Centre, Round West, Trichur
109. M. Subbain, Students Stores, Kesavadasapuram, Ulloor Village, Trivandrum
110 M. P. Rajendran the Proprietor of M/s Gift House, Convent Road, Badagara
111. A. P. Thankappan Nair, New College Book Stall, Book Sellers, Muvattupuzha-686 661
112. P. R. Rajasekharan, Sree Lakshmivilasam Book Depot, Broadway, Ernakulam
113. Pandarathodi Hamsa, s/o P. Hydru, The Proprietor, Premier Book Stall, Opposite Government Hospital, Manjeri Road, Malappuram
114. V. Ramakrishna Pillai, Proprietor, Raja Stores, Karunagappally
115. R. Radhakrishna Pillai, Kallidukkil Veedu, Chadayamangalam, Kottarakkara, Quilon District
116. N. E. Balakesavan, Proprietor, Modern Book Centre, Trivandrum
117. K. Vasu Pillai, Nalloor, Mani Mandiram, Kanjiracode, Kundara, Quilon
118. N. Bhoothalingam Pillai, Swamy Book Centre, Trivandrum
119. S. Parameswaran Namboodiri, Saradhi Book Dealers, Kottayam
120. M. M. Job, Book Centre, Ottappalam
121. Parishat Book Stall, Court Road, Manjeri
122. M/s General Papers, Perinthalmanna
123. M/s Sahitya Pravarthaka Co-operative Society, Kottayam, Proprietor of National Book Stalls
124. T. Kanaran, M/s Santha Store, Court Road, Tellicherry
125. A. Sreedharan, Kottuvallil Veettil, Cheravally Muri, Kayamkulam, owner of Sreedhar Binding Works and Book Depot, Kayamkulam
126. T. Mohammed Hussan, Vadakke Panayullathil Parambil Thiruvil, Ezhamkulam Village, Quilon
127. George Avokaran, Janatha Stores College Road, Trichur-1
128. Elsamma Joseph, Proprietor, Priya Store, Palai Road, Thodupuzha
129. N. Kumaran, Proprietor, Kumar Printers, Ottappalam
130. M. K. Sumathy, Proprietor, Wynad Book House, (MPV. 250), Down Bazar, Manantody
131. Kerala Cardamom Grower's Union, Giri Bhavan, Vandanmettu, Idikki District

LIBRARY ARCHIVES Kerala Legislative Assembly

NAME OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS IN THE KERALA STATE

1. J. S. Paul and Sons, Cannanore
2. G. Vital Prabhu, News Agent, Manjeswar
3. K. R. Brothers, Calicut
4. Moulavi Book Depot, Kasargode
5. Kottayi Gopalan, Tellicherry
6. Touring Book Stall, Calicut
7. K. P. Ahamed Kunhi and Brothers, Cannanore
8. Pallipat Stores, I[illegible]lakuda
9. St. Joseph's Press, Perinthalmanna
10. George Press, Ottapalam
11. Travancore Law House, Ernakulam
12. P. K. Brothers, Calicut
13. M. V. John, Law Book Seller, New Civil Courts, Tellicherry
14. Manager, Higginbothams (Private) Ltd., Trivandrum
15. Current Books, Publishers and Book Sellers, Trichur
16. Educational Supplies Book Sellers, Publishers and Printers, Palghat
17. H. and C. Stores, Dealers in Books, Kunnamkulam
18. Manager, Reddiar Press and Book Depot, Trivandrum
19. K. Parameswaran Pillai, Stamp Vendor, Pulimoodu, Trivandrum
20. Educational Supplies Depot, Trivandrum
21. Jayachandra Book Depot, Chalai, Trivandrum
22. S. Subramonia Iyer, Book Seller and Stamp Vendor, Kazhakootam
23. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum
24. N. Parameswaran Pillai, Alummoodu Veedu, Stamp Vendor, Kottarakkara
25. N. Neelakanta Iyer, Stamp Vendor, Padmavilasom Street, Fort, Trivandrum
26. The Manager, K. V. Press and Book Depot, Main Road, Attingal
27. K. Bhaskaran Nair, News Agent, Trivandrum
28. The Proprietor, Kerala Book House, Cranganore
29. K. K. Raghava Menon, Popular Book Depot, Crangaore
30. C. M. Book Stall, Publishers, Parayil, Kunnamkulam
31. A. Jose, Proprietor, S. V. Press and Book Depot, Neyyattinkara
32. N. Paramanandam, Proprietor, Ambika Press and Book Depot, Neyyattinkara
33. The New Order Book Company, Ellis Bridge, Ahmedabad
34. Pai and Company, Broadway, Ernakulam
35. S. Hariharakrishna Iyer, Vinayaka Book Stall, Pazhavangadi, Trivandrum
36. K. P. Gopalan, Swaraj Book Stall, Court Road, Quilandy
37. Ambat Sekhara Menon, Proprietor, Menon Stores, Chittur-Cochin
38. M. I. Abraham, News Agent and Book Seller, PunalurP.O.
39. K. G. Thomas, K. V. Book Depot, Chengannur
40. C. L. Joseph, The National Stores, Thana, Irinjalakuda
41. N. Krishnamoorthy, Merchant, Manantoddy
42. T. I. Joseph and Sons, Prakasom Press and Book Depot, Irinjalakuda
43. P. Radhakrishna Pillai, Sivavilasom, Kizhakkekara, Kottarakara
44. Vidyarambham Press and Book Depot (P) Ltd., Mullakkal, Alleppey
45. K. S. Kumara Pillai, Sreekumar Stores, Nedumangad
46. E. K. John, Stamp Vendor, c/o Popular Trading Co., Kottayam
47. The Mahatma Press, Palace Road, Trichur
48. P. K. Chacko, Proprietor, Peekaycee Trades, Kottayam
49. Janatha Book Stall, Near P.M.G's Office, Trivandrum
50. The Secretary, Govt. Servants Co-operative Society Ltd., No. A208, Alleppey
51. The Manager, St. Thomas Press, Palai
52. The National Stores, Cannanore
53. N. Chellappan Pillai, Narayana Press and Book Stall, Attingal
54. K. Kunhambu, Bharath Printing Press Kanhangad (P.O.), Cannanore
55. Kozhy P. John, Vidyarthy Mithram Press and Book Depot, Kottayam
56. Y. Habeebulla, Proprietor, New Book Centre, Near Collectorate, Quilon
57. Vijayakumar Jain, Prabhu Book Service, Gurgoan, Hariyana
58. Haji Abdul Rahiman Sait, Merchant, Kesavadasapuram, Trivandrum-4
59. M. Balan Manager, City Book Stall, R. S. Road, Ottappalam
60. K. Kunhiraman, Manager, Jaya Stores, Vazhuthacaud, Trivandrum
61. P. N. Narayana Pillai, M. N. Printers, Adoor
62. V. M. Noohu, Book Seller, Ansari Book Stall, Nilamel
63. A. Narayanan Potti, Book Seller, Near Civil Station, Quilon-9
64. Guru Book Stall, Palayam Road, Calicut
65. G. Prabhakaran Nair, Manager, Premier Book House, Muvattupuzha
66. Manager, Desabhimani Book House, M. G. Road, Trivandrum-1
67. K. V. Devassy, Manager, Perinthalmanna Printing Works, Perinthalmanna
68. K. Bhaskara Pillai, Prahla Book Depot, Attingal P.O.
69. K. A. George, Proprietor, Students Stores 74/XII Sub Jail Road, Alwaye
70. V. K. N. Pillai, Polayil Veedu, Manayilkulangara, Quilon-12
71. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad

(Continued to inside cover)

LIBRARY ARCHIVES Kerala Legislative Assembly